5. <u>ധനകാര്യം</u>

**2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും**

<u>മി. സ്പീക്കർ</u>: ഇന്ന് ചർച്ച ചെയ്യുന്ന സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിൽ വിജിലൻസ് അഗ്നി പ്രതിരോധവും നിയന്ത്രണവും എന്ന മൈനർ ഹെഡ്ഡുകൾകൂടി ഉൾപ്പെടുന്ന വിവരം സഭയുടെ അറിവിലേയ്ക്കായി ഇവിടെ പറയുന്നു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല ഇതുപറഞ്ഞിരുന്നതാണ്. മറ്റൊരു കാര്യം കൂടി, ജൂൺ 26-ാം തീയതി ചർച്ചയ്ക്കു നിശ്ചയിച്ചിരുന്ന സഹകരണമെന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ ചർച്ച ജൂലൈ 8-ാം തീയതി വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥന ചർച്ച ചെയ്യുന്ന ദിവസത്തേക്ക് സഭയുടെ അംഗീകാരത്തോടെ മാറ്റി വയ്ക്കുന്നു.

ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ, താങ്കൾക്ക് സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV -ാം നമ്പർ ധനാഭ്യർത്ഥനയുടെയും, കൃഷി എന്ന XXIX -ാം നമ്പർ ധനാഭ്യർത്ഥനയുടെയും, മൃഗസംരക്ഷണം എന്ന XXXI -ാം നമ്പർ ധനാഭ്യർത്ഥനയുടെയും, പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, താങ്കൾക്ക് പൊതുമരാമത്ത് എന്ന XV -ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ

7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014-2015 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 03-02-2014-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക. | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ രൂപ. |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| XIV | *സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 128,71,90,000 | 1,68,33,000 | 257,43,80,000 | 3,36,67,000 | 260,80,47,000 |
| XXIX | കൃഷി | 790,28,28,000 | 72,23,98,000 | 1580,56,56,000 | 144,47,96,000 | 1725,04,52,000 |
| XXXI | മൃഗസംരക്ഷണം | 169,10,07,000 | 7,76,67,000 | 338,20,15,000 | 15,53,33,000 | 353,73,48,000 |
| XV | പൊതുമരാമത്ത് | 773,79,59,000 | 435,50,68,000 | 1547,59,17,000 | 871,01,37,000 | 2418,60,54,000 |

* ഈ ധനാഭ്യർത്ഥനയിൽ 104-വിജിലൻസ്, 108-അഗ്നി പ്രതിരോധവും നിയന്ത്രണവും എന്നീ മൈനർ ഹെഡുകൾ ഉൾപ്പെടുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. (കെ. പി. മോഹനൻ): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV -ാം നമ്പർ ധനാഭ്യർത്ഥനയുടെയും കൃഷി എന്ന XXIX -ാം നമ്പർ ധനാഭ്യർത്ഥനയുടെയും മൃഗസംരക്ഷണം എന്ന XXXI -ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ

യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊതുമരാമത്ത് എന്ന XV -ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥന കൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതി നായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസു കളും എന്ന XIV- ാം നമ്പർ ധനാഭ്യർത്ഥനയെയും, കൃഷി എന്ന XXIX- ാം നമ്പർ ധനാഭ്യർത്ഥനയെയും, മൃഗസംരക്ഷണം എന്ന XXXI -ാം നമ്പർ ധനാ ഭ്യർത്ഥനയെയും, പൊതുമരാമത്ത് എന്ന XV- ാം നമ്പർ ധനാഭ്യർത്ഥന യെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ – XIV

## സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 260,80,47,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സർക്കാർ പ്രസ്സുകളുടെ നവീകരണത്തിന് ആവശ്യമായ ഫണ്ട് നീക്കിവയ്ക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ – XXIX

## കൃഷി

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീമതി ഗീതാ ഗോപി : സർ, കൃഷി എന്ന XXIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1725,04,52,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സാമ്പത്തിക പ്രതിസന്ധിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ – XXXI**

**മൃഗസംരക്ഷണം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. സി. ദിവാകരൻ : സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 353,73,48,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ – XV**

**പൊതുമരാമത്ത്**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2418,60,54,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (ദേശീയപാതയുടെ വീതി സംബന്ധിച്ച് സർക്കാരിന് വേണ്ടത്ര ശ്രദ്ധ പോരെന്ന പരാമർശം ഹൈക്കോടതിയിൽ നിന്ന് ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുന്നതാണ്.

ശ്രീ. സി. കെ. സദാശിവൻ: സർ, കൃഷി, മൃഗസംരക്ഷണം, പൊതുമരാമത്ത്, അച്ചടി ആന്റ് സ്റ്റേഷനറി, അങ്ങിവിടെ കൂട്ടിച്ചേർത്ത ഡിമാന്റ് അടക്കം....

മി. സ്പീക്കർ: ഒരു മിനുട്ട്.....

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഒന്നുരണ്ടു കാര്യം പറയാനുണ്ടായിരുന്നു. മനുഷ്യർ കൃഷിയിലേക്കും മൃഗങ്ങളെ ഇണക്കി വളർത്തുന്നതിലേക്കും നീങ്ങിയത് നവീന ശിലായുഗത്തിലാണ്. കൽമഴുവും മരക്കമ്പുകളുമായിരുന്നു അക്കാലത്ത് മനുഷ്യരുടെ ആയുധങ്ങൾ. കേരളത്തിൽ അവിടവിടെയായി നവീന ശിലായുഗ പരിസ്ഥിതിയും കൃഷിയും നിലനിന്നിരുന്നു. സഹ്യാദ്രിയിലെ ചില മേഖലകളിൽ നിന്നും തേച്ചു മിനുക്കിയ കൽമഴുകൾ കിട്ടിയിട്ടുണ്ട്. നമ്മുടെ സംസ്ക്കാരത്തെക്കുറിച്ച് പറയുകയാണ്. വയനാട്ടിലെ തിരുനെല്ലിയിൽ ബാവലിപ്പുഴയുടെ തീരത്തുനിന്ന് കൂതാടി എന്ന സ്ഥലത്തുനിന്നും ഇത്തരം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കാലിവളർത്തലും മലയോര മേഖലയിലെ കുറ്റിക്കാടുകളും മേടുകളും വെട്ടിക്കരിയിച്ച് കൃഷി ചെയ്ത് വിളവെടുക്കലും നവീന ശിലായുഗക്കാരുടെ ജീവിത സമ്പ്രദായങ്ങളിലൊന്നായിരുന്നു. പശ്ചിമഘട്ടങ്ങളിലെ പറ്റിയ സ്ഥാനങ്ങൾ ഒരു കാലത്ത് ഇവരുടെ വിളനിലങ്ങളായിരുന്നു. ബുദ്ധമതക്കാരും ജൈനമതക്കാരും ബ്രാഹ്മണരും കേരളത്തിലേക്ക് കടന്നുവന്നതിനുശേഷമാണ് കേരളത്തിന്റെ കൃഷി സമ്പ്രദായങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം കിട്ടിയത്. ഇന്നും നമ്മുടെ മനസ്സും ശരീരവും ഒക്കെത്തന്നെ അതിന്റെ കാർഷിക സംസ്ക്കാരത്തിന്റെ ഭാഗമാണ്. നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇൻഡ്യയിൽ ഉടലെടുത്തതിനു ശേഷം മുഴുവൻ രാഷ്ട്രീയ പാർട്ടികളുടെയും ലക്ഷ്യം കാർഷിക പുരോഗതി ആയിരുന്നു. അതുകൊണ്ടാണ്....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേയ്ക്ക് ഇതിനുള്ള അവകാശവും സന്ദർഭവും ചർച്ചയ്ക്കു ശേഷം കിട്ടും. അപ്പീൽ വയ്ക്കുമ്പോൾ എങ്ങിനെയാണ് ശരിയാകുന്നത്?

ശ്രീ. കെ. പി. മോഹനൻ: സർ, ഒറ്റ വാചകം കൂടി. നമ്മുടെ രാഷ്ട്രീയ പാർട്ടികളുടെ ലക്ഷ്യം കാർഷിക പുരോഗതിയായിരുന്നു. അതായിരുന്നു രാഷ്ട്രീയ പതാകകളിലും ചിഹ്നങ്ങളിലും ഒക്കെത്തന്നെ നുകം വച്ച കാളയും, അരിവാൾ നെൽക്കതിരും അതുപോലെത്തന്നെ കരിയും ചക്രവുമൊക്കെ ഉണ്ടായിരുന്നത്. പക്ഷേ ഇന്ന് അതൊക്കെത്തന്നെ മറന്നുപോകുന്നു. അതുകൊണ്ട് കാർഷിക സംസ്ക്കാരത്തിലേക്ക് തിരിച്ചു വരാനുള്ള നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മെമ്പർമാരുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നതാണ് നിർദ്ദേശം.

മി. സ്പീക്കർ: ഇതെല്ലാം വലിയ കാര്യം തന്നെയാണ്. പക്ഷേ ഇതെല്ലാം നമ്മൾ റൂൾ വയലേറ്റ് ചെയ്തുകൊണ്ട് ചെയ്യുന്ന കാര്യമാണ്. ഒരു മിനുട്ടല്ല, അര മിനുട്ടാണെങ്കിലും ഇത് നമ്മുടെ സിസ്റ്റത്തിനെ വയലേറ്റ് ചെയ്യലാണ്. ഞാനിത് പറയുമ്പോൾ നിങ്ങൾക്ക് പിടിക്കില്ല. പക്ഷേ എനിക്ക് പറഞ്ഞേ മതിയാകു.

ശ്രീ. സി. കെ. സദാശിവൻ: സർ, എന്റെ പ്രസംഗത്തിനെ ആദ്യമേ അലങ്കോലപ്പെടുത്തിയതിൽ ഞാൻ പ്രതിഷേധിക്കുകയാണ്. ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് കാർഷിക മേഖലയിൽ ഉണ്ടായിരുന്ന എല്ലാ ഐശ്വര്യങ്ങളും സമൃദ്ധിയും മൂന്ന് വർഷം കൊണ്ട് നഷ്ടപ്പെടുത്തിയ ഈ ഗവൺമെന്റ് കാർഷികമേഖലയെ മുരടിപ്പിലേക്കും തകർച്ചയിലേക്കും

ആണ് നയിച്ചുകൊണ്ടിരിക്കുന്നത്. കാർഷികമേഖല ഒരു സംസ്ഥാന വിഷയമായി മാത്രം കാണാൻ കഴിയുന്നതല്ല. രാജ്യത്തെ കാർഷികമേഖലയിലുണ്ടായ ദുരന്തത്തിന്റെ പ്രത്യാഘാതമാണ് കേരളത്തിലും പ്രതിഫലിക്കുന്നത്. കാർഷിക രാജ്യമായ ഇൻഡ്യയുടെ സമ്പദ്ഘടനയുടെ അടിത്തറ കൃഷിയിൽ അധിഷ്ഠിതമാണ്. രാജ്യത്തിന്റെ സമ്പദ്ഘടനയുടെ ചാലകശക്തി കാർഷിക മേഖലയാണ് എന്നു പറയാം. കാർഷിക മേഖലയിലുണ്ടാകുന്ന തകർച്ച രാജ്യത്തിന്റെ സമ്പദ്ഘടനയുടെ താളം തെറ്റിക്കുമെന്നതിൽ ഒരു സംശയവുമില്ല. കഴിഞ്ഞ പത്ത് വർഷത്തെ യു.പി.എ. ഭരണത്തിൽ അതാണ് നമ്മുടെ രാജ്യത്ത് സംഭവിച്ചത്. ആഗോളവൽക്കരണത്തിന്റെ സാമ്പത്തിക നയം രാജ്യത്തെ ആശ്രയിച്ചു ജീവിച്ച കർഷകരും കർഷകത്തൊഴിലാളികളും അടക്കം 80 കോടി ജനങ്ങളുടെ ജീവിതമാണ് ദുരിതപൂർണ്ണമാക്കിയത്. 40 ശതമാനം കൃഷിക്കാരാണ് കൃഷിഭൂമി ഉപേക്ഷിച്ച് മറ്റു ജീവിത മാർഗ്ഗം തേടിപ്പോയത്. പത്തു വർഷത്തിനുള്ളിൽ 3000 ത്തോളം കൃഷിക്കാരാണ് ആത്മഹത്യ ചെയ്തത് എന്നാണ് ക്രൈം റിക്കാർഡ്സ് ബ്യൂറോ വെളിപ്പെടുത്തിയിട്ടുള്ളത്. യു.പി.എ. സർക്കാർ കാർഷിക മേഖല ദുരന്ത ഭൂമിയാക്കി മാറ്റുകയായിരുന്നു. വളം കമ്പനികൾ യഥേഷ്ടം വളത്തിന് വില വർദ്ധിപ്പിച്ചു. കീടനാശിനിയുടേയും മറ്റ് കൃഷിച്ചെലവും കൊണ്ട് കൃഷിക്കാരൻ കടക്കെണിയിലകപ്പെട്ടു. പ്രകൃതിയോട് പടവെട്ടി രാജ്യത്തെ ജനങ്ങളെ തീറ്റിപ്പോറ്റുന്ന കർഷകൻ, വിദേശനാണ്യം നേടിത്തരുന്ന കൃഷിക്കാർ, ഈ കൃഷിക്കാരന്റെ ഉൽപ്പന്നത്തിന് ചെലവിന്റെ പാതി വിലപോലും ലഭിക്കാത്ത അവസ്ഥയാണ് ഇവിടെ സൃഷ്ടിച്ചത്. കണ്ണിൽ ചോരയില്ലാത്ത, ലക്കും ലഗാനുമില്ലാത്ത ഇറക്കുമതി നയം, കാർഷികമേഖലയെ കണ്ണീർപാടമാക്കി മാറ്റി. ഈ ഭ്രാന്തൻ നയത്തിൽ നിന്ന് കൃഷിക്കാരെ രക്ഷിക്കുവാൻ യു.പി.എ.

സർക്കാരിന് കഴിഞ്ഞില്ല. കൃഷിഭൂമി കൃഷിക്കാരന് എന്ന് പ്രഖ്യാപിച്ച കറാച്ചി പ്രമേയം പാറ്റയുടെ തീറ്റയായും ചിതലിന്റെ കൂടായും മാറിയത് ഇൻഡ്യാ ചരിത്രം പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നതാണ്. 'ജയ് ജവാൻ ജയ് കിസാൻ' എന്ന മുദ്രാവാക്യം വിളിച്ചവർ എവിടെ പോയി? ഇൻഡ്യയിലെ കൃഷിക്കാരനെ രണ്ടാംതരം പൗരനായിട്ടാണ് കോൺഗ്രസ്സ് ഭരണാധികാരികൾ കണ്ടത്. കൃഷിക്കാരന് വേണ്ടത്ര പരിഗണന നമ്മുടെ രാജ്യത്ത് ലഭിച്ചില്ല. കൃഷിക്കാരൻ ഇരട്ട ചൂഷണത്തിന് വിധേയമാകേണ്ടിവന്നു. കൃഷിക്കാരന്റെ ഉൽപ്പന്നത്തിന് വിലയില്ല എന്നുമാത്രമല്ല അവൻ വാങ്ങുന്ന വ്യാവസായിക ഉൽപ്പന്നത്തിന് ഇരട്ടി വില കൊടുക്കേണ്ടി വന്നു എന്നതാണ് വസ്തുത. ഇവിടെ റബ്ബറിന് വിലയില്ല എന്നാൽ ടയറിന് വമ്പിച്ച വില കൊടുക്കേണ്ടി വരുന്നു. നാളീകേരത്തിന് വിലയില്ല, സോപ്പിന് വിലകൂടുന്നു. കരിമ്പിന് വിലയില്ല, പഞ്ചസാരക്ക് തീ വിലയാണ്. ഇപ്പോൾ പഞ്ചസാരയുടെ ഇറക്കുമതി തീരുവ 15 ശതമാനത്തിൽ നിന്നും 40 ശതമാനമായി മോഡി ഗവൺമെന്റ് ഉയർത്തി പ്രഖ്യാപിക്കുകയുണ്ടായി. പഞ്ചസാര കയ്ക്കുന്ന മട്ടിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. ഇതിന്റെ പ്രയോജനം വാസ്തവത്തിൽ പഞ്ചസാര കമ്പനികൾക്കാണ് ലഭിക്കുന്നത്. കൃഷിക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. റബ്ബറിനും, കരിമ്പിനും, നാളീകേരത്തിനും വില ഇടിഞ്ഞു താഴുമ്പോഴും വ്യാവസായിക ഉൽപ്പന്നമായ ടയറിനും, പഞ്ചസാരയ്ക്കും, സോപ്പിനുമെല്ലാം വില കുതിച്ചു കയറുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇൻഡ്യയിലെ കൃഷിക്കാരൻ ഇരട്ട ചൂഷണത്തിന് വിധേയനാകുന്ന രണ്ടാംതരം പൗരനാണ് എന്ന്. കേരളത്തിൽ യു.ഡി.എഫ്.-ന്റെ ഗവൺമെന്റ് കൃഷിക്കാരന്റെ ആത്മവിശ്വാസം നഷ്ടപ്പെടുത്തിയിരിക്കുന്ന

അവസ്ഥയിലാണ്. ബഹുമാനപ്പെട്ട ആന്റണിയും, ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയും കേരളത്തിൽ അധികാരത്തിൽ വന്നപ്പോൾ 1500-ഓളം കൃഷിക്കാർ ആത്മഹത്യ ചെയ്ത ഒരു ശവപ്പറമ്പായി കേരളം മാറിയത് നമ്മൾ കണ്ടു. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് അധികാരത്തിൽ വന്ന ഘട്ടത്തിൽ ഒരു രക്ഷകന്റെ വേഷത്തിൽ കൃഷിക്കാരന് ആത്മവിശ്വാസം ഉണ്ടാക്കി കൊടുത്തതും നമ്മൾ കണ്ടു. ആത്മഹത്യാപ്രവണത ഈ കേരളത്തിൽ അങ്ങനെ അവസാനിച്ചതായിട്ടാണ് നമ്മളെല്ലാം കരുതിയത്. കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു, കൃഷിക്കാരന്റെ കട ബാധ്യത എഴുതിത്തള്ളി, നെല്ലിന്റെ താങ്ങുവില ഏഴിൽ നിന്ന് പതിനാറ് രൂപയാക്കി നിശ്ചയിച്ചു, വിള ഇൻഷ്വറൻസ് ഏർപ്പെടുത്തി, ഇൻഡ്യയിൽ ആദ്യമായി കർഷകന് പെൻഷൻ പ്രഖ്യാപിച്ചു ഇങ്ങനെയൊക്കെ കൃഷിക്കാരന് ആത്മവിശ്വാസം ഉണ്ടാക്കി കൊടുക്കാൻ കഴിഞ്ഞതുകൊണ്ടാണ് കേരളത്തിൽ അന്ന് ആത്മഹത്യാ പ്രവണത അവസാനിച്ചത്. കേരളത്തിൽ യു.ഡി.എഫ് വന്നപ്പോൾ കൃഷിക്കാരൻ വീണ്ടും ആത്മഹത്യ ചെയ്യുന്നതെന്തുകൊണ്ടാണ് എന്ന് ഗവൺമെന്റ് ആത്മപരിശോധന നടത്തണം. 70-ഓളം കൃഷിക്കാരാണ് ആത്മഹത്യ ചെയ്തത് എന്നാണ് കണക്കാക്കപ്പെടുന്നത്. ഗവൺമെന്റ് അത് സമ്മതിക്കുന്നില്ല. അവർ നാല്പത്തി അഞ്ച്, നാല്പത്തി ആറ് എന്നൊക്കെ യാണ് പറയുന്നത്. കേരളത്തിൽ ലാൻഡ് യൂട്ടിലൈസേഷൻ ആക്ട്, നെൽവയൽ നീർത്തട സംരക്ഷണ നിയമം ഉണ്ടായിട്ടും അനധികൃതമായി എന്തുകൊണ്ടാണ് നെൽവയലുകൾ നികത്തുന്നത് എന്ന് പരിശോധിക്കണം. 1975-ൽ 9 ലക്ഷം ഹെക്ടർ നെൽപ്പാടങ്ങൾ ഉണ്ടായിരുന്ന ഈ കേരളത്തിൽ, കൃഷിഭൂമിയുടെ 45 ശതമാനവും നെൽകൃഷിക്ക് ഉപയോഗിച്ചിരുന്നതാണ്. ഇപ്പോൾ അത് 1,97,000 ഹെക്ടർ ആയി കുറഞ്ഞിരിക്കുന്നു. ഈ നിലയിൽ

പോയാൽ വയൽനികത്തൽ ഭയാനകമായി വന്നിരിക്കുകയാണ്. നെൽവയൽ നികത്തൽ കർശനമായി തടയാൻ ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. ഈ നിലയിൽ പോയാൽ പത്ത് വർഷം കൊണ്ട് നമ്മുടെ നെൽപ്പാടങ്ങൾ പൂർണ്ണമായും നശിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കേരളത്തിലെ നെല്ല് ഉല്പാദനം 5,82,000 മെട്രിക് ടൺ ആയി കുറഞ്ഞിരിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ നെല്ല് ഉല്പാദനമാണ്. കേരളത്തിലെ ജനങ്ങൾക്ക് ആഹരിക്കുവാനുള്ള 12 ശതമാനം ഭക്ഷ്യധാന്യം മാത്രമേ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നുള്ളൂ എന്നുള്ള ഗൗരവം നാം കാണേണ്ടതുണ്ട്. അന്യസംസ്ഥാനങ്ങളെ നോക്കിയിരിക്കുകയാണ് ഭക്ഷ്യധാന്യം വരാൻ. കുട്ടനാട് പാക്കേജുമായി, അതീവ ഗൗരവതരമായ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. സാഹസിക കൃഷിയാണ് കുട്ടനാട്ടിലെ കൃഷിക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഏഴു വർഷം മുൻപ് പ്രഖ്യാപിച്ച കുട്ടനാട് പാക്കേജ്, പിടിപ്പുകേടും, കെടുകാര്യസ്ഥതയും കൊണ്ട് ഇന്ന് ഊർദ്ധശ്വാസം വലിക്കുന്ന അവസ്ഥയിലാണ്. കുട്ടനാടിന്റെ മുഖഛായ മാറ്റാൻ കഴിയുമെന്ന് പ്രതീക്ഷിച്ച ഈ പദ്ധതി, സ്വാമിനാഥൻ കമ്മീഷനെതന്നെ അവഹേളിക്കുന്ന രൂപത്തിൽ എങ്ങുമെത്താതിരിക്കുകയാണ്. 1840 കോടി രൂപയുടെ പദ്ധതിയാണ് ആദ്യം പ്രഖ്യാപിച്ചത്. 13-ാം ധനകാര്യ കമ്മീഷൻ 300 കോടി രൂപകൂടി അനുവദിച്ചു. എക്കണോമിക്ക് റിവ്യൂ പറയുന്നത് 106 കോടി രൂപ മാത്രമാണ് ഈ പദ്ധതി നടപ്പാക്കുന്നതിന് ചെലവഴിച്ചത് എന്നാണ്. എത്രകോടി രൂപ ചെലവഴിച്ചുവെന്ന് മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്രോസ്പിരറ്റി കമ്മിറ്റിക്കുപോലും പറയാൻ കഴിയുന്നില്ല. ആലപ്പുഴ, കോട്ടയം ജില്ലകളിലെ 1197 പാടശേഖരങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചത്. ടെണ്ടർ ചെയ്തത്

231 പാടശേഖരങ്ങൾ. നിർമ്മാണമാരംഭിച്ചത് 31 എണ്ണമാണ്, ഒരു പാടശേഖരത്തിന്റേയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നതാണ് വസ്തുത. കുട്ടനാടിനെ പ്രളയത്തിൽ നിന്നും രക്ഷിക്കുന്നതിന് വേണ്ടി നിർമ്മിച്ചിരിക്കുന്ന തോട്ടപ്പള്ളി സ്പിൽവേയുടെയും, ഉപ്പുവെള്ളം കയറി കൃഷി നാശം സംഭവിക്കാതിരിക്കാൻ വേണ്ടി നിർമ്മിച്ചിരിക്കുന്ന തണ്ണീർമുക്കം ബണ്ടിന്റെയും നിർമ്മാണം ഐ.ഐ.ടി, ചെന്നൈയുടെ പഠനത്തിനുശേഷം ആരംഭിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഒന്നും ചെയ്യാൻ കഴിഞ്ഞില്ല! തോട്ടപ്പള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടും സംരക്ഷിച്ചുകൊണ്ടു മാത്രമേ കുട്ടനാട്ടിലെ കൃഷിക്കാരനെ രക്ഷിക്കുവാൻ പറ്റുകയുള്ളൂ. **എ.സി** കനാൽ നിർമ്മിക്കുമെന്ന് പ്രഖ്യാപനം മാത്രമല്ലാതെ യാതൊരു നടപടിയും അതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടില്ല. 152 കോടി രൂപയുടെ ഓണാട്ടുകര പാക്കേജ്, 12 വാട്ടർ ഷെഡ്ഡുകളായി തിരിച്ച് ജലനിർഗ്ഗമന പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതിയുടെ ടെണ്ടർ നടപടി പോലും പൂർത്തീകരിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കൃഷിക്കാരനെ ആത്മഹത്യയിലേയ്ക്കാണ് തള്ളിവിടുന്നതെന്ന കാര്യം മനസ്സിലാക്കണം. താങ്ങുവില നിശ്ചയിച്ച് നെല്ല് സംഭരിച്ചിട്ട് കൃഷിക്കാരന് 332 കോടി രൂപ ഇനിയും കൊടുക്കാനുണ്ടെന്ന് കേരള നിയമസഭയിൽ ബന്ധപ്പെട്ട മന്ത്രി പറയുകയുണ്ടായി. 19 രൂപയാണ് താങ്ങുവില നിശ്ചയിച്ചത്, നെല്ല് ഏറ്റെടുത്തത് 18 രൂപയ്ക്കും. കടംവാങ്ങി കൃഷി ചെയ്ത കൃഷിക്കാരന് ഇത് തിരിച്ചടയ്ക്കുവാൻ കഴിയാത്ത അവസ്ഥയാണ്, അവൻ ആത്മഹത്യചെയ്യുന്ന സ്ഥിതിയിലേയ്ക്കായിരിക്കും കാര്യങ്ങൾ പോകുക. അടിയന്തരമായി ഈ കൃഷിക്കാരുടെ നെല്ല് സംഭരിച്ചവകയിൽ കൊടുക്കാനുള്ള പണം കൊടുക്കണം. സഹകരണ ബാങ്കുകളിൽ നിന്നും മറ്റു ബാങ്കുകളിൽ

നിന്നുമെല്ലാം കടമെടുത്താണ് അവർ കൃഷി ചെയ്യുന്നത് ആ തുക തിരിച്ചടയ്ക്കുവാൻ കഴിയാതെ അവർ കഷ്ടപ്പെടുകയാണ്. പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പ് വാസ്തവത്തിൽ നിശ്ചലമായിക്കൊണ്ടിരിക്കുകയാണ്. 2750 കോടി രൂപയാണ് കരാറുകാർക്ക് കുടിശ്ശിക വരുത്തിയിരിക്കുന്നത്. അവർ ഇപ്പോൾ പണിമുടക്കിലാണ്. വർക്ക് എടുക്കുന്ന കരാറുകാർക്ക് ടെണ്ടർ ഫാറം പോലും വാങ്ങുവാൻ കഴിയുന്നില്ല. കോൺട്രാക്ട് അസോസിയേഷനിൽ ഇല്ലാത്ത ചിലർ പോയി ടെണ്ടർ ഫോം വാങ്ങിയാൽ അത് തിരിച്ചു കൊടുപ്പിക്കുകയാണ്. പണിപൂർത്തിയാക്കി കരാറുകാർ ബില്ലുമായി തെക്കു വടക്ക് നടക്കുകയാണ്. എം.എൽ.എ. മാരുടെ ആസ്ഥിവികസന ഫണ്ടു പോലും ടെണ്ടർ ചെയ്തിട്ട് എടുക്കാനാളില്ല. പൊതുമരാമത്ത് കെട്ടിട വിഭാഗം ടെണ്ടർ ചെയ്യുന്ന പ്രവർത്തികൾ കരാറുകാർ ഏറ്റെടുക്കുന്നില്ല. ഏറ്റെടുത്ത പ്രവർത്തികൾ പൂർത്തീകരിക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കുന്ന സ്ഥിതിയുമുണ്ട്. ചില വർക്കുകൾ ടെർമിനേറ്റു ചെയ്യുന്നു. റീ ടെണ്ടർ ചെയ്താൽ അത് ഏറ്റെടുക്കാനുള്ള സംവിധാനമില്ല. നിരവധി പ്രവൃത്തികളാണ് ഇതിന്റെ പേരിൽ അനാഥമായി കിടക്കുന്നത്. കേരളത്തിൽ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ കോൺട്രാക്ടർമാരുടെ ചെലവിലാണ് നടക്കുന്നത്. ഇവിടെ പണി നടക്കുന്ന റോഡുകളും, കെട്ടിടങ്ങളും നോക്കി നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാർ ഊറ്റം കൊള്ളാറുണ്ട് ദേ നിർമ്മാണം നടക്കുന്നു എന്ന്. വാസ്തവത്തിൽ അതെല്ലാം കോൺട്രാക്ടർമാരുടെ ചെലവിലാണ് നടക്കുന്നത് എന്നതാണ് വസ്തുത. ആ നിർമ്മാണം ചൂണ്ടിയിട്ടാണ് ഇവർ പറയുന്നത് ഇതാ ഞങ്ങളുടെ വികസന പ്രവർത്തനമെന്ന്. വി. എസ്. സർക്കാർ അധികാരത്തിൽ വന്ന ഘട്ടത്തിലും, അധികാരമൊഴിയുന്ന

ഘട്ടത്തിലും നമ്മൾ കാണുകയുണ്ടായി 3000 കോടി രൂപയാണ് ശ്രീ. തോമസ് ഐസക് ഘജനാവിൽ മിച്ചം വച്ചത്. ആറ് ബഡ്ജറ്റ് അവതരിപ്പിച്ചു. കമ്മിയില്ലാത്ത, നികുതിയില്ലാത്ത, ട്രഷറി പൂട്ടാത്ത, കരാറുകാരോട് കടം പറയാത്ത, പെൻഷൻകാരോട് കടം പറയാത്ത, ഒരു ഗവൺമെന്റായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. മാണിസാറിന് നിയമസഭയിൽ ഗംഭീരമായി പ്രസംഗങ്ങൾ അവതരിപ്പിക്കുവാൻ അറിയാം, മാണിസാറിന്റെ മണി മണി പോലുള്ള പ്രസംഗങ്ങൾ കൊണ്ട് ഖജനാവ് നിറയില്ല. ഉറവ വറ്റി കാലിയായ ഖജനാവ് നിറയ്ക്കുന്നതിനാവശ്യമായ പണം എത്തിക്കുന്നതിനുള്ള ഇച്ഛാശക്തിയാണ് മാണി സാർ സ്വീകരിക്കേണ്ടത്. അല്ലാതെ പ്രസംഗം കൊണ്ട് നിയമസഭയിൽ കണക്കെല്ലാം ഉദ്ധരിച്ച് കസർത്ത് നടത്തിയതുകൊണ്ട് ഖജനാവിൽ പണം എത്തില്ല. സഭയിൽ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ചർച്ചയിൽ ട്രഷറി ബഞ്ചുകളിൽ നിന്ന് ഉയർന്ന ചില രാഷ്ട്രീയ പ്രശ്നങ്ങൾക്ക് ചുരുക്കമായി ചില കാര്യങ്ങൾ പറയേണ്ടതുണ്ട്.

ശ്രീ. നരേന്ദ്രമോദിയെ അധികാരത്തിൽ കൊണ്ടുവന്നതിന്റെ ഉത്തരവാദിത്തം കോൺഗ്രസ്സുകാർ ഏറ്റെടുക്കണം. പൊറുക്കാനാവാത്ത ഈ കുറ്റത്തിന് ഭാവി തലമുറയോട് കോൺഗ്രസ്സ് മറുപടി പറയേണ്ടിവരും. രാജ്യത്ത് മോദി തരംഗമുണ്ടായെന്ന വാദത്തിന് ഒരർത്ഥവുമില്ല. കോൺഗ്രസ്സ് വിരുദ്ധ തരംഗമാണ് ഈ രാജ്യത്തുണ്ടായത് എന്നുള്ളതാണ് വസ്തുത. വെറുപ്പോടെ കോൺഗ്രസ്സിനെ നോക്കിക്കാണുന്ന ഒരവസ്ഥ ഇവിടെ സൃഷ്ടിക്കപ്പെട്ടു. അതിന്റെ ഫലമായി എന്താണ് സംഭവിച്ചത്. കോൺഗ്രസ്സ് ഈ രാജ്യത്തെ സർവ്വനാശത്തിലേയ്ക്ക് നയിച്ചതിനെത്തുടർന്ന് നരഭോജികളായ ആർ.എസ്.എസ്–ന്റെ ഉസ്താദായ ഒരാളെ അധികാരത്തിലേറ്റുന്ന സ്ഥിതിയുണ്ടായി. അഴി

മതിയും വിലക്കയറ്റവും കാർഷിക തകർച്ചയും തൊഴിലില്ലായ്മയും കോൺഗ്രസ്സിന്റെ പതനത്തിന് കാരണമായി. ഒൻപത് സംസ്ഥാനങ്ങളിൽ ഒരു സീറ്റുപോലും കോൺഗ്രസ്സിന് ലഭിച്ചിട്ടില്ല. 543 പാർലമെന്റ് സീറ്റിൽ മത്സരിച്ച പ്പോൾ 142 സീറ്റുകളിലും കോൺഗ്രസ്സിന് കെട്ടിവച്ച കാശ് പോയി. 204 സീറ്റു കളോടുകൂടി അധികാരത്തിലിരുന്ന കോൺഗ്രസ്സിന് ഇപ്പോൾ 44 സീറ്റുമാത്രമാ ണുള്ളത്. പ്രതിപക്ഷത്തിരിക്കാനുള്ള യോഗ്യതയ്ക്ക് വേണ്ടി കെഞ്ചി നട ക്കുന്ന കോൺഗ്രസ്സിനെയാണ് ഇവിടെ കാണാൻ കഴിയുന്നത്. സി.പി.ഐ.( എം)-നെ കടന്നാക്രമിച്ച് ആഹ്ലാദിക്കുകയാണ് ട്രഷറി ബഞ്ചിലിരിക്കുന്ന ചില ആളുകൾ. ഇവർ ഒരുകാര്യം മനസ്സിലാക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്ന ണിയുടെ പരാജയം, പരാജയം തന്നെയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ തെറ്റ് തിരുത്തി ത്യാഗപൂർണ്ണമായ പ്രവർത്തനത്തിലൂടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ നാട്ടിൽ തിരിച്ചുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബംഗാളിന്റെ ചരിത്രം ഈ അവസരത്തിൽ ഓർമ്മി പ്പിക്കാൻ ആഗ്രഹിക്കുകയാണ്. 1969-ൽ ബംഗ്ലാകോൺഗ്രസ്സും സി.പി.ഐ( എം)- ഉം ചേർന്നൊരു ഗവൺമെന്റുണ്ടായിരുന്നു. ആ ഗവൺമെന്റ് പോയതി നുശേഷം അടിയന്തരാവസ്ഥയും കഴിഞ്ഞ് 1977-ൽ എത്തിയപ്പോൾ കമ്മ്യൂ ണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) - ന്റെ മൂവായിരത്തോളം വരുന്ന സഖാക്കളെയാണ് ബംഗാളിൽ കൊന്നത്. 22000 ഓളം വരുന്ന പാർട്ടി ഓഫീ സുകളും വീടുകളും അവിടെ ചുട്ട് ചാമ്പലാക്കുകയുണ്ടായി. പ്രിയരഞ്ജൻ ദാസ് മുൻഷി അടിയന്തരാവസ്ഥ കാലത്ത് കേരളത്തിൽ വന്ന് സി.പി.ഐ( എം)-ന്റെ ചാരകൂമ്പാരത്തിൽ കയറി നിന്നിട്ടാണ് ഞാൻ കേരളത്തിൽ വന്നിരി ക്കുന്നതെന്ന് പറഞ്ഞു. ചാരകൂമ്പാരത്തിൽ കയറിനിന്നുവെന്ന് പറഞ്ഞിട്ട്

പിന്നീട് ജനങ്ങൾ കണ്ടതെന്താണ്? 1977–ൽ അടിയന്തരാവസ്ഥയും കഴിഞ്ഞ് ത്യാഗപൂർണ്ണമായ പ്രവർത്തനം നടത്തിയ സി.പി.ഐ.(എം)–നെയും അവിടത്തെ ജനങ്ങള അംഗീകരിക്കുകയും അധികാരത്തിൽ വരികയും 34 വർഷക്കാലം സംസ്ഥാനം ഭരിക്കുകയും ചെയ്തു. ഇപ്പോൾ ഞങ്ങൾ അധികാരത്തിൽ നിന്ന് പുറത്തുപോയി. പക്ഷെ, എത്രപേരെയാണ് തൃണമൂൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അവിടെ കൊല്ലുന്നത്. ഞങ്ങൾ പറയുന്നു, ഞങ്ങൾക്ക് നല്ല ആത്മവിശ്വാസമുണ്ട്. തകർന്ന് തരിപ്പണമായെന്ന് പറഞ്ഞൊരു ഘട്ടത്തിൽ നിന്നും സി.പി.ഐ.(എം)–ന് തിരിച്ചുവരാൻ കഴിഞ്ഞെങ്കിൽ വീണ്ടും സി.പി.ഐ.(എം) തിരിച്ചുവരും. ഈ കേരളത്തിന് ഒരു ചരിത്രമുണ്ടല്ലോ? 1977–ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20 സീറ്റിലും തോറ്റു, 29 സീറ്റിൽ മാത്രമാണ് ഞങ്ങൾ അന്ന് നിയമസഭയിലേയ്ക്ക് ജയിച്ചത്. സ്വതന്ത്രസ്ഥാനാർത്ഥിയായി നിന്ന **നീലലോഹിതദാസൻ നാടാരെക്കൂ**ടി ചേർത്ത് 29 സീറ്റു മാത്രമാണ് ഞങ്ങൾക്ക് അന്ന് ലഭിച്ചത്. പക്ഷെ, അതിനുശേഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി പലതവണ കേരളത്തിൽ വന്നു. എല്ലാ കോർപ്പറേറ്റ് മാധ്യമങ്ങളും മറച്ചുവയ്ക്കുന്നൊരു കാര്യമുണ്ട്. ത്രിപുരയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നാലാം തവണയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അധികാരത്തിലിരിക്കുന്ന മണിക് സർക്കാരിന്റെ ഗവൺമെന്റുണ്ട്. അവിടെ 64 ശതമാനം വോട്ടും 60 സീറ്റും സി.പി.ഐ(എം)–ന് കിട്ടി. അവിടെ എല്ലാ സീറ്റിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കാണ് ഭൂരിപക്ഷം. ഇത് കോർപ്പറേറ്റുകളും മാധ്യമങ്ങളും മറച്ചുവയ്ക്കാൻ ശ്രമിക്കുകയാണ്. ഇങ്ങനെയൊരു കാര്യമുണ്ടെന്നുള്ളത് ഭരണപക്ഷത്തിരിക്കുന്നവർ മനസ്സിലാക്കണം. പക്ഷെ, ഞങ്ങൾ ഒരു കാര്യം പറയുന്നു, കോൺഗ്രസ്സിനെ സംബന്ധിച്ചിട

ത്തോളം ശ്രീ നരേന്ദ്ര മോദിയും ആർ.എസ്.എസും സംഘ്പരിവാറും ഉയർത്തുന്ന വെല്ലുവിളിയെ നേരിടാൻ കോൺഗ്രസ്സിന് കഴിയില്ല. എന്തുകൊണ്ടാണ് ഞങ്ങൾ അങ്ങനെ പറയുന്നത്, അപകടമുണ്ടാകുമ്പോൾ വർഗ്ഗീയ ഭീഷണിയുണ്ടാകുമ്പോൾ കോൺഗ്രസ്സും മതനിരപേക്ഷ പാർട്ടിതന്നെയാണ്. അക്കാര്യത്തിൽ ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമൊന്നുമില്ല. പക്ഷെ, വർഗ്ഗീയഭീഷണിയുണ്ടാകുമ്പോൾ ചാഞ്ചാടുന്ന പാർട്ടിയാണ് കോൺഗ്രസ്സ് എന്ന് നമ്മുടെ രാജ്യത്തെ ജനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) – ഉം, ഇടതുപക്ഷപാർട്ടികളുമാണ് ഈ മതനിരപേക്ഷ ചിന്തയുള്ളവരുടെ പ്രതീക്ഷ. ആ പ്രതീക്ഷ ഉള്ളതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്, മോദി ഭരണം നിലനിൽക്കുന്നിടത്തോളം കാലം അതിനെ ശക്തമായി നേരിടാൻ ഒരു ചെറിയ പാർട്ടിയാണെങ്കിലും സി.പി. ഐ.(എം)ന് കഴിയും, ഈ നാട്ടിലെ ജനങ്ങൾ സി.പി.ഐ.(എം)–നെ അംഗീകരിക്കും സി.പി.ഐ(എം) തിരിച്ചുവരുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. നിങ്ങൾ അതിൽ ആഹ്ലാദിക്കേണ്ട. നിങ്ങൾ ഇതിനുമുമ്പും ആഹ്ലാദിച്ചവരാണ്. സോവിയേറ്റ് യൂണിയൻ തകർന്നപ്പോൾ മാർക്സിസ്റ്റ് പ്രത്യയശാസ്ത്രം കാലഹരണപ്പെട്ടുവെന്ന് പറഞ്ഞ് ആഹ്ലാദിച്ചവരാണ് അപ്പുറത്തിരിക്കുന്നവർ. നല്ലതിനെയൊന്നും അംഗീകരിക്കുന്ന പാരമ്പര്യം ഈ കോൺഗ്രസ്സിനില്ല. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഈ ഡിമാന്റിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. പാലോട് രവി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട ചർച്ചയിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ഏറ്റവും കൂടുതൽ ജാഗ്രത കാണിക്കേണ്ട വിജിലൻസ്

ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. വിജിലൻസ് എന്ന് കേൾക്കുമ്പോൾതന്നെ ജാഗ്രതയാണ്. പുതിയ ആഭ്യന്തരവകുപ്പുമന്ത്രി 'ഓപ്പറേഷൻ കുബേര'യിലൂടെയും ലഹരി വിരുദ്ധ പ്രവർത്തനങ്ങളിലൂടെയും കേരളത്തിലെ ജനങ്ങളുടെ മനസാക്ഷി കുറേയെങ്കിലും മനസ്സിലാക്കിയിട്ടുണ്ടെന്നുവേണം കരുതാൻ. എന്നാൽ, 1964 മുതൽ സ്വതന്ത്രമായി പ്രവർത്തിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ച ഈ പ്രസ്ഥാനത്തിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്? നമ്മുടെ സംസ്ഥാനത്ത് നാല് വിജിലൻസ് കോടതികളിലായി ഏതാണ്ട് 1500 ഓളം കേസുകൾ വിചാരണഘട്ടത്തിലാണ്. ഈ നാലുകോടതികളിലായി ഓരോ വർഷവും അൻപത് കേസുകൾ പോലും തീർക്കാനാവുന്നില്ല. അതിവേഗം ബഹുദൂരം ഈ മേഖലയിലൂടെ കടന്നുപോകാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് ആത്മപരിശോധന നടത്തേണ്ടതായിട്ടുണ്ട്. ഒച്ചിന്റെ വേഗതയിൽപോലും വിജിലൻസിൽ കേസുകൾ കൈകാര്യം ചെയ്യാൻ കഴിയുന്നില്ല. ഒരു ഉദ്യോഗസ്ഥന്റെ പേരിൽ കേസ് എടുത്ത് അയാളും അടുത്ത തലമുറയും മൺമറഞ്ഞാലും കേസ് തീർപ്പാകുന്നില്ലെന്നതാണ് ഈ സംസ്ഥാനത്തിന്റെ സ്ഥിതി. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇതിനൊക്കെ പരിഹാരമുണ്ടാക്കാൻ രണ്ട് വിജിലൻസ് കോടതികൾ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചു. അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തായെന്ന് ചോദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ശ്രീ. ബാലചന്ദ്രൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ട് വിജിലൻസ് ട്രിബ്യൂണലുകൾ കൺവെർട്ട് ചെയ്ത് വിജിലൻസ് കോടതിയാക്കാനുള്ള ശുപാർശയെന്തായി? അതും ഫലപ്രദമായി നടപ്പിലാക്കിയില്ലെങ്കിൽ ഈ രണ്ട് കോടതികളും വിജിലൻസ് ട്രിബ്യൂണലു

കൾ കൺവെർട്ട് ചെയ്തുകൊണ്ടുള്ള രണ്ട് കോടതികളുമുൾപ്പെടെ നാല് കോടതികൾ വന്നാൽ പോലും എത്രയോ വർഷങ്ങൾക്കുമുമ്പുള്ള കേസുകൾക്ക് ഒരു പരിഹാരവുമുണ്ടാക്കാൻ സാധിക്കാത്തൊരവസ്ഥയാണ് ഇന്ന് ഈ സംസ്ഥാനത്തുള്ളത്. വിജിലൻസ് ആന്റ് ആന്റി കറപ്ക്ഷൻ ബ്യൂറോ ഒരു സ്വതന്ത്ര വകുപ്പായി നിലനിർത്തണമെന്ന് ഞാൻ ഈ സഭയിൽ ആവശ്യപ്പെടുകയാണ്. അത് ഒരിക്കലും ഒരു കൂട്ടിലടച്ച കിളിയാകരുത്. എല്ലാ മാധ്യമങ്ങളും ആവശ്യപ്പെടുന്നതുപോലെ വിജിലൻസിനെ ഒരിക്കലും കൂട്ടിലടക്കരുത്. ഇന്ന് അഖിലേന്ത്യാ വ്യാപകമായി പുതിയ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഉണ്ടാകുന്നത് പുതിയ പുതിയ സംരംഭങ്ങൾ ഉണ്ടാകുന്നത്, വമ്പിച്ച മുന്നേറ്റങ്ങൾ ഉണ്ടാകുന്നത്, എല്ലാവരുടെയും മുദ്രാവാക്യം ഇതുപോലുള്ള സ്വതന്ത്ര സ്ഥാപനങ്ങളെ നിലനിർത്തി അഴിമതിയുടെ നാരായവേരറുക്കുന്നതിനുവേണ്ടിയുള്ള ശ്രമം ശക്തിപ്പെടുത്തണമെന്നാണ്. അഴിമതിക്കാരായ ഉദ്യോഗസ്ഥരെ ഇവിടെ നിയമിക്കരുത്. ഓരോ ഉദ്യോഗസ്ഥന്മാരുടെയും എല്ലാ സ്ഥിതിവിവരക്കണക്കുകളും ഗവൺമെന്റിന്റെ കയ്യിലുണ്ടാകുമല്ലോ? വിജിലൻസ് ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥരെ നിയമിക്കുമ്പോൾ ഒരിക്കലും അഴിമതിക്കാരായി അല്ലെങ്കിൽ അഴിമതി ആരോപണമുണ്ടായിട്ടുള്ള ഒരു ഉദ്യോഗസ്ഥനെപ്പോലും നിയമിക്കരുത്. ഒരിടത്തും വേണ്ടാത്ത ഉദ്യോഗസ്ഥരെ നിയമിച്ച് ഒരു ഡമ്പിംഗ് യാർഡാക്കിയും, മടിയന്മാരായ ഉദ്യോഗസ്ഥന്മാരുടെ വിശ്രമകേന്ദ്രമാക്കിയും ഈ വിജിലൻസ് വകുപ്പിനെ മാറ്റരുത്.

ഞാൻ ഇത് ചൂണ്ടിക്കാണിക്കാൻ കാരണം, നമ്മുടെ രാജ്യത്ത് കേന്ദ്ര വിജിലൻസ് കമ്മീഷണറേറ്റുണ്ട്. സി.വി.സി.-യുടെ ക്ലിയറൻസുണ്ടായാൽ

മാത്രം മതി ഉന്നതങ്ങളായ സ്ഥാപനങ്ങളിലോ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലോ ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ കഴിയും. ഇതേ മാതൃകയിൽ സംസ്ഥാനത്തും ഒരു സ്റ്റേറ്റ് വിജിലൻസ് കമ്മീഷണറേറ്റ് ഉണ്ടാകണമെന്ന് ഞാൻ ഈ സഭയിൽ ആവശ്യപ്പെടുകയാണ്. ഏത് ഗവൺമെന്റ് വന്നാലും സർക്കാർ – അർദ്ധ സർക്കാർ – പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് അനർഹരും അഴിമതിക്കാരും ഭരണക്കാരുടെ സ്തുതിപാഠകരുമായവരുണ്ടാകാം. ഇത് അവസാനിപ്പിക്കാനായി ഇത്തരത്തിലുള്ള സ്റ്റേറ്റ് വിജിലൻസ് ഉദ്യോഗസ്ഥന്മാരുടെ ക്ലിയറൻസുണ്ടാകുന്ന ഒരു സ്റ്റേറ്റ് വിജിലൻസ് കമ്മീഷണറേറ്റ് നമ്മുടെ സംസ്ഥാനത്തുണ്ടാകണം. വിജിലൻസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർക്ക് ദേശീയ–അന്തർദ്ദേശീയ തലത്തിലുള്ള പരിശീലനവും സാങ്കേതിക പരിജ്ഞാനവും ആവശ്യമാണ്. സാങ്കേതിക പരിജ്ഞാനം ഓരോ നിമിഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കാലാനുസൃതമായ, നവീന മാതൃകയിലുള്ള പരിശീലനം ലക്ഷ്യമിട്ടുകൊണ്ടുള്ള, ഗവൺമെന്റിന്റെ പരിഗണനയിലുണ്ട് എന്ന് ഞങ്ങൾ മനസ്സിലാക്കുന്ന വിജിലൻസ് പരിശീലന കേന്ദ്രം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അടുത്തതായി ഞാൻ കാർഷിക മേഖലയിലേയ്ക്ക് കടക്കുകയാണ്. കാർഷിക മേഖലയിലേയ്ക്ക് കടക്കുമ്പോൾ രണ്ട് കാര്യങ്ങളാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. ഒന്നാമതായി പറയാനുള്ളത്, ശ്രീ. സി. കെ. സദാശിവൻ ചൂണ്ടിക്കാണിച്ചതല്ല സംസ്ഥാനത്തിന്റെ ഇന്നത്തെ സ്ഥിതി. ഇന്ന് നമ്മുടെ രാജ്യം കാർഷിക വികസന രംഗത്ത് ലോകത്തിന്റെ മുൻപന്തിയിലാണ്. കണ്ണടച്ച് ഇരുട്ടാക്കാൻ കഴിയുമോ? കഴിഞ്ഞ 3 വർഷക്കാലം എന്താണുണ്ടാ

യത്? ലോക കമ്പോളത്തിൽ ഏറ്റവും കൂടുതൽ നെല്ലരി എത്തിച്ച രാജ്യം നമ്മുടെ രാജ്യമാണ്. കഴിഞ്ഞ 3 വർഷക്കാലവും അരി ഉല്പാദനത്തിലും ഭക്ഷ്യവിളകളുടെ ഉല്പാദനത്തിലും നമ്മുടെ രാജ്യം റെക്കോർഡാണ് ഇട്ടിരിക്കുന്നത്. കഴിഞ്ഞ 3 വർഷക്കാലമായി ഇൻഡ്യാ രാജ്യം ഭക്ഷ്യരംഗത്ത്, നെല്ലുല്പാദന രംഗത്ത്, അതിന് ലോകവിപണിയിലുള്ള കയറ്റുമതി കാര്യത്തിൽ.... 1977-നു ശേഷം നമ്മുടെ രാജ്യത്ത് ഇതുവരെയായി ഒരു മണിധാന്യംപോലും ഇറക്കുമതി ചെയ്തിട്ടില്ല. നമുക്ക് ഇവിടെ ഇരുന്നുകൊണ്ട് പ്രധാനമന്ത്രിയേയും മന്ത്രിമാരേയും ഗവൺമെന്റിനേയുമൊക്കെ കുറ്റപ്പെടുത്താം. കഴിഞ്ഞ 3 വർഷക്കാലമായി റെക്കോർഡ് വിളയും റെക്കോർഡ് ഉല്പാദനവുമായി ഏറ്റവും കൂടുതൽ കയറ്റുമതിയാണ് നമ്മുടെ രാജ്യത്ത് നടന്നിട്ടുള്ളത്. ലോകകമ്പോളങ്ങളിൽ ഏറ്റവും കൂടുതൽ അരി എത്തിച്ചത് നമ്മുടെ രാജ്യമാണ്. ഈ സാഹചര്യത്തിൽ നിന്നുകൊണ്ട് നമ്മൾ കേരളത്തെ വിലയിരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കർഷകരുടെ പറുദീസയായിരുന്നു കേരളം. 44 നദികൾ, കാവുകളും കുളങ്ങളും, 20 ലക്ഷം ഹെക്ടറോളം വയലുകൾ, വയലിൽ വെള്ളമുണ്ട്, തോട്ടിൽ വെള്ളമുണ്ട്, കുളത്തിൽ വെള്ളമുണ്ട്, രാജ്യത്താകെ കുടിവെള്ളം, രാജ്യത്താകെ നെൽക്കൃഷി. എത്രലക്ഷം ടൺ നെല്ലാണ് ഈ സംസ്ഥാനത്ത് ഉല്പാദിപ്പിച്ചിരുന്നത്. ആ നെൽക്കൃഷി പിന്നീട് 2 ലക്ഷം ഹെക്ടറായി കുറഞ്ഞുവന്നു. കഴിഞ്ഞ 3 വർഷക്കാലം കൂടുതൽ ജാഗ്രതയും ദീർഘവീക്ഷണത്തോടെയുള്ള സമീപനവുമാണ് കാർഷിക രംഗത്ത് യു.ഡി.എഫ്. ഗവൺമെന്റും ഈ വകുപ്പിന് നേതൃത്വം നൽകുന്ന മന്ത്രിയും ചെയ്തത്.

അതുകൊണ്ടാണ് തുടക്കത്തിൽ, ഈ ചട്ടങ്ങളൊക്കെ ലംഘിച്ചുകൊണ്ടാണെങ്കിൽപ്പോലും അദ്ദേഹം ഇത് ചൂണ്ടിക്കാണിക്കാൻ കാരണം. അദ്ദേഹം ഒരു കർഷകൻ മാത്രമല്ല, കാർഷികമേഖലയിൽ വയലിൽ ഇറങ്ങി ഇന്നും ജോലി ചെയ്യാൻ മടിയില്ലാത്ത ഒരാളാണ് നമ്മുടെ കൃഷി വകുപ്പുമന്ത്രി. കരയിൽ നിന്നുമാത്രം ആവേശംകൊള്ളുന്ന ഒരാളല്ല നമ്മുടെ മന്ത്രി. ചെളിയിലിറങ്ങാൻ മടിയില്ലാത്ത ഒരു കൃഷി വകുപ്പുമന്ത്രിയെയാണ് നമുക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്നത്. ഞാൻ ഒരു പ്രധാനപ്പെട്ട കാര്യം ഈ സഭയിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്, 'ലാഭം കൃഷിക്കാരന്റെ അവകാശമാണെന്ന്' പ്രഖ്യാപിച്ച മന്ത്രിയാണ് നമ്മുടെ മന്ത്രി. കാർഷിക വിഭവങ്ങൾ സമൃദ്ധിയായി ഉല്പാദിപ്പിക്കുന്ന ഭക്ഷ്യസുരക്ഷയും അത് യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ കർഷക സുരക്ഷയും നയമായി അംഗീകരിച്ചുകൊണ്ട് 'ലാഭം കൃഷിക്കാരന്റെ അവകാശമാണെന്ന്' ധീരമായ കാർഷിക നയം അംഗീകരിച്ച ഗവൺമെന്റും മന്ത്രിയുമാണ് നമുക്കുള്ളത്. വളരെ സന്തോഷത്തോടെ ഇക്കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. 'കൃഷിക്കാരുടെ പങ്കാളിത്തം ഉത്പ്പാദന മേഖലയിലും സംഭരണ മേഖലയിലും സംസ്കരണ മേഖലയിലും വിപണന മേഖലയിലും ഉറപ്പാക്കി കോർപ്പറേറ്റുകൾക്കും ട്രേഡേഴ്സിനും വിപണനക്കാർക്കും മാത്രം ലഭിച്ചുകൊണ്ടിരുന്ന ലാഭം കൃഷിക്കാരനുള്ളതാണ്' എന്ന് പ്രഖ്യാപിച്ച ഒരു ഗവൺമെന്റാണിത്. അത് അവന്റെ വിയർപ്പിന്റെ ലാഭമാണെന്നും അതിനാൽ അത് കൃഷിക്കാരന്റെ അവകാശമാണെന്ന് പ്രഖ്യാപിക്കുവാനും അത് അംഗീകരിച്ച് നടപ്പിലാക്കുവാനും നേതൃത്വം നൽകിയ ഒരു നയം ഈ സംസ്ഥാന ഗവൺമെന്റ്, കെ. കരുണാക

രന്റെ ഗവൺമെന്റിനുശേഷം, 20 വർഷത്തിനുശേഷം ഒരു പുതിയ നയം ആ മേഖലയിൽ നിൽക്കുന്ന പഠിച്ച് അനുഭവസമ്പത്തുള്ള ആളുകളെ പങ്കെടുപ്പി ച്ചുകൊണ്ട്...........ഈ നയത്തിന്റെ ഭാഗമായി കാർഷിക മേഖലയിൽ തുടങ്ങി വച്ചതാണ് land management through mechanisation, soil health management, water management, pest management, disease management എന്നിവ. 3 വർഷക്കാലമായി ഞങ്ങളുടെ നിയോജക മണ്ഡല ത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട ചർച്ച നടക്കുമ്പോൾ ഈ അഞ്ച് മേഖലകളിലും മാനേജുമെന്റ് ടെക്നിക്ക് പ്രയോഗിച്ചതുകാരണം ക്രമാനുഗത മായ മാറ്റം ഈ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഭൂമിയുടെ ലഭ്യത കുറഞ്ഞുവരികയാണ്. കേരളത്തിൽ ഒരു തുണ്ടു ഭൂമി പോലും തരിശിടാതിരിക്കാൻവേണ്ടിയുള്ള 'തരിശ് രഹിത ഗ്രാമം' – എന്തൊ രാശയമാണ്. 'തരിശ്രഹിത ഗ്രാമം' എന്ന ലക്ഷ്യം കൈവരിക്കാൻ സ്വയം സഹായ സംഘങ്ങൾ വഴി ഗവൺമെന്റ് സബ്സിഡിയോടുകൂടി കൃഷി ഭൂമിയിൽ പാട്ടത്തിന് കൃഷി ചെയ്യുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും ഈ സംസ്ഥാനത്തുണ്ട്. ഉദാഹരണത്തിന് എന്റെ മണ്ഡലമായ കരകുളം പഞ്ചാ യത്തെടുക്കാം. ആ പഞ്ചായത്ത് ഭരിക്കുന്നത് എൽ.ഡി.എഫ്. ആണ്. മന്ത്രി വന്ന് ഈ സ്കീം നടപ്പിലാക്കിയ ഒരു പഞ്ചായത്താണ് അത്. 'തരിശ് രഹിത ഗ്രാമം' പോലെതന്നെ പ്രധാനപ്പെട്ടതാണ് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'ഹരിതഗ്രാമം' പദ്ധതി. തെരഞ്ഞെടുക്കപ്പെട്ട ജില്ലയിലെ ഒരു ഗ്രാമത്തിന് പച്ചക്കറി ഉൾപ്പെടെ കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരി

ക്കാനായി 3 കോടി രൂപ നൽകിക്കൊണ്ടുള്ള ഈ പദ്ധതിയിൽ ഏറ്റവും കൂടുതൽ പച്ചക്കറി കൃഷിക്കാരുള്ള എന്റെ നിയോജക മണ്ഡലത്തിലെ 'മാണിക്കൽ' പഞ്ചായത്തിനെയാണ് തെരഞ്ഞെടുത്തത്. 'ഹരിത ഗ്രാമ' ത്തിന്റെ പ്രദർശനം അടിയന്തരമായും ആരംഭിക്കണം. ഗവൺമെന്റ് സെക്രട്ടറി തലത്തിൽ ഈ പദ്ധതി എങ്ങനെ വിജയിപ്പിക്കാം ഈ പണം എങ്ങനെ ചെല വഴിക്കാമെന്നതിനെ സംബന്ധിച്ച് കാർഷിക വിഭവ വകുപ്പിലെ ഉദ്യോഗസ്ഥ ന്മാരെയും ഹോർട്ടികൾച്ചർ മിഷൻ ഉദ്യോഗസ്ഥന്മാരെയും എല്ലാം പങ്കെടുപ്പി ച്ചുകൊണ്ട് ഒരു ഉന്നതതല യോഗം വിളിച്ചുകൂട്ടാൻ അങ്ങ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ ചിരകാല സ്വപ്നമായ, നാളി കേരത്തിൽനിന്ന്, നീര ഉല്പാദിപ്പിക്കുന്ന പദ്ധതിക്ക് വമ്പിച്ച സ്വീകരണമാണ് ഈ സഭയ്ക്ക് അകത്തും പുറത്തും കേരളത്തിലുടനീളവും ലഭിച്ചുകൊണ്ടിരി ക്കുന്നത്. എക്സൈസ് ആക്ടിൽ നിയമഭേദഗതി ചെയ്തത് ഉൾപ്പെടെ ഇതിനായി ആർജ്ജവം കാണിച്ച മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. റബ്ബർ കർഷകരുടെ കാര്യം പറയാതിരിക്കുന്നത് ശരിയല്ല. ഇന്നത്തെ അവരുടെ സ്ഥിതി എന്താണ്? റബ്ബർ കാർഷിക മേഖലയിൽ എന്തെങ്കിലും സംഭവിച്ചാൽ കേരളത്തിന് ദുരന്തമാണ്. റബ്ബർ കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തണം. റബ്ബർ കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധി കേരളത്തെ സാമ്പത്തികമായി തകർക്കു മെന്നുള്ള കാര്യത്തിൽ സംശയമില്ല. ഹൈടെക് കൃഷി വ്യാപകമാക്കുന്നതിൽ കൃഷി വകുപ്പിന് അഭിമാനിക്കാം. അതൊടൊപ്പം ഹൈടെക്ക് കൃഷി സമ്പ്രദായം നിലവിലുള്ള കർഷകർക്ക് പ്രാവർത്തികമാക്കാനുള്ള സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകുവാൻ അടിയന്തര നടപടിയു

ണ്ടാകണം. ഇത് പറയുമ്പോൾ കൃഷി വകുപ്പിലെ ചില ഉദ്യോഗസ്ഥർ ഇപ്പോഴും ഇതിനെതിരെ മുഖം തിരിഞ്ഞുനിൽക്കുന്ന കാഴ്ചയാണ് ഞങ്ങളുടെയൊക്കെ നിയോജക മണ്ഡലങ്ങളിൽ കാണാൻ കഴിയുന്നത്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു സമീപനം സ്വാഗതാർഹമാണ്. ഉല്പാദന മേഖലയിലും കാർഷിക മേഖലയിലും കാർഷിക മൊത്തവ്യാപാര വിപണി എന്ന ആശയം കർഷകരുടെ സ്വപ്നമാണ്. നെടുമങ്ങാട് 'അഗ്രിവാൾ' നിർമ്മാണം ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കർഷകർ ബന്ധപ്പെടുന്ന അന്താരാഷ്ട്ര മാർക്കറ്റിനോടനുബന്ധിച്ച് നെടുമങ്ങാട് ഒരു അഗ്രോ സർവ്വീസ് സെന്റർ തുടങ്ങാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരള സ്റ്റേറ്റ് ഹോർട്ടി കോർപ്പറേഷന്റേയും ഹോർട്ടികൾച്ചർ മിഷന്റേയും പ്രവർത്തനം കാര്യക്ഷമമാക്കണം. പച്ചക്കറി സ്റ്റാളുകൾ തുടങ്ങുന്നത് സംബന്ധിച്ചും ഏജൻസികൾ അനുവദിക്കുന്നതിനെ സംബന്ധിച്ചും ധാരാളം പരാതികളുണ്ട്. കുറ്റമറ്റ രീതിയിൽ പച്ചക്കറിയുടെ ലഭ്യതയനുസരിച്ച് ലാഭകരമായി കച്ചവടം നടത്താനാവശ്യമായ ഒരു മേൽനോട്ടം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തുള്ള ഫാമുകളുടെ സ്ഥിതിയെന്താണ്? 'തരിശുരഹിത ഗ്രാമം' പ്രഖ്യാപിച്ചിരിക്കുന്നു. കൃഷി വകുപ്പ് നേരിട്ട് നടത്തുന്ന ഫാമുകളും ജില്ലാ പഞ്ചായത്ത് നടത്തുന്ന ഫാമുകളും അഗ്രികൾച്ചറിനും മൃഗസംരക്ഷണത്തിനുമുണ്ട്. ഈ ഫാമുകളിൽ തരിശു ഭൂമിയുണ്ട്. ഈ ഫാമുകളെ സംബന്ധിച്ചിടത്തോളം മാതൃകാ ഫാമുകളാക്കി മാറ്റി അവിടെയുള്ള തൊഴിലാളികളുടെ കുറവ് നികത്തി തൊഴിലാളി പ്രശ്ന

ങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അച്ചടി വകുപ്പും അങ്ങാണ് കൈകാര്യം ചെയ്യുന്നത്. അച്ചടി വകുപ്പിന് ആവശ്യമായ പേപ്പർ, മഷി, പ്ലേറ്റ് തുടങ്ങിയ ആന്വൽ പർച്ചേസ് കഴിഞ്ഞ കുറച്ച് നാളുകളായി നടക്കുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആവശ്യത്തിനുള്ള വർക്കുകൾ ലഭിക്കുന്നില്ല. ലോട്ടറി, പാഠപുസ്തകം എന്നിവ മാത്രം ലഭിച്ചാൽത്തന്നെ ആവശ്യത്തിന് വർക്ക് തികയുന്നതാണ്. ഇത്രയും സർക്കാർ പ്രസ്സുകൾ കേരളത്തിലുള്ളപ്പോൾ ഈ സംസ്ഥാനത്തിലെ ഗവൺമെന്റ് വകുപ്പുകൾ എന്തിനാണ് അച്ചടി ജോലികൾ മുഴുവനും സ്വകാര്യ പ്രസ്സുകൾക്ക് കൊടുക്കുന്നത്; ഇൻഡ്യയ്ക്ക് മാതൃകയായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള ഗവൺമെന്റ് പ്രസ്സുകളുള്ളപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ ഓരോ വകുപ്പുകളും അച്ചടി ജോലികൾ സ്വകാര്യ പ്രസ്സുകളിൽ കൊടുക്കുന്നത് എന്തിനാണ്? മേലധികാരികൾ ഉൾപ്പെടെയുള്ള എല്ലാവരും ഇന്നത്തെ സാഹചര്യമനുസരിച്ച് സാങ്കേതിക വിജ്ഞാനമുള്ളവരും സാങ്കേതിക യോഗ്യതയുള്ളവരുമായി വരുന്നതിന് ശ്രദ്ധിക്കണം.

സർ, പൊതുമരാമത്തിന്റെ കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. തിരുവനന്തപുരം നഗരത്തിലും കേരളത്തിലുമുള്ള റോഡുകൾ വെട്ടിപ്പൊളിക്കുന്നത് കാണുമ്പോൾ കരൾ പറിക്കുന്നതുപോലെയാണ് തോന്നുന്നത്. 22 കോടി രൂപ ചെലവാക്കി ഞങ്ങളൊരു റോഡ് നിർമ്മിച്ചു. അത് മുഖ്യമന്ത്രിവന്ന് ഉദ്ഘാടനം ചെയ്തു. ആ റോഡ് ഉദ്ഘാടനം ചെയ്ത് രണ്ടുമാസം കഴിയുന്നതിനുമുമ്പ്.............. ഇന്ന് ആ റോഡിലൂടെ വാഹനം

പോകാനോ ആളുകൾക്ക് നടക്കാനോ നിവർത്തിയില്ല. സ്പീക്കറുടെ വീട്ടിലേയ്ക്കുപോലും മാർച്ച് വന്നു. ഇതിന് എന്തെങ്കിലുമൊരു മാനേജുമെന്റ് വേണ്ടേ? 25 കോടിയും 30 കോടിയും 10 കോടിയും 5 കോടിയും രൂപ ചെലവാക്കി റോഡുകൾ നിർമ്മിക്കുന്നു. ആ റോഡുകൾ രണ്ടുമാസവും മൂന്നുമാസവും........... ഇതിന് എന്തെങ്കിലുമൊരു ഏജൻസി വേണ്ടേ; ഒരു കോ-ഓർഡിനേഷൻ വേണ്ടേ? ഈ റോഡുകൾ ഇങ്ങനെ പൊളിക്കുന്നതിന് എതിരെയുള്ള നടപടിക്കാണ് സംസ്ഥാന ഗവൺമെന്റ് ഏറ്റവും പ്രയോറിറ്റി കൊടുക്കേണ്ടത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, കുടുസ്സായ മുറികളിലാണ് പല എം.എൽ.എ.-മാരും താമസിക്കുന്നത്. ഞാനും ഏതാണ്ടൊരു ചെറിയ മുറിയിലാണ് താമസിക്കുന്നത്. രണ്ടുമൂന്ന് തവണ നിയമസഭയ്ക്കകത്ത് വന്നെങ്കിലും ഇപ്പോഴും താമസിക്കുന്നത് ചെറിയൊരു മുറിയിലാണ്. എം.എൽ.എ.-മാർക്ക് കുടുംബത്തോടെ താമസിക്കാൻ ഒരു ഫ്ളാറ്റ് പണിയുമെന്ന് ഇവിടെ പ്രഖ്യാപിച്ചതാണ്. അതിന് ഇതുവരെയും അനുമതി കൊടുത്തിട്ടില്ല. നിയമസഭയുടെ കാര്യമായതുകൊണ്ട് ഞാൻ പറയുകയാണ്. അതിനുപോലും ഒരു പ്രയോറിറ്റിയില്ലാത്ത....... ഞങ്ങളുടെയൊക്കെ നിയോജകമണ്ഡലം, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ജോലി ചെയ്ത കരാറുകാർ ഇന്ന് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സത്യാഗ്രഹം നടത്തുകയാണ്. ശ്രീ. കെ. മുരളീധരൻ അത് ഉദ്ഘാടനം ചെയ്യാൻ പോയിരിക്കുകയാണ്. കരാറുകാർക്ക് പണം കൊടുക്കാൻ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും..........അതിനൊരു ഉദാഹരണം ഞാൻ ചൂണ്ടിക്കാണിച്ച് തരാം. എന്റെ നിയോജകമണ്ഡലത്തിൽ ബഡ്ജറ്റിൽ അനൗൺസ് ചെയ്തതാണ് ജില്ലാ ആശുപത്രി. അവിടെ ഒരു ആശുപത്രി കെട്ടിടം പണിയുന്നതിന് നമ്മുടെ

ബഹുമാന്യനായ മുഖ്യമന്ത്രിവന്ന് തറക്കല്ലിട്ടു. മുഖ്യമന്ത്രിവന്ന് തറക്കല്ലിട്ടതിന് ഇരുപതോ ഇരുപത്തിരണ്ടോ ശതമാനം വർദ്ധനവിലാണ് ഒരു കോൺട്രാക്ടർ ക്വാട്ട് ചെയ്തത്. അവിടെ തറക്കല്ലിട്ട് ആ ഫയൽ സെക്രട്ടേറിയറ്റിൽ വന്നപ്പോൾ ധനകാര്യ വകുപ്പ് തിരിച്ചയച്ചു. അതൊന്ന് ആലോചിച്ച് നോക്കൂ. അവിടെ അയാൾ പണി ചെയ്യാൻ തയ്യാറാണ്. അങ്ങനെ എത്രയെത്ര ഫയലുകൾ. കഴിഞ്ഞ മൂന്നുവർഷക്കാലമായി ഈ ഗവൺമെന്റിന്റെ മുഖമുദ്ര എന്നുപറയുന്നത് യുദ്ധകാലാടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി യുടെ നേതൃത്വത്തിൽ ഈ റോഡുകൾ നന്നാക്കിയതിന്റെ പേരിലാണ്. വരുന്ന രണ്ടുവർഷക്കാലവും അതുപോലെ നമുക്ക് മുന്നോട്ടുപോകണം. അങ്ങയുടെ കാലത്തും എത്രമാത്രം റോഡുകളാണ് നമ്മൾ പൂർത്തീകരിച്ചത്. അതു കൊണ്ട് നിർബന്ധമായും ഈ റോഡുകളുടെ കാര്യത്തിൽ നമ്മുടെ ധനകാര്യ വകുപ്പും മുഖ്യമന്ത്രിയും...... പൊതുമരാമത്ത് വകുപ്പുമന്ത്രി വളരെ ശാന്തനാ ണ്. അദ്ദേഹം വഴക്കുണ്ടാക്കുന്ന ആളല്ല. നമ്മൾ എം.എൽ.എ.-മാർക്ക് ഇതെല്ലാം അറിയാവുന്നതാണ്. അദ്ദേഹം മന്ത്രിമാരോടും മുഖ്യമന്ത്രിയോടും ക്യാബിനറ്റിലുംപോയി വഴക്കുണ്ടാക്കുകയില്ല. പക്ഷേ എന്തുമാത്രം മാറ്റം, ശാന്തനായി ഈ സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വ ത്തിൽ....... അപ്പുറത്തിരിക്കുന്നവർ ആക്ഷേപിക്കുകയില്ല. അതുകൊണ്ട് നിശ്ച യമായും പൊതുമരാമത്ത് വകുപ്പിനുകൂടി ഒരു മുൻഗണന കൊടുത്ത് കരാറു കാർക്ക് കൊടുക്കുവാനുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീ കരിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. അജിത്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെതന്നെ മന്ത്രിയേയും മന്ത്രിമാരേയും വ്യക്തിപരമായി പറയുന്നില്ല. അദ്ദേഹം കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽ വലിയ പരാജയമുണ്ടായിക്കൊണ്ടിരിക്കുകയാണ്. കൃഷി വകുപ്പുമന്ത്രി ഇവിടെയിരിപ്പുണ്ട്. ആകാശവാണിയിലെ വയലും വീടും പരിപാടിയിലെ ടോൺ കേൾക്കുമ്പോഴാണ് കൃഷി വകുപ്പുമന്ത്രിയെ കേരളത്തിലെ ജനങ്ങൾ ഓർക്കുന്നത്. അദ്ദേഹത്തിന്റെ പ്രവർത്തനപരിധിയിൽ യാതൊരു മാറ്റവും ഉണ്ടാക്കാൻ കഴിഞ്ഞില്ല. ഞങ്ങളുടെയൊക്കെ പ്രദേശത്തുള്ള വയലുകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്, നെൽപ്പാടങ്ങൾ നികന്നുകൊണ്ടിരിക്കുകയാണ്. കൃഷി വകുപ്പ് ഒരിഞ്ച് അനങ്ങുന്നില്ല. കർഷകർക്കാവശ്യമായ സപ്പോർട്ട് കൊടുക്കാനുള്ള നടപടി വരുന്നില്ല. ഇവിടെ പത്രത്താളുകളിലുള്ള പ്രഹസനങ്ങൾ മാത്രമാണ് നടക്കുന്നത്. മന്ത്രി ചിലപ്പോൾ ട്രാക്ടറിന്റെ പുറത്ത്, ട്രില്ലറിന്റെ പുറത്ത്, പാളത്തൊപ്പി വച്ചൊക്കെ പ്രത്യക്ഷപ്പെടാറുണ്ട്. പക്ഷേ അതുകൊണ്ടൊന്നും കൃഷി വകുപ്പിന് യാതൊരു മാറ്റമുണ്ടാകുന്നില്ല. അദ്ദേഹം കൃഷിക്കാരനാണെന്ന് സൂചിപ്പിക്കുകയുണ്ടായി. അത് നല്ല കാര്യമാണ്. പക്ഷേ കൃഷി വകുപ്പിനെയൊന്ന് ചലിപ്പിക്കാൻ കഴിയണം. ബഹുമാന്യനായ, ആരാധ്യനായ വി.വി. രാഘവനും കെ.ആർ. ഗൗരിയമ്മയുമൊക്കെ കൈകാര്യം ചെയ്തിരുന്ന വകുപ്പാണ് അത്. ആ വകുപ്പ് എങ്ങനെയാണ് അവരൊക്കെ മുൻകാലങ്ങളിൽ കൈകാര്യം ചെയ്തത് മന്ത്രി ഇത്ര നാളും പഠിച്ചില്ലായെന്ന് പറയുന്നത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അതുകൊണ്ട് മന്ത്രി ഒന്നുകൂടി കാര്യക്ഷമമായി പ്രവർത്തിച്ചില്ലായെങ്കിൽ കേരളത്തിലെ ഭക്ഷ്യ മേഖലയിൽ വലിയ

പ്രതിസന്ധിയുണ്ടാകും. 41 കർഷകർ ഇവിടെ ആത്മഹത്യ ചെയ്തുവെന്ന് കഴിഞ്ഞ സഭയിൽ മന്ത്രിതന്നെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ കർഷക ആത്മഹത്യ ഇടതുപക്ഷ ജനാധിപത്യ മുന്നണി കാലഘട്ടത്തിൽ നിർത്തലാക്കി, അതിന് അവർക്കാവശ്യമായ സപ്പോർട്ട് കൊടുത്ത് നിരവധി പുതിയ തലമുറ കർഷകരെ ഈ രംഗത്ത് കൊണ്ടുവരാനുള്ള വലിയ നടപടി കളെടുത്തിരുന്നതാണ്. കേരളത്തിലെ തരിശ്ശുഭൂമി കൃഷിയിടങ്ങളും കൃഷിയിടമാക്കുന്ന സംവിധാനമുണ്ടാക്കിയത് ആ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. ഞങ്ങളുടെയൊക്കെ പ്രദേശങ്ങളിൽ നിലമൊരുക്കാനും അവിടെ നെൽക്കൃഷി നടത്താനുമൊക്കെ കുടുംബശ്രീക്കാരും എല്ലാവരും മുന്നിട്ടിറങ്ങിയത് അവർക്കാവശ്യമായ സപ്പോർട്ട് കിട്ടുമെന്ന പ്രതീക്ഷയിലായിരുന്നു. ആ കാലഘട്ടത്തിൽ അതുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ അതൊന്നും ഉണ്ടാകുന്നില്ല. തരിശ്ശുഭൂമിയിൽ കൃഷി ചെയ്യാനുള്ള സംവിധാനവും പച്ചക്കറിക്കൃഷിയും നിലച്ചിരിക്കുന്നു. ഗ്രീൻ ഹൗസുകളും പോളി ഹൗസുകളും സംസ്ഥാനത്താകെ 3000 എണ്ണം വരാൻ പോകുന്നുവെന്നാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾത്തന്നെ സൂചിപ്പിച്ചത്. എവിടെയാണ് അതുണ്ടായിരിക്കുന്നത്? പത്തോ മുന്നൂറോ പോളിഹൗസുകളാണ് സംസ്ഥാനത്തുണ്ടായതെന്നാണ് എനിക്കറിയാൻ കഴിഞ്ഞത്. ഉണ്ടാക്കിയെടുത്ത കർഷരെല്ലാംതന്നെ ഇപ്പോൾ കടക്കെണിയിൽപ്പെട്ടിരിക്കുകയാണ്. അവർക്ക് അതിനകത്തുനിന്ന് ഉദ്ദേശിച്ച രീതിയിലുള്ള വിളവ് ലഭ്യമാകുന്നില്ല. നമ്മുടെ ഭൂപ്രകൃതിക്ക് യോജ്യമല്ലാത്ത രീതിയിലുള്ള സംവിധാനങ്ങൾ അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങളുടെ തിരിച്ചടിയാണ് കാർഷിക രംഗത്തുനിന്ന് കർഷകർ പുറകോട്ട് പോകാനുള്ള കാരണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാല

ഘട്ടത്തിൽ വിത്തും വളവുമെല്ലാം കൊടുത്താണ് കർഷകരെ ഈ രംഗത്ത് കൊണ്ടുവന്നത്. ഇപ്പോൾ അതിനുള്ള സംവിധാനങ്ങളില്ല. കൊടുക്കുന്ന വിത്ത് മുളയ്ക്കുന്നില്ല. എന്റെ പ്രദേശത്തൊക്കെയാണെങ്കിൽ കൊടുക്കുന്ന വിത്തിട്ടാൽ കരിഞ്ഞുപോകുകയാണ്. കർഷകരുമായി ഒരു സംവാദമുണ്ടാക്കാനുള്ള നടപടിയിലേയ്ക്ക് കൃഷി വകുപ്പ് അധികൃതർ വരുന്നില്ല. പോളി ഹൗസുകളെക്കുറിച്ച് എന്റെ ഒന്നുരണ്ട് സുഹൃത്തുക്കൾ കൃഷി ഭവനുമായി ബന്ധപ്പെട്ട് ചോദിച്ചത് കൃഷി ഡിപ്പാർട്ടുമെന്റിനും അറിയില്ല, കൃഷി ഓഫീസർക്കും അറിയില്ല, ഇത് ആരാണ് കൈകാര്യം ചെയ്യുന്നത് ഒന്നുമറിയില്ല. എന്റെ നിയോജകമണ്ഡലത്തിന് നിറവ് പദ്ധതി കിട്ടിയിട്ടുണ്ട്. ഞാൻ കൃഷി ഡിപ്പാർട്ടുമെന്റിന്റെ ഒരു യോഗം വിളിച്ചുകൂട്ടി. ഇത് എങ്ങനെ പ്ലാൻ ചെയ്യുമെന്ന് ചോദിച്ചു. മാണി സാറിന്റെ മണ്ഡലത്തിൽ നടപ്പാക്കിയതു പോലെ നടപ്പാക്കുമെന്ന് പറഞ്ഞു. അവിടെ എന്താണ് നടപ്പിലാക്കിയതെന്ന് ചോദിച്ചപ്പോൾ അവിടെയെല്ലാം വീതിച്ച് കൊടുത്തുവെന്ന് പറഞ്ഞു. വ്യക്തമായ ഡയറക്ഷനില്ലാതെ കാർഷികരംഗം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. മന്ത്രി അതറിഞ്ഞ് മാറണമെന്നാണ് എനിക്ക് വ്യക്തിപരമായി സൂചിപ്പിക്കാനുള്ളത്. നമ്മുടെ കർഷകർക്കാവശ്യമായ സപ്പോർട്ടിംഗ് ഇല്ലാത്തതുകൊണ്ട് കാർഷിക രംഗത്തുനിന്ന് ഒരുപാടുപേർ പുറകോട്ട് പോയി. ഇവിടെ റബ്ബറിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലെ റബ്ബർ കർഷകന്റെ നെഞ്ചിന്റെ വേദന ഇപ്പോൾ വലിയൊരു അനുഭവമായി മാറിയിരിക്കുകയാണ്. അവരെല്ലാവരും വലിയ പ്രശ്നത്തിലിരിക്കുകയാണ്. മാണി സാറിന്റെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും വീട്ടിലേയ്ക്ക് സമരം നടത്തുന്നു. എം.എൽ.എ.-മാർക്കെതിരെ വലിയ പെറ്റീഷൻ വരുന്നു. ഇതൊക്കെ നിങ്ങൾ ആരോടാണ് പറയുന്നത്?

കഴിഞ്ഞ അഞ്ചുവർഷക്കാലം കേന്ദ്രത്തിൽ ഭരിച്ച നിങ്ങൾതന്നെ ഇതുപോലെയുള്ള സംവിധാനമുണ്ടാക്കിവച്ചിട്ട് ഇപ്പോൾ ഇവിടെവന്ന് പറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ? ഇപ്പോൾ ഇവിടെ ശ്രീ. നരേന്ദ്രമോഡിയാണോ മുൻപ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗാണോ ജനദ്രോഹ നടപടിയിൽ ഏറ്റവും കൂടുതൽ ഉയരത്തിൽ നിൽക്കുന്നതെന്ന ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ഡോ. മൻമോഹൻ സിംഗ് നടപ്പിലാക്കിയ സാമ്പത്തിക നയങ്ങളുടെ വീഴ്ച ഇന്ന് കൂടുതൽ ആഘാതത്തോടുകൂടി മോഡി സർക്കാർ നമ്മുടെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയാണ്. തീർച്ചയായും അതിലൊരു മാറ്റമുണ്ടാകാൻ ഇടതുപക്ഷത്തിന് കഴിഞ്ഞു.

ഇടതുപക്ഷ സർക്കാർ കൊണ്ടുവന്ന ആശയങ്ങളും നയങ്ങളും നടപ്പാക്കണം. ഇപ്പോൾ കൃഷിവകുപ്പിനുതന്നെ ഒരു വ്യക്തമായ നയം ഇല്ലെന്നുള്ളത് സത്യമാണ്. നയരൂപീകരണത്തിന് രൂപീകരിച്ച കമ്മിറ്റി നയം പ്രഖ്യാപിക്കാനായി മന്ത്രിയെ ഏൽപ്പിച്ചു. മൂന്നു വർഷക്കാലമായിട്ട് വ്യക്തമായ ഒരു നയം കൃഷിവകുപ്പിൽ നിന്നുണ്ടായില്ല. മൃഗസംരക്ഷണ വകുപ്പിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. ഇപ്പോൾ കുളമ്പു രോഗം വന്ന് ഇവിടെ പതിനായിരക്കണക്കിന് പശുക്കൾ മരണമടഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സഖാവ് ശ്രീ. സി. ദിവാകരൻ മന്ത്രിയായിരുന്ന സമയത്ത് എന്റെ നിയോജക മണ്ഡലത്തിൽ വെച്ചൂർ ഗ്രാമത്തിലാണ് ആദ്യമായി കുളമ്പു രോഗം പ്രത്യക്ഷപ്പെട്ടത്. ആ സമയത്ത് ഈ സംസ്ഥാനത്തെ മൃഗസംരക്ഷണ വകുപ്പ് അങ്ങോട്ട് മാറുകയായിരുന്നു. മന്ത്രിയും ഡയറക്ടറും ഉൾപ്പെടെയുള്ളവരുടെ വലിയ ടീം രണ്ടു ദിവസം ക്യാമ്പ് ചെയ്ത് അതിന് പരിഹാരം കണ്ടെത്താൻ കഴിഞ്ഞു. ഇപ്പോഴാണെങ്കിൽ

കുളമ്പു രോഗം വന്ന പശുക്കൾക്ക് എടുത്ത വാക്സിനേഷൻ കൊടുത്തു കഴിഞ്ഞാൽ പശു മരിച്ചുപോകുകയാണ്. കുളമ്പു രോഗത്തിന് വാക്സിനേഷൻ എടുത്തില്ലെങ്കിൽ ആ പശു ജീവിക്കും. അന്യ സംസ്ഥാന ത്തുനിന്ന് കൊണ്ടുവരുന്ന കാലികളെ പരിശോധിക്കാൻ ഒരു സംവിധാനവുമി ല്ല. അതിനെ മോണിറ്റർ ചെയ്യാൻ ഒരു സംവിധാനവുമില്ല. നമ്മുടെ തീൻമേശ കളിൽ വരുന്ന മാംസാഹാരങ്ങളിൽ ബഹുഭൂരിപക്ഷവും കുളമ്പുരോഗം ബാധിച്ച കന്നുകാലികളാണ്. ഇവിടെ വരുന്ന ചിക്കനുകളിൽ മുഴുവൻ വസന്തരോഗം പിടിച്ചവയാണ്. കേരളത്തിലെ ജനങ്ങളെ രോഗികളാക്കാനും അവർക്ക് മോശമായ ആഹാരം നൽകാനും ഒരു വകുപ്പ് മുൻകൈ എടുത്തിരി ക്കുകയാണ്. ആ വകുപ്പാണ് മൃഗസംരക്ഷണ വകുപ്പ്. ഇവിടെ നമുക്കാവശ്യ മായ പരിരക്ഷയെടുക്കാനും ഈ മേഖലയെ ഉണർന്നു പ്രവർത്തിപ്പിക്കു വാനുമുള്ള നടപടികളിലേക്ക് വരുന്നില്ല. ഫീൽഡിൽ പോകുന്ന കൃഷി ഓഫീസർമാർക്ക് കൃഷിയെക്കുറിച്ച് ഒരു ധാരണയുമില്ല. ബഹുഭൂരിപക്ഷം കൃഷി ഓഫീസർമാരും പാടത്ത് ഇറങ്ങാത്തവരും പറമ്പുകളിൽ പോകാത്തവ രും കൃഷിയിടങ്ങൾ എന്തെന്ന് ഫയലിൽ നോക്കി പറയുന്ന ആൾക്കാരുമാണ്. അവരെ കൃഷിയിടങ്ങളിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം. ഇവിടെ കൃഷിയെക്കുറിച്ച് പറയുകയാണെങ്കിൽ ഈ വർഷം അന്താരാഷ്ട്ര കുടുംബകൃഷിവർഷമായിട്ടാണ് യു.എൻ. പോൾ ചെയ്തിരിക്കുന്നത്. പക്ഷേ, നമുക്ക് അതിന്റെ മുന്നൊരുക്കങ്ങൾ ഇല്ല. കഴിഞ്ഞ ദിവസം പത്രങ്ങളിൽ കണ്ടു, ചില പഞ്ചായത്തുകളിലും ഗ്രാമപ്രദേശ ങ്ങളിലും കൃഷിക്കുവേണ്ടി വലിയ മാറ്റങ്ങളുണ്ടാക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കാൻ പോകുകയാണെന്ന്. മറ്റു സംസ്ഥാനങ്ങളിൽ ഈ സാഹചര്യം മനസ്സിലാക്കികൊണ്ട് ഒരുപാട് മുന്നോട്ടു പോയിരിക്കുകയാണ്.

ഇവിടെ കൃഷിവകുപ്പ് ഈ വർഷമെങ്കിലും പാഠ്യപദ്ധതികളിൽ കൃഷി ഒരു നിർബന്ധ വിഷയമാക്കി മാറ്റാൻ വിദ്യാഭ്യാസവകുപ്പുമായി ബന്ധപ്പെട്ട് മുന്നോട്ടുവരികയും പുതിയ തലമുറയെ കൃഷിരംഗത്തേയ്ക്ക് കൊണ്ടുവരുന്ന തിനുള്ള നടപടിയിലേക്ക് വരണമെന്ന് സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഒരു വിഷയത്തെ കുറിച്ച് എനിക്ക് സൂചിപ്പിക്കു വാനുള്ളത് ബഹുമാന്യനായ മന്ത്രി കോട്ടയത്തെ എം.പി. ആയിരുന്ന സമയത്ത് എന്റെ നിയോജക മണ്ഡലത്തിൽ വൈക്കത്ത് ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടായിരുന്നു. ഏതാണ്ട് 14, 15 വർഷക്കാലം മുമ്പ് പൂർത്തീകരിച്ച കെട്ടിടം ഇന്നും അവിടെ കിടക്കുക യാണ്. അത് ഒരു ഫയർ സ്റ്റേഷനായി അനുവദിക്കണമെന്ന് കഴിഞ്ഞ പല സമയത്തും പല മന്ത്രിമാരുടെ മുന്നിലും പറഞ്ഞിട്ടുണ്ട്. പക്ഷേ, അദ്ദേഹത്തിന് ആഭ്യന്തരവകുപ്പ് കിട്ടിയതുകൊണ്ട് എന്റെ നിയോജകമണ്ഡ ലത്തിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിച്ചു തരുമെന്ന പ്രതീക്ഷ എനിക്കുണ്ട്. ഈ കാര്യം അദ്ദേഹം ശ്രദ്ധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. പൊതുമരാമത്ത് വകുപ്പുകൂടി ഈ ഡിമാന്റിലുള്ളതാണ്. പൊതുമരാമത്ത് വകുപ്പിൽ കോടിക്കണക്കിന് രൂപയാണ് ഇന്ന് കുടിശ്ശിക കിടക്കുന്നത്. എങ്ങനെയാണ് കോടിക്കണക്കിനുള്ള കുടിശ്ശിക വന്നത്? നിങ്ങൾ പ്രതിപക്ഷ ത്തിരിക്കുന്ന എം.എൽ.എ. മാർക്ക് എന്തെങ്കിലും കൊടുത്തിട്ടുണ്ടോ? കോട്ടയം ജില്ല പരിശോധിച്ചുകഴിഞ്ഞാൽ ഞാനും ബഹുമാന്യനായ ഏറ്റുമാ നൂർ എം.എൽ.എ. യുമൊഴിച്ച് ബാക്കി എല്ലാ എം.എൽ.എ. മാരുടെയും നിയോജക മണ്ഡലങ്ങളിൽ കോടിക്കണക്കിന് രൂപയുടെ വർക്ക് നടന്നുകൊ

ണ്ടിരിക്കുകയാണ്. ഒരു സാധ്യതാ പഠനം പോലും നടത്താതെ ബി.എം.& ബി.സി. വർക്ക് ചെയ്യുകയും.............

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, പി.ഡബ്ല്യൂ.ഡി. ഇപ്പോൾ കോടിക്കണക്കിന് രൂപ കടമെടുക്കുകയും പി.ഡബ്ല്യൂ.ഡി.-യുടെ വകയിൽ രണ്ടായിരത്തോളം കോടി ഉറുപ്പിക കൊടുക്കാനും ബാക്കിയുണ്ട്. ഇത് ഭരണകക്ഷി മെമ്പർമാരുടെ മണ്ഡലങ്ങളിലാണ് മിക്ക പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളത്. അതുമാത്രമല്ല അസറ്റ് ഡെവലപ്മെന്റ് ഫണ്ട് നമുക്ക് എല്ലാ എം.എൽ.എ.-മാർക്കും തുല്യമായി തന്നിരുന്നു. ആദ്യത്തെ കൊല്ലം കുറെ...........ഇപ്പോൾ അതിനും പുതിയ ഓർഡർ വന്നിരിക്കുന്നത് എൽ.എസ്.ജി.ഡി. ഡിപ്പാർട്ടുമെന്റ് മുഖേന മാത്രമേ ചെലവാക്കാൻ പോകുന്നു എന്നാണ്. മിക്കവാറും കൊടുക്കുന്നത് പി.ഡബ്ല്യൂ.ഡി. റോഡിനല്ല. ത്രിതലപഞ്ചായത്തുകളിലുള്ള സ്കൂൾ കെട്ടിടങ്ങൾക്കും റോഡ് വർക്കുകൾക്കും എ.എസ്. കിട്ടേണ്ട അവസ്ഥയിൽ വന്നപ്പോൾ എൽ.എസ്.ജി.ഡിപ്പാർട്ടുമെന്റിന് പോയിരിക്കുകയാണ്. ഇനി എത്ര മാസം കഴിഞ്ഞ് ലഭിക്കുമെന്നറിയില്ല. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ അസറ്റ് ഫണ്ട് ചെലവഴിക്കാൻ സാധിക്കാത്ത ദുരവസ്ഥയാണ് ഇപ്പോഴുള്ളത്.

ശ്രീ. കെ. അജിത് : സർ, ഞാൻ ഈ വിഷയം സൂചിപ്പിക്കുവാൻ പോകുകയാണ്. ഒരു കാക്കയും പൂച്ചയും പോകാത്ത റോഡിന് ഒരു സാധ്യതാപഠനവുമില്ലാതെ വെറുതെ നാലുമീറ്ററും അഞ്ചുമീറ്ററുമുള്ള റോഡുകൾ ബി.എം.& ബി.സി. ചെയ്യുകയാണ്. അത് ഭരണപക്ഷത്തുള്ള എം.എൽ.എ. മാരുടെ സമ്മർദ്ദത്തിന് വഴങ്ങി ബഹുമാന്യനായ മന്ത്രി ചെയ്യുകയാണ്. ഒരു കെ.എസ്.ആർ..ടി.സി. ബസുപോലും പോകാത്ത വളരെ ചുരുക്കം പ്രൈവറ്റ് ബസുകൾ മാത്രം പോകുന്ന ചെറിയ ചെറിയ പ്രദേശങ്ങൾ വരെ

ഇന്ന് ബി.എം.& ബി.സി. വർക്ക് ചെയ്ത് ഗവൺമെന്റിനെ കടക്കെണിയിലാക്കി ഈ ഭരണം ഭരണപക്ഷത്തിരിക്കുന്ന എം.എൽ.എ. മാരുടെ സമ്മർദ്ദമാണെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഇവിടെ ബഹുമാന്യനായ അംഗം സൂചിപ്പിച്ചത് ആസ്തി വികസന ഫണ്ടിനെക്കുറിച്ചാണ്. ഒന്നാം വർഷം ഫണ്ട് കിട്ടിയതിൽ നിന്ന് പ്രവർത്തനം ആരംഭിച്ചു. അതുമായി ബന്ധപ്പെട്ട നടപടിയിലേക്ക് വന്നു. രണ്ടാം വർഷവും മൂന്നാം വർഷവും ഫണ്ട് നമുക്ക് കിട്ടുന്നില്ല. പ്രത്യേകിച്ച് പ്രതിപക്ഷ അംഗങ്ങളായിരിക്കുന്ന എം.എൽ.എ. മാരുടെ ഫയലുകൾ വരുമ്പോൾ അവിടെ ധനവകുപ്പിൽ തടസ്സമുണ്ടാകുകയാണ്. ഇല്ലാത്ത നൂലാമാലകൾ കാണിച്ച് അത് തിരിച്ചു പുറകോട്ട് കൊണ്ടുവരികയാണ്. എനിക്ക് അറിയാൻ കഴിഞ്ഞത്, ഭരണപക്ഷത്തുള്ള എം.എൽ.എ. മാരെ പ്രത്യേകം വിളിച്ച് അവരുടെ ഫയലുകൾ സ്പീഡാക്കുന്നതിനുവേണ്ടി. ചില നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട് എന്നാണ്. പക്ഷേ, ഞങ്ങളുടെ ഫയലുകൾക്കൊന്നും തീർപ്പുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഞങ്ങളുടെ വർക്കുകൾക്ക് ഒരു തീർപ്പുണ്ടാക്കാൻ കഴിയാത്തതുകൊണ്ട് ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. അതുപോലെ എന്റെ നിയോജക മണ്ഡലത്തിലെ ഏറ്റവും വലിയ പ്രദേശമാണ് വൈക്കം വെച്ചൂർ–കുമരകം റോഡ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ടൂറിസ്റ്റ് കേന്ദ്രമാണ് കുമരകം. ആലപ്പുഴയിലേക്ക് പോകുന്ന വഴിയിലാണ് കുമരകം ടൂറിസ്റ്റ് കേന്ദ്രം. കെ.എച്ച്.ആർ.ഐ. വഴി ഒരു സാധ്യതാപഠനം നടത്തി ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിനരികെയുള്ള പ്രദേശങ്ങളിലാകെ ഒരു സാധ്യതയുമില്ലാത്ത സ്ഥലങ്ങളിൽ ബി.എം.& ബി.സി. വർക്ക് ചെയ്യുമ്പോൾ ഏറ്റവും നല്ല രീതിയിൽ ആൾക്കാർക്ക് പ്രയോജനപ്രദമായ രീതിയിലുള്ള സംസ്ഥാനത്തെ ഏറ്റവും വലിയ പ്രദേശത്ത് പോകേണ്ട റോഡെന്ന നിലയ്ക്ക് അതുകൂടി അങ്ങ് പരിഗണിക്കണം. നമ്മുടെ സംസ്ഥാനത്ത്

മിക്കയിടങ്ങളിലും ടോൾ പിരിവുകാർ സമരരംഗത്തേക്ക് പോകുകയാണ്. ആസ്തി വികസന ഫണ്ട് അഞ്ചുകോടിരൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മിക്ക വാറും ഒരു പാലത്തിന് വേണ്ടിവരുന്നത് പത്തും പതിനഞ്ചും കോടി രൂപയാ യതുകൊണ്ട് പാലം പണി എട്ടോ പത്തോ കോടി രൂപയ്ക്ക് തീരുന്നതാണ്. അഞ്ചു കോടി രൂപ ചെലവാക്കി പണിയുന്ന പാലത്തിന് ടോൾ പിരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരികയാണ്. ഇതിനും മാറ്റം വരുത്തണം. 25 കോടി യോളം രൂപ മുതൽമുടക്കുള്ള പാലങ്ങൾക്ക് ടോൾ പിരിക്കാനുള്ള നടപടിയി ലേക്ക് വരണം. നാട്ടിലാകെ സമരങ്ങളും പ്രക്ഷോഭങ്ങളും ഉണ്ടാകുന്നുണ്ട്. നമ്മുടെ ജനപ്രതിനിധികൾ മുന്നിൽവന്നുപ്പെടുകയാണ്. നമ്മൾതന്നെ തീരുമാനമെടുക്കുകയും നമ്മൾ തന്നെ സമരം ഉദ്ഘാടനം ചെയ്യാനും പോകേണ്ട ഒരു അവസ്ഥയിലേക്ക് വരികയാണ്. അതിന് ഗവൺമെന്റ് ഒരു മാറ്റമുണ്ടാക്കണമെന്ന് സൂചിപ്പിക്കുന്നു.

മി. ചെയർമാൻ : ശ്രീ. കെ. അജിത് വളരെ കൂടുതൽ സമയമെടുത്തു.

ശ്രീ. ജി. സുധാകരൻ : സർ, അഞ്ചു കോടി രൂപ നമുക്ക് വർഷം ത്തോറും തരുന്നത് നല്ല കാര്യമാണ്. എഞ്ചിനീയർമാരും കോൺട്രാ ക്ടർമാരും ചേർന്ന് എസ്റ്റിമേറ്റ് തുക അനാവശ്യമായി വർദ്ധിപ്പിച്ച് രണ്ടര കോടി രൂപയുടെ വർക്ക് പോലും നടക്കുന്നില്ല, ഏറ്റവും വലിയ ഖജനാവ് തട്ടിപ്പാണ് നടക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിപോലും മനസ്സിലാക്കിയിട്ടില്ല. ഇതിനെപ്പറ്റി പഠിച്ചിട്ടുണ്ടോ? വലിയ തട്ടിപ്പാണ് നടക്കുന്നത്.

ശ്രീ. കെ. അജിത് : അങ്ങ് പറഞ്ഞത് എം.എൽ.എ. മാരുടെ ഇടയിൽ ഒരു രഹസ്യ ചർച്ചയായി മാറിയിരിക്കുകയാണ്. പരസ്യമായി ഈ കാര്യങ്ങൾ പറയാൻ ഒരു ബുദ്ധിമുട്ട് തോന്നുന്നുണ്ട്. അങ്ങ് പറഞ്ഞത് വളരെ നല്ല കാര്യ

മാണ്. ഇതിനകത്ത് കോൺട്രാക്ടർമാരും ഉദ്യോഗസ്ഥന്മാരും ഈ ഫണ്ട് അടിച്ചുമാറ്റാനുള്ള അവസരങ്ങളിലേക്ക് പോകുകയാണ്. പ്രതീക്ഷിക്കുന്നതു പോലുള്ള നിലവാരത്തിലേക്ക് ആ വർക്കുകളിൽ എത്തുന്നില്ല. നമ്മൾ കൊടുക്കുന്ന പണത്തിന്റെ 70 ശതമാനംപോലും അല്ലെങ്കിൽ 50 ശതമാനം പോലും റോഡുകളിലോ ബിൽഡിംഗുകളിലോ വർക്ക് എത്തുന്നില്ല എന്ന ആക്ഷേപം നിലനിൽക്കുകയാണ്. തീർച്ചയായും ഇതിന് മാറ്റമുണ്ടാകണമെന്ന് സൂചിപ്പിക്കുന്നു. ദീർഘമായ പ്രസംഗത്തിലേയ്ക്കൊന്നും പോകുന്നില്ല. ഈ ഡിമാന്റിനെ അംഗീകരിക്കുന്നില്ല. ഞാൻ ചുരുക്കുന്നു.

<u>ശ്രീ. കെ. എം. ഷാജി</u> : സർ, ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ അനുകൂലിക്കുന്നു. ഗവൺമെന്റിന്റെ മുഖം മിനുങ്ങുന്നതും വികൃതമാകു ന്നതും ഏറ്റവും കൂടുതൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടുള്ള താണ്. വലിയ ശ്രദ്ധയും ജാഗ്രതയും ആവശ്യമുള്ള ഈ ഡിപ്പാർട്ടുമെന്റിനെ വളരെ ഗംഭീരമായി കൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നു ള്ളത് ശ്രദ്ധേയമാണ്. എന്നാലും ഒരുപാട് പ്രശ്നങ്ങൾ ഇപ്പോഴും കേരള ത്തിന്റെ ഒരു പൊതുപ്രശ്നമെന്ന നിലയ്ക്ക് ശ്രദ്ധിക്കേണ്ടതായി വരുന്നുണ്ട്. നമ്മുടെ നാട്ടിൽ വാഹനങ്ങളുടെ പെരുപ്പം 2013-ലെ കണക്കനുസരിച്ച് എനിക്ക് തോന്നുന്നു ആറുപേർക്ക് ഒരു വാഹനം എന്ന രീതിയിലാണെന്നാണ്. അത് എത്രമാത്രം ശരിയാണെന്ന് എനിക്കറിയില്ല. കാരണം ഇവിടെ ഒരാൾക്കുതന്നെ മൂന്നും നാലും അഞ്ചും വണ്ടികളുണ്ട്. മോട്ടോർ ബൈക്ക് കണക്കിലെടുത്താൽ ബൈക്കില്ലാത്ത ഒരു വീടോ ഒരു ആളോ ഇല്ലെന്നാണ്. ആ കണക്ക് ശരിയാണെങ്കിൽപോലും അത്രയും വണ്ടി ഇന്നത്തെ സൗകര്യ

മുള്ള നിരത്തിലിറങ്ങിയാൽ ഉണ്ടാകുന്ന ദുരിതം, ബുദ്ധിമുട്ട്, യാത്രയ്ക്കുള്ള പ്രയാസങ്ങൾ എന്നിവ നമ്മൾ നിരന്തരമയി അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് ബദലായിട്ട് കേരളത്തിൽ ഇനിയൊന്നും ആലോചിക്കാൻ കഴിയാത്തവണ്ണം നമ്മുടെ മാനസ്സികാവസ്ഥതന്നെ മാറിപോയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. പരിസ്ഥിതിവാദികൾ നമ്മുടെ നാട്ടിൽ പല തരത്തിലുണ്ട്. അതിൽ കപട പരിസ്ഥിതി വാദികളുമുണ്ട്. എല്ലാ വികസനപ്രവർത്തനങ്ങളെയും തുരങ്കം വയ്ക്കാൻവേണ്ടി ഇറങ്ങിപുറപ്പെട്ട നിരവധി ആളുകളുണ്ട്. അവർ പറയുന്ന പ്രശ്നങ്ങളെക്കാൾ വലിയ പ്രശ്നം സത്യത്തിൽ വെഹിക്കിൾ ഡെൻസിറ്റികൊണ്ട് നമ്മുടെ നാട്ടിൽ ഉണ്ടാകുന്നുണ്ട്. ഒരു വാഹനം അതിന്റെ യഥാർത്ഥ സ്പീഡിൽ ഒരു മിനിട്ട് അധികമെടുത്താലും സ്പീഡ് കുറച്ചാലും 85 മില്ലിമീറ്റർ അതിന്റെ അധിക ഇന്ധനം ചെലവാകുന്നു എന്നാണ് കണക്ക്. വിദേശരാജ്യങ്ങളിൽ കാണാവുന്നത് ഈ വണ്ടികൾ നിരയായി നിർത്തിയിട്ടിരിക്കുന്നതാണ്. ഇങ്ങനെ നിർത്തുന്നതൊക്കെ മുമ്പിലുള്ള ഒരു ചുവന്ന ലൈറ്റ് മാറി പച്ചവരുമെന്ന് കരുതിയിട്ടാണ്. അല്ലാതെ കാത്തിരിപ്പിനൊരു സമയമുണ്ട്. നമ്മുടെ നാട്ടിലെ വണ്ടികളുടെ കാത്തിരിപ്പിന് യാതൊരു സമയവുമില്ല. എപ്പോഴും ലൈറ്റ് കത്താറുമില്ല, അണയാറുമില്ല. നമ്മൾ ഇങ്ങനെ അനന്തമായി കാത്തിരിക്കുകയാണ്. ഈ വാഹനങ്ങളിൽ ഉണ്ടാക്കുന്ന പൊല്യൂഷനും അതുപോലെ ഇന്ധനത്തിന്റെ ചെലവും രാജ്യത്തുണ്ടാക്കുന്ന കോടികളുടെ സാമ്പത്തിക നഷ്ടവും എന്തുകൊണ്ടാണ് വലിയ ചർച്ചകളാകാത്തത് എന്ന് ആലോചിച്ചുപോകുകയാണ്. ഒരുപക്ഷേ, അങ്ങനെ ഒരുപാട് ചർച്ചകൾ ഗൗരവതരത്തിൽ നടത്താത്തതുകൊണ്ടായി

രിക്കാം നമ്മുടെ റോഡ് വികസനത്തിന് ഏറ്റവും വലിയ പ്രയാസവും തടസ്സവും ഉണ്ടാകുന്നു എന്നുള്ളത്.

മറ്റൊന്ന് റോഡുകളുടെ തകർച്ചയെക്കുറിച്ചാണ് പറയാനുള്ളത്. സർക്കാർതലത്തിൽതന്നെ പ്രീ–മൺസൂൺ വർക്ക് എന്നാണ് പറയാറുള്ളത്. അങ്ങനെയൊരു വർക്കിനെക്കുറിച്ച് ആലോചിക്കുന്നതുതന്നെ നമ്മുടെ നാട്ടിൽ മാത്രമായിരിക്കും. കേരളത്തിന് സമാനമായ കാലാവസ്ഥയുള്ള മലേഷ്യയിൽ മഴ വരുന്നതിനുമുമ്പ് പ്രീ മൺസൂൺ വർക്ക് എന്നപേരിൽ റോഡുകളിലെ കുഴി അടയ്ക്കേണ്ട കാര്യമുണ്ടായിട്ടുണ്ടോ; മഴ വരുമ്പോ ഴൊക്കെ റോഡുകൾ കുഴിയുന്നത് നമ്മുടെ നാട്ടിൽ മാത്രമാണ്. അപ്പോൾ പറയും ഗൾഫ് രാജ്യങ്ങളിലൊന്നും മഴയില്ലെന്ന്. മലേഷ്യ പോലുള്ള രാജ്യ ങ്ങൾ മഴയുള്ള രാജ്യങ്ങളാണ്. അതേസമയം കോൺട്രാക്ടർമാർക്ക് ചില പരിധികൾ നിശ്ചയിച്ച് മിനിമം ഗ്യാരണ്ടി ഇത്ര വർഷമുണ്ടാകണമെന്ന് പറഞ്ഞ പ്പോൾ, അത്തരം റോഡുകളുണ്ടാക്കാനുള്ള സംവിധാനവും നമ്മുടെ രാജ്യ ത്തുണ്ട്. ഈ റോഡുകളിൽ വേണ്ട വിധത്തിലുള്ള പണികളല്ല നടക്കുന്നത്. 80 സെ.മീ. കനം വേണ്ടിടത്ത് ഇരുപതോ മുപ്പതോ സെ.മീ. കനത്തിലായി രിക്കും റോഡുകളുണ്ടാക്കുന്നത്. ഒരു നല്ല മഴ പെയ്താൽ ഇത്തരം റോഡു കൾ പൊളിയുമെന്ന കാര്യത്തിൽ സംശയമില്ല. ഒരു ഗവൺമെന്റിന്റെ മുഖം നന്നാക്കുന്നതിന്റെ അല്ലെങ്കിൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിന്റെ ഭാഗ മായി റോഡുകൾ പണിയുമ്പോൾ ഒരു പൊതുഫണ്ടിൽനിന്നും ചെലവഴിക്ക പ്പെടുന്ന പണം എന്ന നിലയിൽ ജാഗ്രതയോടുകൂടി അതിന്റെ ക്വാളിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമം തീർച്ചയായും ഉണ്ടാകേണ്ടതാണ്. കണ്ണൂരിലെ കാര്യം മാത്രം പറയാം, ഈ തെരഞ്ഞെടുപ്പിൽ കണ്ണൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി ഉൾപ്പെടെയുള്ളവർ

അനുഭവിച്ച പ്രശ്നമാണ്. അവിടെ അടുത്ത സമയത്താണ് റോഡുകൾ നന്നാക്കിയത്. റോഡുകൾ നന്നാക്കിക്കഴിഞ്ഞ ഉടൻതന്നെ പൈപ്പ്ലൈനുകൾ ഇടുന്നതിനായി നഗരത്തിലെ മുഴുവൻ റോഡുകളും കുഴിച്ചു. ഈ തെരഞ്ഞെടുപ്പിലെ ഏറ്റവും വലിയ ഇഷ്യൂ ആയിരുന്നു. ആ വിഷയത്തെക്കുറിച്ചല്ല ഞാൻ പറയുന്നത്. ഇത് എം.എൽ.എ.-മാർ മുഴുവൻ അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. ഒരു റോഡ് വരണമെങ്കിലുള്ള ബുദ്ധിമുട്ട് നമുക്കറിയാം. വളരെ റിസ്ക്കെടുത്ത് റോഡുകൾ പണിത് രണ്ടോ മൂന്നോ മാസം കഴിയുമ്പോൾ ബുൾഡോസറും മറ്റുമൊക്കെയായിവന്ന് റോഡ് കുഴിക്കുകയാണ്. എപ്പോഴാണ് റോഡ് കുഴിച്ച് പൈപ്പിട്ട് കഴിയുന്നത് എന്നുചോദിച്ചാൽ അത് അവർക്കറിയില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചയാണിവിടെ നടക്കുന്നത്. എല്ലാവർക്കും അന്നം കൊടുക്കുന്ന ഒരു വകുപ്പാണ്. ഭരണപക്ഷത്ത് ആകെ പത്തുപേരെയുള്ളൂ. ഞങ്ങളെല്ലാവരും കൂടി പോയതിനുശേഷം ക്വാറം കുറഞ്ഞാൽ നാളെ പത്രത്തിൽ വരും പ്രതിപക്ഷ നിരയിൽ ആരുമുണ്ടായിരുന്നില്ലായെന്ന്. അതുകൊണ്ട് ഞങ്ങൾ പോകുന്നില്ല. ആകെ 3 മന്ത്രിമാരും ആറ് എം.എൽ.എ.മാരുമാണുള്ളത്.

<u>മി. ചെയർമാൻ</u>: ഭക്ഷണ സമയമായതുകൊണ്ടാണ്. ഭക്ഷണം കഴിച്ചശേഷം എല്ലാവരും മടങ്ങിവരും.

<u>ശ്രീ. കെ.എം. ഷാജി</u>: സർ, ബാലേട്ടൻ പറഞ്ഞത് വളരെ ശരിയാണ്. എന്റെ പ്രസംഗം അത്ര വിരസമൊന്നുമല്ല. പിന്നെന്താണ് അംഗങ്ങൾ വരാത്തതെന്ന് മനസ്സിലാകുന്നില്ല.

<u>മി ചെയർമാൻ</u>: ശ്രീ. കെ. എം.ഷാജി, സഭയിൽ എല്ലാവരും സന്നിഹിത രാകേണ്ടതാണ് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അങ്ങ് ചൂണ്ടിക്കാണി ച്ചത് ശരിയാണ്. സമയമായതുകൊണ്ട് അത് ക്രമീകരിച്ചുപോകുകയാണ്.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, അപ്പോൾ ഇതിന് ഒരു കോ-ഓർഡിനേ ഷനുണ്ടായേ മതിയാകൂ. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം, ഒരു ഉറുപ്പിക പോലും ചെലവഴിക്കാതെ എന്റെ മണ്ഡലത്തിൽ പന്ത്രണ്ടര മീറ്റർ വീതിയിൽ സ്ഥലം നൽകിയതിനുശേഷം മാത്രം റോഡുകളുണ്ടാക്കിയിട്ടുണ്ട്. നാട്ടുകാർ എല്ലാം സഹിച്ച് റോഡൊക്കെ വീതി കൂട്ടി സൗകര്യങ്ങൾ മുഴുവനുണ്ടാക്കി. ഇപ്പോൾ അതിനെ മുഴുവൻ തടസ്സപ്പെടുത്തിക്കൊണ്ട് ഇലക്ട്രിക് പോസ്റ്റുകൾ നിൽക്കുകയാണ്. ഇത് കെ.എസ്.ഇ.ബി.-യും വാട്ടർ അതോറിറ്റിയും പി.ഡബ്ല്യൂ.ഡി.-യും ഒരുമിച്ചിരുന്ന് ഒരു വർക്ക് നടത്തുകയാണെങ്കിൽ, കൃത്യമായി ഉത്തരം പറയേണ്ട വിധത്തിൽ റോഡുപണി നടക്കുകയാണെ ങ്കിൽ പൈപ്പ് കുഴിക്കുന്നുണ്ടെങ്കിൽ എപ്പോൾ കുഴിക്കും, കുഴിച്ചാൽ എപ്പോൾ റോഡിന്റെ പണി തീരും; റോഡ് പഴയ അവസ്ഥയിൽ ആക്കും എന്നുള്ളതിന് ഔദ്യോഗികമായ ഉറപ്പ്, അല്ലെങ്കിൽ ഔദ്യോഗികമായ നടപടി വരുമെന്ന തരത്തിലുള്ള ഒരു കോ-ഓർഡിനേഷൻ ഉണ്ടാകാത്തിടത്തോളം റോഡുകൾക്ക് വലിയ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കും. ഗവൺമെന്റിന്റെ ശ്രദ്ധേയമായ പദ്ധതികളിൽ മാഹി, തലശ്ശേരി ബൈപ്പാസ്സുൾപ്പെടെ ധാരാളം കാര്യങ്ങൾ വരുന്നുണ്ട്. ഞാൻ ഒരു സബ്മിഷനിലൂടെ ഈ വിഷയം ഇവിടെ ഉന്നയിച്ചതാണ്. കണ്ണൂർ നഗരത്തിന് സമാന്തരമായി ഒരു ബൈപ്പാസ് എന്നത് വളരെ അടിയന്തരമായി ആലോചിക്കണം. ഇപ്പോൾ നാറ്റ്പാക്ക്-ന്റെ ഏറ്റവും പുതിയ സ്റ്റഡി അനുസരിച്ച് കേരളത്തിൽ ഏറ്റവും കൂടുതൽ വെഹിക്കിൾ ഡെൻസിറ്റിയുള്ളത് പുതിയതെരുവിൽ നിന്നും ചാല

യിലേക്കുള്ള റോഡിലാണ്. പുതിയതെരുവിൽ നിന്നും കണ്ണൂരിലേയ്ക്ക് അഞ്ചു മിനിറ്റുപോലും ഡ്രൈവില്ല. പക്ഷേ ഒരു മണിക്കൂർ സമയമെടുക്കാതെ നമുക്ക് കണ്ണൂർ നഗരത്തിലെത്താൻ കഴിയില്ല എന്നുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. ബൈബിളിൽ പറയുന്നത് 'ഇടുങ്ങിയ വഴിയിലൂടെ പോയാൽ നിങ്ങൾക്ക് സ്വർഗ്ഗ രാജ്യത്തെത്താം' എന്നാണ്. മാഹി കഴിഞ്ഞ് കോഴിക്കോടെത്തുമ്പോൾ നമുക്ക് ബൈബിളിൽ പറഞ്ഞ ഈ വാചകം ഓർമ്മവരും. കണ്ണൂരിലെ റോഡ് മുഴുവൻ ബോട്ടിൽനെക്കുപോലെ കുരുങ്ങിക്കിടക്കുകയാണ്. അത് പരിഹരിച്ച് ബൈപ്പാസ് ഉൾപ്പെടെയുള്ള പുതിയ റോഡുകൾ കൊണ്ടുവരേണ്ടതുണ്ട് എന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുപോലെതന്നെ ആസ്തി വികസനവുമായി ബന്ധപ്പെട്ട ഫയലുകൾ നീങ്ങുന്ന കാര്യത്തിൽ, എം.എൽ.എ.-മാരെ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസമായിട്ടുള്ള ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള വലിയ നന്മയിൽപ്പെട്ടതാണ് ആസ്തി വികസന ഫണ്ട് അനുവദിച്ചത്. പക്ഷേ മറ്റ് പലരും സൂചിപ്പിച്ചതുപോലെ ഒരു ഗ്രീൻ ചാനലിലൂടെ നമ്മുടെ ഫണ്ട് വളരെ പെട്ടെന്ന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ വകുപ്പുതലത്തിലുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ജനങ്ങൾക്ക് മെച്ചപ്പെട്ട ഗതാഗത സൗകര്യമൊരുക്കിക്കൊടുക്കുക എന്നുള്ളത് ഉത്തരവാദപ്പെട്ട ഒരു ഗവൺമെന്റിന്റെ ബാധ്യതതന്നെയാണ്. അതിന്റെ ഭാഗമായിട്ടാണ് വലിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. അതെല്ലാം നടക്കട്ടെ എന്നാശംസിക്കുന്നു. 10500 കോടി രൂപയുടെ പദ്ധതികൾ സർക്കാർ ലക്ഷ്യമിടുന്നു. അതുപോലെതന്നെ കേരളത്തിന്റെ മുഖം മാറ്റാൻ കഴിയുന്ന പദ്ധതികളാണ് സ്പീഡ് കേരളയിലെ 23 പദ്ധതികൾ. കെ.എസ്.ടി.പി.-യുടെ പദ്ധതികളിൽപ്പെടുന്നതാണ്

എന്റെ മണ്ഡലത്തിലെ പാപ്പിനിശ്ശേരി റോഡുൾപ്പെടെയുള്ളവ. അതുപോലെ തന്നെ 40 വർഷത്തിനുശേഷം ആദ്യമായിട്ടാണ് പി.ഡബ്ല്യൂ.ഡി.-യുടെ മാന്വൽ കാലാനുസൃതമായി പരിഷ്ക്കരിച്ച് ആധുനിക നീക്കങ്ങൾക്ക് ശ്രമം നടത്തുന്നത്. ഇതൊക്കെ വളരെ ശ്രദ്ധേയമായിട്ടുള്ള കാര്യങ്ങളാണ്. നഗരത്തിൽ യാത്ര ചെയ്യുന്ന നമുക്കറിയാം പലപ്പോഴും റോഡുകൾ ബ്ലോക്കാകുന്നത് ബസ്സുകൾ തോന്നുന്ന സ്ഥലത്ത് നിർത്തുന്നതുമൂലമാണ്. ബസ്സ്റ്റോപ്പുകളോട് ചേർന്ന് ബസ് വേകളും ട്രാഫിക് മാനേജുമെന്റുകളും വേണം. റോഡുകൾ കുഴിയടച്ച് സംരക്ഷിക്കുന്നതിന് ജില്ലാതലത്തിൽ കലക്ടറുടെ നേതൃത്വത്തിലുള്ള സംവിധാനങ്ങൾ വേണം. ഇത്തരം കാര്യങ്ങൾകൂടി ശ്രദ്ധിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതുപോലെ സ്കൂൾ പാഠ്യ പദ്ധതിയിൽ ഗതാഗത നിയമങ്ങൾ ഉൾപ്പെടുത്തണം. സമയത്തിന്റെ ദൗർലഭ്യംമൂലം ദീർഘമായി പറയുന്നില്ല. കൃഷിയുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ ചില പ്രഖ്യാപനങ്ങളൊക്കെ നടത്തിയിട്ടുണ്ട്. എൻഡോസൾഫാൻ നിരോധിച്ചു എന്നുള്ളത് കേരള നിയമസഭ അഭിമാനപൂർവ്വം പറയുന്നൊരു കാര്യമാണ്. പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ച് നിരോധിച്ചു. പിന്നെ വേറെ വർത്തമാനമൊന്നും ഇല്ലല്ലോ. ഈ വിഷയത്തിൽ നമ്മൾ അഭിമാനിക്കുന്നത് ഒരുതരം അല്പത്തരമായിട്ടാണ് എനിക്ക് തോന്നുന്നത്. കാരണം എൻഡോസൾഫാൻ കേരളത്തിൽ നിരോധിച്ചിട്ട് എന്താണ് കാര്യം. തമിഴ്നാട്ടിലും കർണ്ണാടകയിലും എൻഡോസൾഫാൻ ഉപയോഗിക്കുന്നുണ്ട്. എന്തെങ്കിലും ഉൽപ്പാദിപ്പിച്ച് കഴിക്കുന്ന സംസ്ഥാനത്ത് ഇത് നിരോധിച്ചാൽ കാര്യമുണ്ടാകും. കേരളത്തിൽ പച്ചക്കറിയോ മറ്റെന്തെങ്കിലും സാധനങ്ങളോ ഉൽപ്പാദിപ്പിക്കുന്നുണ്ടോ; ഒരു കല്യാണത്തിന്

വധുവും വരനും ഒഴികെയുള്ള യാതൊന്നും മലയാളികളുടെ കയ്യിലില്ല. എല്ലാം തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽനിന്ന് കൊണ്ടുവരണം. അവ രുണ്ടാക്കുന്ന സാധനങ്ങൾ മുഴുവൻ എൻഡോസൾഫാൻ തളിച്ചാണ് ഉണ്ടാക്കുന്നത്. നമ്മളിവിടെ കൃഷി ചെയ്യുന്നുണ്ടെങ്കിൽ എൻഡോസൾഫാൻ നിരോധിച്ചാൽ വലിയ സംഭവമാണ്. മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു എന്നുള്ള ബുദ്ധിമുട്ടുണ്ട്. അത് അവസാനിപ്പിക്കാനുള്ള പരിശ്രമമാണ് കൃഷി വകുപ്പിന്റെ കീഴിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അത് വളരെ ആത്മാർത്ഥമായി വലിയ പ്രശംസ അർഹിക്കുന്നതാണ്. ഒരുപക്ഷേ സമകാലികമായി നമ്മുടെ നാട് ആവശ്യപ്പെടുന്ന ഒരു വലിയ ഉത്തരവാദിത്തമാണ് കൃഷി വകുപ്പ് അക്കാര്യത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത് എന്നത് ശ്രദ്ധേയമായ കാര്യമാണ്. ഹൈടെക് ഫാമിംഗ് പദ്ധതി അഗ്രോ സർവ്വീസ് സെന്ററുകൾ....... അതുപോലെ 10 ലക്ഷം സങ്കരയിനം തെങ്ങിൻ തൈകൾ കൊണ്ടുവന്ന് അതിനെ നന്നാക്കുന്ന കാര്യങ്ങളിലെല്ലാം വളരെ ശ്രദ്ധേയമായ കാര്യങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ എനിക്ക് മണ്ഡലവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് അദ്ദേഹം മന്ത്രിയായ ഉടനെതന്നെ കാട്ടാമ്പള്ളിയിലെ കൈപ്പാടം സന്ദർശിക്കുകയും അവിടെ ഒരു കൃഷി ഗംഭീരമായി തുടങ്ങുകയും ചെയ്തിരുന്നു. തുടക്കത്തിലുണ്ടായിരുന്ന ആവേശം വിട്ടുപോകാതെ അദ്ദേഹത്തിന്റെ കാലത്തുമുഴുവൻ അതിനെ കൂടുതൽ സജീവമാക്കിയെടുക്കുന്നതിനുള്ള താത്പര്യം ഉണ്ടാകണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്. അതുപോലെ കോഴി ഫാമുകൾ അഭിമുഖീകരിക്കുന്ന ഭീഷണി വളരെ വലിയ പ്രശ്നമാണ്. കോഴിത്തീറ്റക്ക് സബ്സിഡി കൊടുക്കാനും കൂടുതൽ കോഴിക്കുഞ്ഞുങ്ങളെ ഫാമുകൾക്ക്

വിതരണം ചെയ്യാനും കഴിഞ്ഞാൽ ഇന്ന് അവർ അഭിമുഖീകരിക്കുന്ന ഭീഷണി ഇല്ലാതാക്കാൻ കഴിയും. സ്റ്റാർട്ടപ് വില്ലേജുകൾപോലെ തന്നെകാർഷിക മേഖലയിൽ താത്പര്യമുള്ള വിദ്യാർത്ഥികൾക്കിടയിൽ– വിദ്യാർത്ഥികൾ എന്നുതന്നെപറഞ്ഞ് പ്രായവും സമയവും നിശ്ചയിച്ച് സ്റ്റാർട്ടപ് വില്ലേജുപോലെയുള്ള പദ്ധതി കാർഷിക രംഗത്ത് കൊണ്ടുവന്ന് വിദ്യാർത്ഥികൾക്കിടയിൽ കൃഷിയിൽ താത്പര്യം വളർത്തിയെടുക്കാനുള്ള പരിശ്രമങ്ങൾ നടത്തേണ്ടതാണ്. നമ്മുടെ നാട്ടിൽ പ്രകൃതി ദുരന്തങ്ങളും വാഹനാപകടങ്ങളും അതിഭീകരമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ഫയർ സർവ്വീസിന്റെ കാര്യം വളരെ കഷ്ടത്തിലാണ്. അവരുടെ കയ്യിൽ ആകെയുള്ളത് വെള്ളമാണ്. highly inflammable ആയിട്ടുള്ള ഗ്യാസ്, അമോണിയം എന്നിവമൂലം അപകടമുണ്ടായാൽ വെള്ളം തളിച്ചാൽ കൂടുതൽ അപകടമുണ്ടാവുകയാണ് ചെയ്യുന്നത്. പക്ഷേ നമ്മുടെ കയ്യിൽ ആകെയുള്ളത് വെള്ളം മാത്രമാണ്. ലോകം മുഴുവൻ ഇത് അപ്ഡേറ്റ് ചെയ്തുകഴിഞ്ഞു. എത്രമാത്രം അപകടകരമായ വസ്തുക്കളാണ് നമ്മുടെ നാട്ടിലൂടെ കൊണ്ടുപോകുന്നതെന്ന് ആലോചിച്ചാൽതന്നെ മനസ്സിലാകും. എറണാകുളത്ത് സ്വീവേജ് നന്നാക്കാനിറങ്ങിയ രണ്ടുപേർ ശ്വാസംമുട്ടി മരിച്ചു. അവരെ രക്ഷിക്കാനുള്ള ആധുനിക സംവിധാനങ്ങൾ ഫയൽ ഫോഴ്സിന്റെ കയ്യിലില്ല. അതുപോലെ വലിയ ബിൽഡിംഗുകളിൽ വല്ല തീപിടുത്തവുമുണ്ടാ യാൽ അതിനുള്ളിൽ കുടുങ്ങിപ്പോയവരെ സംരക്ഷിക്കാനുള്ള യാതൊരു സംവിധാനവുമില്ല. അതുകൊണ്ട് ഏറ്റവും പുതിയ സംവിധാനങ്ങൾ ഫയർ സർവ്വീസ് മേഖലയിൽ ഉണ്ടാകണം. കാലവും രൂപവും മാറുന്നതിനനുസ രിച്ച് പുതിയ സംവിധാനങ്ങൾ കൊണ്ടുവരിക എന്നുള്ളതാണ് ഉത്തരവാദിത്വ

ബോധമുള്ള ഒരു ഗവൺമെന്റും ആ ഗവൺമെന്റിനെ നയിക്കുന്ന മന്ത്രിമാരും അവരുടെ വകുപ്പുകളും ചെയ്യേണ്ടത്. അത് ശ്രദ്ധാപൂർവ്വം ചെയ്യുന്ന ഒരു ഗവൺമെന്റിനുമുന്നിൽ ഇത്തരം നിർദ്ദേശങ്ങൾ കൂടി സമർപ്പിച്ചുകൊണ്ട് ആ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ധനാഭ്യർത്ഥനകളെ അഭിമാനപൂർവ്വം പിന്തു ണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

മി. ചെയർമാൻ: ഇത്രയേറെ വിഷയങ്ങളുണ്ടായിട്ടും സമയം കൃത്യ മായി പാലിച്ചുകൊണ്ട് നിർത്തിയതിന് ശ്രീ. കെ. എം. ഷാജിയെ പ്രത്യേകം അഭിനന്ദിക്കുന്നു. ബഹുമാനപ്പെട്ട അംഗം എ.കെ. ബാലൻ ചൂണ്ടിക്കാണിച്ച സഭയിലെ അംഗങ്ങളുടെ എണ്ണക്കുറവിനെക്കുറിച്ച് ചെയർ പരിശോധിക്കുക യുണ്ടായി. സഭയുടെ ക്വാറം ചെയറുൾപ്പെടെ 15 അംഗങ്ങളാണ്. അതിലധികം ആളുകൾ സഭയിലുണ്ട്. സഭ ഓർഡറിലാണ് എന്നുള്ള വിവരം അറിയിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കോഴിക്കോട് ജില്ലയിലെ വടകരയിൽ വർഷങ്ങളായി നാഷണൽ ഹൈവേയ്ക്ക് സ്ഥലമെടുത്തിട്ടിരിക്കുകയാണ്. അവിടെ വർഷങ്ങളായി ആളുകൾ കച്ചവടം ചെയ്തിരുന്ന, പ്രധാനപ്പെട്ട സ്ഥലങ്ങൾ ഏറ്റെടുത്തിരിക്കുന്നു. പക്ഷേ ഇതുവരെ ആ സ്ഥലങ്ങളെ ഉപയോഗപ്പെടുത്തി ക്കൊണ്ട് നാഷണൽ ഹൈവേ വീതി കൂട്ടിയിട്ടില്ല. മൂരാട് പാലം, ചെറിയ പാലം ഇവയൊക്കെ നാഷണൽ ഹൈവേയിലുള്ള പാലങ്ങളാണ്. വാഹനങ്ങളൊക്കെ വലിയ ലോഡുമായി വരുന്ന അവസരത്തിൽ എങ്ങനെ താങ്ങുന്നുവെന്നത് അത്ഭുതമാണ്. അതുപോലെതന്നെയാണ് ഇലത്തൂർ പാലത്തിന്റെ കാര്യവും. മലബാറിന്റെ പല ഭാഗത്തും സ്ഥലം

ഏറ്റെടുത്തിരിക്കുന്നു. നാഷണൽ ഹൈവേയുടെ വീതിയെ സംബന്ധിച്ചുള്ള ചർച്ചകളാണ് ഇവിടെ നടക്കുന്നത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രി യായിരുന്ന കാലത്ത് നാഷണൽ ഹൈവേയുടെ വീതി കൂട്ടുന്നതിനെ സംബന്ധിച്ച് ഒരു ഘട്ടത്തിൽ സർവ്വകക്ഷിയോഗം ചേർന്നു. അതിന്റെയടിസ്ഥാനത്തിൽ ഹൈവേയുടെ വീതി 30 മീറ്റർ ആക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് ഞങ്ങളോട് പറഞ്ഞിരുന്നു എന്ന് അന്നത്തെ പ്രതിപക്ഷ നേതാക്കൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി ഡൽഹിയിൽ പോകുകയും പ്രധാനമന്ത്രിയെ കാണുകയും ഒരുകാരണവശാലും 40 മീറ്റർ എന്നതിൽനിന്ന് കുറയ്ക്കില്ല എന്ന് കേന്ദ്ര ഗവൺമെന്റ് പറയുകയും ചെയ്തു. അന്ന് ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല കോൺഗ്രസ്സിന്റെ പ്രസിഡന്റാണ്. അദ്ദേഹമടക്കം എല്ലാ കക്ഷിനേതാക്കളും ചേർന്ന് 40 മീറ്റർ ആകാമെന്ന് അംഗീകരിക്കുകയും ചെയ്തു. അന്നത്തെ പ്രശ്നം അംഗീകരിച്ചെങ്കിലും ഭൂമി ഏറ്റെടുക്കുമ്പോൾ, ഭൂമി നഷ്ടപ്പെടുന്ന ആളുകൾക്ക് ഭൂമിയുടെ കൃത്യമായ വില കൊടുക്കാൻ ആ റോഡിന്റെ പണി നടത്തുന്ന സെൻട്രൽ ഏജൻസി സന്നദ്ധമായില്ല. അതുകൊണ്ട് അത് ചെയ്യാൻ സാധിച്ചില്ല. ഇപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പി.ഡബ്ല്യു.ഡി. വകുപ്പു മന്ത്രി, റവന്യൂ വകുപ്പുമന്ത്രി തുടങ്ങി പ്രധാനപ്പെട്ട മന്ത്രിമാരും കോഴിക്കോട് എം.പി.-യും കൂടി ചേർന്ന യോഗത്തിൽ മലബാറിലുള്ള, പ്രത്യേകിച്ച് കോഴിക്കോട് ജില്ലയിൽ സ്ഥലം ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചൊരു ചർച്ച നടത്തുകയുണ്ടായി. കോഴിക്കോട് ജില്ലയിലെ കളക്ടറായിരുന്ന ശ്രീ. മോഹൻകുമാർ ഇതുസംബന്ധിച്ച് വ്യക്തമായൊരു പദ്ധതി അവതരിപ്പിക്കുകയും അതിന്റെയടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കാം എന്ന്

ഞങ്ങൾ മാത്രമല്ല സമരസമിതിയിലെ ആളുകളും സന്തോഷത്തോടുകൂടി പറഞ്ഞു. ആ സ്ഥലം ഏറ്റെടുക്കാൻ സെൻട്രൽ ഏജൻസി സന്നദ്ധമായിരുന്നു. അതിന്റെ ബുദ്ധിമുട്ട് സ്വാഭാവികമായും ഗവൺമെന്റിനു ണ്ടാകാം. ഞാൻ ആക്ഷേപിക്കുകയല്ല, ശ്രീ. കെ. എം. ഷാജി പ്രസംഗിച്ചപ്പോൾ പൊതുമരാമത്ത് വകുപ്പുമന്ത്രിയെ, അദ്ദേഹത്തിന്റെ കഴിവുകളെ സംബന്ധിച്ച് പറയുകയുണ്ടായി. അദ്ദേഹത്തിന്റെ കഴിവുകൾ കെട്ടി അടയ്ക്കപ്പെട്ടിരിക്കുന്നു. ഒരു ഉദാഹരണം ഞാൻ പറയാം. രാജ്യസഭാ എം.പി. ആയ ശ്രീ. പി. രാജീവ്, രാജ്യസഭയിൽ ചോദിച്ച ഒരു ചോദ്യത്തിന് മറുപടി ലഭിച്ചത് – ഒരു കൊല്ലം കൊണ്ട് കേരളത്തിന്റെ നാഷണൽ ഹൈവേ നിർമ്മിച്ചത് 5.72 കിലോമീറ്ററാണ് എന്നാണ്. അതേയവസരത്തിൽ തമിഴ്നാട് 537 കിലോമീറ്റർ, മദ്ധ്യപ്രദേശ് 479 കിലോമീറ്റർ, ആന്ധ്രാപ്രദേശ് 449 കിലോ മീറ്റർ എന്നീ രൂപത്തിലുള്ള കണക്കുകളാണ് ഉള്ളത്. സംസ്ഥാന ഗവൺമെന്റിന് നല്ല നിലയിൽ റോഡുകളുടെ പണി നടത്തി ക്കൊണ്ടുപോകുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമാകുന്നില്ല. ചില അണക്കെട്ടുകൾ ഉണ്ടാക്കുന്ന അവസരത്തിൽ, പാവപ്പെട്ട ആദിവാസികളെ വർഷങ്ങൾക്കുമുമ്പ് കുടിയിറക്കി, ഇന്നും ഒന്നും ചെയ്യാതെ ആ പാവങ്ങൾ എവിടേയോ പോയി ജീവിക്കുകയാണ്. ഭൂമി നഷ്ടപ്പെടുന്നവരെ ഒരു ജില്ലയിലും ഒഴിവാക്കാൻ സാധിക്കില്ല. ആ ഒരു പ്രതിസന്ധിയാണ് ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും സംസ്ഥാന ഗവൺമെന്റിന്റെ പൊതുമരാമത്ത് വകുപ്പ് നേരിടുന്നത്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഈ വകുപ്പ് ഏറ്റെടുത്തുകൊണ്ട് കേരളത്തിന്റെ റോഡുകളൊക്കെ നന്നാക്കണം. പ്രവൃത്തി നടക്കട്ടെ. നമ്മൾ നടത്തുന്ന ഈ

പദ്ധതിയെ കേന്ദ്ര ഗവൺമെന്റ് സഹായിക്കുന്നില്ല. അക്കാര്യം മനസ്സിലാക്കണം. കേരളം ഇന്ത്യയുടെ ഭാഗമാണ്. ഇവിടെ സൂചിപ്പിച്ചതു പോലെ, മറ്റ് ഏത് സംസ്ഥാനത്തേക്കാളും ഏറ്റവും കൂടുതൽ വാഹനങ്ങളുടെ വർദ്ധനവുള്ള സംസ്ഥാനമാണ് കേരളം. അതിന്റെ നികുതിയെല്ലാം കേന്ദ്ര ഗവൺമെന്റിന് ലഭിക്കുന്നു. നമ്മുടെ നാട്ടിൽ പുതുതായി വന്നിരിക്കുന്ന മൊബൈൽ ഫോണിന്റെയെല്ലാം ഭാഗമായി ഏറ്റവും കൂടുതൽ നികുതി വരുമാനം കേന്ദ്ര ഗവൺമെന്റിന് ലഭിക്കുന്നത് കേരളത്തിൽ നിന്നാണ്. കേരളത്തിന് അർഹമായ ഫണ്ട് റോഡ് വികസനത്തിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അനുവദിക്കേണ്ടതാണ്. ഇവിടെ ഞാൻ ആക്ഷേപിക്കുന്നില്ല. നാഷണൽ ഹൈവേയുടെ പണി 5.72 കിലോമീറ്റർ മാത്രം നടന്ന കാലത്ത് കുറേ മന്ത്രിമാരും എം.പി.-മാരും കേരളത്തിൽനിന്ന് കേന്ദ്രത്തിലുണ്ടായിരുന്നു. എല്ലാവരും പരിഹസിച്ചുകൊണ്ട് ചോദിക്കുകയാണ്. അപ്പോൾ കേന്ദ്രമന്ത്രിമാരായ കുറേ ആളുകൾ ഒരുകാലത്തുമുണ്ടായിട്ടില്ലാത്ത വിധം കേരളത്തിൽനിന്നും ഉണ്ടായിട്ട് ഓരോ കിലോമീറ്റർ ഓരോ മന്ത്രിയും വാങ്ങിച്ചിരുന്നെങ്കിൽ കേരളത്തിൽ ഇതിനെക്കാളും റോഡുണ്ടാകുമായിരുന്നില്ലേ? ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത് ആസ്തി വികസന ഫണ്ടിന്റെ കാര്യത്തിൽ നമ്മൾ അന്വേഷിച്ചതാണ്, തദ്ദേശസ്വയംഭരണ വകുപ്പിന് ചെയ്യാം, അതിന്റെ ഭാഗമെന്ന് പറഞ്ഞാൽ ഞങ്ങൾക്ക് ഉദ്യോഗസ്ഥരില്ല. ഉദ്യോഗസ്ഥന്മാരില്ലായെന്ന് പറഞ്ഞ് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പിന് നൽകിയിരിക്കുന്നത്. ആ വകുപ്പിന് നൽകുമ്പോൾ മുനിസിപ്പാലിറ്റിയിലാണെങ്കിൽ മുനിസിപ്പൽ കൗൺസിൽ പ്രമേയം പാസ്സാക്കും. അങ്ങനെ ആ പണിനടത്താൻ പൊതു

മരാമത്ത് വകുപ്പ് അനുവദിക്കും. പഞ്ചായത്ത് വകുപ്പാണെങ്കിൽ പഞ്ചായത്ത് പ്രമേയം പാസ്സാക്കുന്നു, അങ്ങനെ അനുവദിക്കുന്നു. അങ്ങനെ അനുവദിച്ച ശേഷം അതിൽ തടയിടാനുള്ള നിയമപരമായ ആവശ്യം എവിടെയാണുള്ളത്? ന്യായമായി നിയമപരമായ ആവശ്യമുണ്ടെങ്കിൽ അത് പരിശോധിക്കാം. അല്ലെങ്കിൽ കഴിയുന്നതും വേഗം ഈ പരിപാടികൾക്ക്, ഈ പദ്ധതികൾക്ക് 5 കോടി രൂപ വീതം...,....അതാണ് പ്രധാനമായും ഞങ്ങളുടെ മണ്ഡലത്തിലൊക്കെ വികസനപരമായി ലഭിക്കുന്നത്. മറ്റുള്ള കണക്കൊന്നും ഞങ്ങൾക്ക് പറയാനില്ല. ഇതാണ് ഞങ്ങളുടെ പ്രദേശത്ത് വികസനപരമായിട്ടുള്ളത്. മലബാറിൽ കോഴിക്കോട്-വടകര ഭാഗത്ത് വർഷങ്ങളായി റോഡിന് സ്ഥലം ഏറ്റെടുത്തിരിക്കുന്നു. ചിലഭാഗത്ത് ചിലർ പറയുന്നു ആ സ്ഥലം ഏറ്റെടുത്തിരിക്കുന്നു എന്ന്. പക്ഷേ അവർക്ക് ചിലയിടത്തുനിന്നും പണം ലഭിച്ചിട്ടില്ല. ഒരു പാവപ്പെട്ട ആളിന്റെ വിവാഹത്തിന് അഞ്ച് സെന്റ് സ്ഥലം വിൽക്കാൻ സാധിക്കാത്ത ഒരു അവസ്ഥയാണുള്ളത്. അതിന് ഒരു പരിഹാരമുണ്ടാക്കാൻ,....ഞാൻ ഒരു തരത്തിലും ബഹുമാനപ്പെട്ട മന്ത്രിയെ മോശമായി പറയുന്നില്ല. അദ്ദേഹം വളരെ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഒരാളാണ്. പക്ഷേ റോഡിന്റെ വികസനത്തിനായി ഫണ്ടില്ല. ഇവിടെ നമ്മൾ ചർച്ച നടത്തുമ്പോൾ റോഡ് വർക്കിന്റെ പണിയെടുക്കുന്ന കോൺട്രാക്ടർമാർ പ്രക്ഷോഭത്തിലാണ്, അവർ സമരത്തിലാണ്. സാധാരണ നിലയിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൂടുതൽ പോയിട്ടില്ലല്ലോ, കോൺട്രാക്ട് വരുന്ന അവസരത്തിൽ 10 ശതമാനം അല്ലെങ്കിൽ 30 ശതമാനം അല്ലെങ്കിൽ 40 ശതമാനം എന്ന് പറഞ്ഞിട്ടില്ലല്ലോ. ഇന്ന് 20 ശതമാനത്തിൽനിന്ന്, 30 ശതമാനത്തിൽ പറയാത്ത ഒരു

കോൺട്രാക്ടറും ഇല്ല. ഞാൻ അതിശയോക്തി പറയുകയല്ല. ഒരു സാധു കോൺട്രാക്ടർ എന്റെയടുത്ത് പറഞ്ഞു, അയാൾ ബാങ്കിൽ നിന്നും ലോണെടുത്താണ് ഒരു വർക്കിന്റെ കോൺട്രാക്ട് ഏറ്റെടുത്തത്. ആ പണം നിങ്ങൾ എങ്ങനെയെങ്കിലും വാങ്ങിച്ചുതന്നില്ലെങ്കിൽ ഞാൻ ആത്മഹത്യ ചെയ്യേണ്ടി വരുമെന്ന് പറഞ്ഞു. 5 ലക്ഷം, 10 ലക്ഷത്തിന്റെ ചെറിയ കോൺട്രാക്ട് എടുത്തവർ കഷ്ടപ്പെട്ട് അങ്ങനെ പറയുന്നുണ്ടാകും. അതുകൊണ്ട് ഇതിനൊരു പരിഹാരമുണ്ടാകണം.

ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെപ്പറ്റി പുകഴ്ത്തി സംസാരിച്ചതിൽ എനിക്ക് ആക്ഷേപമില്ല. നെൽകൃഷിക്കാർ ഈ വർഷം കുറെ ഏരിയയിൽ കൃഷി നടത്തുന്നില്ല. അവർക്ക് വിത്ത് വാങ്ങാനും കൂലി കൊടുക്കാനും സൗകര്യമില്ലാത്ത സാഹചര്യമാണുള്ളത്. കാരണം കഴിഞ്ഞവർഷം ഗവൺമെന്റ് അവരിൽനിന്നും വാങ്ങിയ നെല്ലിന്റെ വില കൊടുത്തിട്ടില്ല. നല്ല മന്ത്രിയാണെന്ന് നമ്മൾ പറയുന്നു. കൃഷിക്കാരനിൽനിന്ന് നെല്ല് വാങ്ങിയതിന്റെ വില സർക്കാർ നൽകണം. കഴിഞ്ഞ വർഷം ഗവൺമെന്റ് വാങ്ങിയ നെല്ലിന്റെ വില ലഭിക്കാത്തതിനാൽ ഇപ്രാവശ്യം കൃഷി ചെയ്യുന്നില്ലെന്ന് നെൽകർഷകൻ പറയുമ്പോൾ അതിന് എന്ത് മറുപടിയാണ് പറയാനുള്ളത്? കൃഷി ചെയ്യണമെങ്കിൽ വിത്ത് വാങ്ങാനും കൂലികൊടുക്കാനും കൃഷിക്കാരന് കാശ് വേണം. കേരളത്തിൽ 10 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ രണ്ടര ലക്ഷം ഹെക്ടറിൽപോലും നെൽകൃഷി ചെയ്യുന്നില്ല. എന്നിട്ടാണോ കൃഷിയുടെ മാഹാത്മ്യത്തെക്കുറിച്ച് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി കാർഷിക

പശ്ചാത്തലത്തെക്കുറിച്ച് നാല് വാക്ക് പറഞ്ഞപ്പോൾ ബഹുമാനം തോന്നി. പക്ഷേ അത് ഇവിടെയില്ല. ഇവിടെ കൃഷിയെ നശിപ്പിക്കുന്നു. ലോകത്ത് ഏറ്റവുംകൂടുതൽ ഭക്ഷ്യധാന്യം ഉല്പാദിപ്പിക്കുന്നത് ഇന്ത്യയിലാണെന്ന് പറയുകയുണ്ടായി. പഞ്ചസാരയുടെ വില ആഭ്യന്തരമായി വർദ്ധിക്കുന്നു എന്ന് ഇന്നത്തെ പത്രത്തിൽ വാർത്തയുണ്ട്. പഞ്ചസാരയുടെ ഉല്പാദനം വളരെ വർദ്ധിച്ചു എന്നുപറഞ്ഞ് മഹാരാഷ്ട്രയിലെ പഞ്ചസാര മിൽ ഉടമസ്ഥർക്ക് പഞ്ചസാര കയറ്റി അയക്കാൻ കേന്ദ്രഗവൺമെന്റ് അനുവാദം നൽകി. പണ്ട് കോൺഗ്രസ് (ഐ)-യുടെ കാലത്ത് ഇങ്ങനെയുണ്ടായിരുന്നു. അന്ന് നിങ്ങളും ഇങ്ങനെ അനുവാദം നൽകി. വിദേശത്തേയ്ക്ക് മിൽ മുതലാളിമാർ പഞ്ചസാര കയറ്റി അയച്ചിരുന്നു. ഒരു മാസം ആയപ്പോൾ ഒരു കിലോ പഞ്ചസാരയ്ക്ക് 80 രൂപയോളം ആയി. ഇവിടെനിന്ന് പഞ്ചസാര കയറ്റി അയച്ച് കൊള്ളലാഭമുണ്ടാക്കിയ മിൽ മുതലാളിമാർതന്നെ പഞ്ചസാര ഇറക്കുമതി ചെയ്ത് കൊള്ളലാഭമുണ്ടാക്കി. ഇതാണ് നമ്മളെ സംബന്ധിച്ചിടത്തോളം വസ്തുതാപരമായ അനുഭവം. ശ്രീ. കെ. പി. മോഹനൻ വളരെ കാര്യമായി പ്രശ്നങ്ങളെ സംബന്ധിച്ച് ശ്രദ്ധിക്കുന്നുണ്ട്. പ്രാദേശികമായി അനുഭവമുള്ള ആളെന്ന നിലയിൽ ഞാൻ അതിനെപ്പറ്റി പറയുന്നില്ല. നമ്മളൊരു കാര്യം ചെയ്യണമെങ്കിൽ അതിന് ക്യാൻവാസ് വേണം. അദ്ദേഹത്തിന് എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളത് നിങ്ങൾ പറയണം. നമ്മൾ എൻഡോസൾഫാൻ ഉപയോഗത്തെ എതിർത്തത് എന്തിനാണെന്ന് ഇവിടെ ചോദിച്ചു. ആ ചോദ്യം ഒരു ഭാഗത്ത് ശരിയാണ്. എൻഡോസൾഫാൻ ഉപയോഗിക്കുന്ന പച്ചക്കറി കഴിച്ചാൽ ക്യാൻസർ പോലുള്ള രോഗങ്ങൾ ഉണ്ടാകുമെന്ന് അതുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞൻമാർ പറഞ്ഞു. അപ്പോൾ നമ്മൾ

എൻഡോസൾഫാൻ ഒഴിവാക്കുകയല്ലേ ചെയ്യേണ്ടത്? ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, എൻഡോസൾഫാൻ ഒഴിവാക്കുന്നതോടൊപ്പം പച്ചക്കറി നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും കൃഷിചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. നമ്മൾ അങ്ങനെ ചെയ്തില്ലെങ്കിൽ എൻഡോസൾഫാൻ ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഭക്ഷിക്കേണ്ടിവരുമെന്ന് പറയാൻ നിർബന്ധിതമായ സാഹചര്യമാണ്. അതിനെ നമ്മൾ എങ്ങനെ അഭിമുഖീകരിക്കുന്നു, എങ്ങനെ വിജയിക്കുന്നു എന്നതാണ് പ്രധാനം.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്, അഞ്ച് മിനിട്ടിൽ കൂടുതലായി.

<u>ശ്രീ. സി. കെ. നാണു</u>: സർ, ചെയറിനോട് വിനീതമായ ഒരഭ്യർത്ഥനയുണ്ട്. നമ്മൾ ഇവിടെ വരുന്ന അവസരത്തിൽ വകുപ്പുകളുടെ എണ്ണം കുറവായിരുന്നു. ഇപ്പോൾ രണ്ട് വകുപ്പുകൾകൂടി കൂടുതൽ വന്നിരിക്കുകയാണ്. യഥാർത്ഥത്തിൽ നമുക്ക് അനുവദിച്ചതിനേക്കാൾ കൂടുതൽ സമയം നൽകേണ്ടതാണ്. ബാബറി മസ്ജിദ് തകർക്കപ്പെട്ട ശേഷമാണ് ഇന്ത്യയിൽ ആഭ്യന്തരമായി കൂടുതൽ കുഴപ്പങ്ങളുണ്ടായത്. ജനങ്ങൾക്ക് അറിയാത്ത ചില സംഘടനകൾ രൂപപ്പെടുകയും പല ഭാഗത്തും അട്ടിമറികൾ നടക്കുകയും ചെയ്തു. തെക്കുകിഴക്കൻ ഭാഗത്ത് മാവോയിസ്റ്റുകൾ വരുന്നു, അതിന് ന്യായമുണ്ട്. പാവപ്പെട്ട ആദിവാസികളുടെ ന്യായമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു പൊളിറ്റിക്കൽ പാർട്ടിയും അവരോടൊപ്പം നിൽക്കുന്നില്ല. ആ അവസരത്തിലാണ് മാവോയിസ്റ്റുകൾ സജീവമാകുന്നത്. കേരളത്തിൽ മാവോയിസ്റ്റുകൾ വരുന്നു, ഒരു വർഷം എത്ര കോടി രൂപ കേരളത്തിൽ......... അത് പരിശോധിക്കാൻ വിജിലൻസ് വേണം. അത് നല്ലത് തന്നെ. വിജിലൻസ് ശക്തമാകട്ടെ. എന്നാൽ ഇവിടെ

പരിഹരിക്കാനുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്ക് സാധിക്കണം. ഇപ്പോൾ നഗരങ്ങളിലൊക്കെ വലിയ കെട്ടിടങ്ങളാണുള്ളത്. അവിടെ തീപിടിത്തമോ അപകടമോ ഉണ്ടാകുമ്പോൾ ഫയർഫോഴ്സിന് പ്രവർത്തിക്കാൻ സാധിക്കണമെങ്കിൽ അവർക്ക് ആവശ്യമുള്ള ആധുനിക യന്ത്രങ്ങൾ ലഭ്യമാക്കണം. ഫയർ ഫോഴ്സ് നന്നായി പ്രവർത്തിക്കുന്നുണ്ട്. എന്റെ മണ്ഡലത്തിൽ കിണർ കുഴിച്ചുകൊണ്ടിരുന്ന ആളുകൾ അപകടത്തിൽപ്പെട്ടപ്പോൾ അവരെ രക്ഷിക്കുന്ന അവസരത്തിൽ ഫയർഫോഴ്സിലെ മൂന്ന് ജീവനക്കാരും മരണപ്പെടുകയുണ്ടായി. വളരെയേറെ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന ഫയർ ഫോഴ്സ് ടീമിന് ഏത് അവസരത്തിലും ആളുകളെ രക്ഷപ്പെടുത്താൻ സാധിക്കുന്ന ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കണം. അതിനുള്ള സൗകര്യങ്ങളെല്ലാം ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. സി. എഫ്. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. 'നല്ല മന്ത്രിമാർ' എന്ന് ഞങ്ങൾ വെറുതെ ആലങ്കാരിക ഭാഷയിൽ പറയുന്നതല്ല. നിങ്ങൾക്കുപോലും നിഷേധിക്കാൻ കഴിയാത്ത കണക്കുകളാണ്. യഥാർത്ഥത്തിൽ അതുപോലുള്ള നേട്ടങ്ങളാണ് കഴിഞ്ഞ മൂന്ന് വർഷങ്ങളിലുണ്ടായത്. ശബ്ദമുണ്ടാക്കാത്ത മന്ത്രിമാരാണ് രണ്ടുപേരും. പക്ഷേ ശാന്തമായിരുന്ന് അവരുടെ വകുപ്പുകളിൽ നിശബ്ദ വിപ്ലവത്തിലൂടെ ധാരാളം കാര്യങ്ങൾക്ക് തുടക്കംകുറിക്കുകയും സംസ്ഥാനത്തിനുവേണ്ടി നല്ല അസറ്റുകൾ ഉണ്ടാക്കുകയും ചെയ്തവരാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രിയെക്കുറിച്ച് അദ്ദേഹത്തിന്റെ കഴിവുകേടാണ്, ഒന്നും ചെയ്യാൻ

കഴിയുന്നില്ല, എൻ.എച്ച്.–ന് പറ്റുന്നില്ല എന്നൊക്കെ ഇവിടെ പറഞ്ഞു. ചെയ്ത കാര്യങ്ങൾ പറയണ്ടേ? ഇവിടെ 6000 കോടി രൂപയ്ക്കുള്ള വർക്കുകൾക്കാണ് ഭരണാനുമതി കൊടുത്ത് പ്രവർത്തനം ആരംഭിച്ചത്. നമ്മുടെ പഞ്ചായത്തുകളിലെ റോഡുകൾ വലിയ പ്രശ്നമായിരുന്നു. അവർക്കും ഫണ്ടില്ലെന്ന് പറയുകയും എം.എൽ.എ.–മാരോട് ചോദിക്കുകയും അവിടെയും ഫണ്ടില്ലെന്ന് പറയുകയും ചെയ്യുന്നു. അങ്ങനെയുള്ളവയ്ക്ക് വൺ ടൈം ടാറിങ് എന്ന പേരിൽ ഏകദേശം 350 കോടി രൂപയുടെ വർക്ക് കൊടുത്തു. നബാർഡിന്റെയോ അഖിലേന്ത്യാ ധനകാര്യ സ്ഥാപനങ്ങ ളുടെയോ ഫണ്ട് വാങ്ങുന്നതിൽ പരാജയപ്പെടുന്നു എന്നു പറഞ്ഞു. അതിൽ റിക്കോർഡാണ്. നബാർഡിന്റെ സഹായം വാങ്ങുന്ന കാര്യത്തിൽ 688 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾക്കാണ് ഭരണാനുമതി കൊടുത്തത്. ഇതൊക്കെ ചെറിയ കാര്യങ്ങളാണോ? പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ പെർഫോർമൻസിനെക്കുറിച്ച് 'എങ്ങോട്ട് പോയാലും കാണുന്ന മെച്ചപ്പെട്ട റോഡുകൾ' എന്ന് നിഷ്പക്ഷമതികൾ വിലയിരുത്തുന്നുണ്ടല്ലോ. സൗകര്യമായി, ആശ്വാസപ്രദമായി സഞ്ചരിക്കാമല്ലോ. ഞാൻ പ്രധാനമായി കാണുന്ന കാര്യം, കേരളത്തിലെ റോഡുകൾ ഇന്നലെവരെ കണ്ടതിൽ നിന്ന് വ്യത്യസ്തമായി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് മാറ്റാൻ ശക്തമായ തുടക്കം കുറിച്ച മന്ത്രിയാണ് അദ്ദേഹം. ബി.എം. ആന്റ് ബി.സി. എന്നു പറഞ്ഞ് ലിമിറ്റഡായി നിർത്തുകയല്ല. പ്രധാന കേന്ദ്രങ്ങളിൽ ഭരണകക്ഷി പ്രതിപക്ഷ എം.എൽ.എ.–മാരുടെ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളാണുള്ളത്. ബി.എം. ആന്റ് ബി.സി.–യുടെ ചെലവ് അഞ്ച്

ഇരട്ടിയാണ്. എന്നാൽ ഒരു പ്രാവശ്യം ചെലവാക്കിയാൽ പിന്നീട് 10 വർഷത്തേയ്ക്ക് ചെലവാക്കേണ്ടിവരില്ല. സ്റ്റേറ്റിന് ലാഭവുമാണ്. നമ്മുടെ സംസ്ഥാനത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ സുപ്രധാന ഘടകമാണ്. വളരെ ശാന്തമായിരുന്ന് ഈ സ്റ്റേറ്റിനുവേണ്ടി നല്ലൊരു പോളിസി സ്വീകരിച്ചുകൊണ്ട് ഈ പ്രവർത്തനപരിപാടികൾ നടപ്പിലാക്കിയതിൽ ഞാൻ അദ്ദേഹത്തെ ആത്മാർത്ഥമായി അനുമോദിക്കുക യാണ്. കൃഷി വകുപ്പുമന്ത്രിയെക്കുറിച്ചും നിങ്ങൾക്ക് ആക്ഷേപമാണ്. എക്കണോമിക് റിവ്യൂ പറയുന്നത് മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിലെ 11-ാം പദ്ധതിക്കാലത്ത്, 2008-2009 ഒഴികെയുള്ള എല്ലാ വർഷവും കൃഷിയുടെ വിഹിതം വളർച്ചയുടെ കാര്യത്തിൽ താഴോട്ടായിരുന്നു. പക്ഷേ കൃഷിയുടെ വളർച്ചാ നിരക്കിലുണ്ടായ മുരടിപ്പിന് 2012-13-ൽ ആശാവഹമായ മാറ്റം വന്നുതുടങ്ങിയതിന്റെ സൂചനയാണ് ഇപ്പോൾ കാണുന്നത്.

ശ്രീ. കെ. പി. മോഹനൻ, കൃഷിവകുപ്പുമന്ത്രിയായിരിക്കുന്ന സമയത്താണ് ഇതെല്ലാം സംഭവിച്ചിരിക്കുന്നത്. എത്ര കാലത്തെ അനുഭവത്തിൽ നിന്നും വ്യത്യസ്തമായാണ് കാർഷിക മേഖലയിൽ വളർച്ച ഉണ്ടായിരിക്കുന്നത്. ക്ഷീരവികസനത്തിന്റെ കാര്യം എടുത്തുപറയുന്നുണ്ട്. പുതിയ ഉന്മേഷവും ആവേശവുമായിരിക്കാം അതിന് കാരണമെന്നും പറയുന്നുണ്ട്. ഏതായാലും വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കുറച്ച് സ്ഥലമേയുള്ളു. ഉള്ള സ്ഥലത്ത് പരമാവധി ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും കൂട്ടുകയെന്നുള്ള പുതിയ പോളിസി വേണം.

തമിഴ്നാടിനോടും അന്ധ്രാപ്രദേശിനോടും കേരളത്തെ താരതമ്യപ്പെടുത്തി. മറ്റ് രണ്ട് സംസ്ഥാനങ്ങളിലും ഭൂമിയുടെ വിസ്തൃതി കൂടുതലാണ്. സംസ്ഥാനത്തുള്ള സ്ഥലത്ത് പരമാവധി വിളയിക്കുവാനുള്ള പുതിയ പോളിസിയിലേയ്ക്ക് ബഡ്ജറ്റിലൂടെ കൃഷിവകുപ്പ് കൊണ്ടുവന്നിട്ടുള്ള ഹൈടെക് കൃഷി ചെറിയ കാര്യമാണോ; ഇതിന് സ്റ്റേറ്റ് നല്ല രീതിയിൽ ഊന്നൽ കൊടുക്കണം. ശ്രീ. കെ അജിത് പോളിഹൗസുകളെക്കുറിച്ച്, ഒരു പേരിന് പറയുന്നതല്ലാതെ എന്തെങ്കിലും നടന്നോയെന്ന് ചോദിച്ചു. നടന്നത് ചെറിയ കണക്കല്ല. ഇപ്പോൾ 600 എണ്ണം പൂർത്തിയാക്കി, 1075 എണ്ണത്തിന്റെ നിർമ്മാണം നടക്കുകയാണ്. ഇത് സംസ്ഥാനത്തിന്റെ ചരിത്രത്തിൽ പുതിയ അദ്ധ്യായമാണ്. വിദേശ രാജ്യങ്ങളിൽ കേൾക്കുന്ന ഹൈടെക് കൃഷിയിലേയ്ക്ക് കേരളം മാറുന്നു. ശാസ്ത്രീയമായ കൃഷിയായ ഹൈടെക് കൃഷിയിലേയ്ക്ക് വരുന്നത് നല്ല മാറ്റമല്ലേ. നാളികേര കൃഷിയെ കാറ്റുവീഴ്ച രോഗം ബാധിച്ചിട്ട് 100 കൊല്ലം പഴക്കമായി. ഒരു മാറ്റവുമില്ല. ഏറ്റവും പ്രധാനപ്പെട്ട കാർഷിക വിളയായ നാളികേരം തകർന്നുകൊണ്ടിരിക്കുകയാണ്. ആ മേഖല മെച്ചപ്പെടുത്താനുള്ള ഏറ്റവും നല്ല ഉപാധിയായി എല്ലാവരും സജസ്റ്റ് ചെയ്തത് 'നീര'-യുടെ ഉൽപ്പാദനമാണ്. അവിടെ ഈ ഗവൺമെന്റ് വലിയ മാറ്റമല്ലേ വരുത്തിയിട്ടുള്ളത്. നീരയുടെ ഉൽപ്പാദനത്തിനുള്ള നടപടികൾ യാഥാർത്ഥ്യമായി, പ്രതീക്ഷിച്ചതുപോലെ വളരെ പെട്ടെന്ന് നീങ്ങുകയാണ്. പച്ചക്കറികൃഷിയെക്കുറിച്ച് പറയുകയാണെങ്കിൽ, 2013-ലെ ഓണക്കാലത്ത് 50 കോടി രൂപയുടെ പച്ചക്കറിയാണ് പ്രത്യേകമായി വിളയിച്ച് ഓണമാർക്കറ്റിൽ എത്തിച്ചത്. പച്ചക്കറി കൃഷിയിൽ സമഗ്രമായ പരിപാടി ഇട്ടിരിക്കുകയാണ്. എല്ലാ പഞ്ചായത്തിലും കൃഷിഭവനുകളുടെയും സന്നദ്ധ

സംഘടനകളുടെയും നേതൃത്വത്തിലും വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ വഴി അവരുടെ വീടുകളിലും മറ്റെല്ലാ ഭവനങ്ങളിലും പച്ചക്കറി വിത്തുകൾ എത്തിക്കാനുള്ള പരിപാടികൾ ആവിഷ്കരിച്ച്, പച്ചക്കറിയുടെ കാര്യത്തിൽ 2 വർഷംകൊണ്ട് സ്വയംപര്യാപ്തത നേടുവാനുള്ള പരിപാടിയിലേയ്ക്ക് പോവുകയാണ്. അതോടൊപ്പം ക്ഷീരവികസന രംഗത്ത് നടത്തിയിട്ടുള്ളത് ചെറിയ കാര്യമാണോ? ക്ഷീര കർഷകർ കേരളത്തിന്റെ ഐശ്വര്യമായിരുന്നു. എന്നാൽ അത് തകർച്ചയിലേയ്ക്ക് പോയി. പാലുൽപ്പാദനത്തിന്റെ കാര്യത്തിൽ വന്നിട്ടുള്ള കുറവും സ്വയംപര്യാപ്തത ഇല്ലായ്മ പരിഹരിക്കാനുമുള്ള സമഗ്രമായ പദ്ധതി കൃഷിവകുപ്പും ക്ഷീര വികസനവകുപ്പും സംയുക്തമായി നടപ്പിലാക്കിയതിന്റെ ഫലമായി ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം 2 വർഷംകൊണ്ട് നികത്തിയെടുക്കാനുള്ള കർമ്മ പരിപാടികൾ വിജയകരമായി മുന്നോട്ട് പോവുകയാണ്. അങ്ങനെ നല്ല മാറ്റങ്ങൾ വരുന്നെങ്കിലും നമ്മുടെ മനസ്സിനെ വേദനിപ്പിക്കുന്ന, നമ്മുടെ സംസ്ഥാനത്തിന്റേതല്ലാത്ത ചില കാരണങ്ങളാൽ കേരളത്തിലെ കാർഷിക മേഖലയ്ക്ക് വന്നിട്ടുള്ള കനത്ത വെല്ലുവിളികളും പ്രതിസന്ധികളും കൃഷിവകുപ്പിന് വലിയ വെല്ലുവിളിയായി വന്നിട്ടുണ്ട്. അത്തരം പ്രതിസന്ധികളെ ധൈര്യമായി നേരിടാൻ കഴിവുള്ള ആളാണ് കൃഷി വകുപ്പുമന്ത്രി. എനിക്ക് പറയാനുള്ളത് വിവിധ കാർഷിക മേഖലകളിലുണ്ടായിരിക്കുന്ന പ്രതിസന്ധി, കേന്ദ്രഗവൺമെന്റ് പോളിസി കൊണ്ട് വന്നിട്ടുള്ള തകരാറുകൾ പരിഹരിക്കാൻ അവസരത്തിനൊത്ത് ഉണർന്ന്, പെട്ടെന്നുള്ള നടപടിയിലേയ്ക്ക് പോകണമെന്നാണ്. ഇവിടെ പഞ്ചസാരയുടെ കാര്യം സൂചിപ്പിച്ചു. പഞ്ചസാരയുടെ വില പെട്ടന്നല്ലേ കിലോ

ഗ്രാമിന് 3–4 രൂപ വർദ്ധിക്കുന്നത്. കാരണം, പഞ്ചസാര ഇറക്കുമതി ചുങ്കത്തിൽ 25 ശതമാനം വർദ്ധനവാണ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ളത്. കരിമ്പ് കർഷകർക്ക് കൊടുക്കാനുള്ളതിൽ 4400 കോടി രൂപയാണ് ഇപ്പോൾ അനുവദിച്ചിട്ടുളളത്. കയറ്റുമതി സബ്സിഡി കൊടുക്കുന്നുണ്ട്. കേരളത്തിലെ സാമ്പത്തിക മേഖലയുടെ ഐശ്വര്യമായ, ഏറ്റവും വലിയ ഘടകമായ റബ്ബർ കർഷകർ തകർച്ചയുടെ പടുകുഴിയിൽ വീണിരിക്കുകയാണ്. ഉത്തരേന്ത്യ യിലെ കരിമ്പു കർഷകർക്കുവേണ്ടി ചെയ്തതുപോലെ കേരളത്തിലെ റബ്ബർ കർഷകരെ രക്ഷിക്കുവാൻ സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് കേന്ദ്ര ഭരണാധികാരികളുമായി നേരിട്ട് ബന്ധപ്പെട്ട് അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതുണ്ട്. ഗവൺമെന്റിന് പൊതുവായ കാര്യമാണെങ്കിലും ഇക്കാര്യത്തിൽ കൃഷിവകുപ്പിന് പ്രത്യേക ചുമതലയുണ്ട്. നെല്ലിന്റെ വില സൂചിപ്പിച്ചു. അക്കാര്യത്തിൽ 100 കോടി രൂപ റിലീസ് ചെയ്യുമെന്ന് രാവിലെ പറഞ്ഞുകേട്ടു. ഇനിയും 200 കോടി രൂപ കൊടുക്കാനുണ്ട്. ബാക്കി 200 കോടി രൂപ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ കൊടുക്കാനുള്ള നടപടിയും കൃഷിവകുപ്പ് സ്വീകരിക്കണം. ഇതൊക്കെ ചെയ്യുന്നത് സിവിൽ സപ്ലൈസ് വകുപ്പാണെങ്കിലും കുറയുന്നത് നെൽകൃഷിയായിരിക്കും. കാർഷിക മേഖലയിൽ കൊണ്ടുവന്നിട്ടുള്ള പുതിയ പരിഷ്കാരങ്ങളിൽ കുറവ് വരാൻ സാദ്ധ്യതയുള്ളതിന് കൃത്യമയ മോണിറ്ററിംഗ്, ഫോളോ–അപ് നടത്തി പ്രത്യേകമായി ശ്രദ്ധിച്ച് ബാക്കിയുള്ള കാലംകൊണ്ട് സ്വയംപര്യാപ്തത ലക്ഷ്യമിട്ടിരിക്കുന്ന രണ്ടുമൂന്ന് കാര്യങ്ങൾ നേടുവാനുള്ള പരിപാടികളും ആവിഷ്കരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ ജോസഫ് വാഴക്കൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. 3 വർഷംകൊണ്ട് ഏതാണ്ട് 30 വർഷത്തെ കാര്യങ്ങൾ ചെയ്ത രണ്ട് മന്ത്രിമാരുടെ വകുപ്പുകളും 6 മാസം കൊണ്ട് ഒരു ജനതയുടെ ഹൃദയത്തിൽ ആത്മവിശ്വാസവും സുരക്ഷിതബോധവും വളർത്തി ജനങ്ങൾക്ക് നീതിയും സംരക്ഷണവും നൽകാൻ ഈ സർക്കാർ പ്രതിജ്ഞാബധമാണെന്ന സന്ദേശം പകർന്ന ആഭ്യന്തര വകുപ്പിന്റെ ഉത്തരവാദിത്വത്തിലുള്ള 2 ചെറിയ വകുപ്പുകളുമാണ് ഇന്ന് ധനാഭ്യർത്ഥനയ്ക്ക് വന്നിട്ടുള്ളത്. വലിയ ചർച്ചയൊന്നുമില്ലാതെ തന്നെ ഇന്നത്തെ ധനാഭ്യർത്ഥനകളെ അംഗീകരിച്ചുകൊടുക്കാവുന്നതാണ്. എം.എൽ.എ. എന്നുള്ള നിലയിൽ അവിസ്മരണീയമായ ഒട്ടേറെ പദ്ധതികളിലൂടെ, പരിപാടികളിലൂടെ എന്നെ അനുഗ്രഹിച്ചിട്ടുള്ള രണ്ട് വകുപ്പുകളാണ് കൃഷി വകുപ്പും പൊതുമാരാമത്ത് വകുപ്പും. അത് എന്നെ മാത്രമായിരിക്കില്ല, ഇവിടെയുള്ള മിക്കവാറും എം.എൽ.എ.-മാർക്കും എനിക്കുള്ള അനുഭവം തന്നെയായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഞാൻ മൂവാറ്റുപുഴയിൽ നടത്തിയ കാർഷിക മേള, അതിന്റെ ജനപങ്കാളിത്തംകൊണ്ടും പരിപാടിയുടെ മികവുകൊണ്ടും കേരളത്തിൽ ഏറ്റവും ശ്രദ്ധേയമായ കാർഷിക മേളകളിൽ ഒന്നായിമാറി. ഈ മേള, കർഷക ജനതയ്ക്ക് അവിസ്മരണീയമാക്കുന്നതിന്, നല്ല അനുഭവമാക്കി മാറ്റുന്നതിന് കൃഷിവകുപ്പിന്റെ സമ്പൂർണ്ണമായ സഹകരണമാണ് കിട്ടിയത്. പ്രത്യേകമായ നന്ദി ഈ അവസരത്തിൽ മന്ത്രിയോട് രേഖപ്പെടുത്തുകയാണ്. നമ്മുടെ നാടിന്റെ അഭിമാനമായ പൈനാപ്പിൾ കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ വകുപ്പ് ചെയ്തിട്ടുള്ള കാര്യങ്ങളും ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുകയാണ്. കാരണം

പൈനാപ്പിളിന്റെ വ്യാപനത്തിനുവേണ്ടി കർഷകർ മുന്നോട്ടുവച്ചിട്ടുള്ള മിക്കവാറും എല്ലാ പദ്ധതികൾക്കും ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുള്ള എല്ലാവിധത്തിലുള്ള സഹകരണവും ഉണ്ടായിട്ടുണ്ട്. പൈനാപ്പിളിനെ സംബന്ധിച്ചിടത്തോളം ശ്രീ. പി. സി. ജോർജിനെ പോലുള്ള ചില ആളുകൾ തെറ്റിദ്ധരിച്ചുകൊണ്ട് ചില പ്രചരണങ്ങൾ നടത്തുന്നുണ്ട്. കേരളത്തിൽ നിന്നും കയറ്റി അയയ്ക്കുന്ന കേരളത്തിന്റെ തനതായ ഫലമാണ് പൈനാപ്പിൾ. പൈനാപ്പിൾ കൃഷി നടത്തുന്നതിന് മൂവാറ്റുപുഴയിൽ നിന്നുള്ള കർഷകരാണ് നേതൃത്വം കൊടുക്കുന്നത്. ഒരേ സമയം പൂക്കുന്നതിനുവേണ്ടി എത്തിഫോൺ എന്ന ഹോർമോൺ ചികിത്സ നടത്തുന്നുണ്ട്. അത് വിഷമാണെന്നും കീടനാശിനിയാണെന്നുമുള്ള പ്രചരണം നടത്തി കൃഷി വ്യാപനത്തെ പല പ്രദേശങ്ങളിലും തടയുന്നതായ അറിവുണ്ട്. അവിടെ കൊതുക് പറക്കുന്നുണ്ടെന്നും പറയുന്നുണ്ട്. പൈനാപ്പിൾ തോട്ടത്തിൽ മാത്രമല്ല, റബ്ബർ തോട്ടത്തിലും കൊതുക് പറക്കുന്നുണ്ട്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, മൂവാറ്റുപുഴയാണ് പൈനാപ്പിൾ കൃഷിയുടെ കേന്ദ്രമെന്ന് പറഞ്ഞെങ്കിലും പൈനാപ്പിൾ കൃഷി നടത്തുന്നത് മുണ്ടക്കയം, എരുമേലി, പാറത്തോട് മേഖലകളിലാണ്. അവിടെ കൊതുക് വ്യാപകമാണെന്ന കാര്യം നിഷേധിച്ചിട്ട് കാര്യമില്ല. ഞാൻ മനസ്സിലാക്കിയിടത്തോളം അതിനുകാരണം പൈനാപ്പിൾ തോട്ടത്തിൽ അടിക്കുന്ന മരുന്ന് തന്നെയാണ്. പൈനാപ്പിൾ ചെടിയുടെ പോളയിൽ വെള്ളം നിറയുകയും ആ വെള്ളത്തിൽ കൊതുക് മുട്ടയിടുകയും ചെയ്യുന്നു. സ്വാഭാവികമയും ഈ വിഷവും കൂടി ചേർന്നുള്ള മുട്ടയിൽ നിന്നുണ്ടാകുന്നത് വിഷകൊതുകുകളാണെന്നത് സത്യമാണ്. അതിന് എന്തുചെയ്യാൻ കഴിയുമെന്ന് മന്ത്രി ആലോചിച്ചാൽ മതി. കൃഷിക്കാരെ ഉപദ്രവിക്കാനൊന്നും ഞങ്ങളില്ല.

<u>ശ്രീ. ജോസഫ് വാഴക്കൻ :</u> സർ, ഇതൊക്കെ വളരെ തെറ്റായൊരു പ്രചരണമാണ്. ഇത്തരം തെറ്റായ പ്രചരണങ്ങൾ ശരിയല്ലായെന്നുവരുത്താനും ശാസ്ത്രീയമായൊരടിത്തറ ഇതിനില്ലായെന്നും ഇത് വ്യാപകമായി തെറ്റിദ്ധാരണയുടെ പേരിൽ നടത്തുന്ന പ്രചരണങ്ങളാണെന്നും ശാസ്ത്രീയമായി തെളിയിക്കാനാണ് പൈനാപ്പിൾ മിഷൻ രൂപീകരിച്ചത്. ശാസ്ത്രഞ്ജന്മാരുടെ സഹായത്തോടുകൂടി അതിനുള്ള പഠനങ്ങൾ നടത്തുന്നതിനുവേണ്ടിയാണ് കഴിഞ്ഞ വർഷം പൈനാപ്പിൾ മിഷൻ ആരംഭിച്ചിരിക്കുന്നത്. കേരള ഗവണ്മെന്റിന് ഉത്തരവാദിത്വപൂർവ്വം കേരളത്തിലെ ജനങ്ങളുടെമുമ്പിൽ വയ്ക്കാൻപറ്റുന്ന കാര്യമാണിത്. അതല്ലാതെ എവിടെയെങ്കിലും രണ്ട് കൊതുക് പറക്കുന്നതുകണ്ടാൽ ഇതിനകത്ത് വിഷമൊഴിച്ചു എന്നുപറയുന്നതിൽ അർത്ഥമില്ല. വിഷമുണ്ടെങ്കിൽ ആ കൊതുക് ചത്തുപോകും. അതുകൊണ്ട് ആവശ്യമില്ലാതെ വിഷവുംകൊണ്ടാണ് കൊതുക് പൊങ്ങുന്നതെന്നുള്ള പ്രചരണങ്ങൾ ഈ കാര്യത്തിൽ ഉണ്ടാക്കരുതെന്ന വിനീതമായൊരഭ്യർത്ഥനകൂടി എനിക്ക് ഈ അവസരത്തിൽ പറയാനുണ്ട്. പൈനാപ്പിൾ മിഷൻ കഴിഞ്ഞ വർഷം ആരംഭിച്ചു. അതിന്റെ ഷോർട്ട് ഫോം കെ.പി.എം. എന്നാണ്. കേരള പൈനാപ്പിൾ മിഷൻ എന്നാണെങ്കിൽ പ്പോലും കെ.പി. മോഹനൻ എന്നാണ് ഇപ്പോൾ ആളുകൾ പറയുന്നത്. അത്രമാത്രം അദ്ദേഹം ആ മിഷന്റെ വളർച്ചയ്ക്കുവേണ്ടി പരിശ്രമിച്ചിട്ടുള്ളതാണ്. തീർച്ചയായും അദ്ദേഹത്തിന്റെ ആ സേവനങ്ങളെ ഞാൻ നന്ദിപൂർവ്വം സ്മരിക്കുകയാണ്. അതുപോലെതന്നെ വാഴക്കുളം ആഗ്രോ ആന്റ് ഫ്രൂട്ട്സ് പ്രോസസിംഗ് കമ്പനി എന്ന പേരിൽ ഒരു പൊതുമേഖലാ സ്ഥാപനം അവിടെ ആരംഭിച്ചിട്ടുണ്ട്. ആ

പൊതുമേഖലാ സ്ഥാപനം നേരത്തെയൊരു സൊസൈറ്റിയായി കേരള ഗവണ്മെന്റിന്റെയും വി.എഫ്.പി.സി.കെ.യുടെയുമൊക്കെ ധനസഹായ ത്തോടെ പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. അത് ഗവണ്മെന്റ് ഏറ്റെടുത്ത് പൊതുമേഖലാ സ്ഥാപനമാക്കി മാറ്റി. ഇപ്പോൾ കേരള ഗവണ്മെന്റിന് 51 ശത മാനം ഷെയറുള്ള ഒരു കമ്പനിയാണത്. അവിടെയും പൈനാപ്പിളിന്റെ വികസ നത്തിനും പൈനാപ്പിളിന്റെ വൈവിദ്ധ്യമാർന്ന പുതിയ പ്രോഡക്ടുകൾക്കു ംവേണ്ടി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരിക്കുകയാണ്. അതിന് സാമ്പത്തികമായി കുറച്ച് സഹായം വേണ്ടിവരും. കാരണം നേര ത്തേയുള്ള സൊസൈറ്റി ഇതിനെതിരെ ഒരു കേസ് കൊടുത്തിരിക്കുന്നതു കൊണ്ട് മുമ്പുള്ള ബാങ്ക് അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുന്നതിൽ ചില നിയമതടസ്സം വന്നിട്ടുണ്ട്. അതുകൊണ്ട് ആ കമ്പനിയുടെ പ്രവർത്തനം നന്നായി പോകുന്നതിന് അടിയന്തരമായി ഒന്നരക്കോടി രൂപ അനുവദിക്കാ നുള്ള പ്രൊപ്പോസൽ മുന്നോട്ട് വച്ചിട്ടുണ്ട്. അതുപോലെ നിരവധി കാര്യങ്ങ ളിൽ കൃഷിവകുപ്പ് നമ്മുടെ പ്രതീക്ഷകൾക്കപ്പുറത്തുള്ളൊരു പ്രകടനമാണ് നടത്തിയിട്ടുള്ളത്. കർഷകർക്ക് പെൻഷൻകൊടുക്കാൻ തീരുമാനിച്ചതുതന്നെ ഏറ്റവും വലിയൊരു കാര്യമാണ്. ചെറുകിട നാമമാത്ര കർഷകരുടെ പെൻഷൻ 400 രൂപയിൽനിന്ന് 500 രൂപയാക്കി ഉയർത്തി.

ശ്രീ. പി.സി.ജോർജ്: സർ, അതിന് ധാകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദി ക്കണ്ടെ ?

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഇത് കൃഷിവകുപ്പിന്റെ കാര്യമാണ്. ധനകാര്യ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും കേരളത്തിലെ എല്ലാ മന്ത്രി മാർക്കും ഇതിനകത്ത് അഭിനന്ദനമുണ്ട്. ഏതൊരുകാര്യവും ധനകാര്യ വകുപ്പു

മന്ത്രിയുടെ സഹായമില്ലാതെ നടക്കില്ല. അതുകൊണ്ട് ഒരിക്കലും ധനകാര്യ വകുപ്പുമന്ത്രിയെ വിട്ട് എനിക്ക് വേറൊരഭിപ്രായമില്ല. കാരണം ഞാൻ ജനിച്ച അന്നുമുതൽ കാണുന്ന എന്റെ എം.എൽ.എ. ആണ് മാണിസാർ. അതു കൊണ്ട് ശ്രീ. പി.സി. ജോർജ് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. മാണിസാറി നെക്കുറിച്ച് വാദിക്കാൻ നിങ്ങളെക്കാൾ ഞാൻ മുമ്പിലുണ്ട്. കർഷക പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചത് നല്ലൊരു കാര്യമാണ്. അതിന് കേരളത്തിലെ കർഷകർ അദ്ദേഹത്തോട് കൂടുതൽ കടപ്പെട്ടിരിക്കുകയാണ്. അതുപോലെതന്നെ പച്ചക്കറി സ്വയംപര്യാപ്തത, പ്രത്യേകിച്ച് പോളീഹൗസു കൾ. പോളീഹൗസുകൾ എവിടെയാണെന്ന് നേരത്തെ ഇവിടെ ശ്രീ. കെ. അജിത്ത് ചോദിച്ചു. എന്റെ നിയോജക മണ്ഡലത്തിൽ ഇതിനോടകം 10-30 പോളീഹൗസുകൾ ആരംഭിച്ചുകഴിഞ്ഞു. പോളീഹൗസുകൾ എന്നുപറയു ന്നത് കാർഷിക രംഗത്ത് പുതിയ സംസ്ക്കാരംതന്നെ കൊണ്ടുവരികയാണ്. കാരണം, ചെളിയിലിറങ്ങാൻ ബുദ്ധിമുട്ടുള്ള നമ്മുടെ പുതിയ തലമുറ യിൽപ്പെട്ട കർഷകർക്ക് ഹൈടെക് കൃഷി വന്നതോടുകൂടി കോട്ടും സ്യൂട്ടു മൊക്കെയിട്ട് ടൈയുംകെട്ടി കൃഷിയുടെ കാര്യങ്ങൾ നോക്കാൻ കഴിയുന്ന ഒരു പുതിയ സംസ്കാരം കാർഷിക മേഖലയിൽ കൊണ്ടുവന്നിരിക്കുകയാണ്. മൂവാറ്റുപുഴയിൽ നടന്ന കാർഷിക ഫെസ്റ്റിനോടനുബന്ധിച്ച് ഞങ്ങൾ ഒരു പോളീഹൗസ് വളരെപ്പെട്ടെന്നവിടെ ഉണ്ടാക്കി. ആ പോളീഹൗസിൽനിന്ന് ഒന്നര മാസംകൊണ്ട് 30 ടൺ പച്ചക്കറിയാണ് വിൽക്കാൻ കഴിഞ്ഞത്. അത് മോശപ്പെട്ട കാര്യമൊന്നുമല്ല. കേരളത്തിന്റെ മണ്ണിൽ പ്രത്യേകിച്ച് ഭൂമി കുറ വുള്ള കേരളത്തിൽ ഏറ്റവും നന്നായി പരീക്ഷിക്കാൻ കഴിയുന്ന ഒരു പദ്ധതി യാണിത്. അതുകൊണ്ട് പരമാവധി പ്രോത്സാഹിപ്പിക്കണമെന്നാണ് എന്റെ

അഭ്യർത്ഥന. ബഡ്ജറ്റിൽ 3000 പോളീഹൗസുകളാണ് ലക്ഷ്യമിട്ടിരുന്നത്. അതിൽ 600 എണ്ണം തുടങ്ങിയിട്ടുണ്ട്. 1075 എണ്ണത്തിന്റെ പണി നടക്കുന്നുവെന്നാണ് കണക്കുകൾ പറയുന്നത്. എന്തായാലും അത് നല്ല മാതൃകാപരമായ ഒരു പ്രവർത്തനമായിരുന്നു. നാളീകേര വൈവിദ്ധ്യ ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും സംഭരണത്തിനും വേണ്ടി നാളീകേര ബയോ പാർക്കുകളുടെ ഉപയോഗം വളരെ നല്ല രീതിയിൽ നടക്കുന്നുണ്ട്. നീരയുടെ വരവിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിന് കുറച്ച് പങ്കുണ്ട്. കേരളത്തിലെ തെങ്ങ് കർഷകരെ സംബന്ധിച്ചിടത്തോളം ഇത്രയധികം കുതിച്ചുചാട്ടം അവരുടെ ജീവിതത്തിൽ അല്ലെങ്കിൽ അവരുടെ തെങ്ങിന്റെ വ്യാപനത്തിന്റെ കാര്യത്തിൽ ഉണ്ടാക്കുന്ന ഒരു വിഷയമാണ് നീരയുടെ വരവ്. നീര എന്നുപറയുന്നത് സീറോ ആൽക്കഹോളാണ്. കേരളത്തിൽ വ്യാപകമായി എല്ലാ കടകളിലൂടെയും വിൽക്കാൻ കഴിയും. നീരയുടെ ഉത്പാദനം പൂർണ്ണതോതിൽ വരുന്നതോടുകൂടി ഈ രംഗത്ത് നമുക്ക് വളരെയേറെ മുന്നേറാൻ കഴിയും. അത് ഈ ഗവണ്മെന്റിന്റെ മറ്റൊരു പ്രധാനപ്പെട്ട നേട്ടമായി കരുതുന്നു. കാരണം, ഈയൊരു പ്രൊപ്പോസൽ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. പഴയ ഉദയഭാനു കമ്മീഷന്റെ കാലഘട്ടം മുതൽ ഈയൊരു നിർദ്ദേശമുള്ളതായിരുന്നു. ഒരുപാട് പ്രാവശ്യം ചർച്ചചെയ്തതാണ്. പക്ഷെ അത് പ്രാവർത്തികമാക്കാൻ ഈ ഗവണ്മെന്റിനാണ് കഴിഞ്ഞിരിക്കുന്നത്. അതുപോലെ 3 വർഷംകൊണ്ട് 10 ലക്ഷം കുറുകിയ സങ്കരയിനം തൈകൾ വിതരണം ചെയ്യാനുള്ള ഒരു പദ്ധതി കേര സമൃദ്ധിയോടൊപ്പം പുതിയതായി കൊണ്ടുവന്നിരിക്കുകയാണ്. തെങ്ങിൽക്കയറാൻ തൊഴിലാളികളുടെ അഭാവമുള്ളതുകൊണ്ട് ചെറിയ പൊക്കംകുറഞ്ഞ സങ്കരയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യാനുള്ള

പദ്ധതി ഈ കാലഘട്ടത്തിൽ ഏറ്റവും പ്രാധാന്യമുള്ളതാണ്. ഇപ്പോൾ നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തെങ്ങിൽ കയറാൻ ആളില്ലായെന്നുള്ളതു തന്നെയാണ്. ആ ഒരു പ്രശ്നം പരിഹരിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ടാണ് പൊക്കംകുറഞ്ഞ സങ്കരയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. അതുപോലെ മൃഗസംരക്ഷണ രംഗത്തും വലിയൊരു മുന്നേറ്റം നടത്തിയിട്ടുണ്ട്. ഇന്ന് കേരളത്തിൽ പാലിന്റെ ഉപഭോഗം 85 ലക്ഷം ലിറ്ററാണ്. എന്നാൽ പാലിന്റെ ഉത്പാദനം 75 ലക്ഷം ലിറ്ററെയുള്ളൂ. 10 ലക്ഷം ലിറ്റർ പാലിന്റെ കുറവുണ്ട്. 2016–ഓടുകൂടി പാലു ല്പാദിപ്പിക്കുന്നതിൽ സ്വയംപര്യാപ്തത നേടിയ സംസ്ഥാനമായി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി നിരവധി പരിപാടികൾക്ക് ഇന്ന് ആ വകുപ്പ് നേതൃത്വം കൊടുക്കുന്നുണ്ട്. ഗോവർദ്ധിനി പദ്ധതിയുൾപ്പെടെയുള്ള നിരവധി പദ്ധതികളുണ്ട്. അതിന് ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതു പോലെ പാലിന് വില കൂട്ടുന്നതിനോടൊപ്പം കാലിത്തീറ്റയ്ക്കും വില കൂട്ടു ന്നൊരു സംവിധാനമുണ്ടാകരുത്. ഇപ്പോൾ പലപ്പോഴും സംഭവിച്ചുകൊണ്ടിരി ക്കുന്നത് അതാണ്. അതുകൊണ്ട് അതിന്റെ ഗുണം കർഷകർക്ക് കിട്ടാതെവരു ന്നു. ഇപ്പോൾ കേരളാ ഫീഡ്സ് നന്നായി പേകുന്നുണ്ട്. അതിന്റെ ഉത്പാദന ത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. അവർക്കും സാമ്പത്തികമായ ഒരു പിന്തുണ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുകയാ ണ്. സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റും വളരെ നല്ല പ്രവർത്തന ങ്ങളാണ് നടത്തുന്നത്. കാർഷിക ഭൂമിയെയും നീർച്ചാലുകളെയും സംരക്ഷി ക്കാനുള്ള പദ്ധതികൾ നടക്കുന്നുണ്ട്. പക്ഷെ അത് എല്ലാ മേഖലകളിലും നന്നായിട്ടാണോ പ്രവർത്തിക്കുന്നതെന്നതിനെക്കുറിച്ച് ഒരു വിശകലനം നട

ത്തേണ്ടതായിട്ടുണ്ട്. കാരണം, അതിനെക്കുറിച്ച് പലതരത്തിലുള്ള ആക്ഷേപങ്ങൾ വരുന്നു എന്നുള്ളത് പറയാൻ ആഗ്രഹിക്കുകയാണ്. പ്രകൃതി ദുരന്തമുണ്ടായ കണക്കുകളെടുത്തുപോയ കർഷകർക്ക് ദുരിതാശ്വാസം സമയബന്ധിതമായി കിട്ടുന്നില്ലായെന്നുള്ള പരാതിയുണ്ട്. അക്കാര്യത്തിലും ഗവണ്മെന്റിന്റെ ശ്രദ്ധയുണ്ടാകണം. പി.ഡബ്ല്യൂ.ഡി. വകുപ്പിനെക്കുറിച്ച് പറയാൻ ഇവിടെ എല്ലാവർക്കും നൂറ് നാവാണ് ഉള്ളത്. കാരണം കഴിഞ്ഞ 3 വർഷംകൊണ്ട് കേരളത്തിലെ റോഡുകളുടെ കാര്യത്തിലുണ്ടായിട്ടുള്ള മാറ്റങ്ങൾ വളരെ വലുതാണ്. ഇവിടെ ചില ആളുകൾ ആസ്തി വികസന ഫണ്ടിന്റെ കാര്യത്തെക്കുറിച്ചു പറഞ്ഞു. ആസ്തി വികസന ഫണ്ട് മോശമാണോ; നിങ്ങളായിരുന്നു അധികാരത്തിലെങ്കിൽ ഈ ആസ്തി വികസന ഫണ്ട് കാണുമായിരുന്നോ? ഫലത്തിൽ എം.എൽ.എ. ഫണ്ട് ഒരു കോടിയായിരുന്നത് 6 കോടിയായി മാറുകയാണ് ചെയ്തത്. അതിനകത്ത് ചെറിയചെറിയ കാര്യങ്ങളുണ്ടായിയെന്നല്ലാതെ ഫലത്തിൽ എല്ലാ എം.എൽ.എ.മാർക്കും 6 കോടി രൂപയാണ് കിട്ടിയിരിക്കുന്നത്. പിന്നെ നിങ്ങളെ അവഗണിച്ചുവെന്ന നിലയിലുള്ള ചിലരുടെ പരാതികൾക്ക് യാതൊരടിസ്ഥാനവുമില്ല.

നിങ്ങൾക്ക് ആറ് കോടി രൂപ അനുവദിച്ചതിൽ ഞങ്ങളിൽ പല ആളുകൾക്കും അസൂയ ഉണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇവരിൽ പലർക്കും കിട്ടാത്ത സൗഭാഗ്യമാണ് ഇപ്പോൾ നിങ്ങൾ അനുഭവിക്കുന്നത്. ഒരു വർഷം 750 കോടി രൂപയാണ് എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിന് വേണ്ടിമാത്രം ഈ ഗവൺമെന്റ് മാറ്റി വച്ചിരിക്കുന്നത്. ഇത് ചെറിയ കാര്യമാണോ? വലിയ ബാദ്ധ്യതയാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്.

എന്നിട്ട് നന്ദിയില്ലാത്ത രീതിയിൽ അതിനെക്കുറിച്ച് ശ്രീ. സാജു പോളിനെപ്പോലെയുള്ള ആളുകൾ അവിടെയിരുന്ന് പറയുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. പദ്ധതി ചെലവിലേയ്ക്ക് അനുവദിച്ചിട്ടുള്ള തുകയെക്കാൾ 297 ശതമാനം കൂടുതൽ ചെലവഴിച്ച് റെക്കാർഡ് നേട്ടമാണ് പി.ഡബ്ല്യു.ഡി ഉണ്ടാക്കിയിരിക്കുന്നത്. ഗവൺമെന്റ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുകയെക്കാൾ 300 ശതമാനം കൂടുതലാണ്. അതുപോലെ മിഷൻ 676 –ൽ ഏതാണ്ട് 14500 കോടി രൂപയുടെ പദ്ധതികൾക്കാണ് രൂപം കൊടുത്തിരിക്കുന്നത്. 676 ദിവസം കഴിയുമ്പോൾ 14,500 കോടിരൂപയുടെ പദ്ധതി കൂടി പൂർത്തിയാകും. സ്പീഡ് കേരളയിൽ 6,000 കോടി രൂപയും, മോണോറെയിലിന് 6,000 കോടി രൂപയും ദേശീയപാതാ വികസനത്തിന് 2500 കോടി രൂപയുമുണ്ട്. കേരളത്തിന്റെ മുഖഛായ തന്നെ മാറ്റുന്ന വികസന പ്രവർത്തനം നടത്തുന്ന കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് മന്ത്രിയെ എത്ര അഭിനന്ദിച്ചാലും അധികമാവില്ല. ബി.എം.ആന്റ് ബി.സി റോഡ് ഇവിടെയില്ലായെന്നു പറഞ്ഞു. ബി.എം. ആന്റ് ബി.സി റോഡില്ലാത്ത ഏത് കോൺസ്റ്റിറ്റ്യുവൻസിയാണ് ഇവിടെയുള്ളത്. ശ്രീ. കെ. അജിത് ഇവിടെയില്ല, ഉണ്ടായിരുന്നെങ്കിൽ വൈക്കത്ത് ഏതൊക്കെ റോഡുണ്ടെന്ന് പറഞ്ഞുകൊടുക്കാമായിരുന്നു. മിക്കവാറും റോഡുകളെല്ലാം ബി.എം.ആന്റ് ബി.സി.യാണ്. ഇപ്പോൾ കിട്ടിയില്ലെന്നാണ് പറയുന്നത്. എന്നിട്ട് വെറുതെ ആക്ഷേപം പറയുകയാണ്. റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK) 1000 കിലോമീറ്റർ സ്കീമിൽ കേരളത്തിലെ നിരവധി റോഡുകൾ എടുത്തിരിക്കുകയാണ്. അതിന്റെ പണി ആരംഭിക്കുവാൻ പോകുന്നു. കേരളത്തിലെ മുനിസി

പ്പൽ കോർപ്പറേഷൻ കൂടുതലും ഇടതുപക്ഷമാണ് ഭരിക്കുന്നത്. മുനിസിപ്പൽ കോർപ്പറേഷനു കീഴിലെ മിക്ക റോഡുകളും ബി.എം. ആന്റ് ബി.സി ചെയ്തിരിക്കുകയാണ്. അതൊക്കെ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ ചെയ്യേണ്ടതാണ്. ആ ഉത്തരവാദിത്തം പി.ഡബ്ല്യു.ഡി ഏറ്റെടുത്ത് അത്തരം റോഡുകൾ അതിമനോഹരമാക്കിയിരിക്കുകയാണ്. വൺടൈം ടാറിംഗിന് 350 കോടി രൂപ മുടക്കി ധാരാളം ഗ്രാമീണ റോഡുകൾ ചെയ്തിട്ടുണ്ട്. ഏതൊക്കെ കോൺസ്റ്റിറ്റ്യൂൻസിയാണെന്ന് പറയാൻ കഴിയില്ല. എന്റെ നിയോജകമണ്ഡലത്തിലും ചെയ്തിട്ടുണ്ട്. റോഡിനെ സംബന്ധിച്ച് ചോദിക്കുന്ന കാര്യങ്ങളൊക്കെ കിട്ടുന്നുണ്ട് എന്നതാണ് പ്രധാന കാര്യം. നബാർഡ് വഴി 688 കോടി രൂപ പാലങ്ങൾക്കും കെട്ടിടങ്ങൾക്കും റോഡുകൾക്കുമൊക്കെയായി ലഭിച്ചിട്ടുണ്ട്. 363 കിലോമീറ്റർ കെ.എസ്.റ്റി.പി. വർക്കിനുവേണ്ടി 2403 കോടി രൂപയാണ് കിട്ടുന്നത്. 40 വർഷങ്ങൾക്ക് ശേഷം പി.ഡബ്ല്യു.ഡി. മാനുവൽ ഇപ്പോൾ പരിഷ്ക്കരിച്ചു.

മി. ചെയർമാൻ: ശ്രീ. ജോസഫ് വാഴക്കൻ അങ്ങ് 5 മിനിട്ടായി. കൂടുതൽ സമയമെടുക്കുന്നു. ഇന്ന് ഇനിയും എട്ടോളം അംഗങ്ങൾ സംസാരിക്കാനുണ്ട്. അതുകഴിഞ്ഞ് 3 മന്ത്രിമാർ മറുപടി പറയാനുമുണ്ട്.

ശ്രീ. ജോസഫ് വാഴക്കൻ: അങ്ങ് ഇപ്പോൾ വന്നതുകൊണ്ടാണ്. നേരത്തെ എല്ലാവരും...

മി. ചെയർമാൻ: സമയം ഇവിടെ കുറിച്ചു വച്ചിട്ടുണ്ട്. ഈ രീതിയിൽ പോയാൽ രാത്രിവരെ നീളും.

ശ്രീ. ജോസഫ് വാഴക്കൻ: വളരെ സ്തുത്യർഹമായ സേവനമാണ് ഫയർ ഡിപ്പാർട്ടുമെന്റ് നടത്തുന്നത്. കേന്ദ്രത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ്

ടീമുള്ളതുപോലെ കേരളത്തിലും അത്തരമൊരു ടീം രൂപപ്പെടുത്തണം. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ നടക്കുന്നുണ്ട്. കൂടുതൽ വിജിലൻസ് കോടതികൾ അനുവദിക്കേണ്ടതായിട്ടുണ്ട്. ശ്രീ. പാലോട് രവി പറഞ്ഞതുപോലെ അതൊരു ഡമ്പിംഗ് യാർഡായി ഉപയോഗിക്കരുത്. വിജിലൻസിനെ സെപ്പറേറ്റായി നിർത്തിക്കൊണ്ട് കേരളത്തിൽ ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന രീതിയിൽ മുന്നോട്ട് കൊണ്ടുവരണം. കേരളത്തിൽ വിജിലൻസ് കമ്മീഷൻ രൂപീകരിക്കണമെന്ന പലരുടേയും നിർദ്ദേശം ഞാനും അംഗീകരിക്കുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും സന്തോഷകരമായ ഒരു ദിനമാണ് ഇന്ന്. കാരണം നമ്മളോടൊപ്പം ഉണ്ടാകുമോ എന്ന് ഭയപ്പെട്ടിരുന്ന കുറേ ദിവസമായി ചർച്ച നടന്നിരുന്ന നമ്മുടെ പ്രിയപ്പെട്ട ശ്രീ. എം. എ ബേബി നമ്മളോടൊപ്പം ഉണ്ടാകും എന്നത് ഇന്നലെ ഉറപ്പിച്ചിരിക്കുന്നു. പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിക്കുശേഷം പുറത്തു വന്ന വാർത്തകളിലൂടെ നമ്മൾ കണ്ടതാണ്. അദ്ദേഹത്തെ നിയമസഭയിൽ നിർത്തുവാൻ വേണ്ടി പലതരത്തിൽ ഒരുപാട് ആളുകൾ പരിശ്രമിച്ചതാണ്. സാമ ഭേദ ദണ്ഡ പ്രയോഗങ്ങളൊക്കെ നടത്തിയിരുന്നു. പക്ഷെ അദ്ദേഹം അതൊന്നും അംഗീകരിച്ചിരുന്നില്ല. പക്ഷെ ഇന്നലെ ഡൽഹിയിൽ നിന്നും വന്ന പോളിറ്റ് ബ്യൂറോ അംഗങ്ങളുടെ പ്രത്യേക കൗൺസിലിംഗിൽ അദ്ദേഹം അത് അംഗീകരിച്ചിരിക്കുന്നു. നിയമസഭയിൽ തുടരാൻ അദ്ദേഹം തീരുമാനിച്ചു. പാർലമെന്റിൽ പോകണമെന്ന് ആഗ്രഹിച്ചിരുന്നുവെങ്കിലും ജനങ്ങൾ സമ്മതിച്ചില്ല. അദ്ദേഹം നിയമസഭയിൽ തുടരുന്നതിൽ സന്തോഷമുണ്ട്. അതിന് സഹായിച്ച എല്ലാ പാർട്ടി അംഗങ്ങളെയും സംസ്ഥാന കമ്മിറ്റി അംഗങ്ങളെയും ഈ നിയമസഭയിലെ എല്ലാ അംഗ

ങ്ങൾക്ക് വേണ്ടിയും പ്രത്യേകം അനുമോദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട രണ്ട് സബ്ജക്ടുകൾ തന്നെയാണ് ഇന്ന് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. കൃഷിയുമായി ബന്ധപ്പെട്ട് കുറേക്കാലമായി പ്രതിസന്ധി തുടരുകയാണ്. കഴിഞ്ഞ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ നവലിബറൽ നയങ്ങൾ തന്നെയാണ് കാർഷിക പ്രതിസന്ധിക്ക് പ്രധാന കാരണം. അമിതമായ പ്രകൃതി ചൂഷണത്തിന് വാതിൽ തുറന്നിടുന്നതായിരുന്നു അത്തരം നയങ്ങൾ എന്നതിൽ തർക്കമില്ല. നമ്മുടെ രാജ്യത്തെ കൃഷിയെയോ കൃഷിക്കാരെയോ പരിസ്ഥിതിയെയോ സംരക്ഷിക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല അതിന്റെ ഭാഗമായി ജനജീവിതത്തെ ആകെ തകിടം മറിക്കുന്ന ഒരു സാഹചര്യമാണ് ഇന്ത്യയിലാകെയുണ്ടായത് എന്ന് നമുക്കറിയാം. നിർഭാഗ്യവശാൽ ചെറുകിട കൃഷിക്കാരെ അതിൽ നിന്ന് അകറ്റുന്ന സമീപനം സ്വീകരിച്ചപ്പോൾ അവിടെ കോർപ്പറേറ്റുകൾക്ക് സഹായം നൽകുന്ന നിലപാടാണ് ഇതിന്റെ ഭാഗമായുണ്ടായതെന്നത് വളരെ ഗൗരവമാണ്. അതുകൊണ്ടു തന്നെ ജനാധിപത്യം പണാധിപത്യത്തിലേയ്ക്ക് വീഴുന്ന ഒരു പ്രവണത കുറച്ചുകാലമായി നമ്മുടെ രാജ്യത്ത് തുടരുന്നു. അതിന്റെ പരിണിത ഫലമാണ് ഈ കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്-ന് ഇന്ത്യയിൽ പരാജയമുണ്ടാകാനുള്ള കാരണമെന്ന് വിലയിരുത്തപ്പെടുന്നു. ഈ നയങ്ങൾ തന്നെ ശക്തമായി തുടരുന്നതും ദേശീയ രാഷ്ട്രീയം ഒരു മത നിരപേക്ഷ കാഴ്ച്ചപ്പാടിൽ നിന്ന് വർഗ്ഗീയതയുടെ ആശയപരിസരം ഉടലെടുക്കുന്ന സാഹചര്യം ഉണ്ടായി എന്നതും ദൗർഭാഗ്യകരമാണ് എന്നതിൽ തർക്ക

മില്ല. അതിന് വഴി വച്ചത് ഇന്ത്യയിലെ കോൺഗ്രസ്സിന്റെ സമീപനങ്ങൾ തന്നെയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങൾ കേട്ടാൽ രാജ്യത്ത് വലിയ നേട്ടമുണ്ടാകുമെന്നാണ് തോന്നുക. എന്നാൽ അധികാരത്തിൽ വന്ന് നാല് ദിവസം കഴിഞ്ഞപ്പോൾ തന്നെ ഡീസലിന്റെ വില വർദ്ധിപ്പിച്ച സാഹചര്യം അതിന്റെ ഫലമായി വിലക്കയറ്റവും, വിലക്കയറ്റം മാത്രമല്ല കേരളത്തെ സംബന്ധിച്ച് വലിയ പ്രതിസന്ധിയായിരിക്കും റെയിൽവേയുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനത്തിന്റെ ഭാഗമായി ഉണ്ടാകുന്നത്. ചരക്ക് കൂലിയിലുള്ള വർദ്ധനവും യാത്രാ നിരക്കിലുള്ള വർദ്ധനവുമൊക്കെ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. അത് കാർഷിക മേഖലയെയും വലിയ രീതിയിൽ തന്നെ ബാധിക്കും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേരളത്തിലെ ഗവൺമെന്റ് അതിനെ മറികടക്കാൻ വേണ്ടി പ്രഖ്യാപിച്ചിട്ടുള്ളത് 676 എന്ന തന്ത്രമാണ്. അത് എത്രത്തോളം കേരളത്തിന് ഉപകാരപ്രദമാകുമെന്ന് വിലയിരുത്തപ്പെടേണ്ടതുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട് നികുതിയിനത്തിൽ കർഷകരിൽ നിന്നും ഭീമമായ തുക വാങ്ങുന്നത് നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന കർഷകരെ രക്ഷിക്കാൻ കടമയുള്ള ഗവൺമെന്റാണ് ചെയ്യുന്നത്. ഇവിടെ കർഷക ആത്മഹത്യകൾ ഉണ്ടായിരുന്നു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അത് ഇല്ലാതാക്കാൻ കഴിഞ്ഞു. കർഷക ആത്മഹത്യ നടന്നിരിക്കുന്നുവെന്നത് ഗവൺമെന്റ് സമ്മതിക്കുന്ന കാര്യമാണ്. എണ്ണത്തിൽ മാറ്റങ്ങളുണ്ടാകാം. 89 പേരുടെ കർഷക ആത്മഹത്യ നടന്നിട്ടുണ്ട്. ഒരു ചോദ്യത്തിന് മറുപടിയായി തന്നത് 51 കർഷകർ ആത്മഹത്യ ചെയ്തു എന്നാണ്. അതിൽ 32 കർഷകർക്ക് ഒരു ലക്ഷം രൂപ വീതവും 5 കർഷകർക്ക്

50,000 രൂപ വീതവും കൊടുത്തു. ബാക്കി 14 കർഷകർക്ക് എന്ത് തുക കൊടുത്തു എന്നത് മന്ത്രിയുടെ മറുപടിയിൽ കണ്ടില്ല. പാലക്കാട് ജില്ലയിൽ 11 കർഷകർ ആത്മഹത്യ ചെയ്തുവെന്നാണ് ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ള കണക്ക്. പാലക്കാട് ജില്ല നെല്ലറയാണ്. നെല്ലുത്പാദനത്തിൽ നമ്മുടെ സംസ്ഥാനം വളരെ പിറകോട്ടുപോയി എന്ന യാഥാർത്ഥ്യം നമുക്കറിയാം. 40-49 ശതമാനം വരെ കൃഷിഭൂമിയുണ്ടായിരുന്നത് ഇന്ന് 9.63 ശതമാനമായി കുറഞ്ഞതിന് ആരാണ് ഉത്തരവാദി എന്ന് പറയണം. നെല്ലിന് ന്യായമായ വില ഉറപ്പാക്കാൻ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ വേണ്ടിയാണ് സംഭരണം ഏർപ്പെടുത്തിയത്. ആ സംഭരണ സംവിധാനത്തിലെ പാളിച്ചകൾ വലിയ രീതിയിൽ നെൽകർഷകരെ ബാധിക്കുന്നു. ഗവൺമെന്റിന്റെ കണക്കനുസരിച്ച് നെല്ല് നൽകിയ കർഷകർക്ക് 350 കോടിയോളം രൂപ കൊടുക്കാനുണ്ട്. സംഭരണ വില 19 രൂപയാക്കിയിട്ട് എന്താണ് കാര്യം. കൃഷിക്കാരന്റെ ഉത്പാദനച്ചെലവ് ദിവസേന എന്നോണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവരെ രക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുന്നില്ല. അവർക്ക് ലഭ്യമായിക്കൊണ്ടിരുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ ഇവ നിർത്തലാക്കിയിട്ട് നെല്ലിന് 19 രൂപ താങ്ങുവില നിശ്ചയിച്ചതുകൊണ്ട് കൃഷിക്കാരനെ രക്ഷിക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല.

ഇതിനുവേണ്ടിയുള്ള ഒട്ടേറെ സംവിധാനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. പാഡി ബോർഡിന്റെ പ്രവർത്തനം നടക്കുന്നുണ്ട്, അതെങ്ങനെ കൃഷിക്കാരെ സഹായിക്കാനുതകുന്നു എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വില

യിരുത്തേണ്ടതുണ്ട്. കൃഷിക്കാരെ സംരക്ഷിക്കാനും നെൽകൃഷിക്കാരെ പരിപോഷിപ്പിക്കുന്നതിനുംവേണ്ടി നെൽകർഷക കമ്മീഷൻ രൂപീകരിക്കാൻ സർക്കാർ ആലോചിക്കണമെന്നതാണ് എനിക്ക് അതിനെ സംബന്ധിച്ച് സൂചിപ്പിക്കുവാനുള്ളത്. നെൽകർഷകർക്ക് ഇപ്പോൾ കൊടുക്കുന്ന താങ്ങുവില സമയബന്ധിതമായി ലഭ്യമാകുന്നില്ലെന്ന പരാതി, പരാതി മാത്രമല്ല കൃഷിക്കാർ അത് അനുഭവിക്കുകയാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന നിർദ്ദേശമാണ് എനിക്ക് മുന്നോട്ട് വയ്ക്കാനുള്ളത്. നെൽവയലുകളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് കൃഷി വകുപ്പ് അന്തിമരൂപം നൽകണമെന്നുള്ള അഭിപ്രായം മുന്നോട്ട് വയ്ക്കുകയാണ്. പ്രകൃതിക്ഷോഭത്തിലൂടെ കൃഷിക്കാർക്ക് വലിയ രീതിയിൽ നാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ സംഭവിക്കുമ്പോൾ അവരെ സഹായിക്കാനുതകുന്ന തരത്തിൽ നെൽവിത്ത് സൗജന്യമായി നൽകണം. അതുകൊണ്ട് മാത്രമാവില്ല, കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ജീവനാണ്; ജീവിതമാണ്. അതുമാത്രമല്ല, നമ്മുടെ നാടിന്റെ നിലനിൽപ്പ് കൂടിയാണ് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവർക്ക് കാര്യമായ സഹായം നൽകുന്നതിനുവേണ്ടി തയ്യാറാകണം. ഇന്നുള്ള സംവിധാനങ്ങൾ അതിന് പര്യാപ്തമല്ല എന്നതുകൊണ്ടു തന്നെ ആ നിലയിലുള്ള ചിന്ത അനിവാര്യമാണ് എന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ പ്രകൃതിക്ഷോഭത്തിൽ നെല്ല് മാത്രമല്ല, നമ്മുടെ നാട്ടിലെ ഒട്ടേറെ കൃഷികൾ നശിച്ചുപോകുന്നുണ്ട്. കഴിഞ്ഞ വേനൽമഴയ്ക്ക് എന്റെ മണ്ഡലത്തിൽ തന്നെ ഏകദേശം 6 ഏക്കറോളം വരുന്ന സ്ഥലത്ത് നേന്ത്രവാഴ കൃഷി ചെയ്തവർക്ക്, അത് കുലച്ച് വന്ന സന്ദർഭത്തിൽ, എല്ലാം

വെട്ടിനിരത്തിയതുപോലെ വേനൽമഴയിൽ നഷ്ടം സംഭവിച്ചു. സ്വന്തമായി ഭൂമിയില്ലാത്ത പാട്ടത്തിന് ഭൂമിയെടുത്ത് കൃഷി ചെയ്യുന്ന പാവപ്പെട്ടയാളുകളാണ്. ഈ പഞ്ചായത്തിൽ കഴിഞ്ഞ തവണയും ഇത് സംഭവിച്ചു. എന്നാൽ കൃഷിക്കാർക്ക് ഇന്നേവരെ അതിന്റെ ആനുകൂല്യം കിട്ടിയിട്ടില്ല. പരിമിതമായ ആനുകൂല്യമാണ് കൊടുക്കുന്നത്, അതുതന്നെ സമയബന്ധിതമായി കൊടുക്കുന്നില്ല എന്നതും കൃഷിക്കാരെ കാർഷികമേഖലയിൽ നിന്നും അകറ്റി നിർത്തുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട വിഷയമായി നമുക്ക് കാണാൻ കഴിയും. അത് അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ട്. കൊടുക്കുന്ന ആനുകൂല്യത്തിൽ വർദ്ധനവ് വരുത്തണം. വാഴ നശിച്ചുപോയാൽ തുച്ഛമായ സംഖ്യയാണ് നൽകുന്നത്, അതിൽ മാറ്റം വരുത്തണം. കുറഞ്ഞത് 750 രൂപയെങ്കിലും കുലച്ച ഒരു നേന്ത്രവാഴയ്ക്ക് കൊടുത്തില്ലെങ്കിൽ കൃഷിക്കാരന് നിൽക്കാൻ കഴിയില്ല. നാളികേരത്തിന്റെ നാടാണ് കേരളം. എന്നാൽ കേരളം അതിൽ നിന്നൊക്കെ പിറകോട്ടുപോയിരിക്കുന്നു. എന്താണ് കാരണമെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല, അതിനാവശ്യമായ പഠനം നടത്തുന്നതിനുവേണ്ടി കഴിഞ്ഞിട്ടില്ല. തെങ്ങിന് ബാധിച്ചുകൊണ്ടിരിക്കുന്ന കീടബാധകളിൽ നിന്ന് തെങ്ങിനെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നാളികേര വികസനത്തിനായി പദ്ധതികളൊക്കെ പ്രഖ്യാപിച്ചു. പക്ഷേ ഇപ്പോഴും പഴയ രീതിയിൽ തന്നെ കാര്യങ്ങൾ നിൽക്കുന്നുവെന്നത് വളരെ ഗൗരവമായി കാണേണ്ടതുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ റബ്ബർ കൃഷിയുടെ കാര്യം വളരെ ഗൗരവമാണ്. മാന്യമായ വില അടുത്ത കാലത്ത് ലഭ്യമായിരുന്നു, ഇപ്പോൾ അതിൽ നിന്ന് വല്ലാത്ത അവസ്ഥയിലേയ്ക്ക് റബ്ബർ കർഷകർ പോയിരിക്കുകയാണ്.

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നയത്തിൽ മാറ്റം വരുത്താൻ കേന്ദ്ര ഗ വൺമെന്റിൽ ശക്തമായ രീതിയിൽ തന്നെ ഇടപെടേണ്ടതുണ്ട്. പച്ചക്കറി കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഹോർട്ടികോർപ്പ്. എത്ര ത്തോളം ഫലപ്രദമായി അത് നടപ്പാക്കുന്നുണ്ട് എന്നത് വളരെ ഗൗരവമാണ്. ബഹുമാനപ്പെട്ട മന്ത്രിക്കറിയാം, പാലക്കാട് ജില്ലയിൽ പച്ചക്കറി കൃഷി നടത്തുന്ന ആളുകളുടെ ഉല്പന്നങ്ങൾ വാങ്ങാൻ ആളില്ല. ഉല്പാദനച്ചെലവ് കൂടുതലും ഉല്പന്നത്തിന് വേണ്ടത്ര വില ലഭിക്കാത്ത സാഹചര്യവുമൊക്കെ നിലനിൽക്കുമ്പോഴാണ് അവരുണ്ടാക്കിയ ഉല്പന്നങ്ങൾ വിൽക്കാൻ കഴി യാതെ തോട്ടിലേയ്ക്ക് ഒഴുക്കിക്കളയേണ്ട ഗതികേട് ഉണ്ടാകുന്നത് എന്നത് വളരെ ഗൗരവമാണ്. ഹോർട്ടികോർപ്പിനെ ആ നിലയിലേയ്ക്ക് ഉയർത്തിക്കൊ ണ്ടുവരുന്നതിനുവേണ്ടി കൃഷി വകുപ്പിന് വേണ്ടത്ര കഴിഞ്ഞിട്ടില്ല എന്നതും വളരെ ഗൗരവമായി കാണേണ്ടതുണ്ട്. അതേ രൂപത്തിൽ തന്നെയാണ് കൃഷി സ്ഥലങ്ങളിലെ മൃഗങ്ങളുടെ ശല്യം, ഇന്നലെ ഈ വിഷയം ചർച്ച ചെയ്യപ്പെട്ടു. കൃഷി സ്ഥലങ്ങളിൽ മൃഗങ്ങളുടെ ശല്യം വലിയ രീതിയിലുണ്ട്. മയിലു കളുണ്ട്, പന്നികളുടെ ശല്യം ഇതൊക്കെ വലിയ രീതിയിൽ നടക്കുകയാണ്. അതിനെ നശിപ്പിക്കാൻ പാടില്ല എന്നുള്ള തീരുമാനം വരുമ്പോൾ അത് കൃഷി ക്കാരന്റെ ജീവൻ അവസാനിപ്പിക്കുന്നതിനു തുല്യമായി ചില സന്ദർഭങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. പാടം നശിപ്പിക്കുന്ന സാഹചര്യമുണ്ട്. അതിനുവേണ്ടി വ്യക്തമായ നിയമം കൊണ്ടുവരുന്നതിനുള്ള ഇടപെടൽ ഉണ്ടാ കണമെന്നാണ് കൃഷി വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. കൃഷി വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് പഞ്ചായത്തുകൾ അവരുടെ പദ്ധതിവി ഹിതം നടപ്പാക്കുകയാണ്. അത് നടപ്പാക്കുമ്പോൾ മതിയായ ജീവനക്കാരില്ല

എന്നത് ഏറ്റവും ഗൗരവമായ വിഷയമാണ്. കേരളത്തിൽ 1076 ഓളം വരുന്ന കൃഷി ഭവനുകളുണ്ട്. ആ കൃഷി ഭവന്റെ കീഴിൽ കൃഷി ഓഫീ സർമാരുടെയും അസിസ്റ്റന്റുമാരുടെയും എത്ര തസ്തികകളാണ് ഒഴിഞ്ഞുകിട ക്കുന്നത്. പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ പോലും നിയ മനം നടത്തുന്നതിനാവശ്യമായ നടപടികളുണ്ടാകാത്തത് പഞ്ചായത്തുകളിൽ നടക്കുന്ന പദ്ധതികളിലും കൃഷി ഭവൻ വഴി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും വേണ്ട രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെ, അതിന്റെ ഭാഗമായി പണം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം കേരള ത്തിലെ ഏറെക്കുറെ മിക്ക പഞ്ചായത്തുകളിലുമുണ്ട് എന്നത് വളരെ ഗൗരവ ത്തോടു കൂടി കാണണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ സൂചിപ്പിക്കു കയാണ്. കഴിഞ്ഞ ഏതാനും മാസങ്ങൾക്കു മുമ്പ് കുളമ്പ് രോഗം ബാധിച്ചു കൊണ്ട് ആയിരക്കണക്കിന് കന്നുകാലികളാണ് സംസ്ഥാനത്ത് ചത്തൊടുങ്ങി യത്. ഈ കാലയളവിനുള്ളിൽ ഗവൺമെന്റിന് അവർക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ എത്രയാണ് കൊടുക്കാൻ കഴിഞ്ഞത്? പ്രഖ്യാപനങ്ങൾ ഏറെയുണ്ടായിട്ടുണ്ട്. ചത്തുപോയ കന്നുകാലികളുടെ കാര്യത്തിൽ കൊടു ക്കേണ്ട ആനുകൂല്യം 96.8 കോടി രൂപയാണ്. 2.23 കോടി രൂപയാണ് ആകെ കൊടുത്തിട്ടുള്ളത്. ഏകദേശം 3000-ത്തോളം വരുന്ന പശുക്കളാണ് പാല ക്കാട് ജില്ലയിൽ തന്നെ ചത്തുപോയത്. 160 പശുക്കളുടെ ആനുകൂല്യമാണ് ആ ജില്ലയിൽ ആകെ കൊടുത്തിട്ടുള്ളത്. എങ്ങനെയാണ് കൃഷിക്കാരെ ഈ മേഖലയിൽ നിർത്താനാകുക? ക്ഷീരകർഷകരുടെ സ്ഥിതിയും ഒട്ടും വ്യത്യസ്തമല്ല. ആ രീതിയിലാണ് നിൽക്കുന്നതെന്നത് ഗൗരവമായി കാണണം. അതിനുവേണ്ടിയുള്ള ഇടപെടലുകളുണ്ടാകണം. എന്റെ മണ്ഡലത്തിൽ

വാണിയംകുളം പഞ്ചായത്തിൽ ഏറ്റവും പുരാതനമായ ഒരു കന്നുകാലി ചന്ത യുണ്ട്. അതിനെ നവീകരിക്കാൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു അഭ്യർത്ഥന നടത്തിയിട്ടുണ്ട്. അവിടെ ആററ ഏക്കറോളം സ്ഥലമുണ്ട്. നാട്ടിലെ പച്ചക്കറി കൃഷിക്കാർ ആഴ്ചയിൽ രണ്ടുദിവസം കൃഷി ഉല്പന്ന ങ്ങൾ അവിടെ വന്ന് വിൽക്കുന്നുണ്ട്. മാത്രമല്ല, വിവിധ പ്രദേശങ്ങളിൽ നിന്നുള്ള 3000-ത്തോളം കന്നുകാലികളെ അവിടെ വിൽപ്പന നടത്തുന്നുണ്ട്. അതിനെ ഏറ്റവും നല്ല രീതിയിൽ തന്നെ നവീകരിക്കുന്നതിനാവശ്യമായ നില പാട് സ്വീകരിക്കണമെന്ന് ഈയവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കുകയാണ്. അതുപോലെ തന്നെയാണ് ഗവൺമെന്റ് പ്രസ്സുകളുടെ കാര്യം, വളരെ ദയനീയമായി തുടരുകയാണ്. നേരത്തെ നമ്മുടെ പാഠപുസ്ത കങ്ങൾ ഗവൺമെന്റിന്റെ പ്രസ്സുകളിലാണ് പ്രിന്റ് ചെയ്തുകൊണ്ടിരുന്നത്. എന്തിനാണ് അതിനിപ്പോൾ ഒരു വിഘാതമുണ്ടാക്കിയത്? ഇവിടെനിന്ന് വിത രണം ചെയ്യുന്ന പാഠപുസ്തകങ്ങളടക്കം പ്രിന്റ് ചെയ്യാൻ കൊടുക്കുന്നത് പ്രൈവറ്റ് പ്രസ്സുകളിലാണ്. ഗവൺമെന്റ് പ്രസ്സുകളിൽ എല്ലാ അത്യാധുനിക സൗകര്യങ്ങളുണ്ട്. സൗകര്യങ്ങളില്ലെങ്കിൽ അതുണ്ടാക്കിക്കൊടുക്കണം. അതിന് ഒരു കാരണമായി പറഞ്ഞത് പുസ്തകങ്ങൾ സമയത്തിന് അടിച്ചുകിട്ടു ന്നില്ല എന്നതാണ്. പ്രൈവറ്റ് പ്രസ്സുകളിൽ പ്രിന്റ് ചെയ്യാൻ കൊടുത്തതുമൂലം ഇത്തവണ പുസ്തകം വിതരണം സമയബന്ധിതമായി നടത്താൻ കഴിഞ്ഞോ? പിന്നെന്തിനാണ് ഗവൺമെന്റ് പ്രസ്സുകളെ ഇങ്ങനെ നോക്കുകുത്തിയാക്കി നിർത്തുന്നതെന്നത് ഗൗരവമായി കാണണം. അതുപോലെ തന്നെയാണ് പ്രസ്സ് ജീവനക്കാരുടെ പ്രൊമോഷന്റെ കാര്യം. അവരുടെ പ്രൊമോഷന്റെ കാര്യത്തിൽ ഒരു നിലപാട് സ്വീകരിക്കണം. അത് സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയിലാണ്. അത് പരിഹരിക്കപ്പെടണമെന്നുള്ളതാണ് അതിനെ സംബ ന്ധിച്ചുള്ള അഭിപ്രായം. അടിസ്ഥാന സൗകര്യ വികസനമാണ് ഒരു രാജ്യ ത്തിന്റെ സമ്പദ്ഘടനയുടെ ഏറ്റവും വലിയ വികാസത്തിന്റെയും വളർച്ചയു ടെയും ആണിക്കല്ല് എന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. പി.ഡബ്ല്യു.ഡി.–ക്ക് ഇഷ്ടം പോലെ പണം കിട്ടിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗങ്ങൾ പറ ഞ്ഞത്. എന്റെ അനുഭവം വച്ച് എനിക്ക് പറയാതിരിക്കാൻ നിവൃത്തിയില്ല. ഏറ്റവും പ്രധാനപ്പെട്ട റോഡായ പാലക്കാട്–പെരിന്തൽമണ്ണ റോഡിനെ സ്റ്റേറ്റ് ഹൈവേയായി അംഗീകരിക്കപ്പെട്ടിട്ട് വർഷങ്ങൾ ഏറെക്കഴിഞ്ഞു. അതി നോടുതൊട്ടുകിടക്കുന്ന പി.ഡബ്ല്യു.ഡി. റോഡുപോലും ബി.എം. ആന്റ് ബി. സി. ചെയ്തിട്ടും ഈ സ്റ്റേറ്റ് ഹൈവേ റോഡ് ബി.എം. ആന്റ് ബി.സി. ചെയ്യാതെ കിടക്കുകയാണ്. ഗ്രാമീണ റോഡുകളും ബസ് പോകാത്ത റോഡു കളും ബി.എം. ആന്റ് ബി.സി. ചെയ്ത് നന്നാക്കിയെന്നുള്ള അഭിപ്രായങ്ങൾ ഇവിടെ പലരും പറഞ്ഞു. ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ യിൽ പലതവണ പെടുത്തിയിട്ടുണ്ട്. മന്ത്രി ഗൗരവത്തോടുകൂടി പരിഗണിക്കു മെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പരിശോ ധിക്കണം. ഈ നിയമസഭയിൽ സബ്മിഷൻ ഉന്നയിച്ച് അടുത്ത ഏപ്രിൽ മാസം ഈ വർക്ക് ചെയ്യുമെന്ന് പറഞ്ഞതിനുശേഷമാണ് അതിനോട് തൊട്ടു കിടക്കുന്ന പി.ഡബ്ല്യു.ഡി. റോഡ് ബി.എം. ആന്റ് ബി.സി. ചെയ്യാൻ തീരുമാനി ച്ചത്. ഇത് ജനങ്ങളുടെ ഇടയിൽ വരുമ്പോൾ അഭിപ്രായ വ്യത്യാസങ്ങളല്ല ഉണ്ടാകുന്നത്, മറിച്ച് ഡിപ്പാർട്ട്മെന്റിന് തന്നെ മോശം വരുന്ന രീതിയിൽ ചില റോഡുകൾക്ക് മാത്രം പരിഗണന കൊടുക്കുന്നുവെന്നു വരുന്നത് ഗുണകര മല്ലെന്ന് ഈയവസരത്തിൽ സൂചിപ്പിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിൽ എടുത്തിട്ടുള്ള ചില നിലപാടുകൾ ഏറ്റവും ശരിയായ നിലപാടുകൾ തന്നെ

യാണ് എന്നുള്ള കാര്യത്തിൽ തർക്കമില്ല. വകുപ്പിലെ നിർമ്മാണ പ്രവൃത്തികൾക്ക് ഗുണനിലവാര സർട്ടിഫിക്കറ്റ് നിർബന്ധമാക്കണമെന്നുള്ള നടപടി ശ്ലാഘനീയമാണ്. അത് വേണ്ടതാണ്. ഒരു റോഡ് പണിതാൽ ഒരു കൊല്ലം കഴിയും മുമ്പ് അത് നശിച്ചുപോകുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. അതിനെല്ലാം ഇത്തരം നിലപാടുകൾ സ്വീകരിക്കേണ്ടതുതന്നെയാണ്.

ജലവിഭവ വകുപ്പായാലും ബി.എസ്.എൻ.എൽ. ആയാലും, വിവിധ വകുപ്പുകൾ പരസ്പരം ആലോചിക്കാതെ റോഡുകൾ കുഴിക്കുന്നത് വലിയ അപകടം സൃഷ്ടിക്കുകയാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന രീതിയിൽ ഒരു കൂടിയാലോചന ഉണ്ടാകേണ്ടതുണ്ട്. പ്രകൃതിയെ സംരക്ഷിക്കണമെന്ന കാര്യത്തിൽ തർക്കമില്ല. കഴിഞ്ഞ ജൂൺ മാസം അഞ്ചാം തീയതി പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വയ്ക്കേണ്ടതിനേക്കാൾ ഇരട്ടി തൈകൾ വച്ചുവെന്ന് അവകാശപ്പെടുമ്പോൾ, പാതയോരങ്ങളിൽ വീഴാറായി നിൽക്കുന്ന മരങ്ങൾ ആളുകളുടെ ജീവൻതന്നെ അപഹരിക്കുന്ന സാഹചര്യമുണ്ട്. വാഹനങ്ങളുടെ മുകളിലും യാത്രക്കാരുടെ ദേഹത്തും മരം ഒടിഞ്ഞുവീണ് അപകടങ്ങളുണ്ടാകുന്നത് ഒഴിവാക്കുന്നതിനുവേണ്ടി പി. ഡബ്ല്യൂ.ഡി. കാര്യമായിട്ടുള്ള ഇടപെടൽ നടത്തണം. മെയിന്റനൻസിനുവേണ്ടി 350 കോടി രൂപ ചെലവഴിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും എവിടെയാണ് പണി ചെയ്തതെന്ന കാര്യം അറിയില്ല. ചോദിക്കുന്നതൊക്കെ നൽകുന്നയാളാണ് പൊതുമരാമത്ത് വകുപ്പ് മന്ത്രിയെന്ന് ബഹുമാനപ്പെട്ട ജോസഫ് വാഴക്കൻ ഇവിടെ പറഞ്ഞു. എന്റെ അനുഭം അങ്ങനെ അല്ലായെന്ന് ഞാൻ വ്യക്തമാക്കുകയാണ്. നിർമ്മാണ രംഗത്ത് പ്രതിസന്ധി നിലനിൽക്കുക

യാണ്. ക്വാറികളിൽ നിന്ന് സാധനങ്ങൾ ലഭ്യമാകാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കില്ല. അക്കാര്യത്തിൽ ഒരു നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. നിർമ്മാണ മേഖലയെ കുരുതി കൊടുത്താൽ നമ്മുടെ നാടിന്റെ വികസനത്തിന് തടസ്സം സൃഷ്ടിക്കപ്പെടും. ഇപ്പോൾ വർക്ക് നടക്കുന്നില്ല, വലിയ പ്രതിസന്ധിയാണ്. കോൺട്രാക്ടർമാർക്ക് 2500 കോടി രൂപ കൊടുക്കാൻ ബാക്കിയുണ്ട്. അവർ സമരത്തിലേയ്ക്ക് പോവുകയാണ്. ഒരു വർക്കും ഇനി തുടർന്ന് നടക്കുന്ന സാഹചര്യമില്ല. പത്രങ്ങളിൽ വലിയ വാർത്തയായി ഇക്കാര്യങ്ങൾ വന്നിട്ടുള്ളതാണ്. സാമ്പത്തിക രംഗത്ത് ഈ ഗവൺമെന്റിന് യാതൊരു അച്ചടക്കവും ആസൂത്രണവുമില്ലായെന്നുള്ളതിന്റെ തെളിവായാണ് ഇത്തരം കാര്യങ്ങളെ നമുക്ക് കാണാൻ കഴിയുന്നത്. ഏറ്റവും ഒടുവിൽ, ക്ഷേമപെൻഷനുകളിലടക്കം കൈവെയ്ക്കുന്ന സാഹചര്യത്തിലേയ്ക്ക് ഈ ഗവൺമെന്റ് നീങ്ങിയിരിക്കുകയാണ്. നേരത്തേ ഇവിടെ പെൻഷന് നിശ്ചയിച്ചിരുന്ന വരുമാന പരിധി മൂന്ന് ലക്ഷം രൂപയായിരുന്നു. ഇപ്പോളത് ഒരു ലക്ഷം രൂപയാക്കി കുറയ്ക്കുന്നതിനുള്ള തീരുമാനം എടുത്തിരിക്കുകയാണ്. സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന വിധവകൾ, വികലാംഗർ, വൃദ്ധരായ ആളുകൾ, അഗതികൾ, അമ്പത് വയസ്സുവരെയും വിവാഹം കഴിക്കാത്ത സ്ത്രീകൾ തുടങ്ങിയവർക്ക് കൊടുക്കുന്ന ക്ഷേമ പെൻഷനുകളുടെ വരുമാന പരിധി ഒരു ലക്ഷമാക്കി ചുരുക്കുന്ന എന്ത് പ്രത്യേക സാഹചര്യമാണ് കേരളത്തിലുള്ളത്; എന്തിനാണ് പാവപ്പെട്ട ആളുകളെ ഇങ്ങനെ പ്രയാസപ്പെടുത്തുന്ന തീരുമാനങ്ങൾ എടുക്കുന്നത്? ഖജനാവ് കാലിയാണെന്നതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമായാണ് ഇതിനെ കാണാൻ കഴിയുന്നത്. ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട്

പുതിയ ജി.ഒ. ഇറങ്ങിയിട്ടുണ്ട്. ഇപ്പോൾ ഇറങ്ങിയ ജി. ഒ. ആസ്തി വികസന ഫണ്ടിന്റെ പ്രവർത്തനത്തെ തുരങ്കം വയ്ക്കുന്നതാണെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. പി.ഡബ്ല്യൂ.ഡി. യുമായി ബന്ധപ്പെട്ട് നമുക്ക് പ്രവർത്തനം നടത്താൻ കഴിയുന്ന നിലവിലെ സാഹചര്യം തടയപ്പെടും. ഈ അർത്ഥത്തിൽ സാമ്പത്തിക അരാജകത്വമാണ് ഗവൺമെന്റിന്റെ കയ്യിലുള്ളത് എന്നതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്.

ശ്രീ. വർക്കല കഹാർ: സർ, ഈ മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ പിന്താങ്ങുകയാണ്. ആഭ്യന്തരവും വിജലൻസും വകുപ്പിന് ഊർജ്ജസ്വലമായ ഒരു നേതൃത്വമാണുള്ളത്. ഹ്രസ്വമായ കാലയളവ് മാത്രമാണ് ആയിട്ടുള്ള തെങ്കിലും സംസ്ഥാനത്ത് ചെയ്ത പ്രവൃത്തികളെല്ലാം നമ്മളെല്ലാവരും കാണു കയാണ്. വിജിലൻസ് വകുപ്പിന്റെ തലപ്പത്തുള്ളത് വിശ്വാസ്യതയുള്ള ഉദ്യോഗ സ്ഥന്മാരാണ്. എന്നാൽ താഴെത്തട്ടിലേയ്ക്ക് വരുമ്പോൾ, ലോ ആന്റ് ഓർഡ റിൽ പ്രവർത്തിക്കാൻ കഴിയാത്ത ഉദ്യോഗസ്ഥന്മാരെ തരംതാഴ്ത്തി നിയമി ക്കുന്ന സ്ഥലമായി കഴിഞ്ഞ കുറച്ചുനാളുകളായി വിജിലൻസ് വകുപ്പ് മാറിയി രിക്കുന്നു. അങ്ങനെ ആകരുത്. വിശ്വാസ്യതയുള്ള, അഴിമതിക്കാരല്ലാത്ത ഊർജ്ജസ്വലരായ ഉദ്യോഗസ്ഥന്മാരെ ആയിരിക്കണം വിജലൻസ് വകുപ്പിലെ താഴെത്തട്ടിൽ നിയമിക്കേണ്ടത്. എല്ലാ രാഷ്ട്രീയ സാഹചര്യങ്ങളെയും അതി ജീവിച്ച്, ഏറ്റവും നിഷ്പക്ഷമായും നീതിപൂർവ്വമായും അന്വേഷണങ്ങൾ നട ത്താൻ കഴിയുന്ന ഒരു സംവിധാനമായി വിജിലൻസ് വകുപ്പിനെ മാറ്റാൻ കഴി യണം. കേരളത്തിലെ കൃഷി വകുപ്പുമന്ത്രി ഒരു കൃഷിക്കാരനാണ്. ഒരു കൃഷി ക്കാരൻ കൃഷി വകുപ്പുമന്ത്രിയാകുമ്പോൾ തീർച്ചയായും ഓരോ കാര്യങ്ങ ളിലും ഒരു കൃഷിക്കാരനെന്ന നിലയിലുള്ള ടച്ച് പ്രകടമായി കാണാൻ

സാധിക്കുന്നുണ്ട്. ഇതുപറയുമ്പോൾ പഴയ മന്ത്രി മോശമാണെന്ന അഭിപ്രായം എനിക്കില്ല, അദ്ദേഹം നല്ല മന്ത്രിയും കഥാകാരനുമായിരുന്നു. നമുക്കാവശ്യമായ പച്ചക്കറികൾ തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും വരുന്നതാണ്. തമിഴ്നാട്ടിലെ തൊഴിലാളി പ്രവർത്തകനായ എന്റെ സുഹൃത്തിനോടൊപ്പം അവിടത്തെ കൃഷിത്തോട്ടം കാണാൻ പോയപ്പോൾ അവിടെ രണ്ട് തരത്തിൽ കൃഷി ചെയ്യുന്ന തോട്ടങ്ങളുണ്ടെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. കേരളത്തിലേയ്ക്കും മറ്റ് പ്രദേശങ്ങളിലേയ്ക്കും വിൽക്കാൻ വേണ്ടി മാരകമായ വിഷവും അത്തരത്തിലുള്ള വളങ്ങളും ചേർത്ത് പച്ചക്കറി ഉല്പാദിപ്പിക്കുന്ന തോട്ടങ്ങളും അത്തരത്തിലുള്ള വളങ്ങളൊന്നും ചേർക്കാതെ അവർക്ക് കഴിക്കാൻ വേണ്ടി പ്രത്യേകമായി പച്ചക്കറികൾ ഉല്പാദിപ്പിക്കുന്ന മറ്റൊരു തോട്ടവുമാണുള്ളത്. ഈ വിഷലിപ്തമായ പച്ചക്കറികളാണ് വർഷങ്ങളായി നാം കഴിച്ചുകൊണ്ടിരിക്കുന്നത്. ആർ.സി.സി. യുടെ മുറ്റത്ത് മൂന്നിനും എട്ടിനുമിടയ്ക്ക് പ്രായമുള്ള കുഞ്ഞുങ്ങൾ മുഖത്ത് തുണിയും കെട്ടി നിൽക്കുന്നത് കണ്ടാൽ ആർക്കായാലും ദു:ഖം തോന്നും. നമ്മുടെ ഭക്ഷണക്രമങ്ങളും രീതികളുമാണ്. അങ്ങനെയുള്ള സ്ഥിതിയിലേയ്ക്ക് നമ്മെ എത്തിക്കുന്നത്. ഞാൻ ശ്രീ. കെ. പി. മോഹനനെ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ 2500-ഓളം സ്കൂളുകളിലും ഏകദേശം 130 ഓളം വരുന്ന സ്വകാര്യ-പൊതുമേഖല സ്ഥാപനങ്ങളിലുമായി വിളയിച്ചെടുത്ത 50 കോടി രൂപയുടെ പച്ചക്കറികൾ കഴിഞ്ഞ ഓണത്തിന് വിപണിയിൽ എത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചു. 2016-ൽ നമുക്കാവശ്യമുള്ള പച്ചക്കറി സമ്പൂർണ്ണമായി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്തു. കൃഷി വകുപ്പുമന്ത്രിയെന്ന നിലയിലുള്ള അദ്ദേ

ഹത്തിന്റെ പ്രവർത്തനങ്ങളെ തീർച്ചയായും പ്രകീർത്തിക്കണം. ഇവിടെ പി.ഡബ്ല്യൂ.ഡി. വകുപ്പിനെക്കുറിച്ച് എല്ലാവരും ധാരാളം പറഞ്ഞു. ഇവിടെ പ്രസംഗിച്ചവരിൽ ഒരംഗം മാത്രമാണ് ആവശ്യമുള്ളത് കിട്ടിയില്ലായെന്ന് പറഞ്ഞത്. ബാക്കിയുള്ള അംഗങ്ങളാരും വിമർശന ബുദ്ധിയോടുകൂടി സംസാരിച്ചതായി കണ്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ പി.ഡബ്ല്യൂ.ഡി. ഭരണത്തെ തുലാസിന്റെ ഒരു തട്ടിലും ഈ ഗവൺമെന്റിന്റെ ഭരണത്തെ മറുതട്ടിലും വച്ച് തൂക്കി നോക്കുമ്പോൾ മാത്രമേ വ്യത്യാസം മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ റോഡുകളുടെ അവസ്ഥ എന്തായിരുന്നു? റോഡുകളിൽ സഞ്ചരിക്കാൻ ഒരു മാർഗ്ഗവുമില്ലായിരുന്നു. മന്ത്രിമാരെക്കെ എം.സി. റോഡ് വഴി സഞ്ചരിക്കുന്നതിനുപകരം ട്രെയിനിലാണ് പോകുന്നത്. റോഡുകൾ മുഴുവൻ കുണ്ടും കുഴികളുമായി കിടക്കുകയായിരുന്നു. സഞ്ചരിക്കാൻ കഴിയുന്ന ഒറ്റ റോഡുകൾ പോലുമില്ലായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ സഭയ്ക്കകത്ത് ഇതുസംബന്ധിച്ച് ചർച്ചകൾ നടന്നിട്ടുണ്ട്. അന്ന് മന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ പ്രധാനപ്പെട്ട ജോലിയെന്ന് പറയുന്നത് കേരളത്തിലെ കുഴികളുടെ എണ്ണമെടുക്കലായിരുന്നു. കേരളത്തിൽ 6,66,013 കുഴികളുണ്ടെന്ന് അദ്ദേഹം കണ്ടുപിടിച്ചു, അത് നിയമസഭയിൽ പ്രഖ്യാപിക്കുകയും ചെയ്തു. എവിടെയെല്ലാം കുഴികളുണ്ടെന്ന കണക്ക് നൽകണമെന്ന് എല്ലാ എ.എക്സ്.ഇ. മാർക്കും നിർദ്ദേശം കൊടുക്കുകയും ആ കുഴികളെല്ലാം സമയബന്ധിതമായി അടയ്ക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

<u>ശ്രീ. വി. ശിവൻ കുട്ടി</u>: സർ, ഇവിടെ എണ്ണം തെറ്റിയാണ് പറഞ്ഞത്. അന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് 6,07,000 കുഴികളുണ്ടെന്നാണ്.

<u>ശ്രീ. വർക്കല കഹാർ</u>: സർ, ശ്രീ. വി. ശിവൻകുട്ടിയല്ല, ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞ കണക്കാണ് ഞാൻ വിശ്വസിക്കുന്നത്. ഇത്രയും കുഴികൾ സമയബന്ധിതമായി അടയ്ക്കുമെന്നും ഓരോ ആഴ്ചയിലും എത്ര കുഴികൾ അടച്ചുവെന്നുളളത് സഭയിൽ പറയുമെന്നും പറഞ്ഞു. നെപ്പോളിയൻ ലോകം കീഴടക്കിയ ആവേശത്തോടെയാണ് ഡോ. ടി. എം. തോമസ് ഐസക് ഈ പ്രഖ്യാപനം സഭയിൽ നടത്തിയത്. അതായിരുന്നു കുഴി അടയയ്ക്കലിന്റെ കാര്യം.

ഈ സർക്കാർ പൊതുമരാമത്ത് രംഗത്ത് കൈവരിച്ച നേട്ടങ്ങൾ പകരം വയ്ക്കാനില്ലാത്തതാണ്. അധികാരമേറ്റ് മൂന്ന് വർഷം കഴിഞ്ഞപ്പോൾ കേരളത്തിന്റെ റോഡുകളെപ്പറ്റി കുറ്റം പറയാൻ ആരും ധൈര്യം കാണിക്കുന്നില്ല. പദ്ധതി ചെലവിന് അനുവദിച്ചതിനേക്കാൾ 297 ശതമാനം അധികം ചെലവ് ചെയ്ത റെക്കോർഡാണ് പൊതുമരാമത്ത് വകുപ്പിനെ ഇത്ര ജനപ്രിയമാക്കിയത്. കഴിഞ്ഞ ദിവസങ്ങളിൽ ചില ഇടതുപക്ഷ സുഹൃത്തുക്കൾ നടത്തിയ വിമർശനങ്ങൾ, പണ്ട് ആരോ പറഞ്ഞതുപോലെ ‘നാവില്ലാതിരുന്നെങ്കിൽ ഇവരെ നരി കൊണ്ടുപോകുമായിരുന്നു’ എന്ന രീതിയിലാണ്. പ്രസിദ്ധ ഇറ്റാലിയൻ നാടകകൃത്തും നോബൽ സമ്മാന ജേതാവുമായ ദാരിയാ ഫോ അവതരിപ്പിച്ച ഒരു കഥാപാത്രമുണ്ട്. ആ കഥാപത്രത്തിന്റെ ഒരു പ്രത്യേക അവയവം വളർന്ന് അയാളെക്കാൾ വലുതാകുന്നു; ആ രാജ്യ

ത്തേക്കാൾ വലുതാകുന്നു. അതുപോലെയാണ് ഇവിടത്തെ ചില സഖാക്കളുടെ നാക്കിന്റെ കാര്യം. അതിപ്പോൾ അവരെക്കാളും വളർന്നു, ഇനി നാടിനെക്കാൾ വളരുമെന്നാണ് അവർ പറയുന്നത്. നളചരിതത്തിൽ ഉണ്ണായി വാര്യർ, 'ശകുനപ്പിഴ തവജനിതം' എന്നുപാടി. ഇന്ന് ഉണ്ണായി വാര്യർ ഉണ്ടായിരുന്നെങ്കിൽ 'വചനപ്പിഴ മമജനിതം' എന്ന് പാടുമായിരുന്നു. പൊതുമരാമത്ത് രംഗത്തെ വികസന വിസ്മയത്തിലേയ്ക്ക് ഞാൻ വീണ്ടും തിരിച്ചുവരികയാണ്.

<u>മി. ചെയർമാൻ</u>: ശ്രീ. വർക്കല കഹാർ പരാമർശിച്ച അവയവം മൂക്കാണ്.

<u>ശ്രീ. വർക്കല കഹാർ</u>: സർ, അങ്ങ് പരന്ന വായനയുള്ള ആളാണ്. പ്രഗല്ഭമതികളായ ധാരാളംപേർ ഇവിടെ മന്ത്രിമാരായി ഇരുന്നിട്ടുണ്ട്. ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞിനെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. അദ്ദേഹത്തിന്റെ പേരുതന്നെ മഹത്തരമാണ്. 4000 വർഷങ്ങൾക്കുമുമ്പ്, ചരിത്രത്തിലെ പ്രോജ്ജ്വലമായിരുന്ന ഒരു കാലഘട്ടത്തിന്റെ നെടുനായകനായിരുന്ന മില്ലത്തെ ഇബ്രാഹിം നബിയെക്കുറിച്ച് ഖുറാനിൽ പറഞ്ഞു– 'കുൽ ബൽ മില്ലത്ത ഇബ്രാഹിമ ഹനീഫ'. അതിന്റെ അർത്ഥം, 'പറയുക പ്രവാചകരെ, ഇബ്രാഹിമിന്റെ നേരായ മാർഗ്ഗമാണ്, അത് വളവും തിരിവുമില്ലാത്ത മാർഗ്ഗമാണ്' എന്നാണ്. ആ കാൽപ്പാടുകളെ പിൻതുടർന്നുകൊണ്ടായിരുന്നു അദ്ദേഹം ഇക്കാലമത്രയും നേരായ മാർഗ്ഗം സ്വീകരിച്ചുകൊണ്ട് വഴിയോരം, നടപ്പാത, റോഡ് എന്നിവ കേരളത്തിലെ ജനതക്ക് നിർമ്മിച്ചു നൽകുവാനായി യത്നിച്ചത്. അത് ഈ ഗവൺമെന്റിനുള്ള ഏറ്റവും വലിയ നേട്ടമാണ്. കേരളത്തിലെ മന്ത്രിമാരെക്കുറിച്ച് എല്ലാവർക്കുമറിയാം. എന്റെ

ബഹുമാന്യ സ്നേഹിതൻ ഡോ. ടി. എം. തോമസ് ഐസക്കിന്റെ പി.ഡബ്ല്യു.ഡി. ഭരണം കാരണമാണ് അവർ അധികാരത്തിൽനിന്ന് ഇറങ്ങിപ്പോയതെന്ന്. അല്ലെങ്കിൽ അവരുടെ ഭരണം പോകില്ലായിരുന്നു. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഈ ഭരണത്തിന് 12 സീറ്റ് കിട്ടിയതിന്റെ പ്രധാന പങ്കും വഹിച്ചത് സംസ്ഥാനത്തെ റോഡുകളും അതിലൂടെ സഞ്ചരിക്കുന്ന ജനങ്ങളുമാണ്. അതിൽ ഒരു സംശയവുമില്ല. കേരളത്തിന്റെ ഗതാഗത മേഖലയിൽ, എപ്പോഴും പ്രശ്നങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ സുഗമമായ ഗതാഗതം ഉറപ്പാക്കാൻ വേണ്ടിയാണ് ഈ സർക്കാർ സ്പീഡ് കേരള പദ്ധതിക്ക് രൂപം കൊടുത്തത്. ഇതുവഴി 6000 കോടി രൂപ ചെലവിൽ 23 റോഡ് വികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഫ്ളൈ ഓവറുകളും ബൈപ്പാസുകളും നിർമ്മിക്കുന്നതുവഴി കേരളത്തിലെ റോഡ് ഗതാഗതം നേരിടുന്ന വലിയ പ്രതിസന്ധിക്ക് പരിഹാരമാകും.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, റോഡ് മോശമായതുകൊണ്ടാണോ വർക്കല മണ്ഡലത്തിൽ യു.ഡി.എഫ്. പുറകിൽ പോയത്?

<u>ശ്രീ. വർക്കല കഹാർ</u>: സർ, അതിന് പല കാരണങ്ങളുണ്ടെങ്കിലും ഒരു പ്രധാന ഘടകം റോഡാണ്. എല്ലാ തലങ്ങളിലും അങ്ങനെയാകണമെന്നില്ല. വളർന്നുവരുന്ന തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടിയുള്ള മോണോ റെയിൽ പദ്ധതിയുടെ ടെണ്ടർ നടപടി തുടങ്ങി. ലോക നഗരങ്ങളുടെ നിലവാരത്തിലേയ്ക്ക് നമ്മുടെ നഗരങ്ങളും ഉയരുകയാണ്. ദേശീയപാത വികസനം വലിയ അളവിൽ നടക്കുകയാണ്. 2500 കോടി രൂപ ചെലവിൽ നമ്മുടെ ദേശീയ പാതകൾ നവീകരിക്കപ്പെടുന്നതോടെ അടിസ്ഥാന സൗകര്യരംഗത്തെ പിന്നോ

ക്കാവസ്ഥകൊണ്ട് തിരിച്ചടി നേരിട്ട വ്യവസായം ഉൾപ്പെടെയുള്ള രംഗങ്ങളിൽ വലിയ നേട്ടങ്ങൾ കൊയ്യുവാൻ കഴിയും. കെ.എസ്.ടി.പി. യുടെ രണ്ടാംഘട്ട പണി ആരംഭിച്ചു, അതൊരു ചെറിയ കാര്യമല്ല. എങ്ങനെയാണ് ആ വർക്ക് ഇവിടെ നിന്ന് പോയത്? പതിബെൽ കമ്പനിയിൽ നിന്ന് കെ.എസ്.ടി.പി. നടത്തിപ്പിനായി വന്ന സ്പെഷ്യൽ ആഫീസർ അത്മഹത്യ ചെയ്തു. അതിന് കാരണം, ദ്രുതഗതിയിൽ നടന്നുകൊണ്ടിരുന്ന റോഡുപണിയിൽ അഴിമതിയുണ്ടെന്നു പറഞ്ഞ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും അതിന്റെ മന്ത്രിയും വർക്ക് നിറുത്തിവയ്പിക്കുകയും ബിൽ കൊടുക്കാതിരിക്കുകയും ചെയ്തതിനാൽ ഒരു നിവൃത്തിയുമില്ലാതെ ആ സ്പെഷ്യൽ ആഫീസർ, ഈ കാലൻമാർക്ക് ഒരുകാലത്തും ഗുണം പിടിക്കുകയില്ല എന്ന ശാപവാക്കുകൾ എഴുതിവച്ചിട്ട് ആത്മഹത്യ ചെയ്തു. അതൊരു ശാപം പോലെ അവർക്ക് ഫലിക്കുകയുണ്ടായി. കൈവിട്ടുപോയെന്ന് കരുതിയ കെ.എസ്.ടി.പി. യുടെ രണ്ടാം ഘട്ട വർക്കിന് ഈ ഗവൺമെന്റ് തുടക്കം കുറിച്ചു. 2403 കോടി രൂപ ചെലവിൽ 363 കി.മീ. റോഡിന്റെ വികസനവും ഏറ്റെടുത്തുകഴിഞ്ഞു. പൊതുമരാമത്ത് വകുപ്പ് ഇക്കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കൈവരിച്ച പ്രധാന നേട്ടങ്ങളിലൊന്നാണ് 8560 കി.മീറ്റർ ഗ്രാമീണ റോഡുകൾ മേജർ ജില്ലാ റോഡുകളാക്കിയത്. അതിനേക്കാൾ പ്രധാനപ്പെട്ടതാണ് വർഷങ്ങൾക്കു ശേഷം പി.ഡബ്ല്യൂ.ഡി. മാന്വൽ കാലാനുസൃതമായി പരിഷ്കരിച്ചത്. ഈ സർക്കാർ അധികാരം ഏറ്റെടുത്തതിനുശേഷം, എല്ലാ മണ്ഡലകാലത്തും തന്നെ തീർത്ഥാടകർ എത്തുന്നതിനുമുമ്പ് ശബരിമല പാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ സാധിച്ചു. ഇനി എല്ലാവർക്കും സ്വീകാര്യമാകുന്ന ചില നിർദ്ദേശങ്ങൾ ഗവൺമെന്റിന് മുന്നിൽ ഞാൻ വയ്ക്കുകയാണ്.

ബഹുമാന്യനായ മന്ത്രി ഇപ്പോൾ ഇവിടെയില്ല, എങ്കിലും അദ്ദേഹം കേൾക്കുന്നുണ്ടാകണം. ഇല്ലെന്നുണ്ടെങ്കിൽ ഇവിടെയിരിക്കുന്ന മന്ത്രിമാർ ആരെങ്കിലും അത് എഴുതിയെടുക്കുന്നുണ്ട് എന്നാണ് എന്റെ വിശ്വാസം.. നമുക്ക് 40 MM റോഡുകൾ അനിവാര്യമാണ്. ഇപ്പോഴുണ്ടായിരിക്കുന്ന സാഹചര്യപ്രകാരം 40 MM റോഡുകൾ ചെയ്യാൻ കഴിയില്ല എന്നുള്ളതാണ്. 20 MM റോഡുകളിലൂടെ ഇപ്പോഴത്തെ വാഹനങ്ങൾ സഞ്ചരിക്കുകയാണെങ്കിൽ ആ റോഡ് തകർന്നുപോകും. അടുത്ത മഴയത്തുപോലും നിൽക്കുകയില്ല. MoRTH Specification and Delhi Schedule of Rates അനുസരിച്ചാണ് നിലവിൽ വർക്കുകൾ ടെണ്ടർ ചെയ്യുന്നത്. ഇങ്ങനെയാകുമ്പോൾ 20 MM ചിപ്പിംഗ് കാർപ്പെറ്റും BM & BC യും പേവർ ഉപയോഗിച്ച് ചെയ്യണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. വീതി കുറഞ്ഞ റോഡുകളിൽ പേവർ കയറുകയില്ല. അതുകൊണ്ടു തന്നെ ഈ റോഡുനിർമ്മാണം ഇപ്പോൾ വലിയ ബുദ്ധിമുട്ടിലാണ്. നമ്മുടെ വികസന ഫണ്ടും ആസ്തി വികസന ഫണ്ടും ഉപയോഗിച്ച് ഇപ്പോൾ വില്ലേജ് റോഡുകളടെ പണി ചെയ്യാൻ കഴിയില്ല. കാരണമെന്തെന്നാൽ 40 MM റോഡ് ചെയ്യാൻ യാതൊരു കാരണവശാലും പി.ഡബ്ല്യൂ.ഡി. ഡിപ്പാർട്ടുമെന്റ് അനുവദിക്കുന്നില്ല. അതുകൊണ്ട് 20 MM റോഡുകൾ മാത്രമെ ഇപ്പോൾ പണിയുന്നുള്ളൂ. ഈ റോഡുകൾക്ക് ഡ്യൂറബിലിറ്റി കുറവുമാണ്. നമ്മുടെ റോഡുകളിലൂടെ മുമ്പ് പൊയ്ക്കൊണ്ടിരുന്ന ലോറികൾക്ക് പരമാവധി 10 ടൺ ഭാരമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ ഏകദേശം 50 ടൺ ഭാരം വരുന്ന ടോറസ് ഹെവി വെഹിക്കിളും 60 ടൺ ഭാരം വരുന്ന ടിപ്പറുപോലുള്ള വാഹനങ്ങളുമാണ് ഈ റോഡുവഴി പോകുന്നത്. 20 MM റോഡുകളിലൂടെ ഇത്തരം

വാഹനങ്ങൾ പോയാൽ ഒരു തവണ കൊണ്ടുതന്നെ ആ റോഡ് തകർന്നു പോകും. അതേസമയം 40 MM റോഡുകൾ ചെയ്യാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഏകദേശം രണ്ടുവർഷമെങ്കിലും നിലനിൽക്കുമായിരുന്നു.. അത് ചെയ്യുന്നതിനുവേണ്ടിയുള്ള പ്രത്യേക നിർദ്ദേശമുണ്ടാകണം. BM & BC റോഡ് ചെയ്യുകയാണെങ്കിൽ 20 MM റോഡിന്റെ 5 ഇരട്ടി സാമ്പത്തിക ചെലവ് വരും. എന്നാൽ 40 MM റോഡുകൾക്ക് 20 MM റോഡിന്റെ ഇരട്ടിയോളം ചെലവ് മാത്രമേ വരികയുള്ളൂ, കുറഞ്ഞത് രണ്ട് വർഷമെങ്കിലും നിലനിൽക്കുകയും ചെയ്യും. അത് ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

MoRTH Specification ഇല്ലാത്തയിടത്ത് എഞ്ചിനീയർമാർ തയ്യാറാക്കുന്ന ഒബ്സെർവ്ഡ് ഡേറ്റാ പ്രകാരം 40 MM റോഡ് ചെയ്യുവാൻ സാധിക്കും, അതിനുള്ള നിർദ്ദേശം കൊടുക്കണം. എന്റെ മറ്റൊരു നിർദ്ദേശം ഹൈഡഡ് സ്ട്രെയിനുകൾ ഉണ്ടാക്കണമെന്നാണ്. വലിയ ഓടയ്ക്കുള്ള സൗകര്യം ഇല്ലാത്ത സ്ഥലത്ത് വെള്ളമൊഴുകിപ്പോകാൻ ഇതുമാത്രമേ വഴിയുള്ളൂ. എന്നാൽ ഇപ്പോൾ അത് ചെയ്യാൻ പാടില്ല പകരം ഇന്റർലോക്കിട്ടാൽ മതിയെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനുകാരണം വാട്ടർ അതോറിറ്റിയുടെ പൈപ്പുകളും മറ്റും മാറ്റിയിടാനുള്ള സൗകര്യമാണ്. അതിന് ചെലവുകൂടും, എല്ലായിടത്തും പ്രാപ്യമാവുകയുമില്ല അതുകൊണ്ട് അത്യാവശ്യമുള്ളിടത്ത് ഹൈഡഡ് സ്ട്രെയിൻ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സാധാരണയായി ഓടകൾ കോൺക്രീറ്റ് ചെയ്യുമ്പോൾ അതിന്റെ രണ്ട് സൈഡുകളും അടിവശവും കോൺക്രീറ്റ് ചെയ്യും. അത് വലിയ പ്രശ്നമാണ്. വെള്ളം ഒഴുകിപ്പോകാനുള്ള മാർഗ്ഗമില്ലെങ്കിൽ ഈ

വെള്ളവും മറ്റ് സാധനങ്ങളുമെല്ലാം കെട്ടിക്കിടന്ന് പുഴുനിറഞ്ഞ് പരിസരമാകെ മലിനമാവുകയാണ്. അതുകൊണ്ട് വെള്ളമൊഴുകിപ്പോകാൻ സ്ഥലമില്ലെങ്കിൽ ഓടയുടെ അടിവശം പാറച്ചീളുകൾ അടുക്കുകയേ ചെയ്യാവൂ, കോൺക്രീറ്റ് ചെയ്യരുത്. അങ്ങനെയാണെങ്കിൽ വെള്ളം ഭൂമിയിലേയ്ക്ക് താഴാനുള്ള സൗകര്യമുണ്ടാകും. പി.ഡബ്ള്യു.ഡി. ഇക്കാര്യത്തിൽ വ്യക്തമായ ഒരു നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഡ്രൈവറുടെ കാഴ്ചയെ തടസ്സപ്പെടുത്തുന്ന രീതിയിൽ റോഡിലെ വളവുകളിൽ ടെലിഫോൺ പോസ്റ്റുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, സോഷ്യൽ ഫോറസ്ട്രിയുടെ വൃക്ഷങ്ങൾ ഇവയെല്ലാംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഇക്കാര്യത്തിൽ കർശനമായ നിർദ്ദേശം കൊടുക്കണം. പി.ഡബ്ള്യു.ഡി. യുമായി ചർച്ച ചെയ്ത് ലൊക്കേഷൻ ഫിക്സ് ചെയ്ത് മാത്രമേ പരസ്യബോർഡുകൾ സ്ഥാപിക്കാവൂ എന്ന നിബന്ധന വയ്ക്കണം. സംസ്ഥാനത്ത് നടക്കുന്ന അപകടങ്ങളിൽ ഏറ്റവും കൂടുതൽ വാഹനം പോസ്റ്റിലിടിച്ച് മരിക്കുന്നതാണ്. അവസാനമായി ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊള്ളട്ടെ. നമ്മുടെ നാട്ടിൽ മാത്രമാണ് മണ്ണിട്ട് പുരയിടം റോഡിനേക്കാൾ ഉയർത്താനും ഫൗണ്ടേഷൻ സെറ്റ് ചെയ്യാനും അനുവദിക്കുന്നത്. മറ്റൊരു രാജ്യത്തും ഇതനുവദിക്കില്ല. റോഡിനേക്കാൾ താഴ്ചയിലായിരിക്കണം പുരയിടങ്ങൾ. അവിടെനിന്നുള്ള വെള്ളം റോഡിലേയ്ക്കൊഴുകാൻ അനുവദിക്കരുത്. അതുപോലെ ഫൗണ്ടേഷൻ സെറ്റ് ചെയ്യുന്നതും അങ്ങനെയായിരിക്കണം. അതിന് കർശനമായ നിയമം കൊണ്ടുവരണം. ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ വച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. റ്റി. യു. കുരുവിള</u>: സർ, കർഷകരുടെ കഷ്ടപ്പാടുകൾ തിരിച്ചറിയുന്ന, കർഷകരോട് ആത്മാർത്ഥയുള്ള കൃഷിവകുപ്പ് മന്ത്രിയേയും മെച്ചപ്പെട്ട റോഡുകൾ നിർമ്മിക്കാൻ ആത്മാർത്ഥതയോടുകൂടി പ്രവർത്തിക്കുന്ന മരാമത്തുവകുപ്പ് മന്ത്രിയേയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിൽ കർഷകർ കടത്തിൽ ജനിച്ച് കടത്തിൽ മരിക്കുന്നു. കൃഷിമേഖല തകർന്നിരിക്കുകയാണ്. സ്ഥലം ഉടമയ്ക്ക് ഒരു വിഹിതം കൊടുത്തുകൊണ്ട് തരിശ്ശിട്ടിരിക്കുന്ന ഭൂമിയിൽ ഒരു നിശ്ചിത കാലാവധിലേയ്ക്ക് കുടുംബശ്രീ യൂണിറ്റുകളെക്കൊണ്ടോ തൊഴിലുറപ്പിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെക്കൊണ്ടോ, ഇപ്പോൾ കൊടുക്കുന്ന വേതനത്തിനു പുറമെ പ്രോത്സാഹനമായി ഒരു നിശ്ചിത ശതമാനം ആദായം നൽകിക്കൊണ്ട് കൃഷിയിറക്കണം. ആളുകൾ തൊഴിലുറപ്പിൽ ഏർപ്പെട്ടിരിക്കുന്നതുകൊണ്ടും കൃഷിക്ക് ആരും തയ്യാറല്ലാത്തതുകൊണ്ടും കൃഷിപ്പണിക്ക് ആളുകളെ കിട്ടുന്നില്ല. കൂടാതെ ഒരു രൂപയ്ക്ക് അരി ലഭിക്കുന്നതുകൊണ്ട് ആളുകൾക്ക് കൃഷിയോട് താല്പര്യമില്ല. എനിക്ക് കേരളത്തിലും കർണ്ണാടകത്തിലും തമിഴ്നാട്ടിലും കൃഷിസ്ഥലമുണ്ട്. കേരളത്തിൽ തൊഴിലാളികളെ കിട്ടാത്തതുകൊണ്ടും കൂലിയും വളങ്ങളുടെ വിലയും കൂടുതലായതുകൊണ്ടും കൃഷി നഷ്ടത്തിലാണ്. എന്നാൽ തമിഴ്നാട്ടിലും, കർണ്ണാടകത്തിലും കൃഷിപ്പണിക്ക് ആളുകളെ കിട്ടുന്നുണ്ട്, കുറഞ്ഞകൂലി കൊടുത്താൽ മതി. അതുകൊണ്ട് അവിടെ കൃഷി വളരെ ലാഭത്തിലാണ്. കേരളത്തിലും ഒരു മാറ്റം വരുത്തണം. നാണ്യവിളകൾക്കും റബ്ബറിനും വില വളരെ കുറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ടിലാണ്. ഇപ്പോൾ തേങ്ങയ്ക്ക് വിലയുണ്ടെങ്കിലും തെങ്ങിൽ തേങ്ങയില്ലാത്ത അവസ്ഥയാണ്. കേരളത്തിൽ കൃഷിസ്ഥലത്തിന് സെന്റിന് ഒരു

ലക്ഷം രൂപാ നിരക്കിൽ വിലയുണ്ട്. ഒരു കൃഷിക്കാരന് ഒരേക്കർ സ്ഥലമുണ്ടെങ്കിൽ ഒരു കോടി രൂപയുടെ അസ്സറ്റ് ഉണ്ട്. സ്ഥലം വിറ്റ് ഒരുകോടി രൂപ ബാങ്കിലിട്ടാൽ 12 ലക്ഷം രൂപ അദ്ദേഹത്തിന് പലിശ കിട്ടും. അതുകൊണ്ട് കൃഷിക്കാർ ആ മാർഗ്ഗത്തിലേക്ക് തിരിയുകയാണ്. അതുവഴി നമ്മുടെ പാരമ്പര്യകൃഷികൾ ഇല്ലാതാകുകയും അദ്ധ്വാനം കുറയുകയും അങ്ങനെ രോഗങ്ങൾ വരികയും ചെയ്യും. യുവജനങ്ങൾ കൃഷിയിലേക്ക് വരാൻ മടിക്കുകയുമാണ്. കൃഷിയെ പ്രോത്സാഹിപ്പിച്ച് പഴയകാലം തിരിച്ച് കൊണ്ടുവരണം. ജൈവരീതി പ്രോത്സാഹിപ്പിക്കുകയും വേണം. കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ വലിയ രണ്ട് സാധ്യതകൾ ടൂറിസവും ഐ.റ്റി. യുമാണ്. ഈ രണ്ട് രംഗത്തും കുതിച്ചുചാട്ടം നടത്താൻ കഴിയുന്ന നിലയിൽ അന്തർദേശീയ നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ അടിയന്തിരമായി ഉണ്ടാകേണ്ടതുണ്ട്. ഇതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് നടപ്പാക്കിവരികയാണ്. ഇവിടെ സാമ്പത്തിക ഭദ്രതയെപ്പറ്റി പറഞ്ഞു. മൂന്നു വർഷത്തെ കണക്കുവച്ച് നോക്കുമ്പോൾ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ എക്സ്പെൻഡിച്ചർ 4319.44 കോടിയും യു.ഡി.എഫ്. ഗവൺമെന്റ് ചെലവാക്കിയത് 6912.65 കോടി രൂപയുമാണ്. 2500 കോടിയിലധികം രൂപ ഈ ഗവൺമെന്റ് കൂടുതൽ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യകാലങ്ങളിൽ എ.എസ്. നൽകാത്തതിനാൽ എക്സ്പെൻഡിച്ചർ കുറവായിരുന്നു. എന്നാൽ അവരുടെ അവസാന വർഷം 5336.4 കോടി രൂപയ്ക്കാണ് എ.എസ്. നൽകിയത്. ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളത്തിന്റെ സവിശേഷതയായ ആതിഥ്യമര്യാദ ലോകം മുഴുവനും താല്പര്യത്തോടെയാണ് കാണുന്നത്. ടൂറി

സ്റ്റുകൾ കൂടുതലായി എത്തിച്ചേരുന്ന കേരളത്തിൽ സഞ്ചരിക്കാൻ കഴിയുന്ന മേൽത്തരം റോഡുകൾ അത്യാവശ്യമാണ്. ഈ രംഗത്ത് വലിയ വളർച്ച യാണ് കേരളം കൈവരിച്ചുകൊണ്ടിരിക്കുന്നത്. വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ ദേശീയപാതകളും സംസ്ഥാനപാതകളും ജില്ലാ റോഡുകളും ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ട് ബി.എം. & ബി.സി. ചെയ്തിട്ടുണ്ട്. ഇവിടെ മുമ്പ് പറഞ്ഞതുപോലെ, നമ്മുടെ പി.ഡ.ബ്ല്യു.ഡി. മാന്വലിൽ 40 വർഷത്തിനുശേഷം ഇപ്പോൾ മാറ്റംവരുത്തിയിട്ടുണ്ട്. എന്നാൽ അത് പൂർണ്ണ മായി നടപ്പാക്കുന്നില്ല. റോഡ്പണികൾക്ക് MoRTH Specification-ഉം കെട്ടിടം പണികൾക്ക് CPWD Specification-ഉം ഉപയോഗിക്കുവാൻ മാന്വൽ നിഷ്ക്കർഷിച്ചിരിക്കുന്നു. അതുപ്രകാരം എസ്റ്റിമേറ്റ് എടുത്ത് തുടങ്ങി. ഈ മാന്വൽ നിഷ്ക്കർഷിക്കുന്നതുപോലെ എസ്.ആർ.ഒ. യ്ക്ക് പകരം ഡി.ആർ. വിത്ത് കോസ്റ്റ് ഇൻഡക്സ് ഉപയോഗിച്ചു തുടങ്ങി. എന്നിരുന്നാലും മാന്വൽ നിഷ്ക്കർഷിക്കുന്നതുപോലെ ടെൻഡർ തീർപ്പുകല്പിക്കുവാൻ വരുന്ന കാല താമസം കൊണ്ട് പലപ്പോഴും റീ-ടെൻഡർ ചെയ്യേണ്ടിവരുന്നുണ്ട്. ടേം പീരി യഡ് കഴിഞ്ഞതിനുശേഷമേ ടെൻഡർ ഉറപ്പിക്കാൻ കഴിയുന്നുള്ളൂ. പല കോൺട്രാക്ടർമാരും അതിൽനിന്ന് പിന്മാറുന്നു. അതുകൊണ്ട് ടെൻഡർ തീർപ്പ് കല്പിക്കുന്നതിനുള്ള അധികാരം ഉദ്യോഗസ്ഥന്മാർക്ക് നൽകണം. കോൺട്രാക്ടർമാരുടെ പേയ്മെന്റ് നിശ്ചിത സമയത്തുതന്നെ ഉറപ്പുവരു ത്തുകയോ അല്ലാത്തപക്ഷം കുടിശ്ശിക തുകയ്ക്ക് ന്യായമായ പലിശ നൽകുകയോ ചെയ്യണം. എങ്കിൽ മാത്രമേ കോൺട്രാക്ടർമാർ മത്സരാടി സ്ഥാനത്തിൽ സമയബന്ധിതമായി പ്രവർത്തിക്കുകയുള്ളൂ. ഡി.പി. ആർ. തയ്യാറാക്കുന്നതിന് കർശനമായി നടത്തേണ്ട പരിശോധനയ്ക്ക് തുക സമയ

ത്തിന് നൽകാത്തതിനാൽ ഡി.പി.ആർ. തയ്യാറാക്കുന്നതിൽ കാലതാമസം വരുന്നുണ്ട്. എസ്റ്റിമേറ്റ് എടുക്കുന്നതിന് എൻ.ഐ.സി. യുമായി ചേർന്ന് ഡെവലപ് ചെയ്ത സോഫ്റ്റ്‌വെയർ എല്ലാ വിംഗിലും വ്യാപിപ്പിക്കാനുള്ള നടപടിയുണ്ടാകണം. ഇതിനാവശ്യമായ പണം മുൻകൂർ കൊടുക്കണം. വർക്കുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് രൂപീകരിച്ചിട്ടുള്ള ലാബുകളുടെയും ഓഫീസുകളുടെയും പ്രവർത്തനം സുഗമമാക്കുന്നതിനായി ജീവനക്കാർക്ക് വാഹന സൗകര്യം ഉറപ്പുവരുത്തണം. ഒരു നല്ല പ്ലാനോടുകൂടി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകണം. പഞ്ചായത്തീരാജ് നടപ്പാക്കുന്നതു വഴി സെൻട്രൽ ഗവൺമെന്റിൽ നിന്ന് പഞ്ചായത്തിന് കിട്ടേണ്ട വിഹിതം വാങ്ങി നൽകുന്നതിന് നടപടി സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലത്തിലെ കോതമംഗലം-കാക്കനാട് റോഡ് ടൂറിസ്റ്റ് മേഖലയിൽ വലിയ പ്രാധാന്യമുള്ള നാലുവരിപ്പാതയാണ്. ഈ റോഡ് നിർമ്മാണം പൂർത്തീകരിച്ചാൽ കൊച്ചിയിൽ നിന്ന് 27 കിലോമീറ്റർ മാത്രം സഞ്ചരിച്ച് വെറും അരമണിക്കൂർ കൊണ്ട് കോതമംഗലത്ത് എത്തിച്ചേരാൻ കഴിയും. ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഭൂതത്താൻകെട്ട്, തട്ടേക്കാട്, ഇടമലയാർ, മൂന്നാർ തുടങ്ങിയ സ്ഥലങ്ങളിൽ വേഗം എത്തിച്ചേരാനും ഇത് സഹായകമാകും. നിലവിൽ കൊച്ചിയിൽ നിന്ന് കോതമംഗലത്ത് എത്തിച്ചേരുന്നതിന് രണ്ടോ മൂന്നോ മണിക്കൂർ വരെ സമയം എടുക്കുന്നുണ്ട്. 2008-ൽ നിർമ്മാണം തുടങ്ങിവച്ച ഈ റോഡിന്റെ 30 കിലോമീറ്റർ നാലുവരിപ്പാതയാണ്. ഇതിനായി 8 മീറ്റർ സ്ഥലം ഭൂവുടമകൾ സൗജന്യമായി കൊടുത്തിട്ടുണ്ട്. അഡ്വാൻസ് പൊസിഷനായി നൽകിയ 22 കിലോമീറ്റർ ദൂരം ബി.എം. & ബി.സി. ചെയ്ത് വർക്ക് പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ അഡ്വാൻസായി നൽകിയ സ്ഥലത്തിന് ഇതുവരെയും

പണം കൊടുത്തിട്ടില്ല. ഇതിനാവശ്യമായ 2.92 കോടി രൂപ 2009–ൽത്തന്നെ കളക്ടർക്ക് കൊടുക്കുകയും അത് കളക്ടറുടെ പേരിൽ ട്രഷറിയിൽ കിടക്കുകയും ചെയ്യുമ്പോഴാണ് ഈ തുക ഭൂവുടമകൾക്ക് കൊടുക്കാത്തത്. അതുകൂടാതെ 5.92 കോടി രൂപയുടെ എ.എസ്. കൊടുത്തിട്ട് 4 വർഷമായിട്ടും തുക അനുവദിച്ചിട്ടില്ല. എ.എസ്. ന്റെ കാലാവധി കഴിഞ്ഞതിനാൽ വീണ്ടും എ.എസ്. പുതുക്കി നൽകുന്നതിനായി അപേക്ഷിച്ചിരിക്കുകയാണ്.

ഇത് ഉദ്യോഗസ്ഥർ ചെയ്യുന്ന വലിയ അനീതിയാണ്. കളക്ടർ സ്ഥലത്തിന് ഭൂ ഉടമകളുമായി കൂടിക്കാഴ്ച നടത്തി നെഗോസിയേഷന്റെ അടിസ്ഥാനത്തിൽ പ്രൈസ് നിശ്ചയിച്ചിട്ടും അത് കൊടുത്തിട്ടില്ല. അതിനാൽ ആളുകൾ വളരെ അസ്വസ്ഥരാവുകയും അവർ കോടതിയിൽ വീണ്ടും പോകാനിരിക്കുകയുമാണ്. ഇപ്പോഴത്തെ കേന്ദ്രനിയമമനുസരിച്ച് അവർക്ക് മൂന്നിരട്ടി കാശ് കിട്ടുമെന്നുള്ള ബോധത്തിലാണ് കോടതിയിൽ പോകാനിരിക്കുന്നത്. അതുവഴി ഗവൺമെന്റിന് എത്ര കോടിരൂപയാണ് നഷ്ടം വരുന്നത്; ഈ നഷ്ടം ആര് വഹിക്കുമെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയാണ്. ഇങ്ങനെ നിരുത്തരവാദത്തോടുകൂടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ കർശന നടപടിയെടുക്കണം. ഇതിലുപരി ഗുരുതരമായ ഒരു കേസ്സാണ് തങ്ങളം–**കോരിക്കുഴി** ബൈപ്പാസ്. 2007–ൽ പി.ഡബ്ല്യൂ.ഡി.–യിൽ നിന്നും അലൈൻമെന്റ് ചെയ്ത് കല്ലിട്ട സ്ഥലം റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് വില നിശ്ചയിക്കുന്നതിനും സർവ്വേ നമ്പർ തിട്ടപ്പെടുത്തി ഗസറ്റ് നോട്ടിഫിക്കേഷൻ നടത്താനും **റവന്യൂ** ഡിപ്പാർട്ടുമെന്റിന് കത്തുകൊടുത്തു. എന്നാൽ റവന്യൂ ഉദ്യോഗസ്ഥരുടെ അലൈൻമെന്റിലെ അശ്രദ്ധ നിമിത്തം ഒരു സർവ്വേ നമ്പർ തെറ്റുകയും ആ പിശക് തിരുത്താൻ ഭൂ

ഉടമകൾ ആവശ്യപ്പെട്ടിട്ടും അതിന് തയ്യാറാകാതെ മന:പൂർവ്വം അവരെ ഉപദ്രവിച്ചതുവഴി അവർ ഹൈക്കോടതിയിൽ പോവുകയും ഹൈക്കോടതി കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഞാൻ പലപ്രാവശ്യം ആവശ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ കളക്ടർ രണ്ടുമൂന്ന് യോഗം വിളിച്ച് ഇത് തിരുത്തിക്കൊടുക്കുവാൻ ആവശ്യപ്പെടുകയും അതനുസരിച്ച് ഭൂ ഉടമയെക്കൊണ്ട് ആ പെറ്റീഷൻ പിൻവലിപ്പിക്കുകയും ചെയ്തു. എന്നാൽ റവന്യൂ ഉദ്യോഗസ്ഥർ വീണ്ടും ആ തുക കോടതിയിൽ കെട്ടിവച്ചുകൊണ്ട് മുമ്പോട്ടുപോയി. അത് തിരുത്തിക്കൊടുക്കാതെ ഭൂഉടമയെ ഉപദ്രവിച്ചതുമൂലം അവർ വീണ്ടും ഹൈക്കോടതിയിൽ കേസ് കൊടുത്ത് സ്റ്റേ വാങ്ങിയിരിക്കുകയാണ്. ഈ വർക്ക് 2008-ലെ ഷെഡ്യൂൾ അനുസരിച്ച് സണ്ണി എന്നൊരു കോൺട്രാക്ടർ 25.9 ശതമാനത്തിൽ താഴെ എടുത്തതാണ്. 4 കോടി രൂപയുടെ വർക്ക് എടുത്തിട്ട് 60 ലക്ഷത്തോളം രൂപയുടെ വർക്ക് ചെയ്തതിനുശേഷം ബാക്കി തുകയുടെ വർക്ക് ചെയ്യാതെ ഉപേക്ഷിച്ചുപോയിരിക്കുകയാണ്. ഇനി ഈ വർക്ക് അദ്ദേഹം ചെയ്യണമെങ്കിൽ 2008-ലെ ഷെഡ്യൂളും ഇപ്പോഴത്തെ റേറ്റുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 120 ശതമാനത്തിനുമുകളിൽ വരും.

<u>മി. ചെയർമാൻ</u>: അങ്ങ് 5 മിനിട്ടിൽ കൂടുതലായി.

<u>ശ്രീ. റ്റി. യു. കുരുവിള</u>: സർ, ഒരു പോയിന്റുകൂടി പറഞ്ഞ് നിർത്താം. 120% കൂടുതലാണ് വരുന്നത്. അല്ലെങ്കിൽ റീടെണ്ടർ ചെയ്താലും ഈ തുക വരും. കോടികളാണ് നഷ്ടം വരുന്നത്. ഈ കോടികൾ ആരുടെ കുറ്റം കൊണ്ട് ചെയ്തുവെന്നും ആ കുറ്റം ചെയ്തവരെ തീർച്ചയായും കണ്ടെത്തി ആ പണം അവരിൽനിന്നും ഈടാക്കേണ്ടത് ഒരു ബാധ്യതയാണെന്നും ഗവൺമെന്റിനെ അറിയിക്കുകയാണ്. പല വർക്കുകൾക്കുമുണ്ടാകുന്ന

ദൂഷ്യമിതുതന്നെയാണ്. വർഷങ്ങളായി വർക്കുകൾ ടെണ്ടർ ചെയ്താൽ ഭൂമി എടുത്തുകൊടുക്കേണ്ട സമയത്ത് റവന്യൂ ഡിപ്പാർട്ടുമെന്റ് ഭൂമി എടുത്തുകൊടുക്കുന്നില്ല എന്നത് ദൗർഭാഗ്യകരമായ ഒരു സത്യമാണ്. അച്ചടി വകുപ്പിന്റെ ഡയറക്ടറേറ്റ് പുതിയ കെട്ടിടത്തിൽ തുറന്ന് പ്രവർത്തിക്കണം. കോടികൾ മുടക്കി ഒരു വർഷംമുമ്പ് പണിതീർത്ത അച്ചടിവകുപ്പിന്റെ പുതിയ ഡയറക്ടറേറ്റ് കെട്ടിടം ഇതുവരേയും തുറന്ന് പ്രവർത്തിക്കുന്നില്ല. പുതിയ ഫർണിച്ചർ വാങ്ങുവാൻ 40 ലക്ഷം രൂപയുടെ അനുമതിക്കുവേണ്ടി കാത്തിരിക്കുകയാണ്. എന്നാൽ ജീവനക്കാരിപ്പോൾ ഉപയോഗിക്കുന്ന ഗുണനിലവാരമുള്ള ഫർണിച്ചറുകൾ ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതേയുള്ളൂ. കഴിഞ്ഞദിവസം അച്ചടിയെപ്പറ്റി പറയുകയുണ്ടായി. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഈ പ്രവണതകളിൽനിന്നും പിൻതിരിയണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. പി.ഡബ്ല്യൂ.ഡി.-യുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഇവിടെ പലരും സംസാരിച്ചു. ഏറ്റവുമൊടുവിൽ സംസാരിച്ച എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. റ്റി. യു. കുരുവിള, പണം കൊടുക്കാൻ കഴിയാത്തതും പ്രവൃത്തികൾ നിശ്ചലമായി നിൽക്കുന്നതുമായ സാഹചര്യങ്ങളെ സംബന്ധിച്ചാണ് വിശദീകരിച്ചത്. അല്പം മുമ്പ് കോൺട്രാക്ടർമാരുടെ സമരത്തെ അഭിസംബോധന ചെയ്യാൻ അങ്ങ് പോയെന്നാണ് ഞാനറിഞ്ഞത്.

<u>മി. ചെയർമാൻ:</u> എനിക്ക് പോകാൻ കഴിഞ്ഞില്ല.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, അങ്ങ് പോയിരുന്നെങ്കിൽ ആരെ കുറ്റപ്പെടുത്തുമെന്നുള്ളതാണ് ഞാൻ കൗതുകത്തോടെ കേൾക്കാൻ ആഗ്രഹിക്കുന്നത്.

പൈസ നിങ്ങൾക്ക് തീർത്തുതരാത്ത അസോസിയേഷന്റെ പ്രസിഡന്റാണ്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയെയോ പൊതുമരാമത്ത് വകുപ്പുമന്ത്രിയെയോ ആരെപ്പറയുമെന്ന് എനിക്കറിയില്ല. അങ്ങ് പോകാതിരുന്നത് നന്നായി എന്നെനിക്ക് തോന്നുന്നു. കാരണം ആരെയെങ്കിലും കുറ്റപ്പെടുത്തിയല്ലേ പറ യാൻ കഴിയൂ. നിർമ്മാണപ്രവർത്തനങ്ങളെന്നു പറയുമ്പോൾ, മുൻ ഗവ ൺമെന്റിന്റെ കാലത്ത് എ.എസ്. കൊടുത്ത വർക്കുകളാണ് ആദ്യറൗണ്ട് നട ക്കുക. ഏത് ഗവൺമെന്റിന്റെ കാലത്തായാലും അതേ നടക്കുളളൂ. പുതിയ ഗവൺമെന്റ് വന്ന് പദ്ധതികൾ പ്രഖ്യാപിച്ച്, എ.എസ്.–ഉം ടി.എസ്സുമായി ടെണ്ടർ ചെയ്ത്, ടെണ്ടർ എക്സസിൽ പോയി ടെണ്ടർ കമ്മിറ്റി കൂടിവരു മ്പോൾ ഒന്നരക്കൊല്ലത്തോളമാവും. ഇന്നത്തെ ഒരു രീതിയാണത്. 2012–13 –ലാണ് ഈ ഗവൺമെന്റിന്റെ വർക്കുകൾ ആരംഭിച്ചിട്ടുളളത്. ആ വർക്കുകൾ ആരംഭിച്ച് പൂർത്തീകരിച്ചതിന്റെ പൈസയാണ് ഇപ്പോൾ കൊടുക്കാനുളളത്. നേരത്തേയുളളതിന്റെയല്ല. സ്വാഭാവികമായും ഇത്തരം സാഹചര്യത്തിൽ ഇനി യൊരു വർക്കും നടക്കില്ല. കഴിഞ്ഞ ദിവസം കോൺഗ്രസ്സിന്റെ പാർലമെന്ററി പാർട്ടി യോഗം ചേർന്നതിന്റെ ഒരു വാർത്ത പത്രത്തിൽ കണ്ടിരുന്നു. അതിൽ മുടങ്ങിക്കിടക്കുന്ന കോൺഗ്രസ് മെമ്പർമാരുടെ പ്രവർത്തികളെല്ലാം ഭംഗിയാ ക്കുന്നതിനുവേണ്ടി അടിയന്തരമായി ബന്ധപ്പെടാൻ ബഹുമാനപ്പെട്ട മുഖ്യമ ന്ത്രിയേയും കെ.പി.സി.സി. പ്രസിഡന്റിനേയും ആഭ്യന്തര വകുപ്പുമന്ത്രി യേയും ചുമതലപ്പെടുത്തിയെന്നും അവർ ബഹുമാനപ്പെട്ട മറ്റ് മന്ത്രിമാരു മായിരുന്ന് അവരുടെ മണ്ഡലങ്ങളിൽ മുടങ്ങിക്കിടക്കുന്ന പ്രവർത്തനങ്ങ ളെല്ലാം വേഗത്തിലാക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്നും പറഞ്ഞ് പത്രത്തി ലൊരു വാർത്ത വന്നു. സ്വാഭാവികമായും ആ പാർലമെന്ററി പാർട്ടിയോഗം

ചേർന്നതിന്റെ വിവരങ്ങൾ അവർ കൊടുത്താൽ മാത്രമേ പത്രത്തിൽ വരുകയുള്ളൂ. അതെങ്കിലും നടക്കണമെന്നുണ്ടെങ്കിൽ ഈ പൈസയെല്ലാം കൊടുത്തു തീർക്കണം. ഇന്നത്തെ നിലയിൽ വല്ലാത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. പി.ഡബ്ല്യൂ.ഡി.-ലെ മാന്വൽ പരിഷ്ക്കരണം ഉടനെ നടപ്പാക്കുമെന്ന് കഴിഞ്ഞ പന്ത്രണ്ടാം തീയതി നിയമസഭയിൽ ഒരു ചോദ്യത്തിനുത്തരമായി അങ്ങ് പറഞ്ഞിരുന്നു. 13-05-2013-ന് ഇതു സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് വന്നതാണ്. റിപ്പോർട്ട് വന്നിട്ടിപ്പോൾ ഒരു കൊല്ലമായി. മാനുവൽ പരിഷ്ക്കരണം നടത്താൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അത് വൈകാതെ നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ശുപാർശകളെല്ലാം വായിക്കാൻ കഴിഞ്ഞിട്ടില്ല. കുറേ കാര്യങ്ങൾ അദ്ദേഹം പറഞ്ഞിട്ടുണ്ട്. പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി സ്റ്റേറ്റ് ഗവൺമെന്റിനെ മാത്രം ആശ്രയിച്ച് നടത്താൻ കഴിയില്ല. അപ്രോച്ച് റോഡും അലൈൻമെന്റും എൽ.എ. നടപടികളുമൊക്കെ പൂർത്തീകരിച്ചാൽ നബാർഡിൽ നിന്ന് കിട്ടുന്ന പണം കൊണ്ട് എന്തെങ്കിലും ചെയ്യാൻ സാധിക്കും. അതുകൊണ്ട് ആദ്യമിതിന്റെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന ഘട്ടത്തിൽ എൽ.എ. നടപടികൾ പൂർത്തികരിക്കാനും അതിന്റെ പൈസ കൊടുത്ത് ഭൂമി ഏറ്റെടുത്താൽ സർക്കാരിന്റെ കയ്യിൽ പണമില്ലെങ്കിൽ മറ്റേതെങ്കിലും ഫണ്ടിൽനിന്ന് കിട്ടുന്ന പണമോ റോഡ് ഫണ്ടോ സെൻട്രൽ റോഡ് ഫണ്ടോ നബാർഡിന്റെ ഫണ്ടോ ഉപയോഗിച്ച് നമുക്ക് പാലം പണിയാനുള്ള പൈസ കിട്ടും. അപ്രോച്ച് റോഡെങ്കിലും ചെയ്യുന്നതിന് മുൻകൂട്ടി അലൈൻമെന്റിനുള്ള അറേഞ്ച്മെന്റ്സ് വരുത്തിയാൽ നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ദേശീയപാത വികസനം സംബന്ധിച്ച് ധാരാളം പത്രവാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്.

ആ വാർത്തകളിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അതിൽനിന്ന് പിന്മാറി എന്നുള്ള വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. സമയമില്ലാത്തതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ചേർത്തല, കഴക്കൂട്ടം, കുറ്റിപ്പുറം, ഇടപ്പള്ളിപ്പാത-**ദേശീയ**പാത അതോറിറ്റി പിൻമാറിയെന്നു പറഞ്ഞ് മാതൃഭൂമി ഉൾപ്പെടെ എല്ലാ പത്രങ്ങളിലും വാർത്ത വന്നു. എന്താണതിന്റെ നിജസ്ഥിതി എന്നറിയില്ല. എന്തായാലും നമ്മൾ അത് കൊട്ടിഘോഷിച്ച്, ഞങ്ങൾ അപ്പുറത്തിരിക്കുമ്പോൾ ഇപ്പുറത്തിരുന്ന് അന്നത്തെ പ്രതിപക്ഷനേതാവടക്കം ഞങ്ങളുടെ പിടിപ്പുകേടുകൊണ്ടാണ് ഇതൊന്നും നടക്കാതെ പോയത് എന്നൊക്കെ പറഞ്ഞ് അദ്ദേഹം കുറ്റപ്പെടുത്തിയതൊക്കെ എനിക്കോർമ്മവരുന്നുണ്ട്. എന്തായാലും അവർ പിൻമാറിയ വാർത്തയാണ് ഇപ്പോൾ കേൾക്കുന്നത്.

റോഡിന്റെ ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗിക്കുമെന്ന് അങ്ങ് പ്രഖ്യാപിച്ചതാണ്. പരീക്ഷണാടിസ്ഥാനത്തിൽ ഒന്നോ രണ്ടോ സ്ഥലത്ത് ഇത് പ്രാവർത്തികമാക്കിയെങ്കിലും അതിനപ്പുറത്തേക്ക് പോകാൻ കഴിഞ്ഞില്ല. എറണാകുളത്ത് ആളുകളെ ബന്ധിയാക്കി വച്ചിരിക്കുന്നതിനാൽ നമ്മുടെ സംസ്ഥാനത്തേക്ക് ആളുകളുടെ വരവ് നിശ്ചലമായിരിക്കുകയാണ്. അവിടെ മെട്രോയെക്കാൾ പ്രാധാന്യം ഫ്ളൈ ഓവറുകൾക്കാണ് വേണ്ടത്. കൊച്ചി മെട്രോയുടെ സാദ്ധ്യതകളെക്കുറിച്ച് ഏതെങ്കിലും ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടാണോ ഇത് നടപ്പിലാക്കുന്നതെന്ന് ശ്രീ. വി. ഡി. സതീശൻ അടക്കം പലരും ഈ സഭയിൽ ചോദിച്ചതാണ്. കൊച്ചി മെട്രോ വന്നാൽ എറണാകുളത്ത് തിരക്ക് കൂടുന്നതല്ലാതെ കുറയുകയില്ല. ഏതെല്ലാം സഞ്ചാരമാർഗ്ഗങ്ങളുണ്ടോ ആ മാർഗ്ഗത്തിലൂടെ അവിടെ പതിവായി എത്തുന്നവരൊക്കെ

പിന്നേയും അങ്ങനെ തന്നെവരും. അതിനുപുറമേ മെട്രോയിൽ വരുന്ന വരുംകൂടി അവിടെ എത്തുകയാണ്. ഇതിനെല്ലാം പരിഹാരം കാണുന്നത് ഫ്ളൈ ഓവറുകളിലൂടെയാണ്. രണ്ട് ഫ്ളൈ ഓവറുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തറക്കല്ലിട്ടു. അതുകൂടാതെ രണ്ടെണ്ണത്തിന് ആഗസ്റ്റിൽ തറക്കല്ലിടുമെന്ന് പ്രഖ്യാപിച്ചു. എന്നാൽ അതിന്റെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പും മറ്റുകാര്യങ്ങളൊന്നും നടന്നിട്ടില്ല. ആയതിന് സത്വരനടപടി സ്വീകരിക്കണം. നെൽകൃഷി വിചാരിച്ചതുപോലെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ലെന്ന് അങ്ങ് സഭയിൽ പറഞ്ഞു. ഇതിന് കൃഷിഭൂമി സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. പച്ചക്കറി കൃഷി നല്ല രീതിയിൽ പോകുന്നുണ്ട്. പൊക്കാളികൃഷിയൊക്കെ ബ്രാന്റ് ചെയ്ത് കൊണ്ടുപോകാൻ കഴിയണം. എന്നാൽ ആ മേഖലയിലേക്ക് കൃഷി വകുപ്പ് ഫോക്കസ് ചെയ്യുന്നില്ല. നമുക്ക് ഏതൊക്കെ മേഖലയിലാണ് ഫോക്കസ് വേണ്ടതെന്ന് കൃഷി വകുപ്പ് ആലോചിച്ചിട്ടില്ല. ഇന്ന് മിഷൻ 676 ന്റെ ഒരു ബുക്ക് എല്ലാ മെമ്പർമാർക്കും വിതരണംചെയ്തു. കോഴിമുട്ട, പാൽ എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചാൽ കേരളത്തിന് വലിയൊരളവോളം മുന്നോട്ടുപോകാൻ കഴിയും. ഫാം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ധാരാളം നിയമപ്രശ്നങ്ങളുണ്ട്. പൗൾട്രി ഫാം കോർപ്പറേഷൻ ഇതുസംബന്ധിച്ച് പഠനം നടത്തി എന്തൊക്കെ ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. അക്കാര്യത്തിൽ ആദ്യകാലം മുതൽതന്നെ പറയുന്നുണ്ട്, ഒരു സെന്റിൽ 15 കോഴികൾ വച്ച് 1500 കോഴികളെ മാത്രമേ വളർത്താൻ കഴിയു. ഈ കണക്ക് വച്ച് ഫാം നടത്തിക്കൊണ്ട് പോകാൻ സാധിക്കുകയില്ല. ഇതൊക്കെ പരിഹാരം കാണാനുള്ള വിഷയങ്ങളാണ്. വെറ്ററിനറി സർവ്വകലാശാലയിൽ കഴിഞ്ഞ 25 ദിവസമായി

വിദ്യാർത്ഥികൾ സമരത്തിലാണ്. അവിടെ 40 സീറ്റ് എൻ.ആർ.ഐ. സീറ്റായി പ്രഖ്യാപിച്ചിരിക്കുകയാണ്. സർക്കാരിന്റെ ഏതെങ്കിലും ബോഡിയുമായി ആലോചിച്ചിട്ടാണോ അതോ ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി യാണോ ഈ തീരുമാനമെടുത്തതെന്ന് അറിയാൻ പറ്റുന്നില്ല. ആരാണ് സർവ്വ കലാശാലാ അധികൃതർക്ക് ഇതിനുള്ള അനുവാദം കൊടുത്തത്; മന്ത്രിപോലു മറിയാതെയാണ് ഈ മാറ്റങ്ങളെല്ലാം നടക്കുന്നത്. അതോ അറിഞ്ഞിട്ടാണോ; എൻ.ആർ.ഐ. സീറ്റെന്നുപറഞ്ഞാൽ നയപരമായി എടുക്കേണ്ട തീരുമാന മാണ്. ഗവൺമെന്റ് കോളേജുകളിൽ എന്തടിസ്ഥാനത്തിലാണ് അങ്ങനെ തീരുമാനിക്കുന്നത്? ഇതുസംബന്ധിച്ചുള്ള വാർത്തകൾ പത്രങ്ങളിൽ വരുന്നു. ഇതിൽ ഗവൺമെന്റ് ഇടപെട്ടതായി കാണുന്നില്ല. നേരത്തേ ശ്രീ. വർക്കല കഹാർ പറഞ്ഞതുപോലെ ലാ ആന്റ് ഓർഡറിലുള്ളവരുടെ ഇടത്താവളമായി വിജിലൻസ് വകുപ്പ് മാറാൻ പാടില്ല. പോലീസിലുള്ള മറ്റ് ബിരുദധാരികളായ, അഴിമതിരഹിതരായവരെ ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തണം. ഇന്ന് ടി.വി. യിൽ സ്ക്രോളിംഗിൽ കണ്ട വാർത്തയാണ്. ഫയർഫോഴ്സിനുവേണ്ടി വാങ്ങി യിട്ടുള്ള നൂറോളം ഷാസസ് തുരുമ്പെടുത്ത് നശിക്കുകയാണ്. ഷാസസ് വാങ്ങാൻ ശ്രമിക്കുന്ന സമയത്തുതന്നെ ബോഡി ബിൽഡിംഗിനുവേണ്ടി ടെണ്ടർ ചെയ്യേണ്ടതാണ്. സമയോചിതമായി അത് ചെയ്യാത്തതുകൊണ്ട് തുരു മ്പെടുത്തുപോകുകയാണ്. മുൻ വർഷത്തെ ബഡ്ജറ്റ് പ്രൊവിഷൻ അനുസ രിച്ച് വാങ്ങിയ സാധനമാണ്. ഇക്കാര്യത്തിൽ യഥാസമയം നടപടി സ്വീകരി ക്കാതെ നഷ്ടം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. അതുപോലെ പൗൾട്രി കോർപ്പറേഷനുവേണ്ടി വാങ്ങിയ 40 വാഹനങ്ങൾ നശിച്ചുപോകുന്ന വാർത്തയും പത്രങ്ങളിൽ വന്നിരുന്നു. ഹോർട്ടി കോർപ്പറേ

ഷനിലെ ഔട്ട്ലെറ്റുകളിലേക്ക് പച്ചക്കറി എത്തിക്കാൻ വാങ്ങിയ 40 പുതിയ വാഹനങ്ങൾ തുരുമ്പെടുക്കുന്നുവെന്ന വാർത്ത 26-05-2014 - ലെ മംഗളം പത്രത്തിൽ വന്നിരുന്നു. നമ്മുടെ പണം ദുർവിനിയോഗം ചെയ്യുകയും നാശ നഷ്ടം ഉണ്ടാക്കുകയും സമൂഹത്തിനാകെ നഷ്ടം വരുത്തുകയുമാണ് ചെയ്യു ന്നത്. അഞ്ച് വർഷംകൊണ്ട് 25 കോടിരൂപ ഒരു മണ്ഡലത്തിൽ വിനിയോഗി ക്കത്തക്ക നിലയിലാണ് അസറ്റ് ഡവലപ്മെന്റ് ഫണ്ട് വിഭാവന ചെയ്തിരിക്കു ന്നതെന്നാണ് നമ്മുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നത്. ഇത് വർക്കൗട്ട് ചെയ്ത് വന്നപ്പോൾ 2012-13 ആയി. ഇപ്പോൾ അവസാന വർഷം, അതായത് 2015-16-ൽ നമുക്ക് പ്രൊപ്പോസൽപോലും കൊടുക്കാൻ പറ്റില്ല. എന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത് ഒരുവർഷം അഞ്ച് കോടി രൂപയിൽ കവി യാത്ത മേജർ വർക്കുകൾ ഓരോ നിയോജകമണ്ഡലത്തിലും നടപ്പാക്കുന്ന വിധമാണ് നിയോജകമണ്ഡല ആസ്ഥി വികസന പദ്ധതി 2012-13 ബഡ്ജ റ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതെന്നാണ്. 2013-14-ലും 2014-15 ലും ഒരുവർഷത്തിൽ ഒരു എം.എൽ.എ.- യ്ക്ക് 5 കോടി രൂപ എന്ന കണക്കിൽ 705 കോടി രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇനിയുള്ള വർഷങ്ങളിൽ പദ്ധതിവിഹിതം വകയിരുത്തുന്ന കാര്യം വിഭവലഭ്യതയുടെ അടിസ്ഥാന ത്തിൽ പരിഗണിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അടുത്ത വർഷത്തേത് പോലും അനിശ്ചിതത്വത്തിലാണ്. എന്തായാലും മൂന്ന് തവണത്തെ 15 കോടി രൂപ മാത്രം നാം പ്രതീക്ഷിച്ചാൽ മതി. അതിനപ്പുറത്തേക്ക് പ്രതീക്ഷിക്കാൻ യാതൊരു വകയുമില്ല. ആ 15 കോടി രൂപ കിട്ടണമെന്നുണ്ടെങ്കിൽ........,ചർച്ച യിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിന് പ്രത്യേകമായ നോഡൽ ഓഫീസറെയും സ്പെഷ്യൽ ഓഫീസറെയും വയ്ക്കുമെന്ന് മറുപടി പറഞ്ഞ

താണ്. ഇക്കാര്യങ്ങൾ സ്പീഡപ്പ് ആക്കാൻ പ്രത്യേകം പരിഗണന നൽകുമെന്നും പറഞ്ഞിരുന്നു. നമ്മുടെ വർക്കുപോലും തീരുമാനിച്ച് നടപ്പാക്കാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ പൊതുസമൂഹത്തിന്റെ വർക്കുകളുടെ കാര്യത്തിൽ നമ്മൾ എങ്ങനെ മാതൃക കാണിക്കും. ഇത് പെട്ടെന്ന് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. അക്കാര്യത്തിൽ ഗവൺമെന്റ് പറഞ്ഞ വാക്ക് പാലിക്കണം. ഇന്നലേയും മിനിഞ്ഞാന്നുമായി ഒരുപാട് രാഷ്ട്രീയം ചർച്ച ചെയ്തു. നിങ്ങൾ പരാജയപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ ഞങ്ങൾ പരാജയപ്പെട്ടിരിക്കുന്നുവെന്ന് പറഞ്ഞ് സായൂജ്യമടയാനാണ് നിങ്ങൾ ശ്രമിക്കുന്നത്. നിങ്ങളുടെ പരാജയത്തെ സംബന്ധിച്ച് വിലയിരുത്തുകയോ അതുസംബന്ധിച്ച് ഒരു ആത്മവിമർശനം നടത്താനോ നിങ്ങൾ തയ്യാറാകുന്നില്ല. **കഴിഞ്ഞ പത്ത് വർഷക്കാലം ഞങ്ങൾ പറഞ്ഞ ഓരോ കാര്യങ്ങളും ശരിയായി വരുന്നതിന്റെ പ്രയോഗങ്ങൾ ഇപ്പോൾ നിങ്ങൾ ഏറ്റെടുക്കാൻ തുടങ്ങി.** കഴിഞ്ഞ ദിവസം കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി.എം. സുധീരന്റെ ഒരു പ്രസ്താവന വായിച്ചു. പൊതുസ്വത്ത് മോദി കോർപ്പറേറ്റുകൾക്ക് തീറെഴുതി – ഞങ്ങൾ കോർപ്പറേറ്റുകളെന്നു പറഞ്ഞതിനെ ഒരു അശ്ലീലപദം പ്രയോഗിച്ചതുപോലെയായിരുന്നു കഴിഞ്ഞ കുറേ നാളുകളായി നിങ്ങളുടെ സമീപനങ്ങൾ. പ്രതിരോധമേഖലയിലും റെയിൽവേയിലും 100% വിദേശ മൂലധനം അനുവദിക്കുന്ന മോദി സർക്കാരിന്റെ നടപടി ആപത്ക്കരമാണെന്ന് കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി.എം. സുധീരൻ പറഞ്ഞു. ഇതു ഞങ്ങൾ കുറേ പ്രാവശ്യം പറഞ്ഞതല്ലേ, അപ്പോൾ നിങ്ങളത് കേട്ടോ; ഫേസ്ബുക്കിൽ കഴിഞ്ഞ ദിവസം വന്ന കമന്റാണ്, നാടോടിക്കാറ്റ് സിനിമയിൽ ശ്രീനിവാസൻ തിലകനുമായി സൈക്കിൾ ചവിട്ടി പോകുന്ന സമയത്ത് നമ്മുടെ രണ്ടു

പേരുടെയും സ്വരം ഒരുപോലെ തോന്നുന്നുവെന്ന് പറയുന്ന സീനുണ്ടല്ലോ, അതുപോലെ ഇപ്പോൾ രണ്ടുപേരുടേയും സ്വരം ഒരുപോലെയല്ലേ വരുന്നത്. ഇതുതന്നെയാണ് ഞങ്ങൾ പറഞ്ഞത്. നിങ്ങൾ അന്നത് തിരുത്തിയിരുന്നുവെങ്കിൽ ഇന്ന് ഈ ഗതി വരുമായിരുന്നോ; ശ്രീ. വർക്കല കഹാർ സംസാരിച്ചപ്പോൾ പറഞ്ഞതും ഞങ്ങളുടെ നാവിന്റെ ദോഷത്തെ സംബന്ധിച്ചും ഞങ്ങളുടെ വാക്കിൽനിന്നും വീഴുന്നതിന്റെ കുറ്റങ്ങളെക്കുറിച്ചുമാണ്. പക്ഷേ ശ്രീ. റ്റി.എച്ച്. മുസ്തഫ പറഞ്ഞതുപോലെ ഒരു വാക്ക് നിങ്ങൾ നേരത്തേ പറഞ്ഞിരുന്നെങ്കിൽ ..... അത്രയും പറയണ്ട. ശ്രീ. റ്റി.എച്ച്. മുസ്തഫ രാഹുൽ ഗാന്ധിയെ വിളിച്ചതെന്താണ്. അദ്ദേഹത്തിനെതിരെ നടപടിയെടുത്തതുകൊണ്ട് തീരുന്നതല്ല പ്രശ്നം. **അദ്ദേഹം രാഹുൽ ഗാന്ധിയെ ജോക്കറെന്നും കോമാളിയെന്നും വിളിച്ചില്ലേ.** അങ്ങനെ വിളിക്കണ്ടായിരുന്നു. പക്ഷേ ചെയ്ത പ്രവൃത്തികൾ അതാണെന്ന് പറയണ്ടേ; വണ്ടിയുടെ മുകളിൽ ഓടിക്കയറുക, അതിലിരുന്ന് വേലത്തരങ്ങൾ കാണിക്കുക........ എന്നിട്ട് ഞങ്ങളെ നേരയാക്കാൻ നോക്കുകയാണ്. വൈദ്യരെ സ്വയം ചികിത്സിച്ചുനോക്കണ്ടേ. അങ്ങനെ ചികിത്സിച്ചിരുന്നെങ്കിൽ നിങ്ങൾക്കീ ഗതികേട് വരുമായിരുന്നോ; ഞങ്ങൾക്ക് ഒരു ദൃഷ്ടിദോഷമുണ്ട്. ഞങ്ങളുടെ നാവിൽനിന്നും എന്തെങ്കിലും വീണാൽ, ഞങ്ങളുടെ പ്രയോഗങ്ങളെ സംബന്ധിച്ചുള്ള അസ്വാഭാവികത, അതിന്റെ പരിണാമങ്ങൾ, ശബ്ദതാരാവലി വച്ചുള്ള വിശകലനങ്ങൾ എന്നിവ സംബന്ധിച്ച് ചാനലിൽ ചർച്ചകളുണ്ടാകും. ഇതൊക്കെ ഞങ്ങൾ എപ്പോഴും അനുഭവിക്കുന്നുണ്ട്. എന്നാൽ ജോക്കറെന്നും കോമാളിയെന്നും വിളിച്ചതിനെ കുറിച്ച് ഒറ്റ ദിവസമെങ്കിലും ചർച്ച നടന്നോ? അങ്ങനെയൊരു ചർച്ച നടന്നിരുന്നുവെങ്കിൽ നിങ്ങൾ കുറച്ചുകൂടി ശുദ്ധീകരിക്കപ്പെടുമായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഐ.എൻ.റ്റി.യു.സി. യുടെ നേതാവിനെ കുറിച്ച് പ്രയോഗിച്ച പ്രയോഗം,

ഇവിടന്ന് ചന്ദ്രചൂഡൻ അപ്പുറത്തേക്ക് പോയി പഠിപ്പിച്ചുകൊടുത്ത പ്രയോഗങ്ങൾ, നല്ലൊരു മന്ത്രിയായിരുന്നു ശ്രീ. ഷിബു ബേബി ജോൺ, അദ്ദേഹത്തിന്റെ വായിൽനിന്നും ഇന്നുവരെ ഇങ്ങനെയൊരു പ്രയോഗം വീണുകേട്ടിട്ടില്ല. നല്ലൊരദ്ധ്യാപകൻ അങ്ങോട്ടുപോയി പഠിപ്പിച്ച വാചകങ്ങൾ അദ്ദേഹം പ്രയോഗിച്ചു തുടങ്ങി. അത്തരം ചർച്ചകൾ നടത്താതെയാണ് ഞങ്ങളെ നന്നാക്കാൻ നോക്കുകയാണ്. ഞങ്ങളുടെ ദൃഷ്ടിദോഷത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്.

നിലമ്പൂർ കോൺഗ്രസ് കമ്മിറ്റി ഓഫീസിലെ രാധ എന്നുപറയുന്ന അടിച്ചുതളിക്കാരിയെ കൊന്നു. ആ സംഭവം ഒന്ന് സങ്കൽപ്പിക്കുക. സി.പി.എം. –ന്റെ ഓഫീസിൽ വച്ചാണ് ഇങ്ങനെ ഒരു കൊലപാതകം നടക്കുന്നതെങ്കിൽ എന്തായിരിക്കും സ്ഥിതി? പ്രശ്നം ഇപ്പോൾ തീരുമോ? രാധയുടെ സഹോദരൻ ഭാസ്കരൻ, ടി.പി. ചന്ദ്രശേഖരന്റെ ഭാര്യ രമ നടത്തിയതുപോലെതന്നെ ഒരു പത്രസമ്മേളനം നടത്തി. എന്റെ ഭർത്താവിനെ കൊന്നതിനുപിന്നിൽ ഉന്നത ആളുകൾ ഉണ്ട് എന്നുപറഞ്ഞാണ് രമ പത്രസമ്മേളനം നടത്തിയത്. അതുപോലെയല്ലേ ഭാസ്കരനും പത്രസമ്മേളനം നടത്തിയത്. ഇതിന്റെ പിന്നിൽ വമ്പൻമാരുണ്ട്, ഇതിൽ ഗൂഢാലോചനയുണ്ട്, ഇത് പുറത്തുകൊണ്ടുവരണം എന്നൊക്കെ പറഞ്ഞില്ലേ; പക്ഷേ നടന്നോ? സി.പി.എം.–ന്റെ ഓഫീസിലായിരുന്നു ഇങ്ങനെയൊരു കൊലപാതകം നടന്നിരുന്നുവെങ്കിൽ എന്തായിരിക്കും സ്ഥിതി. ചർച്ച ഇപ്പോൾ നിൽക്കുമായിരുന്നോ? രാധയുടെ കുട്ടിക്കാലം, രാധ വളർന്നുവന്നത്, രാധ ആദ്യമായി ഹാഫ് സാരി ഉടുത്തത്, രാധ ചൂലെടുത്തത്, രാധ ഓഫീസിൽ പോയത്, രാധ കൊല്ലപ്പെട്ടത്, രാധ ചാക്കിനകത്ത് കയറിയത് അങ്ങനെ തുടങ്ങി എല്ലാം ചർച്ച ചെയ്യും. എത്ര നാൾ

ആ ചർച്ച തുടരും? ദൃഷ്ടിദോഷം എന്നുപറയുന്നതാണ് ഞങ്ങളെ സംബ ന്ധിച്ച് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നം. എന്നാൽ എത്രകാലം ഇങ്ങനെയൊക്കെ വന്നാലും ഞങ്ങൾ അതിനെയൊക്കെ അതിജീവിക്കും. അതിനെക്കുറിച്ചുള്ള വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഞങ്ങളെ നന്നാക്കാൻ ശ്രമിക്കാതെ നിങ്ങൾ സ്വയം നന്നാകാൻ ശ്രമിക്കുക. ശ്രീ. പി. സി. വിഷ്ണുനാഥ് ചർച്ച ചെയ്തപ്പോൾപറഞ്ഞു, 2009–നുശേഷം നിങ്ങൾ എല്ലാ തെരഞ്ഞെടുപ്പുകളിലും തോറ്റുകൊണ്ടിരിക്കുകയല്ലേ; പഞ്ചാ യത്ത് ഇലക്ഷനിൽ തോറ്റില്ലേ; നിയമസഭ ഇലക്ഷനിൽ തോറ്റില്ലേ; ലോക്സഭാ ഇലക്ഷനിൽ തോറ്റില്ലേ? ഞാൻ ചോദിക്കട്ടെ, രാജീവ് ഗാന്ധിയുടെ കാല ശേഷം നിങ്ങൾക്ക് ഇന്നുവരെ ഒറ്റയ്ക്ക് ആരുടെയെങ്കിലും പിന്തുണ ഇല്ലാതെ ഭരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; തോൽവിയായ തോൽവികളെല്ലാം തുടർച്ചയായി നിങ്ങൾ വാങ്ങിയില്ലേ; ഈ തോൽവിയിൽനിന്ന് നിങ്ങൾ പാഠം പഠിക്കാൻ ശ്രമിക്കയല്ലേ വേണ്ടത്. ഞങ്ങളെ തിരുത്താനാണ് ശ്രമിക്കുന്നത്. ഞങ്ങളെ തിരുത്തണ്ട. എന്തായാലും ഞങ്ങളെ തിരുത്തി നന്നാക്കിയാൽ ഗുണമുണ്ടാ കും. പ്രശ്നങ്ങൾ വരുമ്പോൾ ഞങ്ങൾ നിങ്ങളോടൊപ്പം നിന്നിട്ടുണ്ട്. 2004–ലെ തെരഞ്ഞെടുപ്പ് സമയത്ത് ഞങ്ങൾ അങ്ങനെയാണ് ചെയ്തത്. 2004–ലെ തെരഞ്ഞെടുപ്പിന്റെ സയമത്ത് ഞങ്ങളുടെ പാർട്ടി സെക്രട്ടറി സഖാവ് ഹർകിഷൻ സിംഗ് സുർജിത്ത് വളരെ വ്യക്തമായി, ഉത്തരേന്ത്യ യിലെ ഒരു പൊതുതെരഞ്ഞെടുപ്പിന്റെ വേളയിൽ ചോദിച്ച ഒരു ചോദ്യമുണ്ട്. ആരാണ് നിങ്ങളുടെ പ്രധാനമന്ത്രി? ഇന്ത്യയാകെ തിളങ്ങുന്ന നിലയിലേക്ക് മാറ്റിത്തീർത്ത വാജ്പേയിയെപ്പോലുള്ള ഒരു പ്രധാനമന്ത്രി ഞങ്ങൾക്കുണ്ട്. നിങ്ങളുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥി ആരാണ് എന്ന് അപ്പുറത്തുനിന്ന്

ചോദിച്ചപ്പോൾ ധൈര്യസമേതം ഞങ്ങൾ സോണിയാ ഗാന്ധിയെ പ്രധാന മന്ത്രി ആക്കും എന്ന് ഇപ്പുറത്തുനിന്ന് പറയാൻ ആരുമുണ്ടായില്ല. പക്ഷേ അന്ന് ശ്രീ. സുർജിത്ത് പറഞ്ഞത് വേണ്ടിവന്നാൽ സോണിയാഗാന്ധിയെ പ്രധാനമന്ത്രിയാക്കാൻ ഞങ്ങൾ തയ്യാർ എന്നാണ് പറഞ്ഞത്. ഞങ്ങളുടെ പാർട്ടി കോൺഗ്രസിന്റെ തീരുമാനമനുസരിച്ചാണ് അങ്ങനെ പറഞ്ഞത്. കാരണം മതേതര ഇന്ത്യയെ രക്ഷിക്കാൻ വേണ്ടി ഞങ്ങൾ പറഞ്ഞതാണ്. കൂടുവിട്ട് കൂടുമാറി കോൺഗ്രസിൽ ചേർന്ന മനോജ് അന്ന് ആലപ്പുഴയിൽ ശ്രീ. വി. എം. സുധീരനെ തോൽപ്പിച്ച തെരഞ്ഞെടുപ്പ് സന്ദർഭത്തിൽ പത്രപ്രവർത്തകൾ മനോജിനോടാണ് ആദ്യം ചോദിക്കുന്നത്. സുർജിത്ത് സോണിയാഗാന്ധിയെ പ്രധാനമന്ത്രിയാക്കാൻ തയ്യാറാണെന്ന് പ്രസംഗിച്ചിരിക്കുന്നു, എന്താണ് മനോജിന്റെ അഭിപ്രായമെന്ന്. മനോജ് പേടിച്ച് ഫോൺ എന്റെ കയ്യിൽ തന്നു. കാരണം ഇതിനെക്കുറിച്ച് എന്താണ് പറയേണ്ടതെന്ന് അദ്ദേഹത്തിന് അറിയാൻ പാടില്ല. ഞാൻ ആലോചിച്ചപ്പോൾ സുർജിത്തിനെതിരായി പറഞ്ഞാൽ നമ്മുടെ മെമ്പർഷിപ്പ് പോകും. അതുകാരണം ഞാനും മിണ്ടിയില്ല. ഞാൻ ആലോചിച്ച് പറയാമെന്ന് പറഞ്ഞു. പിറ്റേ ദിവസത്തെ പത്രം നോക്കിയപ്പോഴാണ് കാണുന്നത് പതിനാല് സ്ഥാനാർത്ഥികളോടും ഈ ചോദ്യം ചോദിച്ചിട്ടുണ്ട്. അവർ പറഞ്ഞ മറുപടി പാർട്ടി ഏത് ചെകുത്താനെ പിന്തുണക്കാൻ തീരുമാനിച്ചാലും ഞങ്ങൾ പിന്തുണയ്ക്കുമെന്നാണ്. നിങ്ങൾ അന്ന് സോണിയാഗാന്ധിയെ പ്രധാനമന്ത്രിയാക്കും എന്നു പറഞ്ഞില്ല. കാരണം നിങ്ങൾക്ക് വാജ്പേയിയെ നേരിടാൻ സോണിയാ ഗാന്ധി, ജന്മം കൊണ്ട് ഇന്ത്യാക്കാരിയല്ലാത്ത ഒരാളെ പ്രധാനമന്ത്രിയാക്കാൻ പറയാനുള്ള ധൈര്യം പോലുമില്ലാത്ത സമയത്ത് മതേതരത്വത്തിനുവേണ്ടി, വർഗ്ഗീയതയിൽനിന്ന് രക്ഷിക്കാൻ, വാജ്പേയിയുടെ ആറരക്കൊല്ലത്തെ ഭരണ

ത്തിൽനിന്ന് ഇന്ത്യാരാജ്യത്തെ രക്ഷിക്കാൻ വേണ്ടി ഞങ്ങൾ അങ്ങനെ പറഞ്ഞു. സോണിയാഗാന്ധി പ്രധാനമന്ത്രിയായില്ല. പത്രങ്ങളെല്ലാം എഴുതി നാളെ സോണിയാഗാന്ധി ഉടുക്കാൻ പോകുന്ന സാരി, ഇടാൻ പോകുന്ന ബ്ലൗസ്, നടക്കാൻ പോകുന്ന വഴി അതുപോലെ തന്നെ സത്യപ്രതിജ്ഞ ചെയ്യാൻ പോകുന്ന സമയം ഇതെല്ലാം പറഞ്ഞു. പക്ഷേ ഒരു രാത്രി ഇരുണ്ട് വെളുത്തപ്പോൾ സോണിയാഗാന്ധി പ്രധാനമന്ത്രിയല്ലാതായി. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായി. അത് വേറെ തീരുമാനമാണ്. അത് ഇവിടെ നിന്നുമല്ല തീരുമാനം വരുന്നത്. തീരുമാനം വരുന്നത് വേറെ സ്ഥലത്തുനിന്ന് ആയതുകൊണ്ട് അതെല്ലാം ഭംഗിയായി നടന്നു.

മി. ചെയർമാൻ: അഞ്ച് മിനിട്ട് കഴിഞ്ഞു.

ശ്രീ. എ. എം. ആരിഫ്: സർ, ഏതായാലും ഇത്തരത്തിലുള്ള ഒരുപാട് സന്ദർഭങ്ങളിൽ ഞങ്ങൾ വിട്ടുവീഴ്ച ചെയ്തിട്ടുണ്ട്. നിങ്ങൾ വിട്ടുവീഴ്ച ചെയ്യാൻ തയ്യാറാകുന്നില്ല. നിങ്ങൾ വർഗ്ഗീയതയ്ക്കെതിരായും ഇതുപോലുള്ള നയങ്ങൾക്കുമെതിരായി പോരാടിയാൽ മാത്രമേ ഇന്ത്യയെ രക്ഷപ്പെടുത്താൻ സാധിക്കുകയുള്ളൂ. ആ നയത്തിലേക്ക് നിങ്ങൾ വരണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. സുസ്ഥിരമായ കാഴ്ചപ്പാടും ജനങ്ങളോടുള്ള പ്രതിബദ്ധതയും കൈമുതലായ ഒരു സർക്കാരാണ് കേരളം ഭരിക്കുന്നത് എന്ന് ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് തെളിയിച്ചിരിക്കുകയാണ്. ഈ സർക്കാർ കേരളത്തിന്റെ പ്രതീക്ഷയാണ്. ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെ തല്ലിക്കെടു

ത്താൻ എന്തൊക്കെ ശ്രമങ്ങൾ നടത്തിയിട്ടും എല്ലാം ദയനീയമായി പരാജയ പ്പെട്ടത് എന്താണെന്ന് പ്രതിപക്ഷത്തെ എന്റെ സുഹൃത്തുക്കൾ സത്യസന്ധ മായി വിലയിരുത്തണമെന്ന് ഞാൻ സ്നേഹത്തോടെ ആവശ്യപ്പെടുകയാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പുഫലം നിരവധി സന്ദേശങ്ങൾ കേരള ത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് നൽകുന്നുണ്ട്. കേരളത്തിലെ ജനങ്ങൾ അടുപ്പുകൂട്ടി സമരങ്ങൾ ചെയ്യുന്നവർക്കൊപ്പമല്ല. അടുപ്പിലൂതുന്ന സ്ത്രീക ളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കിയ യു.ഡി.എഫ്. സർക്കാരിനുമൊപ്പമാണ് കേരളത്തിലെ ജനങ്ങൾ. രാപ്പകൽ സമ രത്തോടൊപ്പമല്ല, രാപ്പകൽ അദ്ധ്വാനിക്കുന്നവന്റെ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് അവന് തണലും തലോടലും സമ്മാനിച്ച യു.ഡി.എഫ്. സർക്കാരിനോടൊപ്പ മാണ് ജനങ്ങൾ. കേരളത്തിലെ ജനങ്ങൾ കരിങ്കൊടി സമരങ്ങൾക്കൊപ്പമല്ല. കരിങ്കൊടി ഉയർത്തുന്ന കരങ്ങൾക്കുകൂടി മികച്ച അവസരങ്ങൾ സമ്മാനിച്ച യു.ഡി.എഫ്. സർക്കാരിനോടൊപ്പമാണ് കേരളത്തിലെ ജനങ്ങൾ. അവർ സമ രത്തിനായി ആയിരങ്ങളെ തലസ്ഥാനനഗരിയിലേക്ക് വിളിച്ചുവരുത്തി സമര ത്തിന് നേതൃത്വം കൊടുക്കുന്ന ജനങ്ങളോടൊപ്പമല്ല. ബഹുമാന്യനായ നമ്മുടെ കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ജനങ്ങൾ എവിടെയാണോ അവിടേക്ക് പോയി അവരുടെ പ്രശ്നങ്ങളും കാര്യങ്ങളും പരിശോധിച്ച് അവർക്കുവേണ്ട സഹായം ചെയ്തുകൊടുക്കുകയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്ന ആളാണ്. ഞാൻ ആ ഭാഗത്തേക്ക് കടന്ന് എന്റെ പ്രതിപക്ഷ സുഹൃത്തുക്കളെ വേദനിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. കൃഷി വകുപ്പിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ പൊതുസമൂഹത്തിൽ കൃഷി യോടുള്ള ആഭിമുഖ്യം വളർത്താൻ ഏറെ സഹായകരമായിട്ടുണ്ട്. കാർഷി കോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം കർഷകരുടെ ക്ഷേമം ഉറപ്പാക്കു

ന്നതിനും വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. അന്യനാടിനെ ആശ്രയിക്കാതെ പച്ചക്കറി സ്വയം പര്യാപ്തത കൈവരിക്കുക എന്നത് നമ്മുടെ സ്വപ്നമാണ്. 2016 മാർച്ച് മാസത്തോടുകൂടി അത് യാഥാർത്ഥ്യമാക്കാനുള്ള തീവ്രശ്രമം വിജയിക്കുക തന്നെ ചെയ്യും. അത്രമാത്രം അർത്ഥവത്തായി പ്രവർത്തിക്കുന്ന മന്ത്രിയാണ് ബഹുമാന്യനായ കെ. പി. മോഹനൻ. ഈയവസരം അദ്ദേഹത്തെ അഭിനന്ദിക്കാൻ ഉപയോഗിക്കുകയാണ്. നാളികേര കർഷകരെ രൂക്ഷമായ പ്രതിസന്ധിയിൽനിന്ന് കരകയറ്റിയത് ഏറ്റവും വലിയ നേട്ടമാണ്. നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനം നമുക്ക് അഭിനന്ദനാർഹമാണ്. കർഷക മേഖലയിലെ വിദഗ്ദ്ധരായ തൊഴിലാളികളുടെ ക്ഷാമം എന്ന വലിയ പ്രശ്നം പരിഹരിക്കുന്നതിന് പുതിയ 50 അഗ്രോ സർവ്വീസ് സെന്ററുകളാണ് സംസ്ഥാനത്ത് തുടങ്ങുന്നത്. അതിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ എന്റെ നിയോജകമണ്ഡലത്തിലും അനുവദിച്ചതിൽ ബഹുമാനപ്പെട്ട മന്ത്രിയെ നന്ദി അറിയിക്കാൻ ഈയവസരം ഉപയോഗിക്കുകയാണ്. ക്ഷീരോൽപ്പാദന രംഗത്ത് മുതൽക്കൂട്ടായി സംസ്ഥാനത്ത് മൂന്ന് ഡയറിഫാമുകൾ തുടങ്ങുകയാണ്. അതിൽ ഒന്ന് എന്റെ നിയോജകമണ്ഡലത്തിലെ എൻമകജെ പഞ്ചായത്തിലാണ്. അടുത്ത നവംബർ മാസത്തോടുകൂടി അതിന്റെ പ്രവർത്തനം ആരംഭിക്കുകയാണ്. അങ്ങനെ കാർഷികമേഖലയിൽ സമഗ്രമായ പരിവർത്തനത്തിലൂടെ നിരവധി പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. അതോടൊപ്പം ഒരു കൃഷി വിജ്ഞാന കേന്ദ്രം നോക്കുക്കുത്തിയായി നിൽക്കുന്നുണ്ട് എന്നുള്ളത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഈയവസരം ഉപയോഗിക്കുകയാണ്. അതിന് ആവശ്യമായ പ്രവർത്തനം ഉണ്ടാകണം എന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുക

യാണ്. പൊതുമരാമത്ത് വകുപ്പിന്റെ നിരവധിയായ പരീക്ഷണങ്ങൾ ആ വകുപ്പിന് പുതിയ മുഖം നൽകുകയാണ്. കൃത്യമായ ആസൂത്രണത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണ് പൊതുമരാമത്ത് വകുപ്പിനെ ഇത്രയേറെ പ്രശംസകൾക്ക് കാരണമാക്കിയത്. റോഡുകളുടെ കുഴികളുടെ എണ്ണത്തിന്റെ കണക്കുകൾ ഇവിടെ പറയുകയുണ്ടായി. റോഡിലെ കുഴികളുടെ കണക്കെടുത്ത് തിരിഞ്ഞുപോകുമ്പോൾ അത് രണ്ടാകുന്ന കാര്യം ആരും ശ്രദ്ധിക്കാറില്ല. റോഡിലെ കുഴി കണക്കെടുത്തതുകൊണ്ട് കാര്യമില്ല. **ആറുലക്ഷത്തി അറുപതിനായിരത്തിന്റെ വ്യത്യാസമാണ് പോയിന്റ് ഓഫ് ഓർഡർ വരാൻ ഇടയായത്.** അസംബ്ലിയിലേക്കെത്തുമ്പോൾ ആറ് ലക്ഷം പന്ത്രണ്ട് ലക്ഷമായി മാറുന്നു. കുഴിയുടെ കണക്ക് കൃത്യമായില്ലെങ്കിൽ അതിന് ഒരു പോയിന്റ് ഓഫ് ഓർഡർ ആവശ്യമുണ്ട് എന്ന് തോന്നുന്നില്ല. റോഡിലെ കുഴിയെക്കുറിച്ച് മുമ്പ് ഈ സഭയിൽ ചർച്ച ചെയ്തത് ഞാൻ ഓർക്കുകയാണ്. സംസ്ഥാനത്തെ റോഡുകളുടെ സ്ഥിതി ഇത്രയേറെ മെച്ചപ്പെട്ട കാലം ഇതുവരെ ഉണ്ടായിട്ടില്ല എന്ന് സമ്മതിക്കാതിരിക്കാൻ ആർക്കും ആവില്ല. അതിനെ മറച്ചുവച്ചിട്ട് കാര്യമില്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റോഡുകളുടെ ദയനീയാവസ്ഥ മാറ്റി രണ്ടരവർഷം കൊണ്ട് ഒരുപാട് മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചു. എന്റെ നിയോജക മണ്ഡലത്തിൽ ഞാൻ തന്നെ രാവിലെ അഞ്ചുമണിക്ക് മുമ്പാണ് പോകുന്നത്. ദേശീയപാതയുടെ അവസ്ഥ ആ രീതിയിലായിരുന്നു. രാത്രി വീട്ടിലേക്ക് തിരിച്ചുവരുന്നത് പതിനൊന്ന് മണിക്ക് ശേഷമാണ്. ആളുകൾ കാണരുത്. കണ്ടാൽ മോശം. ജൂൺ ഒന്നിന് സത്യപ്രതിജ്ഞ ചെയ്തു. മഴ വന്നു. മഴക്കാലത്ത് ഒന്നും ചെയ്യാൻ പറ്റാത്ത ഒരവസ്ഥയുണ്ടായി. അങ്ങനെ മറിഞ്ഞും ഒളിഞ്ഞും മണ്ഡലത്തിലേക്ക് പോകേണ്ട ഒരവസ്ഥ ഉണ്ടായ ഒരു വ്യക്തിയാണ് ഞാൻ. ഡിസംബറോടുകൂടി അത്

എങ്ങനെ ഉണ്ടാക്കി എന്നുള്ളത് കാസർഗോഡ് എം.എൽ.എ. മാർക്കൊക്കെ അറിയാം. അത്രയും പെട്ടെന്ന് പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അതുപോലെതന്നെ പൊതുമരാമത്ത് രംഗത്ത് നമ്മുടെ പഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകൾ, പഞ്ചായത്തിന് ഏറ്റെടുത്ത് ചെയ്യാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. അതിനുവേണ്ടി 350 കോടിരൂപ വകയിരുത്തി ഒറ്റത്തവണ റിപ്പയർ ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപാട് റോഡുകൾ പണി തീർത്തു. അതുപോലെ തന്നെ 8355 കിലോമീറ്റർ വില്ലേജ് റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് അതിന്റെ പുനരുദ്ധാരണ നടപടികൾ സ്വീകരിക്കുകയും അത് നന്നാക്കി വരികയുമാണ്. നഷ്ടപ്പെട്ടു എന്നുകരുതിയ കെ.എസ്.ടി.പി.-യുടെ ഒന്നാംഘട്ടം കഴിഞ്ഞ് രണ്ടാംഘട്ടം തുടങ്ങാൻ പോകുകയാണ്. കേരളാ റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ നഗരറോഡ് വികസന പദ്ധതി ഒന്നാംഘട്ടം പൂർത്തിയായി. കാർസർഗോഡ് നഗരത്തെയും ഉപ്പള ടൗണിനെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

നമ്മുടെ ദേശീയപാതാ വികസന പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കണം. രണ്ട് പദ്ധതികൾ ഹൈവേ അതോറിറ്റി ഒഴിവാക്കിയെന്നാണ് പറയുന്നത്. തലപ്പാടി മുതൽ തളിപ്പറമ്പ് വരെയുള്ളത് ഒഴിവാക്കിയിട്ടില്ല. സ്ഥലമെടുപ്പ് പൂർത്തിയാക്കാൻ ആരും എതിരല്ല. പക്ഷെ അതിന്റെ അലൈൻമെന്റ് സാറ്റലൈറ്റ് സർവ്വേ എടുത്തതുകൊണ്ട് അതിൽ ഒരുപാട് അവ്യക്തതകൾ ഉണ്ട്. അത് മാറ്റി സെന്റർ ഫോളോ-അപ് ചെയ്തുകൊണ്ട്

എടുക്കുകയാണെങ്കിൽ ഒരു 5% സ്ഥലം മാത്രമാണ് ഈ പറയുന്ന ഏരിയയിൽ നമുക്ക് ആവശ്യം. അതൊരു 5% ഏറ്റെടുത്താൽ മതിയാകും. അതുപോലെതന്നെ ടൗണിൽ ഫ്ളൈ ഓവർ വരുന്ന സ്ഥലത്തും 45 മീറ്റർ വേണമെന്നുള്ള നിർദ്ദേശം ഒഴിവാക്കി, ആ സ്ഥലത്ത് 30 മീറ്റർ എടുക്കാനുള്ള സൗകര്യംകൂടി ഉണ്ടാക്കണം. കർണ്ണാടകത്തിൽ നിന്ന് തലപ്പാടി വരെ 4 വരിപ്പാത അടുത്ത വർഷത്തോടുകൂടി ഉദ്ഘാടനം ചെയ്യും. അതിന് ശേഷം മുറിച്ചുകടക്കാൻപോലും പറ്റാത്ത ഒരു അവസ്ഥ നമ്മുടെ കേരളത്തിൽ ഉണ്ടാകും. അതുകൊണ്ട് പ്രത്യേക ശ്രദ്ധ ചെലുത്തിക്കൊണ്ട് ആ ഒരു റീച്ചെങ്കിലും ഈ വർഷം ആരംഭിക്കുന്നതിനാവശ്യമായ പ്രവർത്തികളുമായി മുന്നോട്ടുപോകണം എന്ന് ആമുഖമായി സൂചിപ്പിക്കുകയാണ്. അതുപോലെ തന്നെ സഞ്ചരിക്കാൻ നല്ല റോഡുകൾ വേണമെന്ന് പറയുകയും സ്ഥലം വിട്ടുകൊടുക്കാനോ അതിന് പിന്നിൽ പ്രവർത്തിക്കാനോ ജനപ്രതിനിധികളായ നമ്മൾപോലും മുന്നോട്ടുവരുന്നില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. അത് നാടൻ ഭാഷയിൽ പറഞ്ഞാൽ, 'മക്കൾ മെലിയാനും പാടില്ല മൂട പൊളി യാനും പാടില്ല', 'ആനപ്പുറത്ത് അങ്ങാടിയിൽ പോണം എന്നാൽ ആരും കാണരുത്' അങ്ങനെയൊക്കെ പറഞ്ഞാൽ നടക്കുന്ന കാര്യമല്ല. അങ്ങാടി യിൽ ആനപ്പുറത്ത് പോകാം, പക്ഷെ ജനങ്ങൾ കാണും. നമ്മൾ കൂട്ടായി ശ്രമിച്ചാൽ മാത്രമേ അത്തരം കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിക്കൊണ്ട് മുന്നോട്ട് പോകാൻ കഴിയൂ. സ്പീഡ് കേരള നടപ്പിലാക്കുന്ന പുതിയ 23 പദ്ധതികളെല്ലാം പൊതു മരാമത്ത് വകുപ്പിന്റെ ചരിത്രം മാറ്റിയെഴുതുകതന്നെ ചെയ്യും. എനിക്ക് പ്രത്യേകമായി ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, ടെണ്ടർ നടപടികളിൽ കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കരാറുകാർ എടുത്ത പ്രവർത്തികൾ താമസിപ്പിക്കുന്നതിനെ

തിരെ ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കണം. കൺസ്ട്രക്ഷൻ കോർപ്പറേഷന് നമുക്ക് 10% കുറവ് കൊടുത്താൽ മതി. പത്ത് ശതമാനം എബൗ കൊടുത്താലും എന്റെ മണ്ഡലത്തിലൊക്കെ 2011–2012–ൽ എ.എസ്. കിട്ടിയതും ടെണ്ടർ നടപടി പൂർത്തിയായതുമായ പല പണികളും ഇന്നും പൂർത്തിയായിട്ടില്ല. ഒന്നോരണ്ടോ പണികൾ മാത്രമാണ് എന്റെ നിയോജക മണ്ഡലത്തിൽ ഉണ്ടായിട്ടുള്ളത്. അത് പൂർത്തിയായിട്ടുമില്ല. മറ്റ് ജില്ലകളിലു ടനീളം കൺസ്ട്രക്ഷൻ കോർപ്പറേഷൻ എടുത്തതൊക്കെ പരിശോധിച്ചാൽ 15 മാസത്തെ സമയം കൊടുത്ത വർക്കുകളൊക്കെ അഞ്ച് മാസംകൊണ്ടും ആറ് മാസംകൊണ്ടും പൂർത്തിയാക്കി അവർക്ക് വിട്ടുകൊടുക്കാൻ സാധിക്കുന്നു ണ്ട്. അതുകൊണ്ട് 10% കോൺട്രാക്ട് പ്രൊവിഷൻ ഇല്ലാതെയാണ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൊടുക്കുന്നത്. 10% എബൗ കൊടുത്താൽപോലും സമയബന്ധിതമായി ജോലിചെയ്യുന്ന ഇതുപോലുള്ള ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് കൊടുത്ത് പണിതീർക്കാനുള്ള ആവശ്യമായ നടപടിയുമായി മുന്നോട്ടുപോകാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെ ടുകയാണ്. അതുപോലെതന്നെ മോണോ റെയിൽ പദ്ധതി, നവരത്ന പദ്ധതി കൾ, പതാകനൗക പദ്ധതികൾ, കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവന ന്തപുരം വരെയുള്ള ഹിൽ ഹൈവേ പദ്ധതിയുൾപ്പെടെയുള്ള ഒരുപാട് പദ്ധതി കൾക്ക് തുടക്കംകുറിച്ചിരിക്കുകയാണ്. ഇതോടുകൂടി കേരളത്തിന്റെ മുഖച്ഛായ മാറ്റിയെടുത്തുകൊണ്ട് വിമർശകർക്ക് കണ്ണിലെണ്ണയൊഴിച്ച് നോക്കി നിൽക്കാൻ ഒരു സംവിധാനം ഉണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുകയാണ്. സഞ്ചരിക്കാൻ നല്ല റോഡുകൾ, സ്പീഡ് കേരള നടപ്പിലാക്കുന്ന പുതിയ 23 പദ്ധതികൾ ഇവയെല്ലാം പൊതുമരാമത്ത്

വകുപ്പിന്റെ ചരിത്രം മാറ്റിയെഴുതുകതന്നെ ചെയ്യും. ഈ അവസരത്തിൽ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീമതി. ഗീതാ ഗോപി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയുക്തം എതിർക്കുകയാണ്. കേരളത്തിലെ അടിസ്ഥാന ഉത്പാദന തൊഴിൽമേഖലയായ കൃഷി പരിപൂർണ്ണമായും സംരക്ഷിച്ചുകൊണ്ടല്ലാതെ സംസ്ഥാനത്തിന് ഭാവിയില്ലെന്ന് തിരിച്ചറിവില്ലാത്ത നയസമീപനങ്ങളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി അനുദിനം കുറഞ്ഞുവരികയാണ്. എട്ടരലക്ഷത്തിലധികം ഹെക്ടർ കൃഷി ഭൂമി ഉണ്ടായിരുന്നിടത്ത് ഒന്നരലക്ഷം ഹെക്ടറായി കുറഞ്ഞു. ഭക്ഷ്യവസ്തുക്കൾക്കുവേണ്ടി അന്യസംസ്ഥാനങ്ങളെ പൂർണ്ണമായും ആശ്രയിക്കേണ്ട അവസ്ഥയിലാണ് ഇന്ന് നമ്മുടെ കേരളം. അവശേഷിക്കുന്ന കൃഷി ഭൂമി നിലനിർത്താനും സംരക്ഷിക്കാനും വിളവിറക്കി പരമാവധി ഉത്പാദനം ഉണ്ടാക്കുവാനും പദ്ധതികളും പരിപാടികളും അനിവാര്യമാണ്. ഈ വസ്തുത മനസ്സിലാക്കിയാണ് കഴിഞ്ഞ ഇടതുപക്ഷ സർക്കാർ നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിന് ശക്തമായ നിയമനിർമ്മാണം നടപ്പിലാക്കിയത്. ഈ സർക്കാർ വന്നതോടുകൂടി പ്രസ്തുത നിയമം അട്ടിമറിച്ചുകൊണ്ടിരിക്കുകയാണ്. അത് നമുക്ക് നേരിട്ടുതന്നെ കണ്ടറിയാം. വ്യാപകമായി വയൽ നികത്തിക്കൊണ്ടിരിക്കുകയാണ്. ഇത് തടയാനോ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാനോ ഇന്ന് കൃഷി വകുപ്പ് പദ്ധതികൾ തയ്യാറാക്കുന്നില്ല. കേരളത്തിലെ മികവുറ്റ കൃഷി മന്ത്രിമാരെ നമ്മൾ കണ്ടതാണ്. കേരളത്തിലെ കൃഷിവകുപ്പ് മന്ത്രിയായിരുന്നു സഖാവ് വി. വി. രാഘവൻ. അദ്ദേഹത്തിന്റെ ഭരണ സംവിധാനത്തിലെല്ലാം കൃഷിഭവനുകൾ നല്ല രീതിയിൽ നടപ്പി

ലാക്കിയിരുന്നു. ഈ സർക്കാരിന്റെ കാലത്ത് ആ അവസ്ഥ മാറി. സഖാവ് വി. വി. രാഘവൻ നടപ്പിലാക്കിയ ഭാവനാസമ്പന്നമായ ഗ്രൂപ്പ് ഫാമിംഗ്, അതു പോലെതന്നെ കാർഷിക ഉത്പാദന നടപടികളിൽ, സെമിനാറുകളിൽ ഇതെല്ലാം പ്രസക്തമാണ്. കൃഷിക്കാരെയും ജനങ്ങളെയും വിശ്വാസത്തിലെ ടുത്ത് അത്തരം വിപ്ലവകരമായ നടപടികൾ പ്രാവർത്തികമാക്കാൻ ഈ സർക്കാർ യാതൊന്നും ചെയ്യുന്നില്ല. കൃഷി നിലനിർത്തണമെങ്കിൽ അതൊരു സുരക്ഷിതമായ ജീവനോപാധിയായി മാറണം. കഠിനാധ്വാനം ചെയ്തുണ്ടാ ക്കുന്ന കാർഷിക വിഭവങ്ങൾക്കൊക്കെ ന്യായമായ വില ലഭ്യമാക്കണം. വിത്തും വളവും വെള്ളവും കീടനാശിനികളും സബ്സിഡി നിരക്കിൽ കർഷ കർക്ക് എത്തിക്കാൻ കഴിയണം. ഇതിനായി പ്രായോഗികവും സമഗ്രവുമായ പദ്ധതികളും കർമ്മപരിപാടികളും ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നില്ല. പലിശ രഹിത വായ്പാ പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നില്ല. കൃഷി യോടും കർഷകരോടും തികഞ്ഞ അവഗണനയാണ് ഈ സർക്കാർ കാണിക്കുന്നത്. നെല്ലും നാളികേരവും ഉൾപ്പെടെയുള്ള കാർഷിക വിളകൾക്ക് സർക്കാർ പ്രഖ്യാപിച്ച താങ്ങുവില തീർത്തും അപര്യാപ്തമാണ്. ഉത്പാദന ച്ചെലവ് കണക്കാക്കിയുള്ള താങ്ങുവില നൽകാനും വിളവെടുപ്പ് കാലത്ത് കർഷകർക്ക് താങ്ങുവില ലഭിക്കുമെന്ന് ഉറപ്പാക്കാനും കർമ്മപദ്ധതികൾ ഉണ്ടാകണം. കർഷകരിൽ നിന്ന് നെല്ല് വാങ്ങിയ വകയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകാനുള്ള കുടിശ്ശിക തുക മാസങ്ങൾ കഴിഞ്ഞിട്ടും ഇതേവരെ കൊടുത്തിട്ടില്ല. ഏകദേശം തൃശ്ശൂർ ജില്ലയിൽ മാത്രം വലിയൊരു പ്രതിസന്ധി ഇതുകൊണ്ട് കർഷകർ നേരിടുന്നുണ്ട്. കർഷകരുടെ നേരെ ഉണ്ടാകുന്ന ഇത്തരം ധീരമായിട്ടുള്ള കഷ്ടപ്പാടുകളൊന്നും കണ്ടിട്ട് സർക്കാരിന് യാതൊരു കുലുക്കവുമില്ല. നെല്ലിനും നാളികേരത്തിനും ഇതര

കാർഷികോൽപ്പന്നങ്ങൾക്കും യഥാസമയം താങ്ങുവില ലഭിച്ചെന്ന് ഉറപ്പാക്കുന്ന ധനാഭ്യർത്ഥനകളല്ല ഈ സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. നാണ്യവിളകൾ ഉത്പാദിപ്പിക്കുന്ന കർഷകരുടെ സ്ഥിതിയും ഒട്ടും വ്യത്യസ്ത മല്ല. മാർക്കറ്റിന്റെ ലാഭക്കൊതിക്ക് കർഷകരെ ഇരയാക്കുന്ന നയമാണ് ഈ സർക്കാർ നടപ്പിലാക്കുന്നത്. സർക്കാരിന്റെ കർഷകവിരുദ്ധനയങ്ങളിൽ മനം മടുത്ത നാണ്യവിള കർഷകർ ദൈവമെങ്കിലും സഹായിക്കുമെന്ന പ്രതീക്ഷയി ലാണിപ്പോൾ. എന്നാൽ വിളവെടുപ്പുകാലത്ത് ഉൽപ്പന്നങ്ങൾക്ക് വിലകുറയു ന്നത് കർഷകരെ കെണിയിൽപ്പെടുത്തുന്ന മാർക്കറ്റിന്റെ തന്ത്രങ്ങളാണ്. ഭൂരി പക്ഷം ചെറുകിട കർഷകരും ഈ കെണിയിൽ വീണുപോകും. സംഭരിച്ചു വെയ്ക്കാനും പിടിച്ചുനിൽക്കാനും ശേഷിയുള്ള വൻകിടക്കാർക്ക് മാത്രമേ ഈ തന്ത്രങ്ങളിൽ നിന്ന് രക്ഷപെടാനാവു. ചെറുകിട നാണ്യവിളകർഷകരെ രക്ഷിക്കാൻ ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളിൽ പ്രതീക്ഷ നൽകുന്ന യാതൊന്നും കാണുന്നില്ല. പച്ചക്കറി ഉൽപ്പന്നങ്ങളുടെ ലഭ്യത കേരളത്തിൽ ഇന്ന് വലിയൊരു പ്രശ്നമാണ്. അന്യസംസ്ഥാനങ്ങളിൽ വൻതോതിൽ കയറ്റിക്കൊണ്ടുവരുന്ന വിഷം ചേർന്ന പച്ചക്കറികളാണ് മാർക്കറ്റുകളിൽ ലഭിക്കുന്നത്. നാട്ടുകാരുടെ ആരോഗ്യത്തെ ഇത് വളരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കേരളത്തിലെ മാർക്കറ്റുകളിലെത്തുന്ന പച്ചക്കറികളിലെ രാസ-വിഷ മാലിന്യങ്ങൾ ചെക്ക്-പോസ്റ്റുകളിൽ പരിശോധിക്കാൻ യാതൊരു സംവിധാനങ്ങളുമില്ല. കേരളത്തിൽ സ്വന്തമായുള്ള പച്ചക്കറി ഉത്പാദനം അനുദിനം കുറഞ്ഞുവരികയാണ്. സർക്കാരിന് പല അവകാശവാദങ്ങളും ഉണ്ടാകാമെങ്കിലും യാഥാർത്ഥ്യം മറിച്ചാണ്. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം തികച്ചും നിരാശാജനകമാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സജീവമായിരുന്ന ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകൾ ഇന്ന് അവിട

വിടെ നോക്കുകുത്തികളായി നിൽക്കുന്നതായാണ് കാണുന്നത്. എന്റെ മണ്ഡലത്തിലെ ഒരു നിവാസികൂടിയായ പ്രശസ്ത നടി ശ്രീമതി മഞ്ജു വാര്യർ അഭിനയിച്ച സിനിമ ഞാൻ അടുത്ത ദിവസം കാണുകയുണ്ടായി. കഥാപാത്രം മുന്നോട്ടുവച്ച ആശയം ഈ സർക്കാർ മാതൃകയാക്കിയാൽ പച്ചക്കറിയുടെ കാര്യത്തിലെങ്കിലും സംസ്ഥാനത്തിന് മേൽഗതിയുണ്ടാകും എന്ന് ഞാൻ വിശ്വസിക്കുന്നു.

മാംസം, മുട്ട, പാൽ, ജൈവ വളം തുടങ്ങിയ ആവശ്യങ്ങൾക്ക് മൃഗസംരക്ഷണ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. മിക്കവാറും ഭക്ഷണത്തിനാവശ്യമായ മാംസവും മുട്ടയും പാലും, കൃഷിക്കാവശ്യമായ ജൈവവളങ്ങളുമെല്ലാം കേരളത്തിലെത്തുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ്. രോഗം ബാധിച്ചതും, മനുഷ്യരിൽ രോഗം വിതയ്ക്കുന്നതുമായ കോഴികളും കന്നുകാലികളുമാണ് മിക്കവാറും കേരളത്തിലെ മാർക്കറ്റുകളിൽ എത്തിച്ചേരുന്നത്. ആരോഗ്യ പ്രശ്നങ്ങൾ ഭാവി ജീവിതം ഇരുട്ടിലാഴ്ത്താൻ പര്യാപ്തമാണ്. ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള സമഗ്രമായ പദ്ധതിക്ക് സർക്കാർ ഇപ്പോഴും ലക്ഷ്യമിടുന്നില്ല. കോഴികൃഷിയും കന്നുകാലി വളർത്തലും പുൽമേടുകളുടെ സംരക്ഷണവും സർക്കാരിന്റെ പരിഗണനയിൽ വേണ്ടത്ര ഉണ്ടാകുന്നില്ല. രാസകൃഷിയിൽ നിന്ന് ജൈവകൃഷിയിലേക്ക് മാറാനുള്ള ശ്രമമില്ല. കന്നുകാലി സംരക്ഷണത്തിനും വികസനത്തിനും വികേന്ദ്രീകൃതമായി ആവിഷ്ക്കരിക്കുന്ന പദ്ധതികളില്ല. അഥവാ ഉണ്ടെങ്കിൽ തന്നെ അവ ശരിയാംവണ്ണം ജനങ്ങളിലേക്ക് എത്തുന്നില്ല. സർക്കാരിന്റെ മൃഗസംരക്ഷണ കേന്ദ്രങ്ങളും ആശുപത്രികളും കർഷകരെ പിഴിയുകയും ദ്രോഹിക്കുകയും ചെയ്യുന്ന വിധത്തിലാണുള്ളത്. മൃഗങ്ങൾ രോഗങ്ങൾ പരത്തുന്നത്

തടയാൻ യഥാസമയം മരുന്നുകൾ ലഭ്യമാകുന്നില്ല. മൃഗാശുപത്രിയിൽ വേണ്ടത്ര ജീവനക്കാരും മരുന്നുകളും ലഭിക്കുന്നില്ല. ബഹുമുഖമായ പ്രശ്നങ്ങൾ നേരിടുന്ന കോഴി, കന്നുകാലി, മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പരിഗണന സർക്കാർ നൽകുന്നില്ല. മതിയായ അളവിൽ ധനവിനിയോഗമോ അതിന്റെ ശരിയായ വിനിമയം നടത്തുന്നതിനോ സർക്കാർ ശ്രദ്ധിക്കുന്നില്ല. ഈ മേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യമോ, ഗൗരവമോ ലഭിക്കുന്നില്ല. കേരളത്തിലെ സർക്കാർ പ്രസ്സുകൾ തീർത്തും സ്തംഭനാവസ്ഥയിലാണ്. ആധുനികവൽക്കരണത്തിന്റെ പേരിൽ കുറെ മെഷീനറികൾ വാങ്ങിക്കൂട്ടി എന്നല്ലാതെ യാതൊരുവിധ അച്ചടി ജോലികളും സർക്കാർ പ്രസ്സുകളിൽ നിർവ്വഹിക്കാൻ സാധിക്കുന്നില്ല. പാഠപുസ്തകങ്ങളും ലോട്ടറികളും അച്ചടിക്കുന്നത് സർക്കാരിതര പ്രസ്സുകളിലാണ്. വിവിധ വകുപ്പുകളിലെ കമ്പ്യൂട്ടറൈസേഷൻ ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. ലോട്ടറിയും പാഠപുസ്തകവും സർക്കാർ പ്രസ്സുകളിൽ സമയബന്ധിതമായി അച്ചടിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരു ശ്രമങ്ങളും ഉണ്ടാകുന്നില്ല. സർവ്വീസ് മേഖലയ്ക്കും ജനങ്ങൾക്കും ആവശ്യമായ പെൻഷൻ ബുക്കുകൾ, ഇതര അപേക്ഷാ ഫോമുകൾ, ഓഫീസ് ആവശ്യങ്ങൾക്കുള്ള വേണ്ടത്ര വിവിധ റെക്കോർഡുകൾ എന്നിവ യഥാസമയം ലഭ്യമാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുന്നില്ല. കുത്തഴിഞ്ഞ രീതിയിലാണ് ഈ മേഖലയുടെ പ്രവർത്തനങ്ങൾ. ഒരു വിധത്തിലും ജാഗ്രതയോടുകൂടിയുള്ള സമീപനം ഈ മേഖലയോട് സർക്കാർ സ്വീകരിക്കുന്നില്ല. കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് എം.എൽ.എ.-മാർ ഏറെക്കുറെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ വികസനത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ വളരെ പ്രധാനപ്പെട്ടതാ

ണ്. റോഡുകളും പാലങ്ങളും കെട്ടിടങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ കാലതാമസം വരുന്നതുകൊണ്ട് ഖജനാവിന് വലിയ നഷ്ടം സംഭവിക്കുന്നുണ്ട്. എൽ.ഐ.സി.–എ.ഡി.എസ്. പദ്ധതി സമയബന്ധിതമായി തീർക്കുന്നതിലും ഇത്തരം പ്രശ്നങ്ങളിൽ റോഡുകളുടെയും പാലങ്ങളുടെയും വികസന കാര്യങ്ങളിൽ നിന്നും സർക്കാർ പിറകോട്ടു മാറുകയാണ്. സ്വകാര്യ മേഖലയ്ക്ക് കൂടുതൽ പ്രാമുഖ്യം നൽകുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ സർക്കാരിന്റെ നയസമീപനമല്ലേ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ജനങ്ങളിൽ നിന്ന് ചുങ്കം പിരിച്ച് റോഡുകളും പാലങ്ങളും നിർമ്മിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ നയത്തിന്റെ വൈകല്യം ജനങ്ങൾക്ക് ഇപ്പോൾ ബോധ്യപ്പെടാൻ തുടങ്ങിയിരിക്കുന്നു. മണ്ണുത്തി–ഇടപ്പള്ളി ദേശീയ പാതയിൽ പാലിയക്കരയിൽ വൻതോതിലാണ് യാത്രക്കാരിൽ നിന്ന് ചുങ്കം പിരിക്കുന്നത്. ചുങ്കം പാതകൾ ആരംഭിച്ചപ്പോൾ അനുബന്ധ സർവ്വീസ് റോഡുകൾ ഗതാഗത യോഗ്യമായിരിക്കണമെന്ന നിബന്ധന പാലിക്കാതെയാണ് നിർമ്മാണ കമ്പനികൾക്ക് ചുങ്കം പിരിക്കാനും അത് ആവശ്യം പോലെ വർദ്ധിപ്പിക്കാനും സർക്കാർ ഒത്താശ ചെയ്തു കൊടുക്കുന്നത്. റോഡിന്റെയും പാലങ്ങളുടെയും വികസനത്തിന് കൂടുതൽ തുക വകയിരുത്തി കൊള്ളലാഭക്കൊതി, സ്വകാര്യ മേഖലയുടെ കടന്നു കയറ്റം ഇതെല്ലാം തടയാനും ജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാ സൗകര്യം ഉറപ്പുവരുത്തുവാനും ഉതകുന്ന നയം ഈ സർക്കാർ നടപ്പിലാക്കണമെന്നാണ് ഞാൻ ഈ അവസരത്തിൽ ബോധ്യപ്പെടുത്തുന്നത്. സർക്കാരിന്റെ സാമ്പത്തിക നയം ഏതൊരു സർക്കാരിനും അടിയന്തരമായിട്ടുള്ളൊരു ഘടകമാണ്. സ്ഥിതി മോശമാണെന്ന് സ്ഥിരം പല്ലവി പാടി ജനങ്ങളുടെ തലയിൽ അമിതഭാരം കെട്ടിയേൽപ്പിക്കാൻ ശ്രമിക്കുന്നതിനു പകരം അധികച്ചെലവിന് കാരണമാകുന്ന പ്രവർത്തികളുടെ

കാലതാമസം ഒഴിവാക്കാൻ പൊതുമരാമത്ത് സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പു വരുത്തണം. കരാറുകളിൽ ഒളിഞ്ഞും തെളിഞ്ഞും നടക്കുന്ന അഴിമതി തടയാൻ നടപടികൾ സ്വീകരിക്കാനും ധനസമാഹരണത്തിനും ഊർജ്ജിത നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. വൻകിടക്കാരിൽ നിന്ന് സർക്കാരിന് നൽകാനുള്ള കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കണം. സാമ്പത്തിക പ്രതിസന്ധിയുടെ മറവിൽ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുപോലെ പ്രധാനമായ റോഡുകളും പാലങ്ങളും പൊതുവികസന കാര്യങ്ങൾ കടന്നു കയറി കൊള്ളലാഭം തട്ടിയെടുക്കാനുള്ള സ്വകാര്യ മേഖലയുടെ ഗൂഢ തന്ത്രങ്ങൾക്ക് ഈ സർക്കാർ വഴിയൊരുക്കുന്നത് ദൂര വ്യാപകമായ പ്രത്യാഘാതങ്ങൾ കേരളത്തിലെ ജനങ്ങൾക്കുണ്ടാക്കും. ഞാൻ ദീർഘിപ്പിക്കുന്നില്ല. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് നീക്കി വച്ചതിൽ കൂടുതൽ തുക അനുവദിക്കണമെന്നതാണ് എനിക്ക് പറയാനുള്ളത്. ജനതാൽപര്യങ്ങൾ വിസ്മരിക്കുന്ന പരിമിതമായ ഈ ധനവിനിയോഗ ബിൽ ജനങ്ങൾക്ക് ദ്രോഹം ചെയ്യും. ബഹുമാനപ്പെട്ട കൃഷിമന്ത്രിയോട് ഒരു കാര്യം അഭ്യർത്ഥിക്കാനുണ്ട്. ഇപ്പോൾ കിട്ടിയ ന്യൂസാണ്. തൃശ്ശൂർ ജില്ലയിലെ ഒരു അംഗം എന്ന നിലയിൽ എനിക്ക് അദ്ദേഹത്തിനോട് ഒരു കാര്യം അഭ്യർത്ഥിക്കാനുണ്ട്. തൃശ്ശൂരിലെ സാഹിത്യ അക്കാദമി ഹാളിൽ കേരളത്തിലെ കുട്ടനാട്, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ നെൽകർഷകർ ഇന്ന് അടിയന്തരമായി യോഗം ചേർന്നിരിക്കുകയാണ്. കേരളത്തിലെ നെൽകർഷകർക്ക് നൽകാനുള്ള കുടിശ്ശിക 128 കോടി രൂപയാണ്. തൃശ്ശൂർ ജില്ലയിൽ മാത്രം 40 കോടി രൂപ കുടിശ്ശിക നൽകാനുണ്ട്. ഈ ജൂൺ മാസം 15-ന് കർഷകർക്ക് ഇത് നൽകാമെന്ന് ഗവൺമെന്റ് വാക്കു കൊടുത്തിട്ടുണ്ട്. ഇപ്പോഴും കിട്ടിയിട്ടി

ല്ല. കൊയ്ത്ത് കഴിഞ്ഞിട്ട് നാലര മാസമായി. കടംവാങ്ങി കർഷകർ കടക്കെണിയിലായി. ഈ ജൂലൈ മാസം 5-ന് ജില്ലാ കലക്ടർ കോൾ കർഷകരുടെ യോഗം വിളിച്ചിരിക്കുകയാണ്. വരാനിരിക്കുന്ന കൃഷിയുമായി ബന്ധപ്പെട്ട് കോൾ കർഷകരുടെയും പാടശേഖരങ്ങളുടെയും യോഗം വിളിച്ചിരിക്കുകയാണ്. ഈ യോഗം പോലും ജൂലൈ 5-ന് കോൾ കർഷകർ ബഹിഷ്ക്കരിക്കും എന്നുള്ള തീരുമാനമെടുത്തിരിക്കുകയാണ്. ഇത് സംബന്ധിച്ച് നെൽകൃഷിക്ക് ഈ വർഷത്തെ കുടിശ്ശിക നൽകിയില്ലെങ്കിൽ അടുത്ത വർഷം മുതൽ നെല്ല് നൽകി ഒരു മാസത്തിനകം കുടിശ്ശികയും ലഭിക്കണമെന്നുള്ള തീരുമാനം അവർ മുന്നോട്ടു വച്ചു. ഇതും നടപ്പിലാക്കിയില്ലെങ്കിൽ, അതിനുള്ള ഉറപ്പും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കിട്ടിയില്ലെങ്കിൽ തൃശ്ശൂർ ജില്ലയിലെ ഏകദേശം 35,000 ഹെക്ടർ ഭൂമി തരിശിട്ട് അവർ പ്രതിഷേധിക്കുമെന്നുള്ള തൃശ്ശൂർ സാഹിത്യ അക്കാദമിയിൽ ചേർന്ന കോൾ കർഷക യോഗത്തിലുണ്ടായ തീരുമാനം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു കാര്യം കൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട എം. എൽ. എ. ശ്രീ. എ. എം. ആരിഫ്. ഇവിടെ സൂചിപ്പിച്ചു, ഇൻഡ്യൻ വെറ്റ റിനറി കൗൺസിലിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന കേരളത്തിലെ നാല് കോളേജുകളുണ്ട്. തൃശ്ശൂർ മണ്ണുത്തി കോളേജ്, വയനാട് പൂക്കോട് കോളേജ്, തിരുവനന്തപുരം ചെറ്റച്ചൽ കോളേജ്, പാലക്കാട് തിരുവാഴാംകുന്ന് കോളേജ്. ഈ കോളേജുകളിലെ 2014-15 അധ്യയന വർഷത്തിൽ 62 ഓളം എൻ. ആർ. ഐ. സീറ്റുകളാണ് ചട്ടവിരുദ്ധമായി അനുവദിച്ചിരിക്കുന്നത്. ഇതിന്റെ പിന്നിൽ യഥാർത്ഥത്തിൽ സുതാര്യമല്ലാത്ത

പ്രവേശന പരീക്ഷകളിലൂടെ എൻ. ആർ. ഐ. വിദ്യാർത്ഥികളെ തിരുകി കയറ്റുന്നത്... ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രിയുടെ വരുതിയിൽ അദ്ദേഹത്തെ നോക്കുകുത്തിയാക്കുന്ന ഇത്തരം നടപടികൾക്ക് അങ്ങ് കൂട്ടുനിൽക്കരുത്. അദ്ദേഹമൊരു കൃഷിക്കാരനും, കൃഷിയോട് സാമാന്യം നല്ല സ്നേഹമുള്ള ആളുമായതുകൊണ്ട് ഇത്തരം നടപടികളിലെല്ലാം അങ്ങ് യുക്തമായ നടപടി സ്വീകരിക്കുമെന്ന വിശ്വാസത്തോടെ ഈ ഡിമാന്റിനെ ഞാൻ ശക്തിയുക്തം എതിർക്കുകയാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, തിരുവനന്തപുരം നഗരത്തിലെ സെക്രട്ടേറിയറ്റിനു മുൻപിലുള്ള ശ്രീ. വേലുത്തമ്പി ദളവയുടെ പ്രതിമ എല്ലാവരും കണ്ടിരിക്കും. കണ്ടെഴുത്ത്പിള്ളമാരുടെ കൈ അഴിമതിക്ക് വേണ്ടി വെട്ടിയ ആ വേലുത്തമ്പി ദളവയുടെ നാടാണ് കേരളം. അങ്ങനെയുള്ള കേരളത്തിൽ അഴിമതി വേരോടെ പിഴുതെറിയാൻ ഈ ഗവൺമെന്റിന് സാധിക്കട്ടെ എന്ന് ഞാനാദ്യമായി ആശംസിക്കുകയാണ്. ഈ ഗവൺമെന്റ് ടോൾ ഫ്രീ നമ്പരും, ലൈറ്റ്നിംഗ് സ്ക്വാഡും രൂപവൽക്കരിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിന് ഒരുപാട് കാര്യങ്ങൾ ചെയ്തു. നാല് വിജിലൻസ് കോടതികളിലായി 1260 കേസ്സുകൾ വിചാരണഘട്ടത്തിലാണ്. ഇത് നീതി നടപ്പാക്കുന്നതിന് വലിയ തടസ്സം സൃഷ്ടിക്കുന്നുണ്ട്. രണ്ട് കോടതികൾ കൂടി അടിയന്തരമായി ആവശ്യമാണ്. 34 മിന്നൽ പരിശോധന വിവിധ ഡിപ്പാർട്ടുമെന്റുകളിലായി ഈ ഗവൺമെന്റിന്റെ കാലത്ത് നടത്തുകയുണ്ടായി. ഗൂഗിൾ പ്ലസ്സ്, വാട്ട്സ് ആപ്പ്, യു ട്യൂബ്, ടിറ്റർ, ഫെയ്സ് ബുക്ക് തുടങ്ങിയവ വഴി ഇനി അഴിമതി കേസ്സുകളിൽ പരാതി കൊടുക്കാൻ ജനങ്ങൾക്ക് സൗകര്യം ചെയ്യുമെന്ന് ആഭ്യന്തരവകുപ്പ് മന്ത്രിയുടെ പ്രസ്താവന ഇന്നത്തെ പത്രങ്ങളിലുണ്ട്.

സെൻട്രൽ ഗവൺമെന്റിനെപ്പോലെ സംസ്ഥാനത്ത് ഒരു വിജിലൻസ് കമ്മീഷൻ രൂപവൽക്കരിക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. എന്റെ സ്നേഹിതൻ വർക്കല കഹാർ പറഞ്ഞതുപോലെ വിജിലൻസിലെ ഡി.ജി.പി. അടക്കമുള്ള ഉയർന്ന ഉദ്യോഗസ്ഥൻമാർ നല്ല ട്രാക്ക് റിക്കാർഡുള്ളവരാണ്. താഴെത്തട്ടിൽ എല്ലാപേരെയും ഞാൻ അടച്ചാക്ഷേപിക്കുന്നില്ല. ലാ ആൻഡ് ഓർഡറിൽ കുറ്റങ്ങൾ ചെയ്യുന്നവരെ നിക്ഷേപിക്കുവാനുള്ള ഒരു ലാവണമായി വിജിലൻസ് ഡിപ്പാർട്ടുമെന്റിനെ മാറ്റുന്നുണ്ട്. മച്ചി പശു തൊഴുത്ത് മാറ്റികെട്ടിയാൽ പ്രസവിക്കുകയില്ല എന്ന് ഗവൺമെന്റ് മനസ്സിലാക്കണം. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പ് മന്ത്രിക്ക് വിജിലൻസ് ഡിപ്പാർട്ടുമെന്റ് വഴി അഴിമതി ഇല്ലതാക്കാൻ ഉള്ള പരിശ്രമങ്ങൾക്ക് ആശംസ നേരുന്നു. ഞാൻ പ്രിന്റിംഗ് ടെക്നോളജി കോഴ്സ് ഭാഗീകമായി പഠിച്ച ഒരാളാണ്. ഷൊർണൂർ ഗവൺമെന്റ് പ്രസ്സിലെ ജീവനക്കാരുടെ പ്രസിഡന്റുമാണ്. പ്രസ്സ് ജീവനക്കാർ അസ്വസ്ഥരാണ്. 1976–ന് ശേഷം അവരുടെ സ്പെഷ്യൽ റൂൾസ് പരിഷ്കരിച്ചിട്ടില്ല. 2001–ൽ ആധുനികവൽക്കരണം തുടങ്ങിയതാണ്, ഇന്നും പൂർത്തിയാക്കിയിട്ടില്ല. ഇങ്ങനെ പോയാൽ കേരള സർക്കാർ പ്രസ്സല്ല, കേരള സർക്കാർ ഗസറ്റ് പ്രസ്സായി നമ്മുടെ സംസ്ഥാനത്തെ പ്രസ്സുകൾ മാറും. കാരണം ഇപ്പോൾ ചെയ്യുന്ന ഏക ജോലി ഗസറ്റ് അച്ചടിക്കലാണ്. ഗസറ്റ് ഓൺലൈൻ വഴി ആക്കിയാൽ നമ്മുടെ പ്രസ്സുകൾ പൂട്ടണം. മെഷിനറി വാങ്ങൽ ഇടയ്ക്കുള്ള ഒരു കലാപരിപാടിയാണ്. ഏതെങ്കിലും ഒരു മേലുദ്യോഗസ്ഥൻ വന്നാൽ ഒരു ഉൾവിളി തോന്നും കുറച്ച് മെഷിനറി വാങ്ങണമെന്ന്. ഷൊർണൂർ ഗവൺമെന്റ് പ്രസ്സിലെ കോടിക്കണക്കിന് രൂപയുടെ മെഷിനറി കാറ്റും മഴയും വെയിലുമേറ്റ് നശിച്ചു കിടക്കുകയാണ്. ഗവൺമെന്റ് പ്രസ്സിൽ ഇതുവരെയും പ്രൊഫഷണലിസം

നടപ്പിലാക്കിയിട്ടില്ല. അതിന് ഗവൺമെന്റ് തയ്യാറാകണം. ആധുനിക നാഗരിക ജീവിതത്തിൽ പ്രത്യേകിച്ചും കേരളം അനുദിനം ഒരു നഗരമായും, ലോകത്തിലെ പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷനായും മാറിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന് വളരെ പ്രാധാന്യമുണ്ട്. ഡിസാസ്റ്റർ മാനേജ്മെന്റ് ആധുനിക കാലഘട്ടത്തിൽ വളരെ പ്രധാനമാണ്. ഈ കണ്ട കാലമിത്രയായിട്ടും നമ്മുടെ ഫയർ ഫോഴ്സിനെ ആധുനികവൽക്ക രിക്കുവാൻ സാധിച്ചിട്ടില്ല. നാലഞ്ച് കൊല്ലം മുൻപ്, എന്റെ മണ്ഡലത്തിൽ ഒരു ക്വാറിയിൽ വെള്ളം കെട്ടി നിന്നിതിൽ ഒരു ചെറുപ്പക്കാരൻ വീണു, ഞാൻ ആ സൈറ്റിൽ എത്തിയപ്പോൾ നാലഞ്ച് പേർ പാതാളക്കരണ്ടിയുമായി വന്ന് ഈ ചെറുപ്പക്കാരനെ തിരയുന്നുണ്ട്. ഫയർഫോഴ്സിലേക്ക് വിളിച്ചപ്പോൾ ഫയർ ഫോഴ്സുകാർ വന്നു അവരും ഒരു പാതാളക്കരണ്ടിയുമായിട്ട് ഇറങ്ങി. പിന്നീട് തിരുവനന്തപുരത്തേക്ക് വിളിച്ച് കൊല്ലത്തുനിന്ന് മുങ്ങൽ വിദഗ്ദ്ധർ വന്നാണ് ആ ചെറുപ്പക്കാരന്റെ മൃതശരീരം പുറത്തെടുത്തത്. നമ്മുടെ ഫയർഫോഴ്സിന് സ്കൈലിഫ്റ്റ് ആവശ്യത്തിനില്ല. ആവശ്യത്തിനുള്ള മുങ്ങൽ വിദഗ്ദ്ധരില്ല. അതുകൊണ്ട് ഫയർഫോഴ്സിനെ ആധുനികവൽക്കരി ക്കുവാൻ, കേരളം പലകാര്യങ്ങളിലും മുന്നോട്ടു പോയെങ്കിലും ഫയർഫോഴ്സ് ഇങ്ങനെ പഴഞ്ചൻ രീതിയിൽ പോകുന്നത് ശരിയല്ല. അതിന് ഫണ്ട് ഒരു പ്രശ്നമാകരുത്. എന്റെ നിയോജകമണ്ഡലത്തിൽ വളരെ ദൂരെ ഷൊർണ്ണൂരും, പെരിന്തൽമണ്ണയിലുമാണ് ഫയർസ്റ്റേഷൻ ഉള്ളത്. എട്ടുപഞ്ചാ യത്ത് ഉള്ളതിൽ ആറ് പഞ്ചായത്തുകൾ നദീതീരത്താണ്. ഭാരതപുഴയിലും, കുന്തിപുഴയിലും മഴക്കാലത്ത് ധാരാളം പേർ വെള്ളത്തിൽവീണ് മരിച്ചു പോകുന്നുണ്ട്. ഈ അടുത്ത ദിവസമാണ് പട്ടാമ്പി പട്ടണത്തിൽ തീപിടിത്തം ഉണ്ടായി കടകൾ കത്തിനശിച്ചത്. ഞാൻ അത് ഒരു സബ്മിഷനിലൂടെ

ഇവിടെ ഉന്നയിച്ചതുകൊണ്ട് ആവർത്തിക്കുന്നില്ല. ആ ഫയർസ്റ്റേഷൻ അനുവദിക്കണമെന്ന് പ്രത്യേകം പറയുന്നു. വിയ്യൂരിൽ ഫയർ റെസ്ക്യൂ അക്കാഡമി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനും പൗരാവകാശ രേഖ തയ്യാറാക്കാനുമുള്ള കാര്യങ്ങൾ ഫയർ സർവ്വീസ് ചെയ്തിട്ടുണ്ട്. 14,500 കോടിരൂപയുടെ പദ്ധതി കേരളത്തിലെ പി.ഡബ്ല്യൂ.ഡി ഇനിയുള്ള കാലത്ത് ആരംഭിക്കുവാൻ പോകുന്നു. 23 പദ്ധതികളുള്ള സ്പീഡ് കേരളയ്ക്ക് 6,000 കോടി രൂപയാണ്. അന്താരാഷ്ട്ര നിലവാരത്തിൽ കേരളത്തിലെ റോഡു കളെ മാറ്റുന്നതിൽ ഈ ഗവൺമെന്റ് നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. കുണ്ടും കുഴിയുമായി കിടന്നിരുന്ന നമ്മുടെ റോഡുകളെ ആധുനിക രീതിയിൽ ഇന്നത്തെ നിലയിലാക്കുന്നതിന് പരിശ്രമിച്ച ഈ ഗവൺമെന്റിനെ, മന്ത്രി ശ്രീ. ഇബ്രാഹിം കുഞ്ഞിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. അധികം ഓട്ടയുള്ള പാത്രങ്ങളാണ് അധികം ശബ്ദിക്കുക എന്നൊരു പഴമൊ ഴിയുണ്ട്. അധികം ശബ്ദിക്കാത്ത ശ്രീ. ഇബ്രാഹിം കുഞ്ഞ് സമർത്ഥമായി ഈ വകുപ്പിനെ നയിച്ചുകൊണ്ടിരിക്കുകയാണ്. നവരത്ന പരിപാടികൾ, പതാക നൗക പദ്ധതികൾ, 8570 കിലോമീറ്റർ ഗ്രാമീണ റോഡുകളടക്കം ഒരുപാട് പദ്ധതികൾ പൊതുമരാമത്ത് വകുപ്പിന്റെ ഗർഭഗൃഹത്തിലുണ്ട്. കെ.എസ്.ടി.പി 2403 കോടി രൂപയുടെ പദ്ധതികളുടെ പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലും ഒരു പദ്ധതിയുണ്ട് എന്നതിൽ എനിക്ക് അഭിമാനമുണ്ട്. പി. ഡബ്ല്യൂ. ഡി. ക്ക് ധനകാര്യവകുപ്പ് അനുവദിക്കുന്ന ഫണ്ട് പോരാ, കോൺട്രാക്ടർമാർക്ക് പണം കിട്ടേണ്ടത് ആവശ്യമാണ്. കോൺട്രാക്ടർമാർക്ക് കുടിശ്ശിക വച്ച അവസാനത്തെ ഗവ ൺമെന്റാണ് ശ്രീ.ഉമ്മൻചാണ്ടി ഗവൺമെന്റ് എന്നൊന്നും പ്രതിപക്ഷം ആക്ഷേപിക്കണ്ട. കേരളത്തിൽ ഒരുപാട് പി.ഡബ്ല്യൂ.ഡി മന്ത്രിമാർ ഭരിച്ചി

ട്ടുണ്ട്, മുഖ്യമന്ത്രിമാർ ഉണ്ടായിട്ടുണ്ട്. ഇതിന്റേയും എത്രയോ ഇരട്ടി പി.ഡബ്ല്യു.ഡി.ക്ക് കുടിശ്ശിക ഉണ്ടായിരുന്നു. നമ്മുടെ റോഡുകളുടെ യഥാർത്ഥ ഉടമസ്ഥാവകാശം ആർക്കാണ്? പി.ഡബ്ല്യൂ.ഡി ക്കാണോ? ബി.എസ്.എൻ.എൽ–നാണോ? വാട്ടർ അതോറിറ്റിക്കാണോ? രാഷ്ട്രീയ പാർട്ടി കൾക്കാണോ? പരസ്യകമ്പനികൾക്കാണോ? ഈ റോഡുകളുടെ ഉടമസ്ഥാവ കാശം പി.ഡബ്ല്യൂ.ഡി.ക്കാണെങ്കിൽ റോഡ് പണികഴിഞ്ഞതിനുശേഷം വെട്ടി പൊളിക്കുന്നത് ബി.എസ്.എൻ. എൽ. –കാരായാലും ഇതര ഡിപ്പാർട്ടുമെന്റു കാരായാലും അവരെ ശ്രീ. ഇ. പി. ഗോപാലന്റെ ശൈലിയിൽ പറഞ്ഞാൽ മുക്കാലിയിൽ കെട്ടി മുള്ളീരത്തിന്റെ കൊമ്പ് കൊണ്ട് അടിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ടെണ്ടർ എടുത്ത് ഉഴപ്പുന്ന കരാറുകാരെ നിലക്കു നിർത്താൻ പി.ഡബ്ല്യൂ.ഡി. യിൽ ഇന്ന് സംവിധാനമില്ല. കരാറുകാരൻ കേസ്സി നുപോകും. കൊതുക് ഉറങ്ങുകയുമില്ല, ഉറങ്ങുന്നവരെ ഉറങ്ങാൻ സമ്മതിക്കു കയുമില്ല എന്ന പരിപാടിക്കാരാണ് ഇത്തരത്തിലുള്ള കരാറുകാർ. അത്തര ത്തിലുള്ള കരാറുകാരെ നിലയ്ക്ക്നിറുത്താൻ വേണ്ടി വന്നാൽ നിയമം ഭേദഗതി ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. പാരാവാരം പോലെ പരന്നുകിടക്കുന്ന കൃഷി വകുപ്പിനെക്കുറിച്ചാണ് എനിക്ക് പറയുവാ നുള്ളത്. ‘നിത്യപ്രസു വസുന്ധര’, എന്നും പ്രസവിക്കുന്ന അമ്മയാണ് ഭൂമി എന്നൊരു ആപ്തവാക്യമുണ്ട്. ഈ അമ്മയോടുള്ള കടപ്പാട് മറക്കാത്തവ നാണ് യഥാർത്ഥ കൃഷിക്കാരൻ. കൃഷി കേവലം അന്നത്തിനുവേണ്ടിയുള്ള ധാന്യങ്ങൾ ഉണ്ടാക്കലോ, മറ്റുതരത്തിലുള്ള ഉത്പാദിപ്പിക്കലോ മാത്രമല്ല, കൃഷി എന്നുപറയുന്നത് ഈ നാടിന്റെ ഒരു സംസ്കാരമാണ്. ആ സംസ്കാര ത്തിനാണ് ഇന്ന് ഭംഗം വന്നുകൊണ്ടിരിക്കുന്നത്. ഇംഗ്ലീഷിൽ അഗ്രിക്കൾച്ചർ

എന്നാണ് നമ്മൾ വിളിക്കുന്നത്. ഇന്ന് കൾച്ചർ എന്നുള്ളത് മാറിക്കഴിഞ്ഞിരിക്കുകയാണ്. ഞാൻ 'അതിൽപ്പാതി വച്ചു വിളമ്പി, കുറെ വിറ്റു ഷെയർ വാങ്ങി, ബാക്കി വിറ്റു കണ്ടം നികത്തി, ലക്ഷംമേനി വിളയുന്ന എൻട്രൻസ് കൃഷി തുടങ്ങി' എന്നരീതിയിലാണ് നമ്മുടെ സമൂഹം മുന്നോട്ടുപൊയ്ക്കോണ്ടിരിക്കുന്നത്. കന്നികൊയ്ത്തു മുതൽ മകര കൊയ്ത്തുവരെ വൈലോപ്പിള്ളി കവിത എഴുതിയിട്ടുണ്ട്. ഇന്ന് വൈലോപ്പിള്ളി ജീവിച്ചിരുന്നുവെങ്കിൽ നമ്മുടെ കൃഷി കണ്ട് കവിത അദ്ദേഹത്തിന്റെ മനസ്സിൽ നിന്ന് ഉറവപൊട്ടില്ല എന്നകാര്യം ഉറപ്പാണ്. കടമ്മനിട്ടയുടെ പ്രശസ്തമായ കവിത, കടമ്മനിട്ട എന്ന കവിത.

നെല്ലിൻ തണ്ടു മണക്കും വഴികൾ
എള്ളിൻ നാമ്പു കുരുക്കും വഴികൾ
എണ്ണം തെറ്റിയ ഓർമ്മകൾ വീണ്ടും
കുന്നിൻചരുവിൽ മാവിൻ കൊമ്പിൽ
ഉണ്ണികളായി ഉറങ്ങി എണീക്കെ
താമരമൊട്ടുകൾ താന്തോന്നിത്തം കാട്ടി
കൽപ്പടവാകെ ഇടിഞ്ഞു പൊളിഞ്ഞ കുളത്തിൻ കടവിൽ
തള്ള തവളകൾ നാമം ചൊല്ലി
കല്ലിനടിയിൽ കാലും നീട്ടിയിരിക്കും നേരം
എണ്ണ നിറച്ചൊരു കിണ്ണവുമായി
തോർത്തുമുടുത്ത് കുളിക്കാനെത്തിയ പുലരിയെ നോക്കി

എന്നുള്ള പ്രസിദ്ധമായ കവിത, കടമ്മനിട്ട ഉണ്ടെങ്കിൽ ഇന്ന് എഴുതാൻ കഴിയില്ല. കായ് കനികളും കിഴങ്ങുകളും ശേഖരിച്ചും നായാടിയും ജീവിച്ച മനുഷ്യർ കാർഷികവൃത്തിയിലേക്ക് നീങ്ങിയത് പുതിയ ഒരു സംസ്കാര

ത്തിന്റെ ഉദയമാണ് കുറിച്ചത്. നവശിലായുഗത്തിലാണ് കാർഷിക വൃത്തിയുടെ കണ്ടുപിടിത്തം.

നവശിലായുഗത്തിലാണ് കാർഷികവൃത്തിയുടെ കണ്ടുപിടിത്തം. കിഴങ്ങുകളും കനികളും കുഴികുഴിച്ച് പറിച്ചെടിക്കാൻ അലഞ്ഞുനടക്കുന്നതിനേക്കാൾ നല്ലത് അവ കൃഷി ചെയ്യുന്നതാണെന്ന് ആദിമ മനുഷ്യന് തോന്നിയപ്പോഴാണ് കൃഷിയുടെ ആരംഭം കുറിച്ചത്. കാട്ടിൽ ചെന്ന് ക്രൂരമൃഗങ്ങളെ നായാടുന്നതിനേക്കാൾ വീട്ടിൽ മൃഗങ്ങളെ വളർത്തുന്നതാണ് നല്ലതെന്ന് അവന് തോന്നി. മാംസത്തിനും പാലിനും കാർഷിക പ്രവർത്തനങ്ങൾക്കും ഭാരം ചുമക്കുന്നതിനും വണ്ടിവലിക്കുന്നതിനും മൃഗങ്ങൾ നല്ലതാണെന്ന് അവന് തോന്നി. ആയിരക്കണക്കിന് പരമ്പരാഗതമായ വിത്തുകളുണ്ടായി. ശാസ്ത്രജ്ഞന്മാർ ലാബുകളിൽ വച്ച് കണ്ടുപിടിക്കുന്ന വിത്തുകളെക്കാൾ എത്രയോ സഹസ്രാബ്ദങ്ങൾക്കുമുമ്പ് കാരണവന്മാർ ഒരുപാട് വിത്തുകൾ കണ്ടുപിടിച്ചു. അതിയൻ, അയണി, അരിക്കൻ, അല്ലിക്കണ്ണൻ, അഴകൻ, നവര, ചെമ്പൻ, കുറുവ, ജീരകശാല, കീരിപ്പാല തുടങ്ങി സമയക്കുറവുമൂലം അതിൽ പലതും ഇവിടെ വായിക്കുന്നില്ല. നമ്മുടെ സംസ്കാരത്തിൽ, കാലാവസ്ഥയ്ക്കനുസരിച്ച് ഒരുപാട് പഴമൊഴികളുണ്ടായി. ഞാറുറച്ചാൽ ചോറുറച്ചു, വിത്തായം ചെന്നാൽ പത്തായം നിറയും, സമ്പത്ത് കാലത്ത് തൈ പത്തുവച്ചാൽ ആപത്തുകാലത്ത് കായ് പത്തു തിന്നാം, അന്നവിചാരം മുന്നവിചാരം, മുച്ചിങ്ങം മഴയില്ലെങ്കിൽ അച്ചിങ്ങം മഴയില്ല. നിലമറിഞ്ഞ് വിത്തിടണം, മുളയിലറിയാം വിള, ഉഴുതുണ്ണുന്നവനെ തൊഴുതുണ്ണണം, മകരത്തിൽ മഴ പെയ്താൽ കുപ്പേലും മാണിക്യം, തിരുവാതിര ഞാറ്റുവേലയിൽ തിരമുറിയാതെ മഴപെയ്യുമെന്നും കർക്കിടകമാസത്തിലെ

കറുത്തവാവിന് ഇക്കരെനിൽക്കുന്ന കാക്ക അക്കരെ പറക്കില്ലെന്നും നമ്മുടെ കാലാവസ്ഥാ വിശാരദന്മാർ കണ്ടുപിടിക്കുന്നതിന് എത്രയോ മുമ്പ് കാരണ വന്മാർ കണ്ടുപിടിച്ചു. അതുപോലെ നമ്മുടെ ഞാറ്റുവേല, എന്റെ സ്നേഹി തൻ ശ്രീ. റ്റി. എൻ. പ്രതാപൻ ഇപ്പോൾ കൊടുങ്ങല്ലൂരിൽ ഞാറ്റുവേലയുടെ സെമിനാർ നടത്തിക്കൊണ്ടിരിക്കുകയാണെന്നുള്ള കാര്യവും ഞാൻ സഭയെ അറിയിക്കുകയാണ്. തുലാം പത്ത് കഴിഞ്ഞാൽ കുലാപൊത്തിലും കിടക്കാ മെന്ന് ഒരു ചൊല്ലുണ്ട്. പാടശേഖരങ്ങളിൽ ചെറുകീടങ്ങളേയും ചാഴിയേയും ഈച്ചയേയുമെല്ലാം ഭക്ഷിച്ച് കൃഷിയെ രക്ഷിച്ചിരുന്ന തവളയും ഞണ്ടും നീർക്കോലിയുമൊക്കെ കുറ്റിയറ്റുപോയി. ഇങ്ങനെ സഹസ്രാബ്ദങ്ങൾ നീണ്ടുനിന്ന കൃഷിയുടെ ജൈവതാളം ഇല്ലാതാക്കി മണ്ണും മനുഷ്യനും നശിക്കാൻ തുടങ്ങിയപ്പോൾ ജൈവകൃഷിയുമായി ശാസ്ത്രജ്ഞന്മാർ രംഗത്തിറങ്ങി. ജൈവകൃഷിയാണ് ആവശ്യമെന്ന് അവർ തന്നെയാണ് ഇപ്പോൾ പറയുന്നത്. കൊണ്ടുനടന്നതും നീയേ ചാപ്പാ, കൊണ്ടുപോയി കൊല്ലിച്ചതും നീയേ ചാപ്പാ. ഇങ്ങനെയുള്ള കൃഷിക്കാരോടാണ് ഹരിത വിപ്ലവത്തിന്റെയും ഭക്ഷ്യസ്വയംപര്യാപ്തതയുടെയും ഭാഗമായി അത്യന്താ ധുനിക നെൽവിത്തുകളും കീടനാശിനികളും രാസവളവുമായി കൃഷി ശാസ്ത്ര വിശാരദന്മാർ ഇറങ്ങുന്നത്. താൽക്കാലികമായി ഉൽപ്പാദനം വർദ്ധി ച്ചുവെങ്കിലും ഈ മണ്ണിന്റെ എല്ലാ ശ്രീത്വവും നശിച്ചു. പുളിരസവും ലവണങ്ങ ളുടെ ആധിക്യവും ടൺ കണക്കിന് കീടനാശിനി പ്രയോഗവും മണ്ണിനെ മാത്ര മല്ല, വെള്ളത്തെയും വായുവിനെയും ഒരു പോലെ മലിനമാക്കി. രാസവളങ്ങ ളുടെയും രാസകീടനാശിനികളുടെയും കലർപ്പില്ലാത്ത മണ്ണ്, വിഷാംശമി ല്ലാത്ത ഉറവകൾ, തനത് രുചിയുള്ള ഭക്ഷണം, ആദിമമായ ശുദ്ധവായു, ആരോഗ്യകരമായ സമൂഹം ഇതൊക്കെ നമുക്ക് പൈതൃകമായി ഉണ്ടായിരുന്ന

സമ്പത്താണ്. ഇതിനെപ്പറ്റി പറയുമ്പോൾ ഇതെല്ലാം ഭ്രാന്താണെന്നും ആധുനിക നാഗരികതയും പരിഷ്കാരവുമാണ് വേണ്ടതെന്നും എല്ലാവരും പറയും. ഇപ്പോൾ കണ്ടാൽ അറിയാത്തവർ, കൊണ്ടാൽ അറിയുന്നു. എല്ലാവരും ഇപ്പോൾ പറയുന്നു, ജൈവകൃഷിയാണ് വേണ്ടതെന്ന്. ഇരുപത്തി യൊന്ന് ലക്ഷത്തിലധികം ഹെക്ടറിലായി അറുപത് ലക്ഷത്തോളം കൃഷിയിട ങ്ങളാണ് കേരളത്തിലുള്ളത്. ഓരോ വർഷവും പത്ത് ശതമാനം കൃഷിയിട ങ്ങൾ വീതം ജൈവ കൃഷി ലക്ഷ്യമിട്ടിരുന്നു. എന്നാൽ, അത് വേണ്ടത്ര രീതി യിൽ പ്രായോഗികമായി വിജയിച്ചിട്ടില്ല. ശ്രീ. കെ. പി. മോഹനൻ, വില്ലാളി വീരനായ പി.ആർ. കുറുപ്പിന്റെ വില്ലാളിവീരനായ മകനാണ്. പി.ആർ. കുറുപ്പ് നല്ലൊരു കൃഷിക്കാരനായിരുന്നു. പൈതൃകമായി കിട്ടിയ ആ കൃഷി ശ്രീ.കെ.പി. മോഹനനെ നല്ലൊരു കൃഷി വകുപ്പുമന്ത്രിയാക്കി എന്നു പറയുന്ന തിൽ വളരെയധികം സന്തോഷമുണ്ട്. ചെറുകിട നാമമാത്ര പെൻഷൻ പദ്ധതി 600 രൂപയായി അദ്ദേഹം വർദ്ധിപ്പിച്ചു. പച്ചക്കറി സ്വയംപര്യാപ്തത, 2400 വിദ്യാലയങ്ങളിലും 113 സ്ഥാപനങ്ങളിലും അദ്ദേഹം പച്ചക്കറികൃഷി നടപ്പി ലാക്കി. ഇനിയുള്ള കാലം കൊണ്ട് കേരളത്തിനാവശ്യമായ വിഷലിപ്ത മല്ലാത്ത പച്ചക്കറിയും പാലും ഉൽപ്പാദിപ്പിക്കാൻ സാധിച്ചാൽ അദ്ദേഹം കേരള ത്തിന്റെ ചരിത്രത്തിൽ ഇടം നേടുമെന്ന് ഞാൻ അദ്ദേഹത്തോട് പറയാൻ ആഗ്രഹിക്കുകയാണ്. കേരകർഷകർക്ക് കൈത്താങ്ങ് നൽകി. മൃഗ സംരക്ഷണം, സംയോജിത കന്നുകാലി വികസന പരിപാടി എന്നൊക്കെ പറയുന്നുണ്ടെങ്കിലും ഇന്നും പാണ്ടിനാട്ടിൽ നിന്ന് കന്നുകാലികളെ കൊണ്ടു വരികയും അതുപോലെ തമിഴ്നാട്ടിൽ നിന്നും വിഷമുള്ള പാലാണ് കേരള ത്തിലേയ്ക്ക് കൊണ്ടുവരികയും ചെയ്യുന്നുണ്ട്. മനുഷ്യന്റെ ആദിമമായ

തൊഴിൽ മൃഗസംരക്ഷണവും കന്നുകാലിവളർത്തലുമാണ്. യേശുക്രിസ്തു പിറന്നുവീണത് പുൽകൂട്ടിലാണ്, മുഹമ്മദ് നബിയുടെ ചെറുപ്പകാലത്ത് ആടിനെ മേയ്ക്കാൻ പോയതായി ഇസ്ലാമിക ചരിത്രം പറയുന്നു. ഭഗവാൻ ശ്രീകൃഷ്ണൻ അറിയപ്പെടുന്നത് ഗോപാലനായിട്ടാണ്. പക്ഷെ, ഈ മൂന്ന് പ്രവാചകന്മാരുടെയും അവതാരപുരുഷന്മാരുടെയും അനുയായികൾ എല്ലാവരും കൂടിയാൽ ലോകത്തിലെ 99 ശതമാനം ജനങ്ങളും അവരാണ്. പക്ഷെ, ഇന്നും സമൂഹത്തിൽ കാലിവളർത്തൽ മാന്യതയുള്ള ഒരു തൊഴിലല്ല. അതുകൊണ്ട് ഈ ഫ്ളാറ്റുകളുടെ സൂകര പ്രസവത്തിനിടയിൽ നമ്മുടെ രാജ്യത്തെ ചെറുപ്പക്കാർ കന്നുകാലികളെ വളർത്താനും തയ്യാറായിക്കൊള്ളണമെന്നില്ല. പക്ഷെ, ഗൾഫ് രാജ്യങ്ങളെയും അമേരിക്കയേയും യൂറോപ്പിനേയും പോലെ കന്നുകാലികളുടെ ഫാമുകൾ ഉണ്ടാക്കാൻ ഗവൺമെന്റ് വിചാരിച്ചാൽ സാധിക്കും; ബാർബർ ഷോപ്പ് നടത്താൻ മടിയുള്ളവൻ അവിടെ ബ്യൂട്ടി പാർലർ എന്ന് എഴുതിവച്ചാൽ അത് മാന്യമായ തൊഴിലായി കാണുന്നതുപോലെ ഈ രംഗത്തേയ്ക്ക് പുതിയ ആളുകൾ കടന്നുവരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഒന്നുരണ്ട് കാര്യങ്ങൾ കൂടി എനിക്ക് പറയാനുണ്ട്. നെൽവയൽ നീർത്തട സംരക്ഷണ നിയമത്തെപ്പറ്റി ഇവിടെ മേനി പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് അത് പാസ്സാക്കിയത്. അത് പാസ്സാക്കാൻ ഞങ്ങളും അനുകൂലിച്ചതാണ്. ഞാൻ അതിന്റെ സെലക്ട് കമ്മിറ്റി മെമ്പറായി ഇന്ത്യ മുഴുവൻ പര്യടനം നടത്താൻ കൂടെപ്പോയ ആളാണ്. മൂന്ന് സെന്റുള്ള പാവപ്പെട്ടവന് ഒരു വീട് വയ്ക്കാൻ ഈ നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ ഇന്ന് സംവിധാനമില്ല. ഉദ്യോഗസ്ഥർ അഴിമതി നടത്തി ആ പാവങ്ങളെ ദ്രോഹിക്കുകയാണ്.

തിരുവനന്തപുരത്തേയ്ക്ക് അയയ്ച്ചാൽ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുടെ ഓഫീസിൽ നിന്ന് അത് നേരെചൊവ്വെ വരുന്നില്ല. ഈ നിയമം ഉണ്ടാക്കിയെന്ന് മേനിപറയുന്നവർ ഈ രാജ്യത്തിലെ പ്രമാണിമാരുടെ കോടീശ്വരന്മാരുടെ ദശകോടീശ്വരന്മാരുടെ, ഒരാളും രണ്ടാളുമല്ല, അവരുടെ കോംപ്ലക്സുകളും കോടികൾ വിലയുള്ള കെട്ടിടങ്ങളും ഉദ്ഘാടനം ചെയ്യാൻ ചെന്ന് ചേറിൽ നിന്ന് ഉദിച്ചുവരുന്ന ചെന്താമരേ, ചെന്താമരേ... എന്ന് പ്രസംഗിച്ച ആളുകളാണ്. ഞങ്ങൾ നെൽവയൽ നീർത്തട സംരക്ഷണ നിയമ മുണ്ടാക്കിയെന്ന് പറയുന്നത്. ഈ കാപട്യം ഈ നാട്ടിലെ ജനങ്ങൾ തിരിച്ചറി യും. പിന്നെ പറഞ്ഞു, ഈ രാജ്യത്തിലെ യു.പി.എ. ഗവൺമെന്റ് പരാജയ പ്പെട്ടത് ബഹുരാഷ്ട്ര കുത്തകകൾക്ക് സേവനം ചെയ്തുകൊടുത്തതുകൊ ണ്ടാണെന്ന്. നന്ദിഗ്രാമിൽ ടാറ്റാ എന്നുപറയുന്ന ബഹുരാഷ്ട്ര കുത്തകയെ ക്ഷണിച്ചുവരുത്തിയവർ, 1957–ൽ ഒരുടൺ മുള ആയിരം രൂപയ്ക്ക് കൊല്ലങ്ങളോളം ബിർളയ്ക്ക് തീറെഴുതികൊടുത്ത് മാവൂരിലേയ്ക്ക് വിളിച്ചു വരുത്തിയവരുടെ ഈ പ്രസംഗം കേൾക്കുമ്പോൾ ചെകുത്താൻ വേദമോതു ന്നതുപോലെ, വേശ്യയുടെ ചാരിത്ര്യ പ്രസംഗംപോലെ മാത്രമേ എനിക്കു തോന്നുന്നുള്ളൂ. എന്റെ സ്നേഹിതൻ എ. എം. ആരിഫ് പറഞ്ഞതിന് ഒരു മറുപടി കൂടി, എൽ.ഡി.എഫ്. തോറ്റതിനെ ഞങ്ങൾ കളിയാക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. നാൽക്കവലയിൽ ഒരു ചെറുപ്പക്കാരനെ ഒരു റൗഡി പൊതിരെ തല്ലുകയാണ്. എല്ലാവരും നോക്കിനിന്നു, അപ്പോൾ അതുവഴി വന്ന ഒരാൾ ഈ ചെറുപ്പക്കാരനെ രക്ഷിക്കാൻവേണ്ടി റൗഡിയോടു പറഞ്ഞു, എന്തിനാടാ ആ പാവത്തെ തല്ലുന്നതെന്ന്, അപ്പോൾ തല്ലുന്നവൻ തല്ലു നിർത്തി. തല്ലുകൊണ്ടവൻ പറഞ്ഞു, നിന്റെ അച്ഛനാണ് പാവമെന്ന്. തല്ലു

കൊണ്ടതിലല്ല അവന് സങ്കടം, പാവമെന്ന് വിളിച്ച് അവനെ അപമാനിച്ചു വെന്ന് പറഞ്ഞിട്ടാണ്. അതുപോലെ ഇവിടെ തോറ്റതിനല്ല സങ്കടം ഞങ്ങൾ അത് ഇവിടെ പ്രസംഗിച്ചതിനാണ്. ആ അഭിപ്രായങ്ങളെ ഞങ്ങൾ അവഗണിച്ചു തള്ളുന്നു. ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

ശ്രീ. എം. ചന്ദ്രൻ: സർ, ഇവിടെ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഫയർ സർവ്വീസിനെ സംബന്ധിച്ച് ഒരുകാര്യം ആദ്യമേതന്നെ സൂചിപ്പിക്കുകയാണ്. ഇപ്പോൾ അൻപത് സെന്റ് സ്ഥലം സൗജന്യമായി കൊടുത്താൽ മാത്രമേ സർക്കാർ ഫയർ സർവ്വീസിന് കെട്ടിടം പണിതുകൊടുക്കുകയുള്ളൂ. ആ വ്യവസ്ഥ നിലവിലുള്ളതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തിലെ പല ഫയർ സർവ്വീസ് സ്റ്റേഷനുകളും ഇന്ന് അനാഥമായ സ്ഥിതിയിലാണ് പ്രവർത്തിക്കുന്നത്. എന്റെ മണ്ഡലത്തിൽ പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിലാണ് ഒരു ഫയർ സർവ്വീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നത്. അതിനൊരു അൻപത് സെന്റ് സ്ഥലം കിട്ടാൻ വേണ്ടി നടന്നു തളർന്നു. പക്ഷെ, സർക്കാരിന്റെ ഭാഗത്തുനിന്ന് അതിനായി അൻപത് സെന്റ് സ്ഥലം വാങ്ങാനുള്ളൊരു നീക്കമുണ്ടാവേണ്ടതല്ലേ. അതുകൊണ്ട് ഈ വ്യവസ്ഥ മാറ്റണമെന്നാണ് ആദ്യമായി അഭ്യർത്ഥിക്കാനുള്ളത്. രണ്ടാമതായി, ഇവിടത്തെ വിജിലൻസ് ആന്റ് ആന്റീ കറപ്ഷൻ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചാണ്. ഈ വകുപ്പ് ഇപ്പോൾ അഴിമതി ആരോപണങ്ങൾ അന്വേഷിച്ച് അഴിമതിക്കാരെയെല്ലാം നല്ലവരാക്കി മാറ്റുന്ന ഒരു പ്രവർത്തന മാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ വിജിലൻസ് കോടതി കൾ അന്വേഷിക്കുന്ന എല്ലാ കേസുകളും അന്വേഷണം നടത്തി തെളിവില്ലെന്ന് കോടതികളിൽ ബോധിപ്പിച്ച് കുറ്റവാളികളെ രക്ഷപ്പെടുത്തുന്ന

ഒരു പണിയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനാണെങ്കിൽ ഇങ്ങനെ യൊരു സ്ഥാപനം അത്യാവശ്യമില്ലല്ലോ? അതുകൊണ്ട് പരാതി കൊടുത്ത വരെ വിളിച്ച് വരുത്തി ബുദ്ധിമുട്ടിക്കുകയും അഴിമതി നടത്തിയവരെ സംരക്ഷിക്കുകയും ചെയ്യുന്ന ആ സമീപനം വിജിലൻസ് അവസാനിപ്പി ക്കണം. മറ്റൊരു കാര്യം പൊതുമരാമത്തിനെ സംബന്ധിച്ചാണ്.

നിർമ്മാണ പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ വിലകുറച്ച് ലഭ്യമാക്കാനുള്ള സംവിധാനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. കോൺട്രാക്റ്റർമാർ ഇപ്പോൾ സമരത്തിലാണെന്ന കാര്യത്തെക്കുറിച്ച് ഇവിടെ എല്ലാവരും പറഞ്ഞതാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമേൽക്കുന്ന കാലത്ത് 1600 കോടി രൂപ കോൺട്രാക്റ്റർമാർക്ക് കുടിശ്ശികയായിരുന്നു. ആ കുടിശ്ശിക കഴിഞ്ഞ കാലത്ത് തീർത്തിട്ടാണ് ടെണ്ടർ എക്സസ് പാടില്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. അങ്ങനെ പണി ചെയ്താലുടനെ പണം കൊടുക്കുന്ന ഒരു സംവിധാനമാണ് എൽ.ഡി.എഫ്. ഗവൺമെന്റുണ്ടാക്കിയത്. അതിന്റെ ഫലമായി ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നാട്ടിൽ നടന്നു. പക്ഷേ ഇന്ന് ഇതിന്റെ സ്ഥിതിയെന്താണ്? 2,500 കോടി രൂപ കൊടുക്കാനുള്ളതുകൊണ്ട് ഒരു ടെണ്ടറും കരാറുകാർ എടുക്കുന്നില്ല. ടെണ്ടറിന് അപേക്ഷകളില്ല. അങ്ങനെ വികസനപ്രവർത്തനങ്ങൾ മുഴുവനും മുരടിച്ചുകിടക്കുന്ന അവസര ത്തിലാണ് നാട്ടിലാകെ വികസനപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാ ണെന്ന് ബഹുമാന്യരായ ഭരണകക്ഷി എം.എൽ.എ.-മാർ പറയുന്നത്. യഥാർത്ഥത്തിൽ വികസനപ്രവർത്തനങ്ങൾ സ്തംഭിച്ചുകൊണ്ടിരിക്കുകയാണ്.

അസറ്റ് ഡെവലപ്മെന്റ് ഫണ്ടിന്റെ കാര്യത്തിൽ 03/06-ന് ഫിനാൻസ് വകുപ്പ് ഒരു ഉത്തരവിറക്കി. അതനുസരിച്ച് അത് എൽ.എസ്.ജി. ഡിപ്പാർട്ടുമെന്റിന് കൊടുത്തു. എം.എൽ.എ.-മാരെല്ലാം അതിന്റെ പരാതിക്കാരാണ്. എന്നാൽ പി.ഡബ്ല്യു.ഡി. 20-01-2012-ന് ഒരു ഉത്തരവിറക്കി. ആ ഉത്തരവനുസരിച്ച് 1415 എഞ്ചിനീയർമാരേയും 564 മിനിസ്റ്റീരിയൽ സ്റ്റാഫിനേയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കണം. ഒറ്റ ആളെപ്പോലും ഇന്നേവരെ വിട്ടുകൊടുത്തിട്ടില്ല. അവിടെ സ്റ്റാഫും എഞ്ചിനീയർമാരുമില്ലാത്ത സ്ഥിതി യിൽ പി.ഡബ്ല്യു.ഡി. കൊടുക്കേണ്ട സ്റ്റാഫിനെ തിരിച്ച് എൽ.എസ്.ജി.ഡി.-ക്ക് കൊടുക്കാതെ ഗവൺമെന്റ് എന്തിനാണ് അസറ്റ് ഡെവലപ്മെന്റ് ഫണ്ട് ചെലവാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചത്? ഗവൺമെന്റിന് ഫണ്ട് ചെലവാക്കണമെന്ന് താൽപ്പര്യമില്ലാത്തതുകൊണ്ടാണ് അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചത്. കേരളത്തിലെ നിർമ്മാണപ്രവർത്തനങ്ങളുടെ ഗുണനിലവാര തകർച്ചയെ സംബന്ധിച്ച് വ്യാപകമായ പരാതികൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ പരാതികളിൽ റോഡുകളും പാലങ്ങളും കെട്ടിടങ്ങളുമൊക്കെ ഉൾപ്പെടുന്നുണ്ട്. രണ്ടുമൂന്ന് കാര്യങ്ങളാണ് പരാതിക്ക് നിദാനമായിട്ടുള്ളത്. അതിൽ ഒന്നാമതായി വരുന്നത് വ്യാപകമായ അഴിമതിയും രണ്ടാമതായി വരുന്നത് ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയും മൂന്നാമതായി വരുന്നത് കരാറുകാരുടെ വെട്ടിപ്പുമാണ്. ഈ മൂന്ന് കാരണങ്ങൾകൊണ്ടാണ് ഗുണനിലവാരത്തകർച്ചയുണ്ടാകുന്നത്. ഇത് പരിഹരിക്കാൻ 14 ജില്ലകളിലും ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് അങ്ങ് പ്രഖ്യാപിച്ചതാണ്. ഏതെങ്കിലും ജില്ലയിൽ ഈ ലബോറട്ടറികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് മറുപടിയിലെങ്കിലും അങ്ങ്

വ്യക്തമാക്കണം. അത് പരിശോധിക്കുന്ന ലബോറട്ടറികൾ സജീവമാക്കാനുള്ള പ്രവർത്തനം ഈ നിലയ്ക്ക് നടത്തണം. അങ്ങയുടെ വകുപ്പിൽ എഞ്ചിനീയർമാരുടെ സ്ഥലംമാറ്റങ്ങൾക്ക് ലക്ഷക്കണക്കിന് കോഴ വാങ്ങുന്നു എന്ന പത്രവാർത്തകൾ വരുന്നുണ്ട്. അങ്ങ് ഇക്കാര്യം ശ്രദ്ധിച്ചിട്ടുണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ വ്യാപകമായ ചർച്ച നടക്കുന്നുണ്ട്. ഇക്കാര്യം ശ്രദ്ധിച്ചില്ലെങ്കിൽ അങ്ങയുടെ പേരും കളങ്കപ്പെടാനുള്ള സാദ്ധ്യതയുണ്ട്. കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇപ്പോൾ അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. ഇന്ന് കൺസ്ട്രക്ഷൻ കോർപ്പറേഷന് ടെണ്ടർ എടുക്കാനായി പല ഇളവുകളും കൊടുത്തിട്ടുണ്ട്. ടെണ്ടറുകാരേക്കാൾ 10 ശതമാനം കൂടിയ തുകയ്ക്ക് കോർപ്പറേഷന് വർക്ക് എടുക്കാം, നിരതദ്രവ്യം 2.5 ശതമാനം കെട്ടിവയ്ക്കേണ്ടതില്ല. ഈ ആനുകൂല്യങ്ങളൊക്കെ ഉപയോഗിച്ച് വർക്കെടുത്ത് കോൺട്രാക്റ്റർമാർക്ക് വിൽപ്പന നടത്തുന്ന ഒരു കോർപ്പറേഷനായി കൺസ്ട്രക്ഷൻ കോർപ്പറേഷൻ മാറിയിരിക്കുകയാണ്. അതുകൊണ്ട് അതിന്റെ സ്ഥിതിയും ഗൗരവമായി പരിശോധിക്കേണ്ടതാണ്. കൃഷിയെ സംബന്ധിച്ച് പറയുമ്പോൾ, കഴിഞ്ഞ സെൻസസ് കണക്കനുസരിച്ച് കേരളത്തിൽ 23 ശതമാനംപേരാണ് ഇപ്പോൾ കൃഷിയുമായി ബന്ധപ്പെട്ട് ജീവിക്കുന്നത്. അതിൽ 16 ശതമാനം കർഷക ത്തൊഴിലാളികളാണ്. 7 ശതമാനമാണ് കൃഷിക്കാരായിട്ടുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് ഈ 23 ശതമാനം ജനങ്ങൾ കൃഷി ചെയ്ത് ജീവിക്കുകയായിരുന്നു. എന്നാൽ കഴിഞ്ഞ 3 വർഷക്കാലയളവിൽ ഈ മനുഷ്യരെല്ലാം കൃഷി ചെയ്ത് മരിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ മേഖല

കളിലും തകർച്ചയാണ് അനുഭവപ്പെടുന്നത്. ഈ സർക്കാർ അല്ല ഇതിനു മുമ്പുണ്ടായിരുന്ന കേന്ദ്ര സർക്കാരിന്റെ നയവൈകല്യങ്ങളും ഇതിനുള്ള പ്രധാനപ്പെട്ട കാരണങ്ങളാണ്. അവരുണ്ടാക്കുന്ന ആഗോള കരാറുകളെല്ലാം കേരളത്തിലെ നാണ്യവിളകളുടെ വിലത്തകർച്ചയെ ബാധിക്കുകയാണ്. റബ്ബറിന് വിലയിടിച്ചത് കഴിഞ്ഞ കോൺഗ്രസ്സ് ഗവൺമെന്റാണ്. മോഡി ഗവൺമെന്റ് അധികാരത്തിൽ വന്നു, അതുകൊണ്ട് ഉടനെ കൃഷി വകുപ്പു മന്ത്രി അവിടെപ്പോയി ഇതിന് പരിഹാരമുണ്ടാക്കണമെന്നാണ് ഇപ്പോൾ ചിലർ പറയുന്നത്. 1600 ടൺ റബ്ബർ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചത് കേരള ത്തിൽനിന്ന് 8 മന്ത്രിമാരുള്ളപ്പോഴായിരുന്നു എന്ന കാര്യം നിങ്ങൾ വിസ്മരി ക്കുകയാണ്. അതിന്റെ ഫലമായിട്ടല്ലേ 240 രൂപയുണ്ടായിരുന്ന റബ്ബറിന്റെ വില 145 ആയി ചുരുങ്ങിയത്? റബ്ബർ ഉല്പാദനത്തിന്റെ 87.3 ശതമാനം കേരളത്തിൽ നിന്നാണ്. അതുകൊണ്ട് റബ്ബറിന്റെ വിലയിടിവ് കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെത്തന്നെ രൂക്ഷമായി ബാധിച്ചിരിക്കുകയാണ്. അതുപോലെത്തന്നെ കേന്ദ്ര നയത്തിന്റെ ഭാഗമായിട്ടുണ്ടാകുന്ന കീടനാശിനി യുടേയും രാസവളത്തിന്റേയും വില വർദ്ധനവെല്ലാംതന്നെ കാർഷിക മേഖല യുടെ തകർച്ചയ്ക്ക് വഴിവച്ചിരിക്കുകയാണ്. ഇതിനുള്ള പരിഹാരമൊന്നും ‘മിഷൻ 676’-ൽ അങ്ങ് ഉപദേശിക്കുന്നില്ല. സംഭരിച്ച നെല്ലിന്റെ വില കൊടു ക്കാത്തത് കൃഷിക്കാരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുന്നതാണെന്ന് ഇവിടെ എല്ലാവരും പറഞ്ഞു. ജനുവരി മാസത്തിൽ സംഭരിച്ച നെല്ലിന്റെ വില ഇതുവരെ കൊടുത്തിട്ടില്ല. എങ്ങനെയാണ് കൃഷിക്കാർ കടക്കെണിയിൽപ്പെടാ തിരിക്കുന്നത്; കടക്കെണിയിൽപ്പെടുത്തുന്നതുതന്നെ ഈ ഗവൺമെന്റിന്റെ

നയവൈകല്യം കൊണ്ടല്ലേ? അങ്ങ് ഇവിടെ കാർഷിക മേഖലയുടെ വളർച്ചയെ സംബന്ധിച്ച് പറഞ്ഞു. 2013-ലെ സാമ്പത്തിക അവലോകന പ്രകാരം എല്ലാ രംഗത്തും കാർഷിക മേഖലയുടെ വിസ്തീർണ്ണം കുറഞ്ഞിരിക്കുകയാണ്, ഉല്പാദനം കുറഞ്ഞിരിക്കുകയാണ്. നെല്ലാണെങ്കിൽ 2011-2012 –ൽ 2,08,160 ഹെക്ടറുണ്ടായിരുന്നു. അത് ഇപ്പോൾ 1,97,279 ആയി കുറഞ്ഞു. ഉല്പാദനമാണെങ്കിൽ 5,08,299 ടൺ ആയികുറഞ്ഞു. അതുപോലെ നാളികേരം, 8,20,000 ഹെക്ടർ ഉണ്ടായിരുന്നത് 7,98,162 ഹെക്ടറായി കുറഞ്ഞിരിക്കുന്നു. എല്ലാ വിളവുകളുടേയും വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പിന്നെ എങ്ങനെയാണ് കാർഷിക മേഖല മെച്ചപ്പെട്ടുവെന്ന് നിങ്ങൾ പറയുന്നത്? 2012-2013–ൽ ഏറ്റവും കുറഞ്ഞ നിലയിലാണ് ഭക്ഷ്യവിളകളുടെ ഉല്പാദനം ചെന്നെത്തിനിൽക്കുന്നത്. നമുക്ക് ആവശ്യമുള്ള കൃഷിയുടെ 12 ശതമാനംപോലും ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല. ഇപ്പോൾ അങ്ങ് ഇവിടെ അവതരിപ്പിച്ച 'മിഷൻ 676'-ൽ തെങ്ങിന്റെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കുറിയ തെങ്ങുകൾ ഉല്പാദിപ്പിച്ച് കൊടുക്കാമെന്ന് പറഞ്ഞു. അതിന്റെ ഫോട്ടോയൊക്കെ കണ്ടു. ഈ തെങ്ങ് വലുതാകില്ലേ; അത് വലുതായാലും കുറിയതായിത്തന്നെ നിൽക്കുമോ? അങ്ങ് ഇക്കാര്യം മറുപടിയിൽ വ്യക്തമാക്കിയാൽ തരക്കേടില്ല. തേങ്ങയിടാൻ ആളെക്കിട്ടാത്ത സ്ഥലത്ത് ഈ കുറിയ തെങ്ങ്......... ഒരു കുട്ടി ജനിച്ചാൽ അത് ജനിച്ചപടി തന്നെ ഇരിക്കുമോ; അത് വലുതാകില്ലേ; അതിന് വളർച്ചയില്ലേ; പ്രകൃതിദത്തമല്ലേ അതിന്റെ വളർച്ച? അങ്ങനെ വളരുമ്പോൾ തേങ്ങയിടാൻ ആളെ എവിടെ നിന്ന് കൊണ്ടുവരും. അതുപോലെതന്നെ കാറ്റുവീഴ്ച എന്ന

മഹാരോഗമാണ് തെങ്ങ് കൃഷിയെ തകർത്തത്. ഈ പുതിയ തെങ്ങിന് കാറ്റു വീഴ്ചാ രോഗത്തെ തടയാനുള്ള പ്രതിരോധശേഷിയുണ്ടോ? അങ്ങ് ഇക്കാര്യം മറുപടി പ്രസംഗത്തിൽ വ്യക്തമാക്കണം. ഒരു തെങ്ങ് വച്ചാൽ 5 കൊല്ലം കഴിഞ്ഞിട്ടാണ് അത് കായ്ക്കുമോ ഇല്ലയോ എന്നറിയുന്നത്. അതുവരെ കാത്തിരുന്നിട്ട് കാറ്റുവീഴ്ച വന്ന് നശിച്ചുപോയാൽ അതിന്റെ ഉത്തരവാദിത്വം ആര് വഹിക്കും? പുതിയ കൃഷി രീതി കെട്ടിയേൽപ്പിക്കാൻ വളരെ എളുപ്പ മാണ്. പക്ഷേ അതിൽ നിന്ന് ജീവിക്കുന്ന മനുഷ്യരുടെ ജീവിതത്തെ സംബന്ധിച്ച് ചിന്തിക്കാതെയുള്ള കെട്ടിയേൽപ്പിക്കൽ ഗുണകരമാകില്ലെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കെ. പി. മോഹനന്റെ പാർട്ടി 2009-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയിലുള്ള ജനതാദളിൽ നിന്ന് പിളർന്നുപോയതാണ്. ഞങ്ങൾ ആവശ്യപ്പെട്ട സീറ്റ് തന്നില്ലായെന്നാണ് അന്ന് അതിനൊരു കാരണമായിപ്പറഞ്ഞത്. അന്ന് സീറ്റ് കൊടുക്കില്ലെന്ന് എൽ.ഡി.എഫ്. പറഞ്ഞിട്ടില്ല. വയനാട് സീറ്റ് കൊടുക്കാമെന്ന് പറഞ്ഞിട്ട് അത് പോരാ, കോഴിക്കോട് സീറ്റുതന്നെ വേണമെന്ന് പറഞ്ഞിട്ട് എൽ.ഡി.എഫ്.-ൽ നിന്ന് നിങ്ങൾ യു.ഡി.എഫ്.-ലേയ്ക്ക് ചേക്കേറിയതാണ്. ഇപ്പോൾ നിങ്ങൾ ആവശ്യപ്പെട്ട സീറ്റ് കിട്ടിയോ? കോഴിക്കോടും വടകരയും ആവശ്യപ്പെട്ടു, കിട്ടിയില്ല, പാലക്കാടാണ് കിട്ടിയത്. പാലക്കാട് ദയനീയമായ നിലയിൽ നിങ്ങ ളുടെ നേതാവിനെ കോൺഗ്രസ്സുകാർ തോൽപ്പിച്ചുവിട്ടു. കഴിഞ്ഞ 2011-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥികൾക്ക് കിട്ടിയതിനേക്കാൾ 60,000 വോട്ട് കുറവായിട്ടാണ് ശ്രീ. വീരേന്ദ്രകുമാറിന് കിട്ടിയത്. അന്ന് ചെന്ന സ്ഥലം വളരെ നല്ല സ്ഥലമാണ്. അങ്ങയുടെ പാർട്ടിയോടും വലിയ

ബഹുമാനമുള്ളവരാണ് കോൺഗ്രസ്സുകാരും മുസ്ലീംലീഗുകാരുമെന്ന് അതിൽനിന്ന് വ്യക്തമായി തെളിഞ്ഞില്ലേ? അതുപോലെ ഇപ്പോൾ ഞങ്ങളുടെ കൂടെനിന്ന് പോയതാണ് ആർ.എസ്.പി. ഞങ്ങളുംകൂടി യു.ഡി.എഫ്.-ലേയ്ക്ക് ചെല്ലണമെന്നാണ് അതിന്റെ നേതാവ് ശ്രീ. എ. എ. അസീസ് ഇവിടെ പ്രസംഗി ക്കുമ്പോൾ പറഞ്ഞത്. അദ്ദേഹം എല്ലാവരേയും യു.ഡി.എഫ്.-ലേയ്ക്ക് ക്ഷണിച്ചു. ചിലന്തി വലയിൽപ്പെട്ട ഈച്ച രക്ഷപ്പെടാൻ മാർഗ്ഗമില്ലാതെ വന്നപ്പോൾ മറ്റ് ഈച്ചകളെക്കൂടി അതിലേയ്ക്ക് ക്ഷണിക്കുന്ന ഒരു സ്ഥിതി യാണ് ഇപ്പോൾ ആർ.എസ്.പി.-ക്കുളളത്. രക്ഷപ്പെടാൻ മാർഗ്ഗമില്ല. അതിന്റെ അഖിലേന്ത്യാ കമ്മിറ്റികൂടി എടുത്ത ഒരു തീരുമാനമുണ്ട്. ഒരു പാർട്ടി ഇന്നേ വരെ അങ്ങനെ ഒരു തീരുമാനമെടുത്തുണ്ടാകില്ല. ബംഗാളിൽ എൽ.ഡി.എഫ്. -നൊപ്പവും കേരളത്തിൽ യു.ഡി.എഫ്-നൊപ്പവും നിൽക്കാനാണ് അവർ തീരുമാനിച്ചത്. ഗുജറാത്തിൽ ആ പാർട്ടി ഇല്ലാത്തത് നമ്മുടെ ഭാഗ്യം. അല്ലെങ്കിൽ ബി.ജെ.പി.-യ്ക്കൊപ്പം നിൽക്കാൻ അവിടെയും തീരുമാനിച്ചിട്ടു ണ്ടാകും. അങ്ങനെ ഒരു പാർട്ടി കേരളത്തിലുണ്ടോ; ഇന്ത്യാ രാജ്യത്ത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? ഇവിടെ ഭരണകക്ഷി എം.എൽ.എ.-മാരും കോൺഗ്രസ്സിന്റെ നേതാക്കൻമാരുമൊക്കെ പറയുന്നത് കേട്ടു, കോൺഗ്രസ്സിനെ ശക്തിപ്പെടുത്തിയാലേ ബി.ജെ.പി.-യെ പരാജയപ്പെടുത്താൻ കഴിയുകയുള്ളൂ, അതുകൊണ്ട് കോൺഗ്രസ്സിനെ ശക്തിപ്പെടുത്തണം, എല്ലാ വരുംകൂടി ഞങ്ങളെ ശക്തിപ്പെടുത്തണമെന്ന്. നിങ്ങൾ കഴിഞ്ഞ 10 വർഷക്കാ ലമായി അധികാരത്തിലിരുന്ന പാർട്ടിയല്ലേ; നിങ്ങൾ എന്തുകൊണ്ട് തോറ്റു എന്ന് പരിശോധിക്കണ്ടേ; ജനങ്ങൾ അധികാരമേൽപ്പിച്ചതല്ലേ; 2004-ൽ ഞങ്ങൾ 61 എം.പി.-മാർ പിന്തുണ നൽകി സഹായിച്ചിട്ട് നിങ്ങളുടെ

ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവന്നതല്ലേ; അതിനുശേഷം നിങ്ങൾ അഞ്ചുവർഷം ഭരിച്ചില്ലേ? നിങ്ങൾ അധികാരത്തിൽനിന്ന് പോയി എന്നു പറഞ്ഞിട്ട് ഇപ്പോൾ എല്ലാവരുംകൂടി ഞങ്ങളെ ശക്തിപ്പെടുത്തണം, ഞങ്ങളെ ശക്തിപ്പെടുത്തണമെന്ന് പറയുമ്പോൾ ആ വാക്കും വിശ്വസിച്ച് നിങ്ങളെ ശക്തിപ്പെടുത്താൻ പോയാൽ എണ്ണ തേച്ചിട്ട് വാഴയിൽ കയറിയ അനുഭവ മാണ് മറ്റുള്ളവർക്കുണ്ടാകുന്നത്. കോൺഗ്രസ് നേരെയാകുകയുമില്ല, മറ്റുള്ളവർ തകരുകയും ചെയ്യും. നിങ്ങൾ 1991 മുതൽ ഇവിടെ നടപ്പിലാക്കിയ സാമ്പത്തിക നയത്തിനെതിരായി ഇന്ത്യാ രാജ്യത്തെ ജനങ്ങളെ സംഘടിപ്പിച്ച് പോരാട്ടം നടത്തിയ പ്രസ്ഥാനങ്ങളാണ് ഇവിടത്തെ ഇടതുപക്ഷ പ്രസ്ഥാന ങ്ങൾ. നിങ്ങൾക്കും ബി.ജെ.പി.-ക്കും സാമ്പത്തിക നയത്തിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? ബാങ്ക് മേഖലയിലും എൽ.ഐ.സി.-യിലും 49 ശതമാനം വിദേശനിക്ഷേപം അംഗീകരിച്ചു. ഇതിനൊക്കെ ബി.ജെ.പി. നിങ്ങൾക്ക് പിന്തുണ നൽകി. ചില്ലറ വ്യാപാര മേഖലയിൽ 100 ശതമാനം വിദേശനിക്ഷേ പത്തിന് ബി.ജെ.പി. നിങ്ങൾക്ക് പിന്തുണ നൽകിയില്ലേ? ഇപ്പോൾ അവർ 100 ശതമാനം വിദേശനിക്ഷേപം പ്രതിരോധ മേഖലയിൽ കൊണ്ടുവന്നപ്പോൾ നിങ്ങൾക്ക് എന്തെങ്കിലും അഭിപ്രായ വ്യത്യാസവുമുണ്ടോ? ഈ രംഗത്ത് നിങ്ങളും ബി.ജെ.പി.-യും തമ്മിൽ അഭിപ്രായവ്യത്യാസമില്ല. കോൺഗ്രസ് നേതാക്കൻമാരും ബി.ജെ.പി.യുടെ നേതാക്കൻമാരും തമ്മിൽ വലിയ വ്യത്യാസമൊന്നും ഞങ്ങൾക്ക് കാണാനില്ല. കോൺഗ്രസ് നേതാക്കൻമാരിൽ പലരും ഖദർ മുണ്ടുടുക്കുന്നവരാണ്. അതിന്റെ അടിയിൽ എപ്പോഴും അവർ കാക്കി ട്രൗസർ സൂക്ഷിച്ചിട്ടുണ്ടാകും. മുണ്ട് ഉടുത്താൽ കോൺഗ്രസും മുണ്ട് അഴിച്ചാൽ ആർ.എസ്.എസ്-ഉം ആണ്. അതാണ് പല കോൺഗ്രസ് നേതാക്ക

ൻമാരുടെയും സ്ഥിതി. ഇലക്ഷന് അടുത്ത കാലത്ത് 56 എം.പി. മാരല്ലേ കൂറുമാറിയത്; അവരിൽ പലരും ബി.ജെ.പി. ടിക്കറ്റിൽ നിന്നില്ലേ? അപ്പോൾ കോൺഗ്രസ്സും ബി.ജെ.പി.-യും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? ബി.ജെ.പി. ടിക്കറ്റിൽനിന്ന് പലരും ജയിച്ചു. അതിൽ കഴിഞ്ഞ പ്രാവശ്യം നിങ്ങളുടെ കൂടെയുള്ള മന്ത്രിമാരിൽ പല മന്ത്രിമാരുമുണ്ടായിരുന്നില്ലേ? നിങ്ങൾ തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടായിരുന്നോ? ആ രൂപത്തിൽ നിൽക്കുന്ന ഒരു കോൺഗ്രസ്സിനെ സഹായിച്ചുകൊണ്ട് ഈ രാജ്യത്ത് ബി.ജെ.പി.-യുടെ വർഗ്ഗീയതയെ ചെറുക്കാമെന്ന് ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. ഈ രാജ്യത്തെ മതനിരപേക്ഷ ശക്തികളെ യോജിപ്പിച്ച് അണിനിരത്തിക്കൊണ്ട് എതിർക്കാൻ കഴിയും. കോൺഗ്രസ്സിന് അതിന് കഴിയില്ല, കോൺഗ്രസ്സിന് അതിന് ത്രാണിയില്ല, അത് ജനാധിപത്യപരമായി പ്രവർത്തിക്കുന്ന ഒരു പാർട്ടിയേ അല്ല. നിങ്ങൾക്കറിയാം, ഇപ്പോൾ കോൺഗ്രസ്സ് തേടുന്നത് ഒരു ഹൈക്കമാന്റിനെയാണ്. കോൺഗ്രസ് തോറ്റപ്പോൾ അതിന്റെ വർക്കിംഗ് കമ്മിറ്റി ഡൽഹിയിൽ കൂടി. അന്ന് അമ്മയും മകനും രാജിവയ്ക്കുകയാണെന്ന് പറഞ്ഞു. അമ്മയും മകനും രാജിവച്ചാൽപ്പിന്നെ പ്രസിഡന്റുമില്ല, വൈസ് പ്രസിഡന്റുമില്ല. ഉടനെ എല്ലാവരുടേയും നിലവിളി തുടങ്ങി. കാരണം, വർക്കിംഗ് കമ്മിറ്റിയിലെ പ്രസിഡന്റും വൈസ് പ്രസിഡന്റും രാജിവച്ചാൽപ്പിന്നെ അത് പിരിച്ചുവിടാൻ ഇൻഡ്യൻ പ്രസിഡന്റ് വരണ്ടേ; വർക്കിംഗ് കമ്മിറ്റിയിൽ വേറെ ആളുണ്ടോ? ജനാധിപത്യപരമായി പ്രവർത്തിക്കാത്തതിന്റെ ദോഷമാണ് അത്. ഇപ്പോൾ നിങ്ങൾക്ക് ഒരു ഹൈക്കമാന്റിനെ വേണം. അതിന് നിങ്ങൾ ശ്രീമതി പ്രിയങ്കാ ഗാന്ധിയെ തേടുകയാണ്.

അതല്ലാതെ നിങ്ങൾക്കൊരു നേതാവുണ്ടോ? നിങ്ങൾക്കൊരു നേതാവില്ല, നോമിനേഷനാണ്. കഴിഞ്ഞ ദിവസം ഇവിടെ നിയമസഭയിൽ ശ്രീ.പി.സി..........

മി. സ്പീക്കർ: ശ്രീ. എം. ചന്ദ്രൻ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. ചന്ദ്രൻ: ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. ശ്രീ. പി. സി. വിഷ്ണുനാഥിനെ കെ.പി.സി.സി. സെക്രട്ടറിയായി നോമിനേറ്റ് ചെയ്തപ്പോൾ ഇവിടെ നമ്മുടെ കോൺഗ്രസ്സുകാരൊക്കെ അഭിനന്ദിക്കുന്നത് കണ്ടു. അത് ടി.വി.-യിൽ കണ്ടിട്ടാണ് അവർ അറിഞ്ഞത്. അതാണ് കോൺഗ്രസ് പാർട്ടി യുടെ സ്ഥിതി. കോൺഗ്രസ്സിന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറി ഇവിടെ ഇരിക്കുന്നുണ്ട്. അദ്ദേഹമാണ് അഭിനന്ദിക്കാൻ പോയത്. ആദ്യം അറിഞ്ഞത് ടി.വി.-യിൽ നിന്നാണ്. ഏതോ ഹൈക്കമാന്റ് നോമിനേറ്റ് ചെയ്തു. അതിന്റെ കൂടെ വേറൊരു സെക്രട്ടറിയെക്കൂടി നോമിനേറ്റ് ചെയ്തു. വേറൊരു വൈസ് പ്രസിഡന്റിനെ നോമിനേറ്റ് ചെയ്തു. അതാണ് കേട്ടപ്പോൾ അത്ഭുതപ്പെട്ടത്. ശ്രീ. പീതാംബരക്കുറുപ്പ് xxxxxx[+] അങ്ങനെയുള്ള ഒരാളെയാണ് കെ.പി.സി. സി.-യുടെ വൈസ് പ്രസിഡന്റായിട്ട് നിങ്ങൾ നോമിനേറ്റ് ചെയ്തത്. അങ്ങ നെയുള്ള ആളുകളാണ് കോൺഗ്രസ്സിലുള്ളത്. സരിതാ എസ്. നായരെക്കൂടി കെ.പി.സി.സി.-യുടെ വൈസ് പ്രസിഡന്റായിട്ട് നോമിനേറ്റ് ചെയ്തിരുന്നെ ങ്കിൽ നിങ്ങളുടെ ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിക്ക് ഈ ഗതിവരുമായിരുന്നില്ല. ഒളിവിൽ പോകേണ്ട കാര്യം വരില്ല. ഇതാണ് പാർട്ടി. ജനാധിപത്യമില്ലാത്ത പാർട്ടിക്ക് ഇന്ത്യാ രാജ്യത്ത് ബദലാകാൻ കഴിയുമോ? .....(ബഹളം)...... ബി. ജെ.പി.-യെ അധികാരത്തിൽ കൊണ്ടുവന്നതിന്റെ ഉത്തരവാദിത്വം വഹിക്കേ ണ്ടത് ഈ പാർട്ടിയാണ്.

---

[+] രേഖയിൽനിന്നും നീക്കംചെയ്തു.

മി. സ്പീക്കർ: 6 മിനിറ്റായി.

ശ്രീ. എം. ചന്ദ്രൻ: സർ, ഒരു പോയിന്റുകൂടി പറഞ്ഞിട്ട് ഞാൻ അവസാനിപ്പിക്കാം. പലർക്കും 8 മിനിറ്റും 10 മിനിറ്റും കൊടുത്തു.

മി. സ്പീക്കർ: ഇല്ല......

ശ്രീ. എം. ചന്ദ്രൻ: സർ, ഞങ്ങൾ 2004-ൽ നിങ്ങളുടെ ഗവൺമെന്റിന് പിന്തുണ തന്നു..... സമയമില്ല, ഞാനൊന്ന് പറഞ്ഞോട്ടേ. ബഹുമാനപ്പെട്ട സ്പീക്കർ, സമയമില്ല സമയമില്ലായെന്ന് പറയുന്നു. ........(ബഹളം)....... 2004-ൽ ഇടതുപക്ഷത്തിന് പാർലമെന്റിൽ 61 സീറ്റുണ്ടായിരുന്നു. ഇന്നത്തെ കോൺഗ്രസ്സിന്റെ 44 സീറ്റ് സി.പി.എം.-ന് അന്ന് പാർലമെന്റിൽ കിട്ടി. ഞങ്ങൾ കോൺഗ്രസ്സുമായി മുന്നണി ഉണ്ടാക്കിയിട്ടല്ല വന്നത്. കോൺഗ്രസ്സിനോട് ഇഞ്ചോടിഞ്ച് പൊരുതിയിട്ടാണ് 61 സീറ്റിൽ ഞങ്ങൾ ജയിച്ചത്. ജയിച്ച് അധികാരത്തിൽ വന്നപ്പോൾ അധികാരത്തിലേറാൻ കോൺഗ്രസ്സിന് ഭൂരിപക്ഷമില്ലായെന്ന് വന്നപ്പോൾ ഞങ്ങളാണ് ഏകപക്ഷീയമായി പിന്തുണ പ്രഖ്യാപിച്ചത്. ഞങ്ങൾക്ക് കോൺഗ്രസ്സിന്റെ ശുപാർശ ആവശ്യമില്ല.

മി. സ്പീക്കർ: നാലഞ്ചുപേർക്ക് പോയിന്റ് ഓഫ് ഓർഡർ വേണം. ......(ബഹളം)......

ശ്രീ. എം. ചന്ദ്രൻ: സർ, ഞങ്ങൾക്ക് അധികാരത്തിൽ പങ്കാളിത്തം ആവശ്യമില്ലെന്ന് ഞങ്ങൾ പറഞ്ഞു.

മി. സ്പീക്കർ: എത്ര പേർക്ക് പോയിന്റ് ഓഫ് ഓർഡർ വേണം. ......(ബഹളം)......

ശ്രീ. എം. ചന്ദ്രൻ: സർ, എന്നെ സംസാരിക്കാൻ അനുവദിക്കണം. ......(ബഹളം)......

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡർ എത്രപേർക്ക് വേണം? ........(ബഹളം)...... അത് എങ്ങനെയാണ് മൂന്നുനാല് പേർക്ക് കൊടുക്കുന്നത്? ........(ബഹളം)......

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, എന്നെ സംസാരിക്കാൻ അനുവദിക്കണം.

<u>മി. സ്പീക്കർ</u>: യെസ്.... യെസ്...... പ്ലീസ്.... പ്ലീസ്.....

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഇത് ഈ സഭയിൽ എത്രയോ പ്രാവശ്യം ചർച്ച ചെയ്യപ്പെട്ട കാര്യമാണ്. ശ്രീ. പീതാംബരക്കുറുപ്പ് എന്നുപറയുന്ന എക്സ് എം.പി., അദ്ദേഹം സഭയിൽ ഇല്ല. XXXXXXX+ പറയുന്നത് മര്യാദ യാണോ? സഭാരേഖകളിൽ നിന്ന് അത് നീക്കം ചെയ്യണം.

<u>മി. സ്പീക്കർ</u>: യെസ്....... യെസ്........

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, ഇതിലപ്പുറം ഇവരൊക്കെ വിളിച്ചുപറഞ്ഞിരിക്കുന്നു. ശ്രീ. പിണറായി വിജയനെ സംബന്ധിച്ച് എന്തെല്ലാമാണ് ശ്രീ. വർക്കല കഹാർ പറഞ്ഞത്. അന്ന് എവിടെയായിരുന്നു? .....(ബഹളം)...... പറയാനൊക്കെ അവകാശമുണ്ട്.

<u>മി. സ്പീക്കർ</u>: ചർച്ച തീരണ്ടേ. .....(ബഹളം)......

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, XXXXX നമ്മൾ ടി.വി. ചാനലിലൊക്കെ കണ്ടില്ലേ? .....(ബഹളം)..... ടി.വി. ചാനലിലൊക്കെ കണ്ടു. .....(ബഹളം)..... ഈ പറയുന്ന കാര്യം അസംബന്ധമല്ല. ടി.വി. ചാനലിലും പത്രങ്ങളിലും കണ്ട കാര്യമാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. എം. ചന്ദ്രൻ....... യെസ്...... യെസ്..... (ബഹളം).... പ്ലീസ്.... പ്ലീസ്.....

---

+ രേഖയിൽനിന്നും നീക്കംചെയ്തു.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, നമ്മുടെ സഭയ്ക്കും അന്തസ്സിനും യോജിക്കാത്ത തരത്തിലുള്ള പദപ്രയോഗങ്ങൾ രേഖയിൽനിന്ന് മാറ്റണം. ......(ബഹളം)......

<u>മി. സ്പീക്കർ</u>: സഭയിലില്ലാത്ത ആരെക്കുറിച്ച് ആര് എന്തു പറഞ്ഞാലും അതൊന്നും രേഖയിലുണ്ടാകുകയില്ല. പ്ലീസ്...... അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, മുഖ്യമന്ത്രിക്ക് ശ്വേതാമേനോൻ കൊടുത്ത പരാതിയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അത് പറയാൻ എനിക്ക് അവകാശമില്ലേ? അത് പറയാൻ പറ്റില്ല എന്ന് എങ്ങനെയാണ് പറയാൻ കഴിയുന്നത്? ശ്വേതാമേനോൻ മുഖ്യമന്ത്രിക്ക് പരാതി കൊടുത്തിട്ടില്ലേ? പോലീസ് സ്റ്റേഷനിൽ പരാതി കെടുത്തിട്ടില്ലേ? കേസ് രജിസ്റ്റർ ചെയ്തില്ലേ? അത് പിൻവലിച്ചിട്ടില്ലേ?

<u>മി. സ്പീക്കർ</u>: അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, അതു ഞാൻ അംഗീകരിക്കാം. ഇവിടെ പറഞ്ഞത് ശരിയല്ലെന്ന് പറയാൻ പറ്റുകയില്ല. പത്രവാർത്തകളാണ് ഇവിടെ ഉദ്ധരിച്ചത്. എഫ്.ഐ.ആർ.-ലെ കാര്യമാണ്....

<u>മി. സ്പീക്കർ</u>: പത്ര വാർത്തകളിൽ പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള സ്ഥലമല്ല നിയമസഭ.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, എഫ്.ഐ.ആർ.-ഉം ഉണ്ട്. ....(ബഹളം)..... എഫ്.ഐ.ആർ.-ഉം ഉണ്ടായിരുന്നു. പിന്നീട് പിൻവലിച്ചതാണ്. നിങ്ങൾ അത്ര യോഗ്യന്മാരാകണ്ട. എഫ്.ഐ.ആർ.-ൽ ഉള്ളതാണ് പറഞ്ഞത്. ....(ബഹളം)..........

മി. സ്പീക്കർ: ശ്രീ എം. ചന്ദ്രൻ, പ്ലീസ് കൺക്ലൂഡ്. ആവശ്യമില്ലാതെ പറയുകയാണ്. ......(ബഹളം)....

ശ്രീ. എം. ചന്ദ്രൻ: സർ, ഞാനത് പറഞ്ഞുപോയതാണ്.......(ബഹളം)... ഒരു പോയിന്റുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

മി. സ്പീക്കർ : ഒരു പോയിന്റും വേണ്ട. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എം. ചന്ദ്രൻ: സർ, എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ശ്രീ. സി. പി. മുഹമ്മദിന് പത്തു മിനിട്ട് അധികം സമയം കൊടുത്തു. എനിക്ക് മാത്രം എന്തിനാണ് സമയം കുറയ്ക്കുന്നത്. എല്ലാവർക്കും പത്തു മിനിട്ട് കൊടുക്കാമെങ്കിൽ എനിക്കും സമയം തരണം. അതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. അങ്ങേയ്ക്ക് അലോസരമുണ്ടാക്കുന്നില്ല. .....(ബഹളം)...... എന്ത് തോന്ന്യാസവും പറയാം. .....(ബഹളം)...... പരാതി പറഞ്ഞതല്ലേ? ഞാൻ അവസാനിപ്പിക്കുകയാണ്. 2004–ൽ ഞങ്ങൾ ഏകപക്ഷീയമായിട്ടാണ് കോൺഗ്രസ്സിന് പിൻബലം കൊടുത്തത്. അല്ലാതെ കോൺഗ്രസ്സുമായി മുന്നണി ഉണ്ടാക്കിയിട്ടില്ല. അതുപോലെ മതനിരപേക്ഷ ശക്തികളെ യോജിപ്പിക്കാനുള്ള കരുത്ത് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം നേടും. അതിന്റെ തണലിൽ ഞങ്ങൾ വർഗ്ഗീയതയ്ക്കെതിരായിട്ടുള്ള പോരാട്ടം നടത്തും. ഞാൻ അവസാനിപ്പിക്കുന്നു. .....(ബഹളം)......

മി. സ്പീക്കർ : പ്ലീസ്....... നിങ്ങൾ ഓരോരുത്തർ സംസാരിക്കുമ്പോൾ വേറെ ആളുകൾക്ക് കൊടുത്ത സമയം അളന്നുതൂക്കി സംസാരിക്കുകയാണെങ്കിൽ വളരെ സ്ട്രിക്ടായിട്ടുള്ള സമീപനം ചെയറിന് എടുക്കേണ്ടിവരും. അപ്പോൾ പല നേതാക്കന്മാർക്കും സംസാരിക്കാൻ പറ്റാത്ത അവസ്ഥവരും. അത്തരം കമ്പാരിസനുകളെല്ലാം തെറ്റാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല : സർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെയും ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെയും ധനാഭ്യർത്ഥനകളെക്കുറിച്ച് ചർച്ച ചെയ്ത എല്ലാ മെമ്പർമാരോടും ഞാൻ നന്ദി പറയുകയാണ്. നമ്മുടെ സിവിൽ സർവ്വീസിലെ അഴിമതി തടയാൻവേണ്ടിയാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 1964-ൽ ആരംഭിച്ചത്. ഇന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വേളയാണ്. അഴിമതി നിവാരണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുവാനും അഴിമതിയ്ക്കെതിരെ സാമൂഹ്യ അവബോധം വളർത്തിയെടുക്കാനും വേണ്ടിയിട്ടുള്ള വളരെ ശ്രദ്ധേയമായ നിരവധി പരിപാടികൾ ഈ സുവർണ്ണ ജൂബിലി ആഘോഷത്തോടൊപ്പം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംഘടിപ്പിച്ചുവരികയാണ്. ഇന്ന് ആധുനികമായ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഔദ്യോഗിക ജീവിതത്തിൽ പ്രവർത്തിക്കുന്ന പലരുടെയും അഴിമതികൾ കണ്ടെത്താനും അവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കാനും വിജിലൻസ് കാര്യക്ഷമത യോടുകൂടി പ്രവർത്തിച്ചുവരികയാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടപ്പിലാക്കിയ ടോൾ ഫ്രീ നമ്പരും ലൈറ്റ്നിംഗ് സ്ക്വാഡും അഴിമതി വിമുക്തമായ സിവിൽ സർവ്വീസെന്ന ലക്ഷ്യത്തിനുവേണ്ടിയുള്ള പ്രവർത്തന ങ്ങളിൽ പൊതുജന പങ്കാളിത്തം ശക്തിപ്പെടുത്താൻ ഉപകരിക്കുകയുണ്ടായി. ഇപ്പോൾ ലൈറ്റ്നിംഗ് സ്ക്വാഡ് തിരുവനന്തപുരത്ത് മാത്രമാണ് ഏർപ്പെടുത്തി യിട്ടുള്ളത്. കോഴിക്കോട്, എറണാകുളം, എന്നീ രണ്ട് പ്രധാനപ്പെട്ട നഗരങ്ങ ളിൽകൂടി ലൈറ്റ്നിംഗ് സ്ക്വാഡുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ടോൾഫ്രീ നമ്പറിലൂടെ പരാതികൾ സ്വീകരിക്കുന്ന സംവിധാനം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ആസ്ഥാനത്ത് സജ്ജമാക്കിയിട്ടുണ്ട്. രണ്ടായിരത്തിലേറെ പരാതികൾ ഇതുവരെ ലഭിക്കുകയുണ്ടായി. എല്ലാ പരാതി കളിന്മേലും പ്രാഥമിക അന്വേഷണം നടത്തി ഉചിതമായ ശുപാർശയോടുകൂടി മിന്നൽ പരിശോധന, സത്വരാന്വേഷണം, രഹസ്യാന്വേഷണം തുടങ്ങിയ നടപടികളാണ് സ്വീകരിച്ചുവരുന്നത്. അതുപോലെ ഇന്ന് വിവിധ സർക്കാർ ഓഫീസുകളിലും മറ്റും നടക്കുന്ന അഴിമതിയെക്കുറിച്ച് അറിവ് നൽകുന്നതിനായി ടോൾ ഫ്രീ ടെലഫോൺ നമ്പരും ഇതുകൂടാതെ 23-6-2014 മുതൽ നവമാധ്യമങ്ങളായ ഫെയ്സ്ബുക്ക്, ഗൂഗിൾ എന്നിവ മുഖാന്തിരവും വാട്ട്സ് ആപ്-ഉം എസ്.എം.എസ്.-ഉം നിലവിൽ വന്നിട്ടുണ്ട്. അതിനുപുറമെ വിജിലൻസ് ഇ-മെയിൽ ഐ.ഡി ആയ vigilance.vacb@kerala.gov.in എന്ന വെബ്സൈറ്റിലൂടെയും പരാതി അയയ്ക്കാവുന്നതാണ്. ഇവിടെ വിജിലൻസിന്റെ രണ്ടു-മൂന്ന് പ്രധാനപ്പെട്ട പ്രശ്നങ്ങളാണുള്ളത്. ഒന്ന്, കേസ്സുകൾ തീർപ്പ് കല്പിക്കുന്നതിനുണ്ടാകുന്ന കാലതാമസത്തെക്കുറിച്ച് പല മെമ്പർമാരും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അങ്ങനെ കാലതാമസം ഒഴിവാക്കുന്നതിന് ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ടാണ് പുതുതായി രണ്ട് വിജിലൻസ് കോടതികൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. മാത്രമല്ല ഈ കേസ്സുകൾ ഹൈക്കോടതി യിൽ ചെന്നുകഴിഞ്ഞാൽ പ്രോസിക്യൂഷൻ നടപടികളിൽ കാലതാമസം ഉണ്ടാകുന്നു എന്നുള്ള വിവരം ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ഹൈക്കോടതിയിൽ ഒരു സ്പെഷ്യൽ ബഞ്ച് ഇതിനുവേണ്ടി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതും

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിശോധനയിൽപ്പെടുന്ന കാര്യങ്ങളാണ്. അതുപോലെ ഹൈക്കോടതിയിൽ ഓരോ തവണയും ജി.പി. –മാരായി വ്യത്യസ്ത ആളുകൾ പങ്കെടുക്കുന്നതുകൊണ്ട് പലപ്പോഴും കേസ്സന്വേഷണം ഫലപ്രദമാകുന്നില്ല. അതുകൊണ്ട് കേസ്സന്വേഷണം ഫലപ്രദമാക്കുന്നതിന് രണ്ട് ജി.പി.–മാരെ പ്രത്യേകമായി നിയോഗിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്മേൽ നടപടികൾ സ്വീകരിച്ചുവരികയാണ്. അന്വേഷണ പുരോഗതിയിൽ മെച്ചപ്പെട്ട പ്രവർത്തനം ലക്ഷ്യമിട്ടുകൊണ്ട് വിജിലൻസ് ഉദ്യോഗസ്ഥന്മാർക്ക് കാലാനുസൃതമായ പരിശീലനം നൽകിവരുന്നുണ്ട്. ഇതിനുവേണ്ടി വിജിലൻസ് ഷെഡ്ക്വാർട്ടേഴ്സിൽ പ്രത്യേകമായൊരു പരിശീലന കേന്ദ്രം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. രണ്ടര കോടി രൂപ ചെലവിൽ വരുന്ന പുതിയ ഒരു പരിശീലന കേന്ദ്രം തിരുവനന്തപുരത്ത് വിജിലൻസ് ബ്യൂറോയോടനുബന്ധിച്ച് തുടങ്ങുവാൻ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ഉടനെ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പത്ത് മാസം കൊണ്ട് അതിന്റെ പണി പൂർത്തീകരിക്കാനാണ് ആഗ്രഹിക്കുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, നമ്മുടെ പല ഡെവലപ്മെന്റ് പ്രോജക്ടിനുമെതിരായി കേസ് കൊടുക്കുകയും സമരങ്ങൾ നടത്തുകയും അത്തരം നിലപാടുകളെടുക്കുകയും ചെയ്യുന്ന NGOs–ന് വിദേശത്തുനിന്ന് സഹായം കിട്ടുന്നുവെന്ന് കേന്ദ്രത്തിന്റെതന്നെ ചില റിപ്പോർട്ടുകൾ കാണാനിടയായി, ഐ.ബി. റിപ്പോർട്ടുതന്നെ വരികയുണ്ടായി. ഇത്തരം റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ പ്രത്യേകമായി ഇത്തരം സംഘടനകളെ

നിരീക്ഷിക്കാനും ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങളും അവരുടെ ഫണ്ടിംഗും പരിശോധിക്കാനും നടപടികളെടുക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ പ്രശ്നം വിജിലൻസിന്റെ ആംഗിളിൽ വരുന്ന കാര്യമല്ല, പോലീസ് ഇന്റലിജൻസ് പരിശോധിക്കേണ്ട കാര്യമാണ്. അത് കേന്ദ്ര ഗവൺമെന്റിന്റെയും ശ്രദ്ധയിലുള്ള കാര്യമാണ്. ഇതിനകത്ത് മിന്നൽ പരിശോധന നടത്തുക..., സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യുടെ വിവിധ കോഡ് നാമങ്ങളിൽ 34 സംസ്ഥാനതല മിന്നൽ പരിശോധന സ്പെഷ്യൽ ഡ്രൈവ് രൂപേണ സംസ്ഥാനത്തൊട്ടാകെ വിവിധ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും വിജയകരമായി നടപ്പാക്കുകയുണ്ടായി. ഓരോ വകുപ്പിന്റെയും സംസ്ഥാനത്തുടനീളമുള്ള അമ്പതിൽപ്പരം ഓഫീസു കൾ ഒരേ ദിവസംതന്നെ വിജിലൻസ് അന്വേഷണം നടത്തി മൂവായിരത്തില ധികം മിന്നൽ പരിശോധനകൾ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ നടത്തി യിട്ടുണ്ട്. 2013-ൽ 333 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും മുൻവർഷത്തെതുൾപ്പെടെ 258 കേസ്സുകളിൽ അന്വേഷണം പൂർത്തി യാക്കുകയും ചെയ്തിട്ടുണ്ട്. ഇനി 269 കേസ്സുകളിൽ അന്വേഷണം പൂർത്തി യാക്കാനുണ്ട്. 2013-ൽ 29 വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തര വാകുകയും മുൻവർഷങ്ങളുൾപ്പെടെ 279 അന്വേഷണങ്ങൾ പൂർത്തിയാക്കു കയും ചെയ്തിട്ടുണ്ട്. 2013-ൽ 95 രഹസ്യാന്വേഷണങ്ങൾ നടത്തുകയും മുൻ വർഷത്തെതുൾപ്പെടെ 150 അന്വേഷണങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടു ണ്ട്. 2013-ൽ 1161 മിന്നൽ പരിശോധനകൾക്ക് ഉത്തരവാകുകയും 1112 എണ്ണം

പൂർത്തിയാക്കുകയും ചെയ്തു. മുൻവർഷത്തിലുൾപ്പെടെ 2013–ൽ 117 എണ്ണം പൂർത്തിയാക്കാനുണ്ട്. Quick verification–ൽ സത്വര അന്വേഷണങ്ങൾക്ക് ഉത്തരവാകുകയും 288 എണ്ണം പൂർത്തിയാക്കുകയും മുൻവർഷത്തേതുൾപ്പെടെ 270 എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കേസ്സുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് വിജിലൻസ് അന്വേഷണത്തിനു വരുന്ന പരാതികളിൽ quick verification ആണെങ്കിലും സർപ്രൈസ് ചെക്കുകളാണെങ്കിലും അവയെല്ലാം നടത്തി അത് വിജിലൻസ് ഡയറക്ടർ പരിശോധിച്ചശേഷമാണ് ആവശ്യമായിവന്നാൽ വിജിലൻസ് അന്വേഷണത്തിലേയ്ക്ക് വിടാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. പാലോട് രവി: സർ, വിജിലൻസിൽ ധാരാളം ഊമക്കത്തുകൾ ലഭിക്കുന്നുണ്ട്. ഏതെങ്കിലും പ്രോജക്ട് തുടങ്ങുകയാണെങ്കിൽ ആ പ്രോജക്ടുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരായി ഊമക്കത്തയയ്ക്കും. കൂടെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെയും പരസ്പരം ഊമക്കത്തുകൾ അയയ്ക്കും. ഊമക്കത്തുകൾ നിർത്തലാക്കാൻ കഴിയുമോ എന്നറിയില്ല. ഊമക്കത്തുകൾ ലഭിച്ചാൽ രണ്ടാഴ്ചയ്ക്കകമെങ്കിലും ഇതുസംബന്ധിച്ച് ഡയറക്ടർ ലെവലിൽ അന്വേഷിച്ച് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ; ഒരു ടൈം ബൗണ്ട് പ്രോഗ്രാം അനൗൺസ് ചെയ്യുമോ. അതുപോലെ ഊമക്കത്തിന്റെ പേരിലും അഴിമതി നടത്തുന്നുണ്ട്. പലരേയും ഭീഷണിപ്പെടുത്തി കാശുവാങ്ങാൻ അതും ഒരുപകരണമാക്കി മാറ്റുന്നു. ഊമക്കത്തുകളാണ് ഇന്ന് വിജിലൻസിൽ വന്നിരിക്കുന്ന ഏറ്റവും കൂടുതൽ പരാതികൾ എന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, എല്ലാ ഊമക്കത്തുകളേയും നമുക്ക് തള്ളിക്കളയാൻ കഴിയില്ല. ചിലത് അഴിമതികളെപ്പറ്റിയുള്ള വിലപിടിപ്പുള്ള വിവരങ്ങളായിരിക്കും.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അങ്ങ് സുതാര്യമായ സമീപനമാണ് സ്വീകരിക്കുന്നത്. ഇവിടെ ഒരുദ്യോഗസ്ഥനെ സ്ഥലം മാറ്റപ്പെടുന്നു. ആ ഉദ്യോഗസ്ഥൻ അഴിമതിക്കാരനാണെന്ന് മാധ്യമങ്ങൾ പറയുന്നു. പത്തനംതിട്ട എസ്. പി. ശ്രീ. രാഹുൽ നായർ അഴിമതിക്കാരനാണെന്നതിന് എന്തെങ്കിലും തെളിവുണ്ടോ; ഒരുദ്യോഗസ്ഥന്റെ ഔദ്യോഗിക ജീവിതം അതോടെ തകരും. നമ്മളത് വ്യക്തമാക്കണം. കാരണം അദ്ദേഹം കുറ്റക്കാരനാണെങ്കിൽ അദ്ദേഹത്തെ സ്ഥലം മാറ്റാം. ശ്രീ. രാഹുൽ നായരെ സ്ഥലം മാറ്റി, ഭരണപരമായ കാരണങ്ങളാൽ സ്ഥലം മാറ്റുന്നു എന്നാണ് ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. പക്ഷേ ചാനലുകളിലും മറ്റും പറയുന്നത് അഴിമതിക്കാരനാണെന്ന് കണ്ടെത്തിയതുകൊണ്ട് മാറ്റിയിരിക്കുന്നു എന്നാണ്. അത് ശരിയാണോ; ഒരാൾ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കണം. അദ്ദേഹത്തിനെതിരെ അത്തരത്തിലുള്ള എന്തെങ്കിലും രേഖയുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. പാലോട് രവി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ചിലപ്പോൾ അനോണിമസ് ലെറ്ററുകൾ വന്നേയ്ക്കാം. അത് ചില ഇൻഫർമേഷനുകൾ ആകാം. അതിനെ പൂർണ്ണമായും നിരാകരിക്കാൻ കഴിയില്ല. പക്ഷേ അത് വിജിലൻസ് അന്വേഷണത്തിനുവേണ്ടി വിട്ടുകഴിഞ്ഞാൽ, അന്വേഷണത്തിലൂടെ മാത്രമേ മറ്റ് നടപടികൾ എടുക്കുകയുള്ളൂ. ഇവിടെ പറഞ്ഞ സ്പെസിഫിക് കേസ്സിനെക്കുറിച്ച് ഞാൻ അഭിപ്രായം പറയുന്നില്ല. കാരണം അന്വേഷണത്തിലിരിക്കുന്ന വിഷയമായതുകൊണ്ട് അതിലിടപെടാൻ ഞാനാഗ്രഹിക്കു

ന്നില്ല. നേരത്തെ ഞാനിവിടെ സൂചിപ്പിച്ച കാര്യമാണ്. അതുകൊണ്ട് വിജിലൻസ് കേസ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും ഇപ്പോൾ inordinate delay ഉള്ളതുകൊണ്ട് പല കേസ്സുകളും ആളുകൾ റിട്ടയർ ചെയ്താൽപ്പോലും ഒരു ലോജിക്കൽ കൺക്ലൂഷനിൽ എത്തിച്ചേരാൻ കഴിയുന്നില്ല. അതുകൊണ്ട് ചില ഭേദഗതികൾ വരുത്തേണ്ടിയിരിക്കുന്നു. അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. റിട്ടയർ ചെയ്ത് മൂന്നുവർഷത്തിനുള്ളിലെങ്കിലും കേസ്സിൽ തീർപ്പുകൽപ്പിക്കത്തക്ക നിലയിലുള്ള ഒരു സംവിധാനത്തെക്കുറിച്ചാണ് ഇപ്പോൾ ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. പത്തും പതിനഞ്ചും വർഷങ്ങൾ കഴിഞ്ഞാൽപ്പോലും കേസ്സുകൾ തീർപ്പുകൽപ്പിക്കാത്തതിന്റെ ഫലമായി പലപ്പോഴും അഴിമതിക്കേസ്സുകളിൽ നമുക്കൊരു ലോജിക്കൽ കൺക്ലൂഷനിൽ എത്തിച്ചേരാൻ കഴിയാതെ വരികയും പ്രതികൾ രക്ഷപ്പെടുകയും, ഒന്നുകിൽ മരിച്ചുപോകുന്ന അല്ലെങ്കിൽ റിട്ടയർ ആയിപ്പോകുന്ന സാഹചര്യങ്ങളുണ്ടാകുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ട്രൈബ്യൂണൽ നിർത്തലാക്കാൻ പറ്റില്ല. ട്രൈബ്യൂണലിന് അതിന്റേതായ ഫങ്ഷനുണ്ട്. പക്ഷേ രണ്ട് പുതിയ കോടതികളാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. പാലോട് രവി 'കൂട്ടിലെ തത്തയാണോ വിജിലൻസ്" എന്നു ചോദിച്ചു. ഒരിക്കലുമല്ല. ' Vigilance is not a parrot in the cage'. വിജിലൻസ് സ്വതന്ത്രമായി പ്രവർത്തിക്കുക എന്നുള്ളതാണ് സർക്കാരിന്റെ സമീപനം. വിജിലൻസ് കേസ്സുകളിൽ ഒരു കാരണവശാലും ഗവൺമെന്റ് ഇടപെടാനാഗ്രഹിക്കുന്നില്ല.

മി. സ്പീക്കർ: സുപ്രീംകോടതി പറഞ്ഞ ഒരു വാചകം ശ്രീ. പാലോട് രവി ഇവിടെ ഉദ്ധരിച്ചതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് സി.ബി.ഐ.-യെക്കുറിച്ച് പറഞ്ഞതാണ്. വിജിലൻസിനെ സംബന്ധിച്ചിടത്തോളം സ്വതന്ത്രമായി, വളരെ റെപ്യൂട്ടഡായിട്ടുള്ള ഉദ്യോഗസ്ഥരെയാണ് വിജിലൻസിന്റെ തലപ്പത്ത് നിയമിച്ചിട്ടുള്ളത്. വളരെ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കാനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. തന്നെയുമല്ല 'It is not a dumping ground', ഒരിടത്തും നിയമനം ലഭിക്കാത്ത ആളുകളെ പോസ്റ്റ് ചെയ്യുന്ന സ്ഥലമായി വിജിലൻസിനെ കാണാനാഗ്രഹിക്കുന്നില്ല. സമർത്ഥരും കുറ്റാന്വേഷണത്തിൽ താത്പര്യമുള്ളവരുമായ ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കി അവരെ നിയമിക്കാനാണ് ശ്രമിക്കുന്നത്. ഇവിടെ സ്റ്റേറ്റ് വിജിലൻസ് കമ്മീഷന്റെ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. സെൻട്രൽ വിജിലൻസ് കമ്മീഷൻ നിലവിലുണ്ട്. പല ഉന്നത സ്ഥാനങ്ങളിലേയ്ക്കും ആളുകളെ നിയമിക്കുമ്പോൾ സെൻട്രൽ വിജിലൻസ് കമ്മീഷന്റെ ക്ലിയറൻസ് ആവശ്യമാണ്. അത്തരത്തിൽ ഒരു സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ ഗവൺമെന്റിന്റെ പരിഗണനയിലുള്ള കാര്യമാണ്. അന്തിമ രൂപമായിട്ടില്ല. ഗവൺമെന്റ് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അഴിമതി തടയാനും അമിഴതിക്കാരായ ഉദ്യോഗസ്ഥർ പ്രധാനപ്പെട്ട താക്കോൽസ്ഥാനങ്ങളിൽ വരാതിരിക്കാനും അത് സഹായിക്കുമെന്നുള്ളതാണ്. അതുപോലെതന്നെ ശ്രീ. വർക്കല കഹാർ വിജിലൻസിലെ ഉദ്യോഗസ്ഥരെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. കാര്യക്ഷമതയോടും സുതാര്യവുമായി പ്രവർത്തിക്കാൻ കഴിയുന്ന ആളുകളെത്തന്നെ നിയമിക്കണമെന്നുതന്നെ

യാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതുപോലെതന്നെ മറ്റൊരു മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചു, കേസന്വേഷിച്ച് വെറുതെ വിടുന്നു എന്ന്. കേസ് അന്വേഷണത്തിൽ കുറ്റക്കാരല്ലെന്നുകണ്ടാൽ നിർദ്ദോഷികളായ ആളുകളെ ശിക്ഷിക്കാൻ കഴിയില്ല. അങ്ങനെയാണ്, അല്ലാതെ മനഃപ്പൂർവ്വമായി കേസ ന്വേഷണത്തിലൂടെ കുറ്റവാളികളെ വെറുതെ വിടാൻ ഗവൺമെന്റ് ആഗ്രഹി ക്കുന്നില്ല. ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ അഗ്രഹിക്കുന്നു– ഒരു വിജി ലൻസ് കേസ്സിലും അനാവശ്യമായി മന്ത്രി എന്നുള്ള നിലയിൽ ഞാൻ ഇട പെടാൻ ആഗ്രഹിക്കുന്നില്ല. അതുപോലെ പൊളിറ്റിക്കൽ ഇന്റർഫിയറൻസ് അനുവദിക്കാനും തയ്യാറാകില്ല, കാരണം നിയമം അതിന്റേതായ വഴിക്കുപോ കണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സുതാര്യമായൊരു സിവിൽ സർവ്വീസുണ്ടാക്കിയെടുക്കാൻ വേണ്ടി വിജിലൻസ് ആന്റ് ആന്റി കറ പ്ഷൻ..........

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഇടുക്കിയിൽ, പ്രത്യേകിച്ചും എന്റെ മണ്ഡലത്തിൽ കരം ഒടുക്കാൻ കഴിയാത്ത സാഹചര്യമാണ്. ഇതുമായി ബന്ധപ്പെട്ട ഒട്ടനവധി ഫയലുകൾ വിജിലൻസ് കസ്റ്റഡിയിലുണ്ട്. അത് എത്രയുംപെട്ടെന്ന് റവന്യൂ ഡിപ്പാർട്ടുമെന്റിനെ തിരിച്ചേൽപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കേസ് തീർപ്പാക്കാതെ അത്തരം ഫയലുകൾ കൈമാറാൻ കഴിയില്ല. അത് നിയമപരമായ, ചട്ടപരമായ കാര്യങ്ങളാണ്. വെറുതെ ഫയൽ തിരികെ റവന്യൂ വകുപ്പിന് കൊടുക്കാൻ കഴിയില്ല. ഇടുക്കിയിൽ നടക്കുന്ന പട്ടയവുമായി ബന്ധപ്പെട്ട രവീന്ദ്രൻ പട്ടയം ഉൾപ്പെടെയുള്ള കേസ്സുകളാണ്. ആ ഫയലുകൾ റവന്യൂ ഡിപ്പാർട്ടുമെന്റിന് തിരിച്ചുകൊടുക്കാൻ പ്രയാസമുണ്ട്. കേസ് കഴിയുന്ന

മുറയ്ക്കുമാത്രമേ ഫയലുകൾ കൈമാറാൻ കഴിയുകയുള്ളൂ എന്നുള്ള വിവരം അങ്ങേയ്ക്കും അറിയാവുന്നതാണല്ലോ. അതുകൊണ്ട് വിജിലൻസിനെ കൂടുതൽ കാര്യക്ഷമമാക്കാനും സിവിൽ സർവ്വീസിൽ വളർന്നുവരുന്ന അഴിമതിയെ തടയാനും വേണ്ടിയുള്ള ശക്തമായ നടപടികളുമായി മുന്നോട്ടുപോകുക എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. ഫയർ ആന്റ് റെസ്ക്യൂവിനെക്കുറിച്ചാണ് ഏറ്റവും കൂടുതൽ ആളുകൾ സംസാരിച്ചത്. അങ്ങയുടെ നിയോജകമണ്ഡലത്തിൽപ്പെട്ട വിതുരയിൽ പുതിയ ഫയർ സ്റ്റേഷൻ അങ്ങുതന്നെയാണ് ഉദ്ഘാടനം ചെയ്തത്. ഞാൻ മന്ത്രിയായതിനുശേഷം സംസ്ഥാനത്ത് 6 പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു. ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും ഏറ്റവും കൂടുതൽ ആവശ്യപ്പെടുന്നത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ വേണമെന്നുള്ളതാണ്. ആധുനിക കാലഘട്ടത്തിൽ, തീപിടുത്തം, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ, അവിടെയെല്ലാം ആദ്യം പോലീസും അവരെ സഹായിക്കാനായി ഫയർഫോഴ്സുമാണ് ഓടിയെത്തുന്നത്. പക്ഷേ ഫയർ ഫോഴ്സിന്റെ സ്ഥിതി ഇന്ന് അത്ര ആശാവഹമല്ല. വേണ്ടത്ര ഉപകരണങ്ങളില്ല. മെച്ചപ്പെട്ട സാമ്പത്തിക അലോക്കേഷനില്ല. ഇതിന്റെയെല്ലാം ഫലമായി പ്രതീക്ഷിച്ചത്ര നിലയിൽ ഫയർ ഫോഴ്സിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ ആർ.എം.എസ്.ഐ. നാഷണൽ ലെവലിൽ സ്റ്റഡി നടത്തിയപ്പോൾ റൂറൽ ഏരിയയിൽ 20 മിനിറ്റിനുള്ളിലും അർബൺ ഏരിയായിൽ 5 മുതൽ 7 മിനിറ്റിനുള്ളിലും റെസ്പോൺസ് കൊടുക്കാൻ കഴിയുന്ന രീതിയിൽ വണ്ടികൾ എത്തത്തക്ക

നിലയിലുള്ള ഒരു സ്റ്റഡി നടത്തിയിട്ട് കേരളത്തിൽ ഇനി 122 ഫയർ സ്റ്റേഷനു കൂടി സ്കോപ്പുണ്ടെന്നാണ് അവർ ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, എരുമേലി ഫയർ സ്റ്റേഷന്റെ കാര്യം എന്തായി?

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ്. ശബരിമലയുടെ ഒരു ഇടത്താവളംകൂടി ആയതുകൊണ്ട് അതിന് പ്രാധാന്യമുള്ളതാണ്. വൈക്കത്ത് കെട്ടിടംപണി പൂർത്തിയായിട്ട് 14 വർഷമായി. ഇവിടെ ഉദ്ഘാടനം ചെയ്യേണ്ട രണ്ട് ഫയർ സ്റ്റേഷനുകളുണ്ട് ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ മണ്ഡലമായ പത്തനാപുരത്ത് ഉടനെ ഉദ്ഘാടനം നടത്താൻ കഴിയും. പട്ടിമറ്റത്ത് ഏതാണ്ട് പണി പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. ഈ രണ്ട് ഫയർ സ്റ്റേഷനുകളുടേയും ഉദ്ഘാടനം ഉടനെ നടക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, പുതിയ സംവിധാനങ്ങളെക്കുറിച്ചാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഫയർ സ്റ്റേഷനേ ഇല്ല. വാടകക്കെട്ടിടത്തിലും തെരുവിലുമൊക്കെയായിട്ടാണ് ഫയർ ഫോഴ്സിന്റെ ആളുകൾ കിടക്കുന്നത്. അങ്ങയുടെ അന്വേഷണത്തിൽ 50 സെന്റ് സ്ഥലം കൊടുത്തല്ലാതെ ഒരു പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കില്ല എന്നുപറയുന്ന സംവിധാനം മാറ്റണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് പരിശോധിക്കാം. പക്ഷേ 50 സെന്റ് സ്ഥലം ആവശ്യപ്പെടുന്നത് വാഹനങ്ങൾ പാർക്ക് ചെയ്യാനും...............

ശ്രീ. എം. ചന്ദ്രൻ: സർ, ഇക്കാര്യമാണ് ഞാനും ഉന്നയിച്ചത്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി വേറെ കാര്യം സംസാരിച്ചതു കൊണ്ടാണ് ഇക്കാര്യം ശ്രദ്ധിക്കാതെപോയത്. ആലത്തൂർ മണ്ഡലത്തിൽ നിലവിൽ ഇപ്പോൾ ഒരു ഫയർ സ്റ്റേഷനുണ്ട്. പക്ഷേ അവിടെ വലിയ വണ്ടികൾ നിർത്താനുള്ള സ്ഥലസൗകര്യമില്ല. ശ്രീ. സി. ദിവാകരൻ പറഞ്ഞതു പോലെ ആധുനിക സൗകര്യങ്ങളോടുകൂടിയ വലിയ വണ്ടികളും മറ്റുമൊക്കെ നിർത്തിയിടാനുള്ള സ്ഥലസൗകര്യം ആവശ്യമാണ്. കെട്ടിടം നിർമ്മിക്കണമെങ്കിൽ 50 സെന്റ് സ്ഥലം കൊടുക്കണമെന്നുള്ള തീരുമാനമെടുത്താൽ നടപ്പാക്കാൻ കഴിയുമോ? അതിൽ മാറ്റം വരുത്തണം.

ശ്രീ. രാജു എബ്രഹാം: സർ, ഈ വകുപ്പിന് കാര്യമായ ഫണ്ട് ഇല്ലായെന്ന് പറഞ്ഞുകൊണ്ട് ദീർഘനാളുകളായി പുതിയ വാഹനങ്ങളും പുതിയ ഉപകരണങ്ങളും വാങ്ങാതിരിക്കുകയാണ്. എന്റെ മണ്ഡലത്തിലുള്ള ഫയർ സ്റ്റേഷനിൽ ആകെ 5 വണ്ടികളാണുള്ളത്. അതിൽ 4 വണ്ടികളും ഷെഡ്ഡിലാണ്. എല്ലായിടത്തും ഒരു വണ്ടിയാണ് പോകുന്നത്. അങ്ങനെ പോയാൽത്തന്നെ ലക്ഷ്യസ്ഥാനത്ത് എത്താൻ സാധിക്കുകയില്ല. എന്റെ ചോദ്യം, ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ ഫയർ ഫോഴ്സ് നടത്തേണ്ട പ്രവർത്തനങ്ങളാണ്. വകുപ്പു മാറ്റണമെന്ന് ഞാൻ പറയുന്നില്ല, അതിന് ധാരാളം ഫണ്ട് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള സ്കോപ്പുണ്ട്. ഈ രണ്ടു കാര്യങ്ങളും കൂടി സമന്വയിപ്പിച്ചാൽ ഈ വകുപ്പിനുള്ള ഡെഫിഷ്യൻസി പരിഹരിക്കാൻ കഴിയും. ആ നിലയിൽ ഉന്നതമായ ഒരു ചിന്തയും തീരുമാനവുമെടുക്കാൻ അങ്ങ് മുൻകൈയ്യെടുക്കുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. അതിലുള്ള പ്രശ്നം, ഒന്ന്, ദുരന്തനിവാരണം എന്നു പറയുന്നത് ആഭ്യന്തരവകുപ്പിന്റെ കീഴിലുള്ളതല്ല, റവന്യൂ വകുപ്പിന്റെ കീഴിലുള്ളതാണ്. രണ്ട്, കേന്ദ്ര ഗവൺമെന്റ് തന്നെ അതിന് പണം അലോട്ട് ചെയ്യുന്നതിൽ ചില നോംസ് തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ഫയർ ഫോഴ്സിന്റെ പ്രവർത്തനങ്ങൾക്ക് കേന്ദ്രത്തിൽ നിന്നും പണം തരാൻ ആവശ്യപ്പെട്ടിട്ടും കേന്ദ്ര ഗവൺമെന്റ് അതിന് അനുവാദം നൽകുന്നില്ല. ദുരന്തനിവാരണ അതോറിറ്റിയിൽ നിന്ന് കുറച്ചു പണം തരാമെന്ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഒരു യോഗത്തിൽ വച്ച് റവന്യൂ വകുപ്പുമന്ത്രി സമ്മതിച്ചിട്ടുണ്ട് എന്ന വിവരം ഞാൻ അറിയിക്കുകയാണ്. ഫയർ ഫോഴ്സിന്റെ സ്ഥിതി ഒട്ടും ആശാവകമായ ഒന്നല്ല. സാമ്പത്തിക പരാധീനതകൾ മാത്രമല്ല, ജീവനക്കാരുടെ എണ്ണം 4021 ആണ്. ഇതിൽ 1246 തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ഫയർമാൻമാരുടെ 1117 ഒഴിവുകളും ഡ്രൈവർമാരുടെ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള ഒഴിവുകൾ ഫിൽ ചെയ്താൽ മാത്രമേ ഇഫക്ടീവായി പ്രവർത്തിക്കാൻ കഴിയുകയുള്ളു. ബഡ്ജറ്റ് വിഹിതത്തിൽ 20 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ബഡ്ജറ്റിന്റെ പൊതു ചർച്ചയിൽ ശ്രീ. കെ. എം. മാണി മറുപടി പറഞ്ഞപ്പോൾ ഫയർ ഫോഴ്സിന്റെ ബുദ്ധിമുട്ടുകൾ പറഞ്ഞപ്പോൾ ഈ വർഷം അധികമായി 15 കോടി രൂപ കൂടി അനുവദിച്ചു. അങ്ങനെ 35 കോടി രൂപയായി. 5 കോടി രൂപ റവന്യൂ ഡിപ്പാർട്ടുമെന്റിലെ ദുരന്തനിവാരണസേനയിൽ നിന്ന് കിട്ടുമ്പോൾ 40

കോടി രൂപ ലഭിക്കുമെന്നുള്ള പ്രതീക്ഷയിലാണ് ഇപ്പോൾ മുന്നോട്ടു പോകുന്നത്. 100 വണ്ടികളുടെ ചെയ്സിസ് വന്നു, ബോഡി ബിൾഡിംഗ് നടത്തുന്നില്ല എന്ന കാര്യം ശ്രീ. എ. എം. ആരിഫ് ചൂണ്ടിക്കാണിച്ചു. ബോഡി ബിൾഡിംഗ് നടത്താനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഉടൻ തന്നെ ബോഡി ബിൾഡിംഗ് നടത്തുന്നതായിരിക്കും. പഴയ വാഹനങ്ങളാണ് എല്ലാ സ്റ്റേഷനുകളിലുമുള്ളത്. പുതുതായി 100 വാഹനങ്ങൾ ഇറക്കുന്നതാണ്.

ശ്രീ. റ്റി. യു. കുരുവിള: സർ, നേര്യമംഗലത്ത് ഒരു ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് റെക്കമെന്റ് ചെയ്തിരുന്നു. ഇക്കാര്യം പരിഗണിക്കുന്നുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, മൂലമറ്റത്ത് ഒരേക്കർ സ്ഥലവും കട്ടപ്പനയിൽ 50 സെന്റ് സ്ഥലവും ഉണ്ട്. അവിടെ പുതിയ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടി താമസംകൂടാതെ സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇടുക്കി നിയോജക മണ്ഡലത്തിൽ ഇപ്പോൾ തന്നെ ഫയർ സ്റ്റേഷനുണ്ട്. അത് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഉപയോഗിക്കാവുന്നതാണ്. മോഡണൈ സേഷനിൽ ഉപയോഗിക്കാൻ കഴിയില്ല. ശ്രീ. റ്റി. യു. കുരുവിള സൂചിപ്പിച്ച നേര്യമംഗലത്ത് ഒരു ഫയർ സ്റ്റേഷൻ തുടങ്ങുന്ന കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. എം. എ. വാഹീദ്: സർ, ടെക്നോപാർക്കിൽ ഒരു ഫയർ സ്റ്റേഷൻ ഉണ്ട്. പക്ഷേ ഉപകരണങ്ങളില്ല. അവിടെ 24-ഉം 25-ഉം 30-ഉം 34-ഉം നിലകളുള്ള കെട്ടിടങ്ങളാണുള്ളത്. അവിടെ എന്തെങ്കിലും സംഭവിച്ചാൽ അതിനുള്ള സംവിധാനം ടെക്നോപാർക്ക് ഫയർ സ്റ്റേഷനിലില്ല. അതുകൊണ്ട്

ആധുനിക ഉപകരണങ്ങൾ ടെക്നോപാർക്ക് ഫയർ സ്റ്റേഷനിൽ അനുവദിച്ചു നൽകുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. വർക്കല കഹാർ സൂചിപ്പിച്ച കാര്യം തന്നെയാണ് ശ്രീ. കെ. എം. ഷാജിയും പറഞ്ഞത്. ഒരു സ്കൈ ലിഫ്റ്റ് ആവശ്യമാണ്. ഒരു സ്കൈ ലിഫ്റ്റ് വാങ്ങണമെങ്കിൽ 10 മുതൽ 11 കോടി രൂപവരെ ആവശ്യമായി വരും. ഒരു സ്കൈ ലിഫ്റ്റെങ്കിലും വാങ്ങുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു ജില്ലകളിൽ ഓരോ സ്കൈ ലിഫ്റ്റുകൾ ആവശ്യമുള്ളതാണ്. ഹൈറൈസ് ബിൽഡിംഗുകളാണ് കൂടുതലായും കേരളത്തിലുള്ളത്. സാമ്പത്തിക പരാധീനതമൂലമാണ് സ്കൈ ലിഫ്റ്റ് വാങ്ങാൻ കഴിയാതെ വന്നിട്ടുള്ളത്. ശ്രീ. സി. ദിവാകരൻ സൂചിപ്പിച്ച കാര്യം, ഇപ്പോഴത്തെ കാലത്ത് 50 ഏക്കർ സ്ഥലം വേണമെന്ന് പറയുന്നത് വളരെ കൂടുതലാണ്. അത് കുറയ്ക്കുന്ന കാര്യം തീർച്ചയായും പരിശോധിക്കുന്നതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേരളത്തിൽ പലപ്പോഴും ഗ്യാസുമായി പോകുന്ന ടാങ്കർ ലോറികൾ നിരന്തരമായി അപകടത്തിൽപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ സമയത്ത് അവിടെ സുരക്ഷിതമായി പ്രവൃത്തികൾ ചെയ്യാൻ കഴിയുന്ന എമർജൻസി റെസ്ക്യൂ വെഹിക്കിൾ കേരളത്തിൽ എവിടെയുമില്ല. ഏതെങ്കിലും ഓയിൽ കമ്പനികൾ വാങ്ങണോ, അതോ ഗവൺമെന്റ് വാങ്ങണമോ എന്നുള്ള ചോദ്യം നിലനിൽക്കുകയാണ്. ഈ ഘട്ടത്തിൽ ഫയർ ഫോഴ്സിനെങ്കിലും ഒരു വാഹനം വാങ്ങുന്ന സാഹചര്യം കേരളത്തിലുണ്ടായാൽ വളരെ നന്നായിരുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഫയർ ഫോഴ്സിൽ 100 പുതിയ വാഹനങ്ങൾ ഇറക്കുകയാണ്. അതിന്റെ ചെയ്സിസ് വന്നുകഴിഞ്ഞു, ബോഡി ബിൽഡിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. ഒരു പുതിയ പദ്ധതി കൊണ്ടുവരികയാണ്. കുട്ടികളെ നീന്തൽ പഠിപ്പിക്കാനും അതോടൊപ്പം തന്നെ അപകടങ്ങളുണ്ടായാൽ ആളുകളെ എങ്ങനെ രക്ഷിക്കാൻ കഴിയുമെന്നുള്ള തിനെക്കുറിച്ചും പ്രാഥമികമായ അവബോധമുണ്ടാക്കുന്നതിനും ട്രെയിനിംഗ് കൊടുക്കുന്നതിനും വേണ്ടി പുതിയ പദ്ധതിയായ കമ്മ്യൂണിറ്റി ഫയർ ആന്റ് റെസ്ക്യൂ ടീമിനെ ഉണ്ടാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനനുസരിച്ച് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കമ്മ്യൂണിറ്റി ഫയർ ആന്റ് റെസ്ക്യൂ ടീം സംഘടിപ്പിക്കാനുള്ള നടപടികൾ എടുത്തുവരുന്നു. സമയചുരുക്കംമൂലം അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശ്യമെന്ന് പറയുന്നത് തീപിടിത്തമുണ്ടായാലും പ്രകൃതിക്ഷോഭമുണ്ടായാലും ജനങ്ങളെ രക്ഷിക്കുക എന്നുള്ളതാണ്. പുതിയ തലമുറയ്ക്ക് ഇതുസംബന്ധിച്ച് കൂടുതൽ അവബോധം നൽകാൻ വേണ്ടിയാണ് ഈ സ്കീം നടപ്പാക്കാൻ ആഗ്രഹിക്കുന്നത്. സ്കൂളുകളുടെയും പഞ്ചായത്തുകളുടെയും സഹായത്തോടുകൂടി എല്ലായിടത്തും ഈ സ്കീം നടപ്പാക്കാനുള്ള ഉദ്ദേശമാണുള്ളത്. വരും ദിവസങ്ങളിൽ കൂടുതൽ സാമ്പത്തിക സഹായം നേടിയെടുത്തുകൊണ്ട് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്സിന്റെ പ്രവർത്തനങ്ങളെ മോഡണൈസ് ചെയ്യാനും ആധുനിക കാലഘട്ടത്തിലെ ആവശ്യങ്ങൾക്കനുസരിച്ച് അതിനെ സ്ട്രെങ്ത്തൺ ചെയ്യാനുമുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സര്‍, സംസ്ഥാനത്തിന്റെ സര്‍വ്വതോന്മുഖമായ വികസനത്തിന്റെ സിരകളാണ് നമ്മുടെ വിപുലമായ റോഡ് ശൃംഖല. 33371 കിലോമീറ്റര്‍ റോഡുകളാണ് ഈ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളത്. ഇതിനുപുറമേ സെക്രട്ടേറിയറ്റ്, നിയമസഭ, ഹൈക്കോടതി തുടങ്ങിയ മൂവായിരത്തിലേറെ കെട്ടിടങ്ങളും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലാണ്. കഴിഞ്ഞ മൂന്നു വര്‍ഷത്തിനുള്ളില്‍ 2670 കോടി രൂപ ചെലവില്‍ 6800 കിലോമീറ്റര്‍ റോഡുകളുടെ ഉപരിതലം പുതുക്കുകയും 590 കോടി രൂപ ചെലവില്‍ 108 പാലങ്ങളുടെ പണി പൂര്‍ത്തീകരിക്കുകയും ചെയ്തു. 1500 കെട്ടിടങ്ങളുടെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങളാണ് ഈ കാലയളവില്‍ ഈ വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്. അടുത്ത രണ്ടു വര്‍ഷത്തിനുള്ളില്‍ 4800 കിലോമീറ്റര്‍ റോഡുകള്‍ പുതുക്കുന്നതിനും 40 പാലങ്ങള്‍ നിര്‍മ്മിച്ച് തുറന്നുകൊടുക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഈ വകുപ്പ് ആധുനിക സാങ്കേതിക വിദ്യകള്‍ നിര്‍മ്മാണ സാമഗ്രികള്‍ ഉപയോഗിച്ചുള്ള റോഡ് നിര്‍മ്മാണം – കോണ്‍ക്രീറ്റ് റോഡ്, പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ്, റോഡുകള്‍ക്ക് മിനിമം ഗ്യാരന്റി, ഗുണനിലവാരം സാക്ഷ്യപ്പെടുത്താന്‍ ക്വാളിറ്റി സര്‍ട്ടിഫിക്കേഷന്‍, ആധുനിക കുഴിയടക്കല്‍ രീതി, മോഡേണ്‍ പോര്‍ട്ട് ഹോള്‍ ഫില്ലിംഗ്, ഗ്രീന്‍ ബില്‍ഡിംഗ് പോളിസി, മാനുവല്‍ പരിഷ്ക്കരണം, ഇ–ടെണ്ടറിംഗ്, ഇ–പെയ്മെന്റ്, പ്രീ–ഫാബ്രിക്കേറ്റഡ് ടെക്നോളജി, പൈതൃക കെട്ടിട സംരക്ഷണം, മാതൃക സുരക്ഷാ റോഡ്, യാത്രക്കാര്‍ക്കായി അമിനിറ്റി സെന്റര്‍, ആധുനിക ബസ്സ്

ഷെൽട്ടർ കമ്പനി, മേൽപ്പാലങ്ങളുടെ നിർമ്മാണം, ശബരിമല തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ സമഗ്ര വികസനം, സംസ്ഥാന റോഡ് വികസന പദ്ധതി, നഗര റോഡ് വികസന പദ്ധതികൾ തുടങ്ങി തുടക്കം കുറിച്ച പദ്ധതികളൊക്കെ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരണത്തിന്റെ പാതയിലാണ്. കോഴിക്കോട്-തിരുവനന്തപുരം മോണോ റെയിൽ പദ്ധതികൾ സർക്കാരിന്റെ നവരത്നാ പരിപാടികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ മുന്നേറുകയാണ്. പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് അർഹതപ്പെട്ട ഗ്രാന്റ് ഏകദേശം 20 ശതമാനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങൾക്കായുള്ള കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ തയ്യാറാക്കി വരികയാണ്. സംസ്ഥാനത്ത് ഒരു കോ-റോഡ് നെറ്റ്‌വർക്ക് വികസിപ്പിക്കുന്ന തിന്റെ ഭാഗമായി പ്രധാന റോഡുകൾ തെരഞ്ഞെടുത്ത് അവയെ ഉന്നത നിലവാരത്തിലെത്തിക്കുക എന്ന ദൗത്യം നാം ഘട്ടംഘട്ടമായി പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന, ഏകദേശം 2800 കിലോമീറ്റർ റോഡുകളാണ് ഇപ്രകാരം സ്പീഡ് കേരള, കെ.എസ്.ടി.പി., എസ്.ആർ.ഐ. പി., നബാർഡ്, സി.ആർ.എഫ്. പദ്ധതികൾ വഴി വികസിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിൽ സുസ്ഥിരവും ആസൂത്രിതവുമായ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ബൃഹത് പദ്ധതിയായ മിഷൻ 676-ന്റെ കീഴിലുള്ള സ്പീഡ് കേരള ആരംഭിച്ചു കഴിഞ്ഞു. അതുപോലെതന്നെ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ

റീഹാബിലിറ്റേഷൻ പാക്കേജിന്റെ ടെണ്ടർ നടപടികളും ആരംഭിച്ചുകഴിഞ്ഞു. കെ.എസ്.ടി.പി. പദ്ധതികൾ 9 പാക്കേജുകളായി വികസിപ്പിക്കുന്നു. 2403 കോടി രൂപയുടെ പദ്ധതിയാണത്. അതുപോലെതന്നെ സംസ്ഥാനത്ത് 54 പുതിയ റെയിൽവേ പാലങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിക്ക്, ആർ.ബി.ഡി.സി.-ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 688 കോടി രൂപയുടെ റോഡ് വികസന പദ്ധതികൾ നബാർഡ് ധനസഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കി വരികയാണ്. സെൻട്രൽ റോഡ് ഫണ്ടിന്റെ സഹായത്തോടുകൂടി 370 കോടി രൂപ ചെലവിൽ 503 കിലോമീറ്റർ ദൈർഘ്യമുള്ള 33 റോഡുകളുടെ വികസനമാണ് ഇപ്പോൾ നടക്കുന്നത്. അതുപോലെ ശബരിമല റോഡുകളിൽ തുടങ്ങിയ ഹെവിമെയിന്റനൻസ് റോഡ് പരിപാലന രംഗത്ത് ഗുണപരമായ മാറ്റമാണ് ഉണ്ടാക്കിയിരിക്കുന്നത്. പി.ഡബ്ല്യു.ഡി.-യുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്ന രീതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട എം. ചന്ദ്രൻ ഒരു ചോദ്യമുന്നയിച്ചിരുന്നു. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നതാണ്, അത് എവിടെവരെയായി എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. ഞാൻ സന്തോഷത്തോടുകൂടി പറയുകയാണ്, 14 ജില്ലകളിലും അത് സ്ഥാപിച്ചുകഴിഞ്ഞു. അതിന്റെ പ്രവർത്തനം ആരംഭിച്ചുവെന്ന് മാത്രവുമല്ല ക്വാളിറ്റി സർട്ടിഫിക്കേഷനുള്ള ബില്ലുകൾ മാത്രമേ പി.ഡബ്ല്യു.ഡി. അംഗീകരിക്കുകയുള്ളു എന്നുകൂടി തീരുമാനിച്ച വിവരം അറിയിക്കുകയാണ്.

ദേശീയ തലത്തിൽ അംഗീകാരം ലഭിച്ച തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ മാതൃകയിൽ കോഴിക്കോട്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കൊച്ചി, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽക്കൂടി ഈ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. കോഴിക്കോട് നഗര റോഡ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ടെണ്ടർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. തൃശ്ശൂർ നഗര റോഡ് വികസന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ പടിഞ്ഞാറേക്കോട്ട ജംഗ്ഷനിലെ ഫ്ളൈ ഓവറിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കോട്ടയം നഗരറോഡ് വികസന പദ്ധതിയുടെ ഭാഗമായി കഞ്ഞിക്കുഴിയിൽ ഒരു ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവരുന്നു. അതോടൊപ്പംതന്നെ മലബാറിന്റെ സിരാകേന്ദ്രമായ കോഴിക്കോട് ബൈപ്പാസ് ഒരു സ്വപ്നമായിരുന്നു. കോഴിക്കോട് ബൈപ്പാസ് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ചെലവിൽ നിർമ്മിക്കാൻ തീരുമാനിക്കുകയും അതിന് കോൺട്രാക്ട് കൊടുക്കുകയും ചെയ്ത വിവരം സന്തോഷത്തോടെ അറിയിക്കുകയാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കൊടുങ്ങല്ലൂർ, തലശ്ശേരി, മാഹി, കണ്ണൂർ എന്നിവിടങ്ങളിൽ ബൈപ്പാസുകൾ നിർമ്മിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. കണ്ണൂർ ബൈപ്പാസും കണ്ണൂരിലെ ഗതാഗത പ്രശ്നങ്ങളും ശ്രീ. കെ. എം. ഷാജി ഇവിടെ പ്രത്യേകം ഉന്നയിക്കുകയുണ്ടായി. ദേശീയ പാത 17-ൽ പാപ്പിനിശ്ശേരി മുതൽ എടക്കാട് വരെയുള്ള 20.6 കിലോമീറ്ററിലാണ് ബൈപ്പാസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പാപ്പിനിശ്ശേരി, ചിറക്കൽ, പുഴാതി, കടമ്പൂർ, ചേലോറ, ചെമ്പിലോട്, എടക്കാട്, മുഴുപ്പിലങ്ങാട്, എളയാവൂർ, വലിയന്നൂർ എന്നീ പത്ത് വില്ലേജുകളിൽക്കൂടിയാണ് ഈ ബൈപ്പാസ് കടന്നുപോകുന്നത്. അതിന്റെ 3 ഡി നോട്ടിഫിക്കേഷൻ നിലവിൽ

വന്നുകഴിഞ്ഞു. അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ്. സംസ്ഥാന വാഹന ഗതാഗതത്തിന്റെ 70 ശതമാനം കൈകാര്യം ചെയ്യുന്ന ദേശീയ പാതകളെ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്തുവാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തിന്റെ നവരത്ന പരിപാടിയിൽ ഉൾപ്പെടുത്തിയാണ് ദേശീയ പാത വികസനം നടപ്പിലാക്കുന്നത്. 45 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായ മണ്ണൂത്തി-വാളയാർ ദേശീയ പാത അടുത്ത രണ്ട് വർഷത്തിനകം പണി പൂർത്തിയാകും. എൻ.എച്ച്. 17-ലെ തലപ്പാടി മുതൽ കണ്ണൂർ വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. 30 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായ 276 കിലോമീറ്റർ റോഡ് കേന്ദ്രസഹായത്തോടെ വികസിപ്പിക്കുന്നതിനുള്ള പരിശ്രമം ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുമായി കേരളത്തിലെ ഉദ്യോഗസ്ഥർ ഇതുസംബന്ധിച്ച് ഇന്ന് ഡൽഹിയിൽ ചർച്ചകൾ നടത്തുകയാണ്. സംസ്ഥാനത്തിന് പുതിയ രണ്ട് ദേശീയ പാത അനുവദിച്ചിട്ടുണ്ട്. അടൂരിനടുത്തുള്ള ഭരണിക്കാവിൽ തുടങ്ങി പത്തനംതിട്ട, വടശ്ശേരിക്കര, ളാഹ വണ്ടിപ്പെരിയാർ വഴി പോകുന്ന ദേശീയ പാത 183 (എൻ.എച്ച് 183) അടിമാലിയിൽ തുടങ്ങി ചെറുതോണി, പൈനാവ്, കട്ടപ്പന, കുമളി വഴി പോകുന്ന ദേശീയ പാത 185 (എൻ.എച്ച് 185) എന്നിവയാണ് പുതുതായി സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ദേശീയ പാതകൾ. സംസ്ഥാനത്ത് റോഡുകളും കെട്ടിടങ്ങളും ഉന്നത നിലവാരത്തിൽ നിർമ്മിക്കുന്നതിനും ആ നിലവാരം നിലനിർത്തുന്നതിനുമായി വിവിധ തരത്തിലുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ശ്രീ. എം.

ചന്ദ്രൻ ഉന്നയിച്ച പരിശോധന ലാബുകൾ സ്ഥാപിക്കലാണ്. അത് 14 ജില്ലകളിലും സ്ഥാപിച്ചുകഴിഞ്ഞു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമുതൽ ബിൽ തയ്യാറാക്കുന്നതുവരെയുള്ള എല്ലാ പ്രവൃത്തികൾക്കും പ്രൈസ് സോഫ്റ്റ് വെയർ വഴി കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. അതോടൊപ്പം റോഡുകളുടെ അടിയന്തരമായ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് പൈലറ്റ് പ്രോജക്ടായി എറണാകുളം, ആലപ്പുഴ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട റോഡുകളിൽ 275 കിലോമീറ്റർ റോഡുകൾ പുതിയ കുഴി അടയ്ക്കൽ യന്ത്രം ഉപയോഗിച്ച് കുഴി അടയ്ക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങിവിടെ ധാരാളം നല്ല കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഞാൻ ഇവിടെ ശ്രദ്ധക്ഷണിക്കലായി അവതരിപ്പിച്ചിരുന്ന വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുംകൂടി ഇത് ശ്രദ്ധിച്ച് മറുപടി പറയേണ്ട കാര്യമാണ്. ഭൂമി അക്വിസിഷനെ സംബന്ധിച്ചിടത്തോളം കേന്ദ്ര നിയമം വന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ സബ്റൂൾ ഉണ്ടാക്കാത്തതിന്റെ അടിസ്ഥാനത്തിൽ ഓരോ കളക്ടർമാരും തഹസീൽദാർമാരും ഓരോ നിലപാട് സ്വീകരിക്കുകയാണ്. ഭൂമി അക്വയർ ചെയ്യാതെ ഈ പറഞ്ഞ കാര്യങ്ങളൊന്നും നടത്താൻ കഴിയില്ല. സബ്റൂൾ ഉണ്ടാക്കാൻ താമസമുണ്ടാകും. അതുവരെ റോഡ് വികസനത്തിനുവേണ്ടിയും ഭൂമി അക്വിസിഷനുവേണ്ടിയും ഒരു ബദൽ സംവിധാനം ഉണ്ടാക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും  മറുപടി പറയട്ടെ.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ശ്രീ. വി. ശിവൻകുട്ടി ഇതുസംബന്ധിച്ച് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചപ്പോൾ ഞാൻ അതിന് മറുപടിയും പറഞ്ഞിരുന്നു. ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് എല്ലാ കളക്ടർമാർക്കും ഒരു സർക്കുലർ കൊടുത്തിട്ടുണ്ട്, നടപടിക്രമങ്ങൾ നടത്തുവാൻവേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്, ഏത് തരത്തിലാണ് വാല്യൂ കണക്കാക്കിയെടുക്കേണ്ടത് എന്നതിനെക്കുറിച്ച് പുതിയ ആക്ടനുസരിച്ച് ഇന്ന തരത്തിൽ ചെയ്യണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. രണ്ട് ആഴ്ചയ്ക്കുള്ളിൽത്തന്നെ റൂൾ ഫ്രെയിം ചെയ്യുന്നതാണ്. അതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, വിവിധ ഏജൻസികൾ പൊതുമരാമത്ത് റോഡുകൾ വെട്ടിക്കുഴിക്കുന്നത് സംബന്ധിച്ച് ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളും ആശങ്ക പ്രകടിപ്പിക്കുകയും അത് നിയന്ത്രിക്കുകയും നിരോധിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ നമ്മൾ ശക്തമായ നിലപാട് സ്വീകരിക്കുകയാണ്. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കമ്മിറ്റികളുണ്ടെങ്കിലും ആ കമ്മിറ്റികൾ ഫലപ്രദമല്ല. അതിനൊരു നോഡൽ ഏജൻസിയെ വയ്ക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്. അത് സംബന്ധിച്ചുള്ള ചർച്ചകൾ ഉടനെ നടത്തുന്നതാണ്. കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ 150 കിലോമീറ്റർ റോഡുകളുടെ ഉപരിതലം ദീർഘകാല പരിപാലന വ്യവസ്ഥയോടുകൂടി ലോകബാങ്ക് സഹായത്തോടെ പുതുക്കും, അതായത് കെ.എസ്.ടി.പി. ഒന്നാം പദ്ധതിയിൽ വന്ന റോഡുകൾ. ദേശീയ പാത 45 മീറ്റർ വീതിയിൽ ലഭ്യമായ സ്ഥലങ്ങളിലെല്ലാം നാഷണൽ ഹൈവേ അതോറിറ്റിയുടെ പദ്ധതിയിൽപ്പെടുത്തി വികസിപ്പിക്കും.

ദേശീയ പാതയിൽ ഭൂമി ലഭിക്കാൻ കാലതാമസം വരുന്ന പ്രദേശങ്ങളിൽ കേന്ദ്രസർക്കാരിന്റെ ഇടനാഴി പദ്ധതിയിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയായി വികസിപ്പിക്കും. സംസ്ഥാനത്തെ 350 കിലോമീറ്റർ ദേശീയ പാതയുടെ ഉപരി തലം പുതുക്കുന്ന ജോലികൾ ഈ വർഷം പൂർത്തിയാക്കും. തലശ്ശേരിയിലെ മൊയ്തുപാലം, കൊല്ലത്തെ ഇരുമ്പുപാലം, മൂന്നാറിലെ രണ്ട് പാലങ്ങൾ എന്നിവ ഈ വർഷം പൂർത്തിയാക്കും. ഇതിനുപുറമെ സെൻട്രൽ റോഡ് ഫണ്ടിൽനിന്ന് അനുമതി ലഭിച്ചിട്ടുള്ള 157 കിലോമീറ്റർ റോഡുകളും ഈ വർഷം പൂർത്തിയാക്കും. വകുപ്പ് നടപ്പാക്കുന്ന സ്പീഡ് കേരള പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരി ക്കും. ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരളയുടെ ആഭിമുഖ്യത്തിൽ കായം കുളത്ത് ഒരു പൈലറ്റ് പ്രോജക്ട് തുടങ്ങുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കഴിഞ്ഞ നിയമസഭയിൽ ഞാൻ സബ്മിഷൻ ഉന്നയിച്ചപ്പോൾ പന്തളം ജംഗ്ഷനിലെ കുറുന്തോട്ടയം പാലം കെ.എസ്.ടി.പി ഉടനെ ചെയ്യുമെന്നാണ് മറുപടി പറഞ്ഞത്. പക്ഷേ ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അവിടെ വളരെ ട്രാഫിക് കൺജഷനും അപകടവും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ പാലം പണി എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കെ.എസ്.ടി.പി. യാണ് ആ പാലം നിർമ്മിക്കേണ്ടത്. അവർ ആ പദ്ധതി ഏറ്റെടുക്കുന്നില്ലെങ്കിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് തന്നെ ഏറ്റെടുത്ത് പണി ആരംഭിക്കുന്നതാണ്.

<u>ശ്രീ. പി. റ്റി. എ. റഹീം</u>: സർ, ഞങ്ങളെ ഒരു ഡെമോൺസ്ട്രേഷൻ കാണിച്ചിരുന്നു. ഒരു മണ്ഡലത്തിൽ ഒരു പി.ഡബ്ല്യൂ.ഡി. ഓഫീസ്, എന്തു കൊണ്ടാണ് അത് പൂർണ്ണമായും പ്രായോഗിക തലത്തിൽ വരുത്താത്തത്?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> സർ, അതുസംബന്ധിച്ചുള്ള ഉത്തര വുകൾ പുറത്തുവന്നിട്ടുണ്ട്. എം.എൽ.എ.-മാർ പലരും അതിൽ എതിർപ്പ് പ്രകടിപ്പിച്ചതിനാൽ ഒന്നുകൂടി പരിശോധിച്ചിട്ട് നടപ്പിലാക്കാൻ തീരുമാനിച്ചിരി ക്കുകയാണ്. എ.ടി.എം. സൗകര്യത്തോടുകൂടി 10 ആധുനിക ബസ് ഷെൽട്ടറു കൾ ഈ വർഷം പ്രവർത്തനം ആരംഭിക്കും. ബഹുമാന്യരായ സി.കെ. സദാ ശിവൻ, പാലോട് രവി, സി.എഫ്. തോമസ്, ജോസഫ് വാഴക്കൻ, സി.പി. മുഹ മ്മദ്, എ.എം. ആരിഫ് തുടങ്ങിയ എം.എൽ.എ.മാർ കോൺട്രാക്ടർമാർക്ക് കുടിശ്ശിക നൽകാത്തതിലുള്ള ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. വാസ്തവ ത്തിൽ പൊതുമരാമത്ത് വകുപ്പും ആശങ്കയിലാണ് എന്നുപറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. റോഡ്സിനും ബ്രിഡ്ജസിനുമായി 1105 കോടി രൂപയും കെട്ടിട വിഭാഗത്തിനായി 351 കോടി രൂപയും കുടിശ്ശിക യുണ്ട്. ആകെ 1,456 കോടി 27 ലക്ഷം രൂപ കരാറുകാർക്ക് കുടിശ്ശിക നൽകാ നുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അത് കൊടുക്കാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സമ്മതിച്ചിട്ടുണ്ട്. കോൺട്രാക്ടർമാർ പലരും ഇപ്പോൾ ജോലി ഏറ്റെടുക്കുന്നില്ല. ഏറ്റെടുത്ത ജോലിതന്നെ പൂർത്തീകരിക്കുന്നില്ല എന്നൊരു സ്ഥിതിവിശേഷവും നമ്മുടെ സംസ്ഥാനത്തുണ്ട്. ഫണ്ട് ലഭ്യമാ കുന്ന മുറയ്ക്ക് നൽകാമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സമ്മതി ച്ചിട്ടുണ്ട് എന്നുകൂടി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ശ്രീ. സി. ദിവാകാരൻ : സർ, അങ്ങയെപോലുള്ള ഒരു നല്ല മന്ത്രി എല്ലാ നല്ല കാര്യങ്ങളും പറഞ്ഞിട്ട് കരാറുകാർക്ക് കാശ് കൊടുക്കാതിരുന്നാൽ ഒറ്റവർക്കും നടക്കില്ലെന്നുള്ളത് അങ്ങേയ്ക്ക് അറിയാമല്ലോ. കരാറുകാർ വർക്കുകൾ പകുതിവഴിയിൽ ഇട്ടിട്ട് പോയി. ഇത് കേരളം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇതുസംബന്ധിച്ച് നാളെ ശ്രദ്ധക്ഷണിക്കൽ ഉണ്ടെന്നാണ് ബഹുമാനപ്പെട്ട മെമ്പർ എന്നോട് പറഞ്ഞിരുന്നത്. കരാറുകാരുടെ കുടിശ്ശിക പണം കൊടുത്ത് തുടങ്ങുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ബഹുമാന്യനായ ധനകാര്യ വകുപ്പു മന്ത്രിയുടെ പ്രഖ്യാപനം നമുക്ക് സർവ്വാത്മനാ സ്വാഗതം ചെയ്യാം. തീർച്ചയായും അദ്ദേഹം അതിനുള്ള വഴി കണ്ടുവച്ചിട്ടുണ്ടാകും. ശ്രീ. കെ. എം. ഷാജി പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കുള്ള മറുപടി ഞാൻ പറഞ്ഞു. ശ്രീ. വർക്കല കഹാർ, വീതികുറഞ്ഞ റോഡുകളിൽ 40 എം.എം. ചിപ്പിംഗ് കാർപ്പെറ്റ് ചെയ്യുന്നതിനുള്ള തീരുമാനമെടുക്കണമെന്നും ഓടകൾ കോൺക്രീറ്റ് ചെയ്യരുതെന്നുമുള്ള രണ്ട് നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ഈ രണ്ട് നിർദ്ദേശവും സ്വാഗതാർഹമാണ്. എന്നാൽ എനിക്ക് ഒരു തീരുമാനം പ്രഖ്യാപിക്കാൻ സാധിക്കുകയില്ല. ചീഫ് എഞ്ചിനീയർമാരുടെ കമ്മിറ്റിയിൽ ഈ രണ്ട് നിർദ്ദേശങ്ങളും വച്ച് അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, പൊതുമരാമത്ത് വർക്കിനും എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ ചെയ്യുന്ന വർക്കിനും എ.എസ്.–ഉം ടി.എസ്.–ഉം ആണുള്ളത്. ഇപ്പോൾ എസ്.എസ്. (സ്പെഷ്യൽ സാങ്ഷൻ) –ഉം വാങ്ങണമെന്ന് നിർബന്ധിക്കുകയാണ്. അങ്ങനെ എന്തെങ്കിലും നിർദ്ദേശമുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : ചില കേസ്സുകളിൽ എ.എസ്.–ഉം മറ്റുചിലതിൽ എ.എസ്.–ഉം എസ്.എസ്.–ഉം നൽകുന്നുണ്ട്. രണ്ടും കൊടുക്കുകയാണെങ്കിൽ വളരെ എളുപ്പം കാര്യങ്ങൾ നടക്കും. ഒരു കാര്യം ോകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, എ.എസ്. കിട്ടാറുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചപ്പോൾ ഫൈനാൻസിൽനിന്നുള്ള എസ്.എസ്. കൂടി കിട്ടിയാൽ മാത്രമേ വർക്ക് നടക്കുകയുള്ളുവെന്നാണ് പറഞ്ഞത്. പൊതുമരാമത്ത് വകുപ്പിൽനിന്നും എ.എസ്. നൽകുമ്പോൾ എസ്.എസ്. കൂടി നൽകാനുള്ള നല്ല മനസ്സ് മാണിസാറിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

ശ്രീ. കെ. എം. മാണി : പൊതുമരാമത്ത് വകുപ്പ് എ.എസ്._–ഉം ധനകാര്യ വകുപ്പ് എസ്.എസ്.–ഉം ആണ് നൽകേണ്ടത്. ഇത് രണ്ടും വേണമെന്നാണല്ലോ; അത് ഉടൻതന്നെ നൽകുന്നതാണ്. ഒരു താമസവുമില്ല, ധനകാര്യ വകുപ്പിൽ വന്നാൽ ഉടൻ എസ്.എസ്. നൽകും.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്......

ശ്രീ. റ്റി.വി. രാജേഷ് : സർ, കെ.എസ്.ടി.പി. യുടെ രണ്ടാംഘട്ട നിർമ്മാണത്തിൽ മന്ത്രി എടുത്ത പ്രത്യേക താൽപ്പര്യത്തെ അഭിനന്ദിക്കുകയാണ്. പ്ലാത്തറ–പാപ്പിനിശി റോഡിന്റെ വർക്ക് ഏറ്റെടുത്ത ഏജൻസിക്ക് ലൈസൻസ്ഡ് ക്വാറിയുണ്ട്. കഴിഞ്ഞ രണ്ട് മാസമായി ആ ക്വാറി പ്രവർത്തി

ക്കാൻ അനുവദിക്കുന്നില്ല. അതുകൊണ്ട് ഏറ്റവും നല്ല നിലയിൽ നിർമ്മാണം നടന്നുകൊണ്ടിരുന്ന റോഡിന്റെ വർക്ക് പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഇത്തരത്തിലുള്ള മെറ്റീരിയൽ ഷോർട്ടേജ് മൂലം നിർമ്മാണ പ്രവൃത്തികൾ പ്രതിസന്ധിയിലാണ്. ലൈസൻസ്ഡ് ക്വാറിപോലും പ്രവർത്തിക്കാൻ അനുവദിക്കില്ലെന്ന നിലപാട് ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല. അക്കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിക്കണം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഞാൻ അങ്ങയുടെ അഭിപ്രായത്തോട് യോജിക്കുകയാണ്. ഈ വിഷയത്തിൽ ഞാൻ ഇടപെട്ടിട്ടുണ്ടെന്ന് സന്തോഷത്തോടെ അറിയിക്കുകയാണ്. പ്രധാനപ്പെട്ട ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനപ്പിക്കാം. 5 കോടി രൂപയിൽ കൂടുതൽ നിർമ്മാണ ച്ചെലവ് വരുന്ന പാലങ്ങൾക്കാണ് ടോൾ പിരിവ് നടപ്പിലാക്കിയിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 3 കോടി രൂപയായിരുന്നു. നിയമസഭയിൽ അമന്റ്മെന്റ് കൊണ്ടുവന്നാണ് 5 കോടി രൂപയാക്കിയത്. അത് 10 കോടി രൂപയാക്കി വർദ്ധിപ്പിക്കാനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടെന്നുകൂടി അറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, നെൽ കർഷകർക്ക് നൽകാനുള്ള തുകയുടെ കാര്യമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 758 കോടി രൂപയായിരുന്നു കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ തുക. അതിൽ 468 കോടി രൂപ ലഭ്യമാക്കി. 290 കോടി രൂപയാണ് ഇനി കൊടുക്കാ

നുള്ളത്. ആ തുക കൊടുക്കാനുള്ള നടപടികൾ നടന്നുവരുന്നു. കേന്ദ്ര ഗവൺമെന്റ് ലഭ്യമാക്കിയ 100 കോടി രൂപ അടുത്ത ദിവസങ്ങളിൽ തന്നെ കർഷകരുടെ അക്കൗണ്ടുകളിലേക്ക് മാറ്റും.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ശ്രീ. സി.കെ. സദാശിവൻ മുതൽ ശ്രീ. എം. ചന്ദ്രൻ വരെ വളരെ നല്ല നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമാണ് നൽകിയത്. എം.എൽ.എ. മാർ മുൻകയ്യെടുത്ത് അതത് പ്രദേശത്ത് കൃഷി ചെയ്യാനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കാനുള്ള നിർദ്ദേശങ്ങളും പദ്ധതികളും സമർപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങനെ ചെയ്താൽ, അത് കണക്കിലെടുത്ത് സർക്കാർ 100 ശതമാനവും എല്ലാ അനുമതിയും ഫണ്ടും അനുവദിക്കുന്നതാണ്.

സർ, ഇവിടെ നേട്ടങ്ങളും പുതിയ പദ്ധതികളും വിശദീകരിക്കാൻ ധാരാളമുള്ളതുകൊണ്ടാണ് മിഷൻ 676 എന്ന ലഘുപുസ്തകം എല്ലാവർക്കും വിതരണം ചെയ്തിട്ടുള്ളത്. അതിലുള്ള കാര്യങ്ങൾ മെമ്പർമാർ മനസ്സിലാക്കിയിട്ടുണ്ടാകുമെന്ന് വിശ്വസിക്കുന്നു. അതുമായി ബന്ധപ്പെട്ടാണ് കുറച്ച് കാര്യങ്ങൾ പറയാനുള്ളത്. നമ്മുടെ കാർഷിക സംസ്കാരത്തെക്കുറിച്ച് പലരും സൂചിപ്പിച്ചു. കാർഷിക സംസ്കാരത്തെ തിരിച്ചുകൊണ്ടുവരാനും ജൈവ കൃഷിയിലേക്ക് വ്യാപിപ്പിക്കാനുമുള്ള ശക്തമായ ഇടപെടലുകളാണ് നമുക്ക് വേണ്ടത്. അതിന് എല്ലാവരുടേയും സഹായ സഹകരണങ്ങൾ ഉണ്ടാകണം. അത് പ്രാവർത്തികമാക്കി, കേരളത്തെ ആരോഗ്യമുള്ള ജനതയുള്ള സംസ്ഥാനമാക്കി മാറ്റണം. ഇവിടെ അംഗങ്ങൾ സൂചിപ്പിച്ച ചില കാര്യ

ങ്ങളെക്കുറിച്ച് പറയാം. 14 ജില്ലകളിലും ഓരോ മാതൃകാ കൃഷിഗ്രാമം ഉണ്ടാക്കിയിട്ടുണ്ട്. നെടുമങ്ങാട്, ശ്രീ. പാലോട് രവിയുടെ നിയോജകമണ്ഡലത്തിൽ, മാണിക്കലിൽവച്ച് ഈ ജൂലൈ മാസം 11-ാം തീയതി മാതൃകാ കൃഷിഗ്രാമത്തിന്റെ ഔപചാരികമായ സംസ്ഥാനതല ഉദ്ഘാടനം നടക്കുകയാണ്. അതോടൊപ്പം 50 ബ്ലോക്ക് പഞ്ചായത്തുകളിൽകൂടി അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിക്കുന്നുണ്ട്. അത് കൂടുതലും എം.എൽ.എ. മാർ നിർദ്ദേശിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് അനുവദിക്കുന്നത്. നഗരപ്രദേശങ്ങളൊഴിച്ച് ഏകദേശം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും അതിൽ വരും. അടുത്തവർഷം മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളിലും അഗ്രോ സർവ്വീസ് സെന്ററുകൾ നൽകാവുന്നതാണ്. ശ്രീ. കെ. എം. ഷാജി, കോഴിക്കുഞ്ഞുങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. കർഷകർക്ക് ആവശ്യമായ ബ്രോയ്ലർ കുഞ്ഞുങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കാസർഗോഡ് ജില്ലയിലെ കരിന്തളം വില്ലേജിൽ 4 കോടിരൂപ ചെലവിൽ ബ്രോയ്ലർ ബ്രീഡർ ഫാം തുടങ്ങാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഫാം പ്രവർത്തനം കാര്യക്ഷമമാകുമ്പോൾ പ്രതിമാസം 3 ലക്ഷം കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ സാധിക്കും. കുളമ്പുരോഗ പ്രതിരോധ നടപടികളെക്കുറിച്ച് ശ്രീ. കെ. അജിത് സൂചിപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം നടപ്പിലാക്കിവരുന്ന കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് 6 മാസത്തിലൊരിക്കലാണ് നടത്തിക്കൊണ്ടിരുന്നത്. കുളമ്പുരോഗം വന്ന് കിടാങ്ങൾ ചത്തുപോയതിന് നൽകുന്ന തുകയുടെ ആദ്യം അനുവദിച്ച മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ട്. കുറച്ചുതുക കൂടി ലഭ്യമാകാനുണ്ട്. ഇനിയും കുറച്ച് ക്ഷീരകർഷകർക്കുകൂടി തുക കൊടുക്കാൻ ബാക്കിയുണ്ട്. അത് ഉടൻതന്നെ കൊടുത്തുതീർക്കുന്നതാണ്. കോഴി

കർഷകരുടെ പ്രശ്നത്തെക്കുറിച്ച് ഒരുകാര്യംകൂടി പറഞ്ഞു. കോഴികൃഷിയെ, കൃഷിയിൽ ഉൾപ്പെടുത്താനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. അതുകൊണ്ട് ധാരാളം ആനുകൂല്യങ്ങൾ കോഴി കർഷകർക്ക് ലഭിക്കും. തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഫാമുകളുടെ ലൈസൻസിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം, 15 കോഴിക്ക് ഒരു സെന്റ് സ്ഥലം എന്നത് 15 കോഴികളെ തുറന്നുവിട്ട് വളർത്തുന്നതിന് ഒരു സെന്റ് സ്ഥലമെന്നും കൂട്ടിനുള്ളിൽ വളർത്തുന്നതിന് ഒരു കോഴിക്ക് 2 ചതുരശ്ര അടിയെന്നും ......സമ്പ്രദായ ത്തിൽ വളർത്തുന്ന കോഴികൾക്ക്, ഒരു കോഴിക്ക് ഒരു ചതുരശ്ര അടിയെന്നും വാണിജ്യാടിസ്ഥാനത്തിൽ വളർത്തുന്ന ഇറച്ചിക്കോഴിക്ക് ഒരു കോഴിക്ക് ഒരു ചതുരശ്ര അടിയെന്നും എഗ്ഗർ നഴ്സറിയിലുള്ള ഒരു കോഴിക്ക് 0.5 ചതുരശ്ര അടിയെന്നും ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വാറ്റിൽനിന്നും ഒഴിവാക്കാനുള്ള നടപടികളും അങ്ങനെ ഒട്ടേറെ സഹായങ്ങളും ബഹുമാന പ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ മുൻകയ്യെടുത്ത്, അദ്ദേഹം കൂടി പങ്കെ ടുത്ത യോഗത്തിൽ വച്ചാണ് ഈ തീരുമാനങ്ങളെടുത്തിട്ടുള്ളത്. നെൽകൃഷി ഇപ്പോൾ ആകർഷിക്കുന്ന രൂപത്തിലേക്ക് എത്തിയിട്ടുണ്ട്. 2013–14 വർഷ ത്തിൽ സംസ്ഥാനത്ത് 2330 ഹെക്ടർ സ്ഥലത്ത് നെൽകൃഷി കൂടുതലായി ട്ടുണ്ട്. എല്ലാവരും പറയുന്നതുപോലെ നെൽകൃഷി പുറകിലോട്ട് പോയിട്ടില്ല, കൂടുതലായി മുന്നോട്ട് വരുന്ന കാഴ്ചയാണുള്ളത്.

പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ച കർഷകർക്ക് കൊടുക്കാനുള്ള പണം കൊടുത്തുതീർക്കുന്നതിനെക്കുറിച്ച് ഇതിനുമുമ്പുതന്നെ ഒന്നുരണ്ട് സബ്മിഷനുകളിലൂടെ പറഞ്ഞിരുന്നു. ആ പറഞ്ഞതുപോലെതന്നെ റവന്യൂ

വകുപ്പ് നിർദ്ദേശിക്കുന്ന ഡിസാസ്റ്റർ മാനേജ്മെന്റിൽനിന്നാണ് ഈ പണം കൊടുക്കേണ്ടത്. മറ്റ് പ്രത്യേക പാക്കേജിലുള്ള പണമാണ് കൊടുക്കാൻ ബാക്കിയുള്ളത്. അതൊക്കെ കൊടുത്തുകൊണ്ടിരിക്കുകയാണ്. കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനെക്കുറിച്ച് ശ്രീമതി കെ. എസ്. സലീഖ ഇവിടെ പറയുകയുണ്ടായി. അത് ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. മൊത്തം 120 ഒഴിവുകളുണ്ടായിരുന്നു. 20 കൃഷിഭവനിൽക്കൂടി കൃഷി ഓഫീസർമാരുടെ കുറവുണ്ട്. അത് എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന ഉടനെ നികത്തുന്നതാണ്. അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ 77 വേക്കൻസിയുണ്ടായിരുന്നു. അതും ഏകദേശം പൂർത്തീകരിച്ചുവരികയാണ്. 36 എണ്ണം ഇനിയും നമുക്ക് ലഭിക്കാനുണ്ട്. ബാക്കിയുള്ളത് ഈ അടുത്ത ദിവസങ്ങളിൽതന്നെ പൂർത്തീകരിക്കുന്നതാണ്. അച്ചടി വകുപ്പിനെക്കുറിച്ചിവിടെ സൂചിപ്പിച്ചു. ആധുനികവത്ക്കരണത്തിന്റെ ഭാഗമായി അച്ചടി വകുപ്പിൽ ഓട്ടോമേഷൻ നടപ്പിലാക്കുന്നതാണ്. ഘട്ടംഘട്ടമായി നടപ്പാക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടം ഈ വർഷംതന്നെ നടപ്പാക്കുന്നതാണ്. എല്ലാ സർക്കാർ പ്രസ്സുകളുടെയും പ്രവർത്തനം പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പാക്കാൻ ഈ പദ്ധതികൊണ്ട് സാധിക്കും. അച്ചടി ജോലികൾ ഓൺലൈനായി സ്വീകരിക്കുവാനും Workflow management software ഉപയോഗിച്ച് അച്ചടി സമയബന്ധിതമായും കാര്യക്ഷമമായും നടക്കുമെന്ന് ഉറപ്പുവരുത്തുവാനും അച്ചടി വകുപ്പിന് സ്വന്തമായി വെബ്സൈറ്റ് നടപ്പിൽവരുത്താനും പേരുമാറ്റം, മതംമാറ്റം തുടങ്ങിയ ഗസറ്റ് സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ഉപയോഗപ്പെടുത്താനും കഴിയുന്നതാണ്. ഇത്തരത്തിലുള്ള പുത്തൻ സംവി

ധാനങ്ങൾ ഒരുക്കിക്കൊണ്ട് പ്രിന്റിംഗ് മേഖലയെ ശക്തിപ്പെടുത്താനുള്ള നടപടികളാണ് ആരംഭിച്ചുവരുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. മാരായ ശ്രീമതി ഗീതാഗോപി, ശ്രീ. സി. പി. മുഹമ്മദ്, ശ്രീമതി കെ. എസ്. സലീഖ, ശ്രീ. എ. എം. ആരിഫ് തുടങ്ങിയവർ ഇവിടത്തെ ജീവനക്കാരുടെ കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. അതിൽ കുറച്ച് നിർദ്ദേശങ്ങൾ വച്ചതിന്റെ ഭാഗമായിട്ടാണ് വൈകിപ്പോയത്. ശ്രീ. എ. എം. ആരിഫ് ഹോർട്ടികോർപ്പിന്റെ വാഹനത്തെക്കുറിച്ച് സൂചിപ്പിച്ചു. 35 മൊബൈൽ വാഹനങ്ങൾ വാങ്ങിയതിൽ 20 എണ്ണത്തിന്റെ ബോഡി ബിൽഡിംഗിന്റെ പണി തീർത്തു. അടുത്തയാഴ്ചതന്നെ മുഴുവൻ വാഹനങ്ങളും നിരത്തിലിറങ്ങും. ജൂലൈ മാസം 1-ാംതീയതി മുതൽ എല്ലാ വാഹനങ്ങളും ഓടിതുടങ്ങും. ശ്രീ. സി. പി. മുഹമ്മദ് പരാമർശിച്ചത് ഗസറ്റ് മാത്രമേ അച്ചടിക്കുന്നുള്ളൂവെന്നാണ്. എല്ലാ വകുപ്പുകളിൽനിന്നും ദൈനംദിനം ലഭിക്കുന്ന അച്ചടി ജോലികൾ ഗവണ്മെന്റ് പ്രസ്സുകളിൽ ചെയ്തുവരുന്നു. കൂടാതെ പി.ആർ.ഡി., കൃഷി വകുപ്പ്, നിയമ വകുപ്പ്, പ്ലാനിംഗ് ബോർഡ് എന്നീ വകുപ്പുകളുടെ ന്യൂസ് ലെറ്ററുകൾ തുടങ്ങിയവയും സ്ഥിരമായി അച്ചടിച്ചുവരുന്നു. ഇതിനുപുറമേ ഒരുവർഷത്തിൽ അച്ചടി വകുപ്പ് ഏറ്റെടുത്തുനടത്തുന്ന പ്രധാനപ്പെട്ട പ്രവൃത്തികളെന്നുപറയുന്നത് ഡയറി, കലണ്ടർ എന്നിവ അച്ചടിക്കുകയാണ്. ഹയർ സെക്കന്ററി പരീക്ഷകളുടെ ഒരുകോടി നാല്പത്തിരണ്ട് ലക്ഷം ആൻസർ ഷീറ്റും അഡീഷണൽ ഷീറ്റും സംഭരിച്ചുകൊടുക്കുന്നു. എസ്.എസ്. എൽ.സി. പരീക്ഷയുടെ 88 ലക്ഷം ആൻസർ ഷീറ്റും ഇതോടൊപ്പം കൊടുക്കുകയാണ്. അങ്ങനെ ഒട്ടേറെ പ്രവർത്തനങ്ങൾ പ്രിന്റിംഗ് വകുപ്പിന്റെ ഭാഗമായി നടന്നുവരുന്നുണ്ട്. കേര സമൃദ്ധിയെക്കുറിച്ച് ഇവിടെ ശ്രീ. എം. ചന്ദ്രൻ

ചോദിച്ചു. 3 വർഷം കഴിഞ്ഞാൽ അതിൽ നമുക്ക് ഫലങ്ങളുണ്ടാവുകയാണ്. 15 അടിവരെ ഉയരത്തിൽ മാത്രമേ അത് വളരുകയുള്ളൂ. അതുകൊണ്ട് ശ്രീ. എം. ചന്ദ്രൻ എം.എൽ.എ. യെപ്പോലെയുള്ളവർക്ക്തന്നെ ഒരു സ്റ്റൂൾ വച്ചുകഴിഞ്ഞാൽ തേങ്ങ അടർത്തിയെടുക്കാൻ സാധിക്കും.

ശ്രീ. എം. ചന്ദ്രൻ : സർ, 15 വർഷം കഴിയുമ്പോൾ ഈ വയ്ക്കുന്ന കേരസമൃദ്ധി തൈകൾ വെട്ടിമാറ്റണോ; നാളികേര വികസന കോർപ്പറേഷന്റെ വല്ല പ്രവർത്തനവും ഇപ്പോൾ സംസ്ഥാനത്ത് നടക്കുന്നുണ്ടോ?

ശ്രീ. കെ. പി. മോഹനൻ : സർ, ഇവിടെ എല്ലാവരും പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം കേരകർഷകരെ സംബന്ധിച്ചാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം നാളികേര കൃഷി എന്നത് ഏറ്റവും പ്രധാനപ്പെട്ടതാണ്. നാളികേര കൃഷിയിൽനിന്ന് കർഷകർ പിന്നോട്ടുപോയത് അതിന് മതിയായ വില ലഭിക്കാത്തതുകൊണ്ടാണ്. ഒരുവർഷം മുമ്പാണ് കൃഷി വകുപ്പ് കൃഷിഭവൻ മുഖാന്തിരം പച്ചത്തേങ്ങ സംഭരിക്കാനുള്ള നടപടികളാരംഭിച്ചത്. കിലോയ്ക്ക് 10 രൂപയായിരുന്നത് 32 രൂപയായി ഉയർന്നു. ഇപ്പോൾ അത് കുറഞ്ഞ് **29** രൂപവരെയായി. ഇപ്പോഴും കൃഷിഭവൻ മുഖാന്തിരം ഇത് സംഭരിച്ചുകൊണ്ടിരിക്കുന്നു. മറ്റ് കർഷകരെ സഹായിക്കാൻവേണ്ടി ഭൗതിക സാഹചര്യങ്ങളുള്ള മുഴുവൻ കൃഷിഭവനിലും മുഴുവൻ കാർഷിക ഉത്പന്നങ്ങളും സംഭരിച്ച് വിപണിയിലേക്കെത്തിക്കുവാനാണ് ലക്ഷ്യമിടുന്നത്. അതിലൂടെ കൂടുതൽ കർഷകർ മുന്നോട്ടുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെ നാളികേര നീര ബോർഡ് രൂപീകരിക്കുകയും അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനുമായിക്കൊണ്ടുള്ള ഒരു സമിതിക്ക് രൂപം കൊടുക്കുകയും സമിതിയുടെ നിർദ്ദേശങ്ങൾക്ക് ക്യാബിനറ്റ്

അംഗീകാരം കൊടുക്കുകയും അതിന്റെ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നാളികേര നീര ബോർഡ് നിർദ്ദേശിക്കുന്ന കോർപ്പറേഷനു കൾക്കും ഉത്പാദക സംഘങ്ങൾക്കും അവർ അനുമതി കൊടുക്കുന്ന സംഘ ങ്ങൾക്കും ഇത് ചെത്താനും വിപണിയിലേക്കെത്തിക്കാനുമുള്ള അനുമതി സർക്കാർ നല്കുന്നതാണ്. ഇതിന്റെ ഉത്പാദനവും വിപണനവും കോഴിക്കോ ടുള്ള നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ ആദ്യമായി ആരംഭിക്കു കയും അതിന്റെ വിപണനം ഈ വരുന്ന ആഗസ്റ്റ് മാസം അതായത് ചിങ്ങം ഒന്ന് കർഷകദിനത്തോടനുബന്ധിച്ച് നടത്തണമെന്നാണ് ഞങ്ങൾ ആഗ്രഹി ക്കുന്നത്. അതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ് മേഖലാ ഡയറക്ടറേറ്റ്. ആദ്യത്തെ മേഖലാ ഡയറക്ടറേറ്റ് കണ്ണൂരിൽ ആഗസ്റ്റ് മാസത്തിൽ ആരംഭി ക്കുകയാണ്. കണ്ണൂർ, തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നിങ്ങനെ 4 മേഖലാ ഡയറക്ടറേറ്റുകൾ നമുക്കുണ്ടാവാൻ പോവുകയാണ്. നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ കീഴിലുള്ള സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ സെന്റർ ഓഫ് എക്സലൻസ് ഈവർഷം നടപ്പിലാക്കും. കേരളത്തിലെ മുഴുവൻ കർഷകർക്കും പ്രയോജനപ്പെടുന്ന മൈക്രോ ലെവൽ സോയിൽ ഇൻഫർമേ ഷൻ സിസ്റ്റം ഈ വർഷം നടപ്പിലാക്കും. 3825 വിദ്യാലയങ്ങളിൽ ഈ പ്രാവശ്യം ബയോ ഗ്യാസ് പ്ലാന്റ് കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ വരുന്ന ജൂലൈമാസം 5-ാം തീയതിക്കകം വിദ്യാലയങ്ങളിൽ അത് എത്തിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിലൂടെ ലക്ഷ്യമിടു ന്നത് മാലിന്യസംസ്കരണവും അതിലൂടെ ലഭിക്കുന്ന കമ്പോസ്റ്റ് പച്ചക്കറി കൃഷിക്കുപയോഗിക്കുകയും അങ്ങനെ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി

പ്രോത്സാഹിപ്പിക്കുകയും ആ പച്ചക്കറി അവിടത്തെ ഉച്ചക്കഞ്ഞിക്കും ഇതിൽനിന്ന് ലഭിക്കുന്ന ഗ്യാസ് ഉച്ചക്കഞ്ഞിയുണ്ടാക്കാൻ ഉപയോഗിക്കുകയും ചെയ്യാം. ഇത് ഫൈവ് ഇൻ വൺ പ്രോഗ്രാമാണ്. എല്ലാ വിദ്യാലയങ്ങൾക്കും ബയോഗ്യാസ് പ്ലാന്റ് സൗജന്യമായി നല്കുകയാണ്. 14,000 മുതൽ 22,000 രൂപ വരെ വിലയുള്ള ബയോഗ്യാസാണ്. ഏകദേശം 28 കോടി രൂപയോളം വരുന്നൊരു പ്രോജക്ടാണ്. ഇത് പ്രത്യേകതരത്തിലുള്ള ഒരു പദ്ധതിയാണ്. അതോടൊപ്പംതന്നെ മൃഗസംരക്ഷണ രംഗത്ത് ഗോവർദ്ധിനി പദ്ധതി, ഒരു പഞ്ചായത്തിൽ 100 പുതിയ കന്നുക്കുട്ടികളെങ്കിലും ഉണ്ടാകണമെന്നാണ് ലക്ഷ്യമിടുന്നത്. അതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അത് ഉടൻതന്നെ നടപ്പിലാക്കുന്നതാണ്. പശുക്കൾക്ക് ലഭിക്കുന്ന കാലിത്തീറ്റ കുറവായതുകൊണ്ട് അതിന്റെ ഉത്പാദനം കൂട്ടുന്നതിനുവേണ്ടി കോഴിക്കോടുള്ള തിരുവങ്ങൂറിൽ 300 മെട്രിക്ക് ടൺ കാലിത്തീറ്റ ഉത്പാദിപ്പിക്കുന്ന ഫാക്ടറി ഈ വർഷം പ്രവർത്തനം ആരംഭിക്കും. മാളയിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ തുടങ്ങിവച്ചതാണ്. പക്ഷെ പിന്നെ അങ്ങോട്ട് അതിന്റെ പ്രവർത്തനങ്ങളൊന്നും നടന്നില്ല.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അതിന്റെ പ്രവർത്തനം ഏറ്റെടുത്തു. ഈ ജൂലായ് മാസത്തിൽ 300 മെട്രിക് ടൺ കോഴിത്തീറ്റ ഉത്പ്പാദിപ്പിക്കുന്ന ഫാക്ടറിയുടെ ഉദ്ഘാടനം നിർവ്വഹിക്കപ്പെടുകയാണ്. Goat Development Board-ന്റെ രൂപീകരണം അന്തിമഘട്ടത്തിലാണ്. ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നല്ല പങ്കാണ് വഹിക്കുന്നത്. തൃശ്ശൂരിലെ ചേലക്കരയിൽ

കോക്കനട്ട് ബയോപാർക്കിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചെങ്കിലും അതിന്റെ ഡിസൈനുകൾ പൂർത്തിയാക്കുന്നത് അന്തിമഘട്ടത്തിലാണ്. സെപ്റ്റംബർ മാസത്തോടുകൂടി പ്രവൃത്തി ആരംഭിക്കാൻ സാധിക്കും. മാവേലിക്കര ഫാമിൽ ആരംഭിക്കുന്ന റൈസ് ബയോപാർക്കിന്റെ പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിരിക്കുകയാണ്. സെപ്റ്റംബർ-ഒക്ടോബർ മാസത്തിൽ അതിന്റെയും പ്രവർത്തനം ആരംഭിക്കാൻ സാധിക്കും. എല്ലാ മണ്ഡലങ്ങളിലെയും നാളികേര കൃഷിയുള്ള ഓരോ പഞ്ചായത്ത് കേര ഗ്രാമപഞ്ചായത്തായി ഏറ്റെടുക്കുകയാണ്. അതിന് 60 ശതമാനം സർക്കാർ ഫണ്ടും 20 ശതമാനം പഞ്ചായത്ത് ഫണ്ടും ബാക്കി തുക എം.എൽ.എ മാരും നൽകുകയാണെങ്കിൽ ഒരോ മണ്ഡലത്തിലെയും ഒരു പഞ്ചായത്ത് സമ്പൂർണ്ണ കേരപഞ്ചായത്താക്കി മാറ്റും. ഓരോ പഞ്ചായത്തിലും മൃഗസംരക്ഷണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പത്ത് വീതം പശുക്കളുള്ള ഒരു ക്യാറ്റിൽ ഫാം ആരംഭിക്കും. ഫ്രെഷ് മിൽക്ക്, ജൈവവളം, സ്ലറി ഇവ ലഭിക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, എന്റെ മണ്ഡലത്തിൽ നീര ഉത്പ്പാദിപ്പിക്കുന്നതിന് കമ്പനിയുണ്ട്. ലൈസൻസ് കിട്ടിയിട്ടുണ്ട്. അതിനു വേണ്ടി സ്ഥലം വാങ്ങിയിട്ടുണ്ട്. കമ്പനിയിൽ ഉല്പാദനം തുടങ്ങാനുള്ള സഹായം നൽകുമോ?

ശ്രീ. കെ. പി. മോഹനൻ: കമ്പനിയിൽ ഉല്പാദനം തുടങ്ങാൻ നീര ബോർഡിന്റെ അനുമതി വേണം. അനുമതി ലഭിക്കാൻ അപേക്ഷ തരണം. 2013 ലെ ഐ.സി.എ.ആർ.എൽ-ന്റെ ഒരു പഠനത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് ഇന്ത്യയിൽ 30,000-ത്തോളം മൃഗഡോക്ടർമാരുടെ കുറ

വുണ്ടെന്നാണ്. ഇത് നികത്താൻ വെറ്ററിനറി യൂണിവേഴ്സിറ്റികൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ ലഭിക്കുന്ന വാർഷിക ഗ്രാന്റിലൂടെയും നാമമാത്ര ഫീസിലൂടെയും കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ കഴിയില്ല. കേരള വെറ്ററിനറി & അനിമൽ സയസസ് യൂണിവേഴിസിറ്റി ഒഴിച്ച് ഇന്ത്യയിലെ ഭൂരിഭാഗം യൂണിവേഴ്സിറ്റിയിലും എൻ.ആർ.ഐ സീറ്റ് ഉണ്ട്. ഈ സാചര്യത്തിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി എൻ.ആർ.ഐ സീറ്റുകൾ വർദ്ധിപ്പിച്ചു. ഈ സീറ്റുകൾക്ക് ഫീസ് ലഭിക്കുന്നതാണ്. വാർഷിക ഫീസ് മൂന്ന് ലക്ഷം രൂപയും തിരിച്ച് നൽകുന്ന പലിശരഹിത ഡെപ്പോസിറ്റ് 12 ലക്ഷം രൂപയും ലഭിക്കും. സാധാരണ വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. എൻ.ആർ.ഐ സീറ്റ് ഏർപ്പെടുത്തിയതിലൂടെ റിസർച്ച്, എക്സ്റ്റൻഷൻ, അക്കാദമിക് എന്നിവയുടെ നിലവാരം ഉയർത്തുവാനും ......(ബഹളം)........ പറഞ്ഞുതീരട്ടെ.............(ബഹളം)........ പറഞ്ഞു തീർന്നിട്ട്......(ബഹളം)........ എന്നിവയുടെ നിലവാരം ഉയർത്താനും ക്ലാസ്റൂം, ലബോറട്ടറികൾ, ഹോസ്റ്റൽ എന്നിവയുടെ നിലവാരം വർദ്ധിപ്പിക്കാനും സാധിക്കും. ......(ബഹളം)........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, സർക്കാർ വെറ്ററിനറി കോളേജുകളിൽ എൻ.ആർ.ഐ സീറ്റ് കൊടുക്കാനാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? ......(ബഹളം)........ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഒരിടത്തും സർക്കാർ മെറിറ്റ് സീറ്റിൽ എൻ.ആർ.ഐ ക്വാട്ട സിസ്റ്റം ഇല്ല. ......(ബഹളം)........ ഇതെന്താണ്? ഇവിടെയും എൻ.ആർ.ഐ വന്നോ; ഗവൺമെന്റിന്റെ നയം ഇതാണോ?

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ഇത് ഇവിടെ മാത്രമല്ല. കുസാറ്റിലും ഇന്ത്യയിലെ മറ്റ് എല്ലാ യൂണിവേഴ്സിറ്റികളിലുമുണ്ട്. കേരളത്തിൽ മാത്രമേ ഇല്ലാതെയുള്ളൂ. കെ.എസ്.ആർ.ടി.സി എഞ്ചിനീയറിംഗ് കോളേജിലും, ശ്രീചിത്രയിലും, കൊച്ചിൻ യൂണിവേഴ്സിറ്റിയിലും എൻ.ആർ.ഐ. സീറ്റുണ്ട്. ......(ബഹളം)........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഗവൺമെന്റ് വെറ്ററിനറി കോളേജിൽ എൻ.ആർ.ഐ സീറ്റ് ഏർപ്പെടുത്താനാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കെ. പി. മോഹനൻ</u>: ഇപ്പോൾ വെറ്ററിനറി യൂണിവേഴ്സിറ്റി മാത്രമേയുള്ളൂ. വെറ്ററിനറി യൂണിവേഴ്സിറ്റിയിലെ കോളേജിൽത്തന്നെയാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എം. എ. ബേബി</u>: സർ, കൊച്ചിൻ സയൻസ് ആന്റ് ടെക്നോളജി യൂണിവേഴ്സിറ്റിയെക്കുറിച്ച് പറഞ്ഞു. കുസാറ്റിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിലാണ് എൻ.ആർ.ഐ സീറ്റുള്ളത്. അല്ലാതെ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കീഴിലല്ല. ......(ബഹളം)........

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്......(ബഹളം)........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഇത് നയപരമായ വ്യതിയാനമാണ്. ഗവൺമെന്റ് മേഖലയിൽ എൻ.ആർ.ഐ സീറ്റ് ആദ്യമായാണ് വരുന്നത്. ഗവൺമെന്റ് മേഖലയിൽ എൻ.ആർ.ഐ സീറ്റ് അനുവദിക്കാൻ സാധ്യമല്ല. ഇതൊരു പോളിസി ഇഷ്യു ആണ്. എവിടെ ചർച്ച ചെയ്തിട്ടാണ് എൻ.ആർ.ഐ സീറ്റ് കൊണ്ടുവരുന്നത്. ......(ബഹളം)........ ഏത് അംഗീകൃത കൗൺസിലാണ് തീരുമാനിച്ചത്? ......(ബഹളം)........

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇതിൽ ഒരു ആശയക്കുഴപ്പം വന്നിട്ടുണ്ട്. നിലവിലുള്ള നടപടികളിൽനിന്ന് ഒരുമാറ്റവും വരുത്താനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടില്ല എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തു എന്നാണ് മിനിസ്റ്റർ പറഞ്ഞിരിക്കുന്നത്. ......(ബഹളം)........ ഒരു കാരണവശാലും യൂണിവേഴ്സിറ്റിയിൽ ഇതുപോലുള്ള നയമാറ്റം ഉണ്ടാകുന്നതല്ല. എല്ലാ യൂണിവേഴ്സിറ്റിയിലും വന്നതുപോലെ ഈ യൂണിവേഴ്സിറ്റിയുടെയും കീഴിലുള്ള അഫിലിയേറ്റഡ് കോളേജിലേയ്ക്കാണ് തീരുമാനമെങ്കിൽ........അത് വ്യത്യസ്തമാണ്. .....(ബഹളം)........... അഫിലിയേറ്റഡ് സ്വാശ്രയ കോളേജിലാണെങ്കിൽ വ്യത്യസ്തമാണ്. അത് നമ്മളെല്ലാം അംഗീകരിച്ചിട്ടുള്ള കാര്യമാണ്. പക്ഷെ, ഗവൺമെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റികളിലും എൻ.ആർ.ഐ. സീറ്റ് നൽകാൻ തീരുമാനിച്ചിട്ടില്ല. എക്സിക്യൂട്ടീവ് കമ്മിറ്റി അങ്ങനെയൊരു തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ഗവൺമെന്റ് അത് റദ്ദ് ചെയ്യും.

മി. സ്പീക്കർ: മിനിസ്റ്റർ കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കെ. പി. മോഹനൻ: യൂണിവേഴ്സിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് തീരുമാനമെടുത്തത്. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഇക്കാര്യത്തിൽ ഇനിയൊന്നും പറയാനില്ല. ഈ സർക്കാരിന്റെ കാലത്തെക്കാൾ കൂടുതൽ കർഷക ആത്മഹത്യയുണ്ടായത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. കർഷകന് ആശ്വാസകരമായ ഒരുപാട് നടപടികൾ സ്വീകരിച്ച് പോരുന്നതുകൊണ്ട് കർഷകൻ ആത്മഹത്യ ചെയ്യുന്ന സ്ഥിതിയിലേക്ക് എത്തിച്ചേരുന്നില്ല. മറ്റ് കാരണങ്ങൾ കൊണ്ടാണ് കർഷകർ ആത്മഹത്യ ചെയ്യുന്നത്. മണ്ണ് സംരക്ഷണവും മറ്റും നല്ല രീതിയിൽ നടപ്പാക്കിക്കൊണ്ട് വകുപ്പ് മുന്നോട്ട് പോവുകയാണ്. കൃഷി, മൃഗസംരക്ഷണ വകു

പ്പിലെ ഉദ്യോഗസ്ഥർ കർഷകരെ സഹായിക്കുന്നതിനുള്ള എല്ലാ നടപടികളും എടുത്തുകൊണ്ട് കാർഷിക മേഖലയിൽ ഉണർവ് ഉണ്ടാക്കിയിരിക്കുകയാണ്. അതിന്റെ ഭാഗമായി എല്ലാ മണ്ഡലങ്ങളിലും 'നിറവ്' പദ്ധതിയുമായി മുന്നോട്ട് പോവുകയാണ്. 40 നിയോജക മണ്ഡലങ്ങളിൽ ഇപ്രാവശ്യം നിറവ് പദ്ധതി നടപ്പിലാക്കും. കൃഷി, മൃഗസംരക്ഷണ വകുപ്പിലെ മുഴുവൻ കാര്യങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവന്നുകൊണ്ട് കാർഷിക മേഖലയെ സമ്പന്നമാക്കുകയെന്നതാണ് ലക്ഷ്യം. ഇത്തരത്തിലുള്ള പദ്ധതികളുമായി മുന്നോട്ട് പോകുമ്പോൾ ചില അപാകതകളുണ്ടാകാം. അത് സഹിക്കാൻ കഴിയുന്ന രൂപത്തിൽ വരണമെന്ന അപേക്ഷ കൂടി വച്ചു കൊണ്ട് ഈ ധനാഭ്യർത്ഥന പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ XIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 71

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. എ. എ. അസീസ്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്

22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. മോൻസ് ജോസഫ്
39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. ആര്യാടൻ മുഹമ്മദ്
41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
42. ഡോ. എം. കെ. മുനീർ
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. റ്റി. എൻ. പ്രതാപൻ
48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
50. ശ്രീ. രമേശ് ചെന്നിത്തല

51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. തോമസ് ഉണ്ണിയാടൻ
66. ശ്രീ. പി. ഉബൈദുള്ള
67. ശ്രീ. എം. ഉമ്മർ
68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്
71. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ: </u> 58

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി

8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. എളമരം കരീം
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
29. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
30. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
31. ശ്രീമതി കെ. കെ. ലതിക
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം

38. ശ്രീ. എസ്. രാജേന്ദ്രൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. ശ്രീ. രാജു എബ്രഹാം
43. ശ്രീ. മുല്ലക്കര രത്നാകരൻ
44. പ്രൊഫ. സി. രവീന്ദ്രനാഥ്
45. ശ്രീ. സി. കെ. സദാശിവൻ
46. ശ്രീ. സാജു പോൾ
47. ശ്രീമതി കെ. എസ്. സലീഖ
48. ശ്രീ. എസ്.  ശർമ്മ
49. ശ്രീ. എ. കെ. ശശീന്ദ്രൻ
50. ശ്രീ. ബി. സത്യൻ
51. ശ്രീ. വി. ശിവൻകുട്ടി
52. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
53. ശ്രീ. ജി. സുധാകരൻ
54. ശ്രീ. കെ. സുരേഷ് കുറുപ്പ്
55. ശ്രീ. പി. തിലോത്തമൻ
56. ഡോ. ടി. എം. തോമസ് ഐസക്
57. ശ്രീ. ഇ. കെ. വിജയൻ
58. ശ്രീ. കെ. വി. വിജയദാസ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 71 |
| പ്രതികൂലിക്കുന്നവർ | : | 58 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീമതി ഗീതാ ഗോപി തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ XXIX–ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കൃഷി എന്ന XXIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 71

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ

9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. എ. എ. അസീസ്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി

38. ശ്രീ. മോൻസ് ജോസഫ്
39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. ആര്യാടൻ മുഹമ്മദ്
41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
42. ഡോ. എം. കെ. മുനീർ
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. റ്റി. എൻ. പ്രതാപൻ
48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
50. ശ്രീ. രമേശ് ചെന്നിത്തല
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. തോമസ് ഉണ്ണിയാടൻ
66. ശ്രീ. പി. ഉബൈദുള്ള
67. ശ്രീ. എം. ഉമ്മർ

68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്
71. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u> 58

1. ശ്രീ. കെ. □വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ

25. ശ്രീ. എളമരം കരീം
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
29. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
30. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
31. ശ്രീമതി കെ. കെ. ലതിക
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം
38. ശ്രീ. എസ്. രാജേന്ദ്രൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. ശ്രീ. രാജു എബ്രഹാം
43. ശ്രീ. മുല്ലക്കര രത്നാകരൻ
44. പ്രൊഫ. സി. രവീന്ദ്രനാഥ്
45. ശ്രീ. സി. കെ. സദാശിവൻ
46. ശ്രീ. സാജു പോൾ
47. ശ്രീമതി കെ. എസ്. സലീഖ
48. ശ്രീ. എസ്. ശർമ്മ
49. ശ്രീ. എ. കെ. ശശീന്ദ്രൻ
50. ശ്രീ. ബി. സത്യൻ
51. ശ്രീ. വി. ശിവൻകുട്ടി
52. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
53. ശ്രീ. ജി. സുധാകരൻ
54. ശ്രീ. കെ. സുരേഷ് കുറുപ്പ്

55. ശ്രീ. പി. തിലോത്തമൻ
56. ഡോ. ടി. എം. തോമസ് ഐസക്
57. ശ്രീ. ഇ. കെ. വിജയൻ
58. ശ്രീ. കെ. വി. വിജയദാസ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 71 |
| പ്രതികൂലിക്കുന്നവർ | : | 58 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. സി. ദിവാകരൻ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ XXXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 71

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. എ. എ. അസീസ്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി

24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. മോൻസ് ജോസഫ്
39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. ആര്യാടൻ മുഹമ്മദ്
41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
42. ഡോ. എം. കെ. മുനീർ
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. റ്റി. എൻ. പ്രതാപൻ
48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
50. ശ്രീ. രമേശ് ചെന്നിത്തല
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ

53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. തോമസ് ഉണ്ണിയാടൻ
66. ശ്രീ. പി. ഉബൈദുള്ള
67. ശ്രീ. എം. ഉമ്മർ
68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്
71. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ</u>: 58

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ

10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. എളമരം കരീം
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
29. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
30. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
31. ശ്രീമതി കെ. കെ. ലതിക
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം
38. ശ്രീ. എസ്. രാജേന്ദ്രൻ
39. ശ്രീ. ആർ. രാജേഷ്

40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. ശ്രീ. രാജു എബ്രഹാം
43. ശ്രീ. മുല്ലക്കര രത്നാകരൻ
44. പ്രൊഫ. സി. രവീന്ദ്രനാഥ്
45. ശ്രീ. സി. കെ. സദാശിവൻ
46. ശ്രീ. സാജു പോൾ
47. ശ്രീമതി കെ. എസ്. സലീഖ
48. ശ്രീ. എസ്. ശർമ്മ
49. ശ്രീ. എ. കെ. ശശീന്ദ്രൻ
50. ശ്രീ. ബി. സത്യൻ
51. ശ്രീ. വി. ശിവൻകുട്ടി
52. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
53. ശ്രീ. ജി. സുധാകരൻ
54. ശ്രീ. കെ. സുരേഷ് കുറുപ്പ്
55. ശ്രീ. പി. തിലോത്തമൻ
56. ഡോ. ടി. എം. തോമസ് ഐസക്
57. ശ്രീ. ഇ. കെ. വിജയൻ
58. ശ്രീ. കെ. വി. വിജയദാസ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 71 |
| പ്രതികൂലിക്കുന്നവർ | : | 58 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. കെ. സുരേഷ് കുറുപ്പ് തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ XV–ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 71

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ

7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. എ. എ. അസീസ്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി

36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. മോൻസ് ജോസഫ്
39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. ആര്യാടൻ മുഹമ്മദ്
41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
42. ഡോ. എം. കെ. മുനീർ
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. റ്റി. എൻ. പ്രതാപൻ
48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
50. ശ്രീ. രമേശ് ചെന്നിത്തല
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
63. ശ്രീ. സണ്ണി ജോസഫ്
64. ശ്രീ. സി. എഫ്. തോമസ്
65. ശ്രീ. തോമസ് ഉണ്ണിയാടൻ

66. ശ്രീ. പി. ഉബൈദുള്ള
67. ശ്രീ. എം. ഉമ്മർ
68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്
71. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u> 58

1. ശ്രീ. കെ. □വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ

23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. എളമരം കരീം
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
29. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
30. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
31. ശ്രീമതി കെ. കെ. ലതിക
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം
38. ശ്രീ. എസ്. രാജേന്ദ്രൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. ശ്രീ. രാജു എബ്രഹാം
43. ശ്രീ. മുല്ലക്കര രത്നാകരൻ
44. പ്രൊഫ. സി. രവീന്ദ്രനാഥ്
45. ശ്രീ. സി. കെ. സദാശിവൻ
46. ശ്രീ. സാജു പോൾ
47. ശ്രീമതി കെ. എസ്. സലീഖ
48. ശ്രീ. എസ്. ശർമ്മ
49. ശ്രീ. എ. കെ. ശശീന്ദ്രൻ
50. ശ്രീ. ബി. സത്യൻ
51. ശ്രീ. വി. ശിവൻകുട്ടി
52. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

53. ശ്രീ. ജി. സുധാകരൻ
54. ശ്രീ. കെ. സുരേഷ് കുറുപ്പ്
55. ശ്രീ. പി. തിലോത്തമൻ
56. ഡോ. ടി. എം. തോമസ് ഐസക്
57. ശ്രീ. ഇ. കെ. വിജയൻ
58. ശ്രീ. കെ. വി. വിജയദാസ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 71 |
| പ്രതികൂലിക്കുന്നവർ | : | 58 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതാണ്.

(2014 ജൂൺ മാസം 25-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.14-ന് പിരിഞ്ഞു.)

*************